 CHANDROTSVAM SANKARA MENON

ചന്ദ്രോത്സവം.

പ്രസാധകൻ,

കൊളത്തേരി, ശങ്കരമേനോൻ,

എം. എ., എൽ. ററി.

ഒന്നാംപതിപ്പ് കാപ്പി-൧൦൦൦.

"മനോമോഹനം" പ്രസ്സ്,—കൊല്ലം.

1097.

വില .ഉറു

അവതാരിക.

ഗ്രന്ഥങ്ങൾക്കും ആസവങ്ങൾക്കും പഴക്കം കൂടുംതോറും ഗുണം വർദ്ധിക്കുന്നു എന്നുള്ള വിദ്വദ്വചനം വളരെ സാരയുക്തമാകുന്നു. നവീനകൃതികൾ എത്രമാത്രം അനവദ്യങ്ങളാകുന്നു എന്നുവരുകിലും ചരിത്രകാരകന്മാരുടേയും സഹൃദയന്മാരുടേയും ദൃഷ്ടിയിൽ അവയ്ക്കു പൂർവ്വഗ്രന്ഥങ്ങൾക്കുള്ള മാഹാത്മ്യവും സ്ഥാനവും കിട്ടുവാൻ പ്രയാസമാണ്. പൂർവ്വകൃതികളെക്കുറിച്ചുള്ള നമ്മുടെ ജ്ഞാനം ശൂന്യമായിരിക്കുന്നിടത്തോളവുംകാലം, ഭാഷയ്ക്കു, എന്തെല്ലാം പരിഷ്കാരോൽക്കർഷം വരുത്തുന്നു എന്നുവരുകിലും, അതെല്ലാം അടിത്തട്ടില്ലാതെ ഉയർത്തിക്കെട്ടി മോടി പിടിപ്പിക്കുന്ന കെട്ടിടങ്ങൾ എന്നപോലെ നിഷ്പ്രയോജനങ്ങളും നിസ്സാരങ്ങളുമായിത്തീരുന്നു. ലോകത്തിലുള്ള എല്ലാ സമുദായക്കാരും തത്തദ്ഭാഷകളിലുള്ള പൂർവ്വകൃതികളെ തിരഞ്ഞുപിടിച്ചു പ്രകാശിപ്പിക്കുന്നതിനു അശ്രാന്തപരിശ്രമം ചെയ്യുന്നതുകൊണ്ടു തന്നെ അവയ്ക്കു കല്പിക്കപ്പെട്ടിരിക്കുന്ന സ്ഥാനത്തിന്റെ വൈശിഷ്ട്യം സ്പഷ്ടമാകുന്നു. കേരളീയരായ നമുക്കും പൂർവ്വകാലത്തിൽത്തന്നെ അനവദ്യവും അഭിമാനജനകവുമായ ഒരു സാഹിത്യസമ്പത്തു് ലബ്ധമായിട്ടുണ്ടെങ്കിലും, അതിനെ ഭക്തിപുരസ്സരം ലോകരംഗത്തിൽ അവതരിപ്പിച്ചു യഥോചിതം ആരാധിക്കുന്നവിഷയത്തിൽ നാമിയ്യിടെമാത്രമേ അല്പം സശ്രദ്ധന്മാരായിത്തീർന്നിട്ടുള്ളു. നമ്മുടെ ഈ സശ്രദ്ധമായ പരിശ്രമത്തിന്റെ ഫലമായി അടുത്തകാലത്തിൽ പലകാവ്യരത്നങ്ങളും പ്രകാശിതങ്ങളായിട്ടുണ്ടു്. അവയിൽ പ്രഥമഗണനീയമായ ഒരു സ്ഥാനത്തെ അർഹിക്കുന്ന കൃതിയാകുന്നു 'ചന്ദ്രോത്സവം'. അകൃത്രിമമായ രചനാസൌന്ദര്യംകൊണ്ടും അകലുഷമായ മനോധർമ്മപ്രവാഹംകൊണ്ടും പരമമായ രസോൽക്കർഷംകൊണ്ടും ചന്ദ്രോത്സവത്തെ അതിശയിക്കുന്ന കൃതികൾ ഭാഷയിൽ വളരെ ചുരുക്കമാണ്. മററു പല കാവ്യങ്ങളും എന്നപോലെ ഇതും വളരേക്കാലം അന്ധകാരമയമായ ജീവിതം നയിക്കേണ്ടിവന്നു. ഈ കാവ്യത്തെ, സുഗൃഹീതനാമാവും യഥാർത്ഥഭാഷാവത്സലനുമായ കടത്തനാട്ടുപോർളാതിരി ഉദയവർമ്മരാജാവാണ് കവനോദയമുഖേന ആദ്യമായി പ്രസിദ്ധീകരിച്ചതു്. വളരെ ചുരുങ്ങിയ ഒരു കാലംകൊണ്ടു തന്നെ 'ചന്ദ്രോത്സവ'ത്തിനു സാഹിത്യലോകത്തിൽ അനന്യസുല

ഭമായ ഒരു മാന്യസ്ഥാനം കിട്ടിയെന്നു പറയേണ്ടതില്ലല്ലൊ. ഉദയവൎമ്മരാജാവവൎകൾ കവനോദയത്തിൽ 'ചന്ദ്രോത്സവ'ത്തെക്കുറിച്ചിപ്രകാരമെഴുതിയിരിക്കുന്നു. "കാവ്യത്തിന്റെ ജീവനായരസത്തിന്റെ പരിപൂൎത്തി ഇതിലെങ്ങും നല്ലപോലെ തെളിഞ്ഞുകാണുന്നതുകൊണ്ട് ഈ പുസ്തകം എത്ര പ്രാവശ്യം വായിച്ചാലും പിന്നെ ഒരാവൎത്തികൂടി വായിക്കാനുള്ള മോഹം സൂക്ഷ്മവേദികളായവൎക്കുണ്ടാകുന്നതു് ആശ്ചൎയ്യമല്ലല്ലൊ. ഇതുപോലെ ശബ്ദഭംഗിയുള്ളതായ പഴയ ഭാഷാകൃതികൾ ഞങ്ങൾ അധികം കണ്ടിട്ടില്ല. അൎത്ഥരസികത്വത്തെ വിചാരിക്കുമ്പോൾ ഇതിനോടു തുല്യമായി നില്പാനുള്ള യോഗ്യത കൃഷ്ണഗാഥയ്ക്കുമാത്രമുണ്ടായിരിക്കാം." ഈ അഭിപ്രായത്തോടു സഹൃദയന്മാർ ഐകകണ്ഠ്യേന യോജിക്കുമെന്നു നിസ്സംശയം പറയാം.

ഇത്രമാത്രം വിശിഷ്ടമായ ഈ കൃതിയുടെ കൎത്താവു് ആരാണെന്നു തീൎച്ചപ്പെടുത്തുന്നതിനു വളരെ പ്രയാസം നേരിട്ടിരിക്കുന്നു. 'ചന്ദ്രോത്സവ'ത്തിന്റെ കൎത്താവു അതിരസികനായ ഒരു നമ്പൂരിയാണെന്നുള്ള സംഗതിമാത്രം തീൎച്ചയായി പറയാവുന്നതാണ്. ശൃംഗാരരസത്തിന്റെ പ്രയോഗസ്വഭാവവും ചന്ദ്രോത്സവവിധിയെക്കുറിച്ചു പറയുന്ന രീതിയും നോക്കിയാൽ ഇതിന്റെ കൎത്താവു് ഒരു നമ്പൂതിരിയാണെന്നു നിഷ്പ്രയാസം ഗ്രഹിക്കാം. ആപാദശിഖം ശൃംഗാരം ഇത്രമാത്രം നിരങ്കുശവും സുരഭിലവുമായി പ്രവഹിക്കുന്ന കൃതികൾ വേറെ ഉണ്ടെന്നു തോന്നുന്നില്ല. ശൃംഗാരത്തെ ഇപ്രകാരം പ്രയോഗിക്കുന്നതിനുള്ള സാമൎത്ഥ്യം നമ്പൂതിരിക്കവികൾക്കു ജന്മസിദ്ധമാകുന്നു. തന്ത്രപരിചയമുള്ള ഒരു നമ്പൂതിരിക്കല്ലാതെ, ഈ കൃതിയുടെ അന്ത്യഭാഗങ്ങളിൽ കാണുന്നപോലെ, ചന്ദ്രോത്സവവിധികളെക്കുറിച്ചു വൎണ്ണിക്കാൻ കഴിയുന്നതല്ല.

പൂരംകുളിക്ക പുരുഹൂതവധൂപദാര-
വിന്ദം ഭജിക്ക കതിർപാടുക നോൻപുനോൽക്ക
ബദ്ധാദരം ഗണപതിക്കിടുകെന്നിവണ്ണം
മുഗ്ദ്ധാദിനങ്ങളെ നിനായ മനോഹരാംഗി.

എന്ന പദ്യത്തിൽ പറയുന്ന ശചീഭജനം, ഗണപതിക്കിടുക, എന്നിതെല്ലാം നമ്പൂതിരിമാരുടെ സ്ത്രീകളുടെ ഇടയിലുള്ള ഒരു നടപ്പാകുന്നു. ഇപ്രകാരമുള്ള പല കാരണങ്ങളും ഈ കൃതിയുടെ കൎത്താവു്, ഒരു നമ്പൂരിയാണെന്നു നിൎണ്ണയിക്കാൻ നമ്മെ വേണ്ടതുപോലെ സഹായിക്കുന്നുണ്ടു്. 'ചന്ദ്രോത്സവ'കൎത്താവു തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛനാണെന്നു കവനോദയപ്രവൎത്തകന്മാർ അഭിപ്രായ

പ്പെടുന്നു. എന്നാൽ ഈ അഭിപ്രായത്തിൻെറ യാഥാൎത്ഥ്യത്തെക്കുറിച്ചു അവൎക്കുതന്നെ വേണ്ട വിശ്വാസമില്ലാതിരിക്കുന്നു. അതിനാൽ ഈ അഭിപ്രായം വിചിന്തനാൎഹമല്ല. ഈ കാവ്യത്തിൻെറ കൎത്തൃത്വം ഭാഷാചരിത്രകൎത്താവു മേപ്പത്തൂർ ഭട്ടതിരിയിൽ കൊണ്ടുവയ്ക്കുകയും, മററു ചില പണ്ഡിതന്മാർ അതിനോടു യോജിക്കയും ചെയ്തിട്ടുണ്ട്. ഈ അഭിപ്രായം അടിസ്ഥാനരഹിതമാണെന്നു തന്മതവാദികൾക്കു് ഇപ്പോൾ ധരിക്കാനിടയായിട്ടുണ്ട്. ഈ സ്ഥിതിക്കു ഈ പക്ഷവും വിചിന്തനീയമല്ല. ഈ കൃതിയുടെ കൎത്താവു മഹിഷമംഗലം നമ്പൂരിയാണോ എന്നൊരു ശങ്ക ജനിക്കാനിടയുണ്ട്. എന്നാൽ ഈ സംശയം ഉദിതമാത്രയിൽത്തന്നെ നിരാധാരമാകുന്നു. മഹിഷമംഗലത്തിൻെറ എല്ലാകൃതികളിലും കാണുന്നപോലെ, തദിഷ്ടദേവതയായ വലയാധീശ്വരിയെക്കുറിച്ചുള്ള സ്തുതി ഈ കാവ്യത്തിലില്ല. ഭാഷാനൈഷധചമ്പൂകൎത്താവിനു ദ്വിതീയാക്ഷരപ്രാസപ്രയോഗത്തിലുള്ള സാമാന്യമായ നിർബന്ധവും 'ചന്ദ്രോത്സവ'ത്തിൽ കാണുന്നില്ല. സൎവ്വോപരിയായി, വിശുദ്ധമായ വൈദൎഭീരീതിയുടെ സമ്പൎക്കംകൊണ്ടു വിദ്യോതിക്കുന്ന ലാളിത്യവിശേഷവും, പദഘടനയുടെ പരിപാകതയും, നൈഷധചമ്പൂകൎത്താവുമായി ഈ കാവ്യകാരനുള്ള ഭിന്നതയെ സ്പഷ്ടമാക്കുന്നു. ഈ കാരണങ്ങളാൽ ചന്ദ്രോത്സവം മഹിഷമംഗലത്തിൻെറ കൃതിയാണെന്നു വിശ്വസിക്കാൻ അല്പവും വഴികാണുന്നില്ല. കോഴിക്കോട്ടു സാമൂതിരിയുടെ വിദ്വത്സദസ്സിനെ അലങ്കരിച്ചിരുന്ന മഹാന്മാരായ നമ്പൂതിരിക്കവികളിൽ ആരെങ്കിലുമായിരിക്കരുതോ ചന്ദ്രോത്സവകൎത്താവെന്നുകൂടി ഒന്നു സംശയിക്കാം. എന്നാൽ ഈ ശങ്കയ്ക്കും നിലയില്ല. എന്തെന്നാൽ ആ സദസ്സിലെ അംഗങ്ങളിൽ അരക്കവിയായ പുനത്തെ മാത്രമേ നാം ഭാഷാകവിയായിട്ടറിയുന്നുള്ളു. ഭാഷാകവിയായിരുന്നതിനാൽ പുനത്തിനെ മുഴുക്കവിയായി ഗണിച്ചിരുന്നില്ലെന്നുള്ള സംഗതി, മററുള്ള പതിനെട്ടുപേരും സംസ്കൃതകവികൾ മാത്രമായിരുന്നു എന്നു തെളിയിക്കുന്നു. അതിനാൽ അവരിൽ, ഭാഷാകൃതിയായ 'ചന്ദ്രോത്സവ'ത്തിൻെറകൎത്തൃത്വം ആരോപിക്കാൻതരമില്ല. വിശിഷ്ട പണ്ഡിതനും അതിരസികനും കവിവൎയ്യനുമായ ചേലപ്പറമ്പുനമ്പൂതിരിയെക്കുറിച്ചു നാം കേട്ടിട്ടുണ്ടല്ലോ. ഈ കാവ്യകൎത്താവു് അദ്ദേഹമായിരിക്കാമെന്നു് എനിക്കൊരൂഹം തോന്നുന്നു. ചേലപ്പറമ്പിനെപ്പോലെ ശൃംഗാരപ്രിയനായ ഒരു കവിയിൽനിന്നും തദ്രസപ്രചുരമായ ഈ കാവ്യം ജനിച്ചു എന്നു വിശ്വസിക്കുന്നതിൽ ഔചിത്യഭംഗമില്ല. 'ചന്ദ്രോത്സവ'ത്തിൻെറ കാലത്തു ചമ്പൂപ്രബന്ധങ്ങളുടെ അഭ്യുദയം മിക്കവാറും അസ്തമിച്ചിരിക്കണം; എന്നാൽ തീ

രെ അവസാനിച്ചു എന്നു പറയാനും തരമില്ല. ചമ്പൂക്കളിലെ പല പ്രയോഗങ്ങളും ഇതിലും കാണുന്നുണ്ട്. ശങ്കരൻ പുനം രാഘവൻ എന്നു മൂന്നുകവികളെക്കുറിച്ചു 'ചന്ദ്രോത്സവ'ത്തിൽ സ്മരിച്ചിരിക്കുന്നു.

ഉചിതരസവിചാരേ ചാരുവാഗ്ദേവതാശ്രീ-
കരകിസലയസമ്മൃഷ്ടശ്രമസ്വേദജാലം
അഹമഹമികയാവന്നർത്ഥശബ്ദപ്രവാഹം
ഭവതുവദനബിംബം പ്രീതയേശാങ്കരംമേ.

എന്ന പദ്യം പൂജ്യപാദരായ ശങ്കരാചാര്യസ്വാമികളെക്കുറിക്കുന്നതാണെന്നുവരികിൽ തന്നെയും,

ശ്രീശങ്കരേണവിദുഷാകവിസാർവ്വഭൗമേ-
നാനന്ദമന്ദഗതിനാ പുരതോഗതേന
ശ്രീമന്മുകുന്ദമുരളീമധുരസ്വരേണ
പദ്യൈരവദ്യരഹിതൈരനുപഠ്യമാനാം.

എന്നീ ശ്ലോകം കൊണ്ടു സ്തുതനായ ശങ്കരകവി തതഭിന്നനാണെന്നു നിശ്ശങ്കം തെളിയുന്നു. ഈ കവിയെക്കുറിച്ചുതന്നെയാണ്,

"കോലാനേലാവനസുരഭിലാൻയാഹിയത്രപ്രഥന്തേ
വേലാതീതപ്രഥിതവചസശ്ശങ്കരാദ്യാഃകവീന്ദ്രാഃ"

എന്നു കോകിലസന്ദേശത്തിൽ പ്രശംസിച്ചിട്ടുള്ളതു്. രാഘവകവിയേയും ആദിപദം കൊണ്ടു കുറിക്കുന്ന മററു കവികളേയും സംബന്ധിച്ചു ഒന്നും അറിയാൻ തരമില്ല. നമ്മുടെ കവികൾ പുനത്തിനോടുള്ള നിസ്തുല്യബഹുമാനത്തിൽനിന്നും, അദ്ദേഹം, ചമ്പുപ്രബന്ധങ്ങളിൽ അസാമാന്യപരിചയം സിദ്ധിച്ചിട്ടുള്ള ഒരാളാണെന്നൂഹിക്കാം. ചമ്പുക്കളിലും 'ചന്ദ്രോത്സവ'ത്തിലും ഉപയോഗിക്കപ്പെട്ടിരിക്കുന്ന ഭാഷാരീതി ഒന്നുതന്നെയാണ്. ചമ്പുക്കളിലെ ഭാഷാരീതി പൂർണ്ണമായി സാഹിത്യലോകത്തിൽ നിന്നും അന്തർദ്ധാനം ചെയ്യുന്നതിനുമുമ്പ്, അവയിലെ സാരസ്യത്താൽ സവിശേഷം ആകൃഷ്ടഹൃദയനായ ഒരു മഹാകവിയാണ് 'ചന്ദ്രോത്സവം' രചിച്ചിട്ടുള്ളതു്. മറെറാരാളാണെന്നു വിശ്വസിക്കാൻ കൂടുതൽ തെളിവുകൾ കിട്ടുന്നതുവരെയും ആ വിശിഷ്ടകവി സുപ്രസിദ്ധനായ ചേലപ്പറമ്പു നമ്പൂതിരിയാണെന്നു തീർച്ചപ്പെടുത്തുന്നതു യുക്തമാണ്.

ചന്ദ്രോത്സവത്തിലെ ഇതിവൃത്തം കവികപോലകല്പിതമാകുന്നു. "ചരിതമമൃതഹൃദ്യം മേദിനീചന്ദ്രികായാഃ ഭുവിനിരുപമമസ്മൽ

പ്രാതിഭം നിർവ്വിവാദം" എന്നു കവിയും അഭിമാനിക്കുന്നുണ്ടു്. പ്രസിദ്ധമായ ചിററിലപ്പള്ളിനാട്ടിലൊരിടത്തു സുന്ദരിയായ ഒരു സ്ത്രീ ജനിച്ചു. അവൾ, വളരെക്കാലം കാമുകന്മാരോടുകൂടി സുഖാനുഭവലോലുപയായി വസിച്ചു എങ്കിലും വംശാഭിവൃദ്ധിയ്ക്കു ഒരു സന്താനമുണ്ടാകായ്കയാൽ ഒടുവിൽ സന്തപ്തയായിത്തീൎന്നു. അവൾ വളരെ സൽക്കൎമ്മങ്ങൾ ചെയ്തു; ശ്രേഷ്ഠങ്ങളായ വ്രതങ്ങളെ നോററു; സന്താനലാഭത്തിനു നന്നെന്നു പറയപ്പെടുന്നതെല്ലാം ഭക്തിയോടെ ചെയ്തുവന്നു. ഇപ്രകാരം ഇരിക്കുന്ന കാലത്തു് ഒരിക്കൽ രാത്രിയിൽ നിദ്രാധീനയായ ഈ സ്ത്രീയുടെ സമീപത്തിൽ സരതിയായ കാമദേവൻ ആവിർഭവിച്ചു് 'ഉടനേതന്നെ നിനക്കു സന്താനമുണ്ടാക'മെന്നറിയിച്ചു. പണ്ടൊരിക്കൽ ശചീദേവി 'ചാന്ദ്രോത്സവം' ചെയ്ത സന്ദൎഭത്തിൽ ചന്ദ്രനും മേനകയും തമ്മിൽ അഭിലാഷം ഉണ്ടാകുകയും, 'നാളെ പാരിജാതത്തണലിൽ എത്തേണ'മെന്നു തീൎച്ചപ്പെടുത്തി അവർ പിരിയുകയുംചെയ്തു. ചന്ദ്രൻ സ്വാങ്കസംസ്ഥയായ ചന്ദ്രികയെച്ചതിച്ചാണിപ്രകാരം മേനകാസംഗമത്തിനു തീൎച്ചയാക്കിയതു്. ചന്ദ്രിക, ചന്ദ്രൻെറയും മേനകയുടെയും ഈ ഉദ്യമം ഫലിപ്പിക്കരുതെന്നു തീൎച്ചയാക്കി, മേനകയുടെ വേഷംധരിച്ചു നിശ്ചിതസ്ഥലത്തു വേണ്ടസമയത്തിനുമുമ്പുതന്നെ വന്നുചേൎന്നു. ചന്ദ്രൻ മേനകാരൂപിണിയായ ചന്ദ്രികയുമായി യഥാഭിലാഷം രമിച്ചു. ഇവർ 'മനോസമരസമ്മൎദ്ദാവസാന'ത്തിൽ 'മലയപവന'നെ മാനിച്ചുംകൊണ്ടിരിക്കുന്ന അവസരത്തിലാണു്, 'നന്ദനോദ്യാനലക്ഷ്മീസമുപാഹൃതനവീനപ്രാഭൃത'ങ്ങളായ 'ദിവ്യസൂന'ങ്ങളെക്കൊണ്ടു ദ്യോതിതഗാത്രിയായ മേനകയുടെ പുറപ്പാടു്. ഒരു മേനക മടിയിലിരിയ്ക്കുന്നു. മറെറാരു മേനക സമീപത്തുമുണ്ടു്. പെട്ടെന്നു ചന്ദ്രികയുടെ ദുശ്ചരിത്രം രണ്ടുപേൎക്കും മനസ്സിലായി. ചന്ദ്രികയെച്ചതിച്ചു മേനകാസംഗമത്തിനുദ്യമിച്ച ചന്ദ്രൻ തന്നെയാണീയവസരത്തിൽ വഞ്ചിതനായതു്. ജഡാത്മാക്കൾക്കിപ്രകാരം ഭവിക്കുന്നതു സാധാരണമാണല്ലോ. ഉടനേതന്നെ കുപിതനായ ചന്ദ്രൻ 'ഒരു വാരസ്ത്രീയെന്നപോലെ എന്നെ നീ ചതിക്കയാൽ മേലിൽ ഭൂമിയിൽ ജനിച്ചു ഒരു ശതവൎഷക്കാലം നിനക്കു വാരയോഷാവൃത്തി അനുഭവിക്കാനിടയാകട്ടെ' എന്നു ചന്ദ്രികയെ ശപിച്ചു. ഭൂമിയിൽ നിനക്കു ചന്ദ്രോത്സവം ചെയ്വാൻ ഇടയുണ്ടാകുമെന്നും അപ്പോൾ ഞാൻ നിൻെറ സമീപത്തുവരാമെന്നും മോക്ഷവും കൊടുത്തു. ഇപ്രകാരം ശപ്തയായ ചന്ദ്രിക താമസിയാതെ നിൻെറ പുത്രിയായി ജനിക്കുമെന്നും പറഞ്ഞു കാമദേവൻ അന്തൎദ്ധാനം ചെയ്തു. ഇതിനുശേഷമാണു മേദിനീചന്ദ്രിക ഉണ്ടാകുന്നതും ചന്ദ്രോത്സവം നടത്തുന്നതും മററും. മേദിനീചന്ദ്രിക ചന്ദ്രോത്സവംന

ടത്തുന്നതാണിതിലെ പ്രധാനവിഷയം. അതിനാൽ ഈ കാവ്യത്തിന്നു ചന്ദ്രോത്സവമെന്ന പേർ വളരെ ഉചിതമായിട്ടുണ്ടു്.

പണ്ടു സ്ത്രീകൾ അഭീഷ്ടലാഭത്തിന്നുവേണ്ടി വസന്തോത്സവം മാരോത്സവം മുതലായവ നടത്തിവന്നിരുന്നു. അക്കൂട്ടത്തിൽ നടത്തിവന്നിരുന്ന ഒരു വിശേഷകർമ്മമായിരിക്കണം ചന്ദ്രോത്സവവും എന്നു വിചാരിക്കാം. കൌമുദീമഹോത്സവത്തെക്കുറിച്ചു വേറേചില കാവ്യങ്ങളിൽ വർണ്ണിക്കുന്നുണ്ടു്. അതും ചന്ദ്രോത്സവവും ഒന്നുതന്നെയാണൊ എന്നറിയാൻ മാർഗ്ഗമില്ല. മേദിനീചന്ദ്രികയുടെ ചരിത്രം കവികല്പിതവും, 'ചന്ദ്രോത്സവം' മുമ്പു നടത്തിവരാറുള്ളതും ആകുന്നു. ചന്ദ്രോത്സവത്തെസംബന്ധിച്ചു് ഈ കൃതിയുടെ ചില ഭാഗങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നവ സശ്രദ്ധം വിചാരണീയങ്ങളാണു്. സ്ത്രീകളുടെ ഉല്ക്കർഷത്തിന്നു ചന്ദ്രോത്സവവും, രാജാക്കന്മാർക്കു ഇന്ദ്രോത്സവവും ചെയ്യേണ്ടതാകുന്നു. ഇവ മുനികല്പിതങ്ങളാണു്. ശ്രീപാർവ്വതി, ശചി, രംഭ, മേനക, പാഞ്ചാലി മുതലായ സ്ത്രീരത്നങ്ങൾ ചന്ദ്രോത്സവം ചെയ്തിട്ടാണു് യശസ്വിനികളായി ഭവിച്ചതു്. പ്രയോഗസാരാദിഗ്രന്ഥങ്ങളിൽ ചന്ദ്രന്റെ പൂജാക്രമ ങ്ങളെക്കുറിച്ചു പറയുന്നുണ്ടു്. ചന്ദ്രോത്സവം മുമ്പു നടപ്പുണ്ടായിരുന്നു എന്നു വിശ്വസിക്കാൻ ഈ ഭാഗങ്ങൾ നമ്മെ ബലമായി നിർബന്ധിയ്ക്കുന്നു. പ്രയോഗസാരാദിഗ്രന്ഥങ്ങളെക്കുറിച്ചിവിടെ ഒന്നും പറവാൻ തരമില്ല.

ചന്ദ്രോത്സവം അഞ്ചുദിവസം കൊണ്ടാണവസാനിക്കുന്നതു്. ശരൽക്കാലത്തു പൂർവ്വപക്ഷത്തിൽ ഏകാദശിമുതലുള്ള അഞ്ചു ദിവസങ്ങളാണിതിന്നുള്ള കാലം. അരവിന്ദം, അശോകം, ചൂതം, നവമാലിക, കരിങ്കുവളപ്പൂവ് എന്നീ അഞ്ചു പൂക്കൾ (കാമദേവന്റെ ശരങ്ങൾ) കൊണ്ടാണു് ചന്ദ്രനെ അർച്ചിക്കേണ്ടതു്. ഉത്സവദിവസങ്ങളുടെ പേരു മുമ്പ റഞ്ഞ കാമദേവന്റെ ആയുധങ്ങളുടെ നാമങ്ങൾതന്നെയാണു്. ഉത്സവത്തിന്നു് അഞ്ചുനിലകളോടുകൂടിയ മാളിക നിർമ്മിക്കണം. ഓരോ ദിവസം ഓരോ നിലയിൽ ഇരുന്നു ചന്ദ്രനെ ആരാധിക്കണം. ഒടുവിൽ അഞ്ചാമത്തെ നിലയിൽവച്ചു പൂജ അവസാനിപ്പിക്കേണ്ടതാണു്. രാത്രിയിൽ ചന്ദ്രോദയം കണ്ടാൽ മാളികയിൽ കയറി അഞ്ചുവട്ടം പുഷ്പാഞ്ജലി ചെയ്യണം. മുളയിടുന്നതിന്നുള്ള മണ്ഡപം, മേദിനീചന്ദ്രികക്കിരിക്കാനുള്ള സ്ഥാനം, വാരസ്ത്രീകൾക്കും രാജാക്കന്മാർക്കും ഉള്ള വസതികൾ, കലശമണ്ഡപം മുതലായി പലവിധത്തിലുള്ള കെട്ടിടങ്ങൾ പണിയേണ്ടതായിട്ടുണ്ടു്. അവ ഇന്നയിന്ന സ്ഥാനങ്ങളിൽ ഉണ്ടാക്കണമെന്നും നിർബന്ധമുണ്ടു്. ചന്ദ്രധ്വജം ചന്ദനംകൊണ്ടാണുണ്ടാക്കേണ്ടതു്.

‘അനംഗബാണബീജങ്ങളഞ്ചും’കൊണ്ടാണു മുളയിടേണ്ടതു്. ഹിമാംബുനിറച്ചിട്ടുള്ള നൂററിയൊന്നു കലശങ്ങൾവേണം. ചന്ദ്രകാന്തക്കല്ലുകൊണ്ടുണ്ടാക്കിയിട്ടുള്ളതറയിലാണു് പൂർണ്ണചന്ദ്രനെ ആവാഹിക്കേണ്ടതു്. പഞ്ചസാര, മുല്ല, മുന്തിരിങ്ങ, മലരു, പനിനീരു മുതലായവയും പൂജയ്ക്കു ആവശ്യമുണ്ടു്. ഈ ഉത്സവത്തിനിപ്രകാരം വിധികൾ നിശ്ചയിച്ച കവിയുടെ തന്ത്രജ്ഞത ആശ്ചര്യജനകം തന്നെ.

കേരളത്തിലെ പല പ്രധാനസ്ഥലങ്ങളെക്കുറിച്ചും ഈ കാവ്യത്തിൽ പറയുന്നുണ്ടു്. ചെങ്ങന്നൂർ, മൂഴിക്കുളം, ഐരാണിക്കുളം, പന്നിയൂർഗ്രാമം, കോഴിക്കോടു, തിരുവല്ല മുതലായ സ്ഥലങ്ങൾ ഇന്നും ആ പേരുകളിൽ അറിയപ്പെടുന്നവയാണു്. ചിററിലപ്പള്ളി നാടിനിപ്പോൾ എന്തു പേരുപറയുന്നു എന്നറിയുന്നില്ല. ഓടനാടു, കണ്ടിയൂർ, പാലയൂർ, നടുവട്ടം, ഇടക്കുന്നി, നന്തിപുലം, കുററിപ്പുറം, ചേരിക്കൽ, പൊറെറക്കാടു, ചന്ത്രം, തെയ്യത്താൻ, പാലക്കാടു, വട്ടക്കാവു മുതലായി പല വീടുകളുടെ പേരുകളും ഈ കാവ്യത്തിൽ കാണുന്നു. ഇവയിൽ ചിലതെല്ലാം അതേ പേരുകളോടുകൂടി ഇന്നും അറിയപ്പെടുന്നവയാണു്. ചില പേരുകൾക്കു മുമ്പുള്ളവയുടെ ഛായ നല്ലപോലെ കാണുന്നുണ്ടു്. ഇവയെല്ലാം ഉത്തരകേരളത്തിൽ മുൻകാലത്തുണ്ടായിരുന്ന ഭവനങ്ങളായിരിക്കണമെന്നു വിശ്വസിക്കാം. ചില ഭവനങ്ങൾ നശിച്ചിരിക്കാനുമിടയുണ്ടു്. ചിററിലപ്പള്ളിയിൽ ഒരിടത്തു ‘പുകൾപൊങ്ങീടുന്നവുങ്ങുന്ന’നാടു സ്ഥിതിചെയ്യുന്നുണ്ടു്. ഇവിടെവച്ചാണു് ചന്ദ്രോത്സവം ആഘോഷിക്കുന്നതു്. ഇവിടെയാണു് മേദിനീചന്ദ്രികയുടെ ജനനം. കവിക്കു ഉത്തരകേരളത്തോടു് അതിപരിചയമുള്ളതായി തെളിയുന്നു. അതിനാൽ കവി ഉത്തരകേരളീയനാണെന്നു മനസ്സിലാക്കാം. വിചിന്തനത്തെ അർഹിക്കത്തക്കവണ്ണമുള്ള പാത്രങ്ങൾ ഇതിലില്ല. നായികയായ മേദിനീചന്ദ്രികയുടെ പ്രധാനയോഗ്യത വാത്സ്യായനശാസ്ത്രപാരംഗതത്വമാകുന്നു. എല്ലായ്പോഴും അനവധി ‘അംഗജസന്നികാശ’ന്മാരായ ‘ഭൂപതി’മാരാൽ ‘ആലിംഗിത’യായി രമിച്ചുകൊണ്ടിരിക്കുന്ന ഒരു വേശ്യയാണു് മേദിനീചന്ദ്രിക.

കവനോദയത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ചന്ദ്രോത്സവത്തിൽ നാലു ഭാഗങ്ങൾ മാത്രമെ അടങ്ങിയിട്ടുള്ളു. നാലാംഭാഗത്തെ രണ്ടു ഭാഗങ്ങളാക്കി ആകപ്പാടെ അഞ്ചുഭാഗങ്ങൾ ഈ പുതിയ പതിപ്പിൽ ചേർത്തിരിക്കുന്നു. കവനോദയക്കാർ പ്രസിദ്ധീകരിച്ചിരിക്കുന്ന ചന്ദ്രോത്സവത്തിന്റെ നാലാംഭാഗം സശ്രദ്ധം വായിച്ചാൽ

അതു് രണ്ടു ഭാഗങ്ങൾ കൂട്ടിച്ചേർത്തതാണെന്നു ഗ്രഹിക്കാം. ചന്ദ്രോത്സവത്തിനുള്ള കർമ്മങ്ങൾ എല്ലാംതന്നേ 'പഞ്ച'പ്രധാനങ്ങളാണു്. അതിനാൽ ഈ കൃതിക്കും അഞ്ചുഭാഗങ്ങൾ ഉണ്ടായിരിക്കണമെന്നതു് രാഭണന്യായേന സിദ്ധമാകുന്നു.

മേദിനീചന്ദ്രികയെ ഗർഭമാകുന്നതുവരെയുള്ള കഥാംശങ്ങൾ ഒന്നാം ഭാഗത്തിലടങ്ങിയിരിക്കുന്നു. വാന്മീകി, വ്യാസൻ, കാളിദാസൻ, ഭാരവി, മുരാരി, ഭട്ടബാണൻ, പുനം, ശങ്കരൻ എന്ന എട്ടുമഹാകവികളെ കവി ഗ്രന്ഥാരംഭത്തിൽ സ്തുതിക്കുന്നുണ്ടു്. ഈ മഹാകവികളുടെ കൃതികൾ നമ്മുടെ കാവ്യകൃത്തിനു അത്യന്തം പരിചിതങ്ങളാണെന്നു, അവരുടെ ഓരോരുത്തരുടേയും കവിതാഗുണത്തെക്കുറിച്ചു ചെയ്തിരിക്കുന്ന പ്രശംസയുടെ യാഥാർത്ഥ്യം സ്പഷ്ടമാക്കുന്നു. കാവ്യാരംഭത്തിൽ ദുഷ്കവികളെക്കുറിച്ചു ചെയ്തിരിക്കുന്ന ആക്ഷേപത്തിന്റെ പല ഭാഗങ്ങളും ഇക്കാലത്തെ ചില പുതിയ നിരൂപകന്മാരേയും സംബന്ധിപ്പിക്കാവുന്നതാണു്. കുകവിത്വമെന്നപോലെ കുനിരൂപകത്വവും 'വമ്പെഴും നമ്പിയാലും' അചികിത്സ്യമായ ഒരു മഹാരോഗമാണു്. ഗർഭം, കഥാനായികയുടെജനനം, വിദ്യാഭ്യാസം, യൌവനം, സുഖാനുഭവം എന്നിവ രണ്ടാംഭാഗത്തിലും ഉത്സവം നടത്തുന്നതിനെക്കുറിച്ചുള്ള ആലോചന മൂന്നിലും വിവിധദേശങ്ങളിൽനിന്നും വരുന്ന രാജാക്കന്മാരുടേയും സ്ത്രീകളുടേയും പ്രഭാവാദികളെ നാലിലും ഉത്സവം അഞ്ചിലും വർണ്ണിക്കപ്പെട്ടിരിക്കുന്നു.

മൂന്നാംഭാഗത്തിൽ സ്ത്രീകൾ കൂടിയിരുന്നു് ഉത്സവം നടത്തുന്നതിനു വേണ്ട കാര്യങ്ങളെക്കുറിച്ചു ആലോചിക്കുന്നു. ഈ ഭാഗം വളരെ പ്രൌഢവും ഹൃദയംഗമവും ആയിട്ടുണ്ടു്. മേദിനീചന്ദ്രിക ബന്ധുസ്ത്രീകളെ എല്ലാം വിളിച്ചുവരുത്തി, അവരോടുകൂടി മന്ത്രശാലയെ പ്രാപിച്ചു്, അവിടെവച്ചാണു് കാര്യങ്ങൾ ആലോചിക്കുന്നതു്. പഴയകാലത്തിൽ സ്ത്രീകൾ സമാജംകൂടി കാര്യാലോചന ചെയ്യുന്നതിന്റെ ഒരു സ്വഭാവം ഈ ഭാഗത്തിൽനിന്നും മനസ്സിലാക്കാം. കാര്യഗൌരവംകൊണ്ടും രചനാസ്വഭാവംകൊണ്ടും ചന്ദ്രോത്സവത്തിലെ ഈ ഭാഗത്തെ മാഘത്തിലെ രണ്ടാംസർഗ്ഗത്തിനോടു സദൃശമായി വിചാരിക്കാവുന്നതാണു്.

ഞാനാരിതെന്താരിതിനാപ്തബന്ധു
രെന്തേഫലം കിംമമകാലമേതു്
മാററാരുമാരെന്നറിയുന്നകാര്യം
കർത്താഹിഭൂമണ്ഡലചക്രവർത്തി

ഉത്സാഹമൂലം നയസാരപുഷ്പം
കാര്യദ്രുമം കാമഫലാവനമ്രം
വിവേകശക്ത്യാ നനയാത്തനാളിൽ
വരണ്ടുപോം വേരൊടുകൂടെന്നൂനം.

ഇത്യാദി പ്രൗഢഭാവങ്ങളായ പദ്യങ്ങൾ കവിയുടെ 'കാലജ്ഞതയേ'യും ലോകപരിചയത്തേയും വെളിവാക്കുന്നുണ്ട്. നിശ്ചയങ്ങൾ കൊണ്ടുവരിക, സ്വീകരിക്കുക, ഉപേക്ഷിക്കുക, പിന്താങ്ങുക, ബഹളംകൂട്ടുക, ആത്മപ്രശംസ ചെയ്യുക മുതലായ ഇന്നത്തെ പരിഷ്കൃതസമാജങ്ങളുടെ സ്വഭാവം, അല്പമായിട്ടെങ്കിലും സ്പർശിച്ചിട്ടില്ലെങ്കിലും, കാര്യനിർവഹണത്തിനു മുൻകാലത്തെ യോഗങ്ങൾ ധാരാളം മതിയാകുമായിരുന്നു എന്നു കവി ഈ മൂന്നാംഭാഗത്തിൽ കാണിച്ചുതന്നിട്ടുണ്ട്.

ചന്ദ്രോത്സവത്തിലെ ഭാഷാരീതിയെ എത്രമാത്രം പ്രശംസിച്ചാലും മതിയാകുന്നതല്ല. ഈ കാവ്യത്തെ ഇത്രമാത്രം സഹൃദയശ്ലാഘയ്ക്കു പാത്രമാക്കിയത് ഇതിലെ 'മധുരമധുരഭാഷാസംസ്കൃതാന്യോന്യസമ്മേളനസുരഭിലയായ' 'കാവ്യവാണീവിഭൂതി'യാണ്. അതിലളിതസുരഭിലങ്ങളായ ഭാഷാസംസ്കൃതപദങ്ങളെ മറെറാരു കൃതിയിലും ഇത്രമാത്രം മാധുര്യത്തോടുകൂടി ഘടിപ്പിച്ചു കാണുകയില്ല. ഭാഷാസംസ്കൃതപദങ്ങളെ ഭംഗിയായി ഘടിപ്പിച്ചു വിരചിക്കയാണെങ്കിൽ ആ കൃതിക്കു എത്രമാത്രം സഹൃദയപ്രശംസ ലഭിക്കുമെന്നുള്ളതിനു ഈ കാവ്യം പരമോദാഹരണമാകുന്നു. വേറെ എന്തെല്ലാം ഗുണങ്ങൾ ഈ കൃതിയിൽ പ്രശോഭിച്ചുകൊണ്ടിരുന്നാലും, ഇതിലെ ഭാഷാരീതിക്കു ഈ നിലയിൽനിന്നും അല്പമൊരു വ്യത്യാസം ഭവിച്ചിരുന്നു എങ്കിൽ ചന്ദ്രോത്സവത്തിനു ഏതദ്വിധമായ ഒരു പ്രശസ്തസ്ഥാനം ഒരിക്കലും കിട്ടുകയില്ലായിരുന്നു എന്ന് നിസ്സംശയം പറയാം.

"പൊയ്യൊത്താതോരുചൂതായുധമധുരിമകോരിച്ചൊരിഞ്ഞംഗലക്ഷ്മീ-
നിത്യത്താരുണ്യപൂർണ്ണാഘനജഘനമനോഹാരിണീമാദധാനാം

* * * *

പാലൊക്കുംകീത്തി കല്ലോലിനിനടുവിലൊലിപ്പിച്ചുഭ്രൂചക്രമോടീ-
നീലക്കാർവേണിമാരെപ്പുരിമൃദുവചനംകൊണ്ടുസംഭാവയന്തീ

* * * *

തണ്ടാരമ്പനുവമ്പടയ്ക്കുപകരിച്ചീടുന്നപൊന്നിൻമണി-
പ്പുണ്ടാരം മലർമാനിനീതിരുമിഴിക്കാനന്ദസമ്മോഹനം.

* * * *

തന്മദ്ധ്യേ ദുഗ്ദ്ധപാഥോനിധിമഥനവിധാ-
വപ്സരോഭിഃ പരീതാ
പൂവിൻപെണ്ണെന്നപോലേ തരുണികൾനടുവേ
ബാലികാദൃശ്യതൈകാ
അഗ്രേപോന്നങ്ങുമിങ്ങും പൊടിപടലമിള-
ക്കയ്യിലേന്തുന്ന പൊന്നിൻ
ക്രീഡാപങ്കേരുഹംകൊണ്ടിരുപുറവുമശോ-
കാധരീവാരയന്തീ.

ഇത്യാദി ഭാഗങ്ങളിൽനിന്നും, നമ്മുടെ കവിയ്ക്കു ഭാഷാസംസ്കൃത പദങ്ങളെ ഭംഗിയായി ഘടിപ്പിക്കുന്നതിനുള്ള സാമർത്ഥ്യം എത്രയുണ്ടെന്നു മനസ്സിലാക്കാം.

"ചന്തംചിന്തുമനന്തകാന്തിപടലീനീരന്ധ്രിതാശാന്തരാ-
ചന്ദ്രം ചന്ദനശീതളേനമൃദുഹാസംകൊണ്ടധഃകുർവ്വതീ."

*   *   *   *

ശങ്കരായനമദ്ഭൃംഗമാലയൊടിടഞ്ഞപാംഗമയശൃംഖലാ-
സങ്കലീകൃതമശേഷലോകമടിമപ്പെടുത്തുമലസേക്ഷണം.

*   *   *   *

"കാളമേഘപടലങ്ങളോടു പടചെന്നമത്തുപരിവട്ടവും
വാളുമമ്പൊടുപിടിച്ചുമെയ് വിരുതടിച്ചകൈശികമനോഹരി!

ഇത്യാദി ഭാഗങ്ങളിൽ യാതൊരു തടവുംകൂടാതെ പ്രവഹിക്കുന്ന, കവിതാരീതിയുടെ പാകമാധുര്യത്തിന് ഏതു സഹൃദയനേയും വശീകരിക്കുന്നതിനു അസാമാന്യസാമർത്ഥ്യമുണ്ട്. ഇപ്രകാരം മൃദുലവും സുന്ദരവും എന്നാൽ ഉജ്ജ്വലവും പ്രൌഢവും ആണിതിലെ 'വാണീവിഭൂതി'. ചന്ദ്രോത്സവത്തിൽ സംസ്കൃതമയങ്ങളായ പല പദ്യങ്ങളുമുണ്ട്. ചില ശ്ലോകങ്ങളിൽ പേരിനുമാത്രം ഒന്നോ മുറിയോ ഭാഷാപദങ്ങൾ ഉണ്ടായി എന്നുവന്നേക്കാം. എന്നാൽ നല്ല ഭാഷാപദ്യങ്ങൾ (സംസ്കൃതപദപ്രത്യയബാഹുല്യംകൂടാതെ) എഴുതുന്നതിനും നമ്മുടെ കവി വിദഗ്ദ്ധനാണെന്നുള്ളത് സ്മരണീയമാകുന്നു.

ആട്ടിപ്പായിച്ചുകാണേന്ധതിറവിയമനസംഘങ്ങളെത്തങ്ങളേത്തും
വാട്ടംതട്ടാതെ വാളുംചുരികയുമിളകും കുന്തവുംകയ്യിലേന്തി
കൂട്ടംകൂടിത്തിമിർത്താർത്തമൃതമൊഴി ചമഞ്ഞത്തുട്ടതംതപ്പുകൊട്ടി
ബ്ഭാട്ടന്മാർവന്നു ചന്ദ്രോത്സവമഴകൊടണിഞ്ഞീടിനാശ്രദ്ധമാനം.

ഇതുപോലെയുള്ള പല പദ്യങ്ങളും ഈ കൃതിയിലുണ്ട്. വെൺമ
ണിനമ്പൂതിരിയുടേയും കുഞ്ഞിക്കുട്ടൻതമ്പുരാന്റേയും ഭാഷാരീതി
ഇത്യാദിപദ്യങ്ങളിൽ തെളിഞ്ഞുകാണാവുന്നതാണ്. എങ്കിലും
പ്രാചുര്യേണ സംസ്കൃതപ്രധാനയാണിതിലെ ഭാഷാരീതി. ഗുരുകു
ലക്ലേശംകൊണ്ടു ലബ്ധവിദ്യന്മാരല്ലാത്ത ചില നവീനവിദ്വാന്മാർ
ഈ ഭാഷാരീതിയെ കഠിനമായി ആക്ഷേപിക്കുന്നതു കേൾക്കാറു
ണ്ട്. ഈ രീതി ഇക്കാലത്തെ സ്ഥിതിയ്ക്കു യോജിക്കുന്നില്ലെന്നുള്ള
ഭാഷാപരിഷ്കരണാഭിലാഷികളുടെ മതം അല്പം സ്വീകാര്യംതന്നെ
എന്നു സമ്മതിക്കുന്നു. എന്നാൽ എല്ലാവർക്കും മനസ്സിലാകുന്നില്ലെ
ന്നുള്ള കാരണത്താൽ ഈ രീതി പരിത്യാജ്യവും ഗർഹണീയ
വുമാണെന്നു പറയുന്നത് അസംബന്ധമായിരിക്കുന്നു. ധന
വാന്മാർക്കും ദരിദ്രന്മാർക്കും ഒന്നുപോലെ ഉപയോഗിക്കാൻ സാധിക്കു
ന്നില്ലെന്നുള്ള കാരണത്താൽ നവരത്നരചിതങ്ങളായ ഹാരങ്ങൾക്കു
എന്താണു കുറവു വരുന്നത് ? ഉദരാഗ്നിക്കു മാന്ദ്യവും ബലവുമുള്ള
വർക്കു ഒരുപോലെ അനുഭവയോഗ്യമല്ലെന്നു വിചാരിച്ചു ക്ഷീരാദിമ
ധുരപദാർത്ഥങ്ങളുടെ ആസ്വാദ്യതയ്ക്കു വല്ല ന്യൂനതയുമുണ്ടോ ? ഇതു
പോലെ അപണ്ഡിതന്മാർക്കു ദുർഗ്രഹമെന്നുള്ള കാരണത്താൽ ഒരു
കൃതിയെ നിസ്സാരമായി ഗണിക്കാവുന്നതല്ല. സാധാരണക്കാരുടെ
ഹിതത്തിനുവേണ്ടി എല്ലാവരും 'പച്ചമലയാളത്തി'ലേ കവിത എ
ഴുതാവൂ എന്നു വിധിക്കുന്നതു സാഹസമാണ്. ഒരു രാജരത്നാവ
ലീയമോ നൈഷധചമ്പുവോ ഇന്നത്തെ പച്ചമലയാളത്തിൽ എഴു
താൻ കഴികയില്ലെന്നാണെനിക്കു തോന്നുന്നതു്. സാധാരണ ജന
ങ്ങളുടെയിടയിൽ നടപ്പുള്ളവയേയും തീരെ ഉപേക്ഷിച്ചു സംസ്കൃത
പദങ്ങളെ സ്പർശിക്കുകയേഇല്ലെന്നുള്ള ശപഥത്തോടുകൂടിയാണല്ലോ
പച്ചമലയാളത്തിന്റെ പുറപ്പാട്. ഈ നിർബ്ബന്ധം അല്പമെങ്കി
ലും കുറച്ചിരുന്നു എങ്കിൽ ഈ രീതിയിൽ എഴുതപ്പെട്ടിട്ടുള്ള കൃതി
കൾക്കു ഇപ്പോളുള്ളതിൽ കൂടുതൽ ഗുണം കാണുമായിരുന്നു. അപ്ര
സിദ്ധങ്ങളായ തമിഴുപദങ്ങളെ ചേർക്കുന്നത് പച്ചമലയാളത്തിനു
ബാധകമല്ലെങ്കിൽ, നമ്മുടെയിടയിൽ സുപ്രസിദ്ധങ്ങളായ സംസ്കൃത
പദങ്ങളെ സ്വീകരിക്കുന്നതുകൊണ്ടു, എന്തു ദോഷമാണു വരുന്ന
തെന്നറിയുന്നില്ല. ചന്ദ്രോത്സവാദികൃതികളിലെ ഭാഷാരീതി
യെ സാർവ്വത്രികമായി പരിപാലിച്ചുകൊണ്ടുവരുന്നതു് ഇന്നത്തെ
സ്ഥിതിയ്ക്കു അനാവശ്യംതന്നെയാണ്. എന്നാൽ ഈ രീതി
യെ സാഹിത്യലോകത്തിൽനിന്നുമുച്ചാടനംചെയ്യുവാൻ ശ്രമിക്കു
ന്നതും, ഏതൽപ്രണയികളായ വല്ലവരും ഈ രീതിയിൽ എഴുതുന്ന
കൃതികളുടെ നേരേ ചന്ദ്രഹാസമിളക്കുന്നതും, പച്ചമലയാളം സർവ്വത്ര

സ്വീകാൎയ്യമാണെന്നു ശഠിക്കുന്നതും സാഹസമാണെന്നു പറയേണ്ടിയിരിക്കുന്നു. ഭാഷയുടെ സ്ഥിതിയ്ക്കു് ആവശ്യമുള്ളെടത്തോളവും സംസ്കൃതപദങ്ങളെ സ്വീകരിക്കുന്നതു് ഉചിതമാണെന്നുമാത്രമേ സിദ്ധാന്തിക്കുന്നുള്ളു. ചന്ദ്രോത്സവംപോലെയുള്ള പല കൃതികളും, ഇരിമ്പുവേലി കെട്ടിയിട്ടുള്ള കരിമ്പിൻതോട്ടങ്ങളെന്നപോലെ, സാധാരണക്കാൎക്കു ദുഷ്പ്രാപങ്ങളായിരിക്കുന്നതു് സംസ്കൃതപ്രചുരമായ ഭാഷാരീതികൊണ്ടുതന്നെയാണു്. എന്നാൽ സംസ്കൃതവ്യുല്പത്തിയാകുന്ന ആയുധം കൈവശമുള്ളവൎക്കു യാതൊരു പ്രതിബന്ധത്തെയും ഭയപ്പെടേണ്ടതായിട്ടില്ല. അല്ലാത്തവരുടെ 'ജന്മാന്തരപാതക'ങ്ങളുടെ 'വിപാകവിസ്ഫൂൎജ്ജഥു'വിനെക്കുറിച്ചു സങ്കടപ്പെടുകയേ തരമുള്ളു.

പ്രൌഢമായ സംസ്കൃതപാണ്ഡിത്യമുള്ള ഒരു സരസശിഖാമണിയാണു് ചന്ദ്രോത്സവത്തിന്റെ കൎത്താവെന്നു ഈ കൃതിയുടെ ഏതുഭാഗം നോക്കിയാലും മനസ്സിലാക്കാം. കവിയുടെ അന്യാദൃശമായ മനോധൎമ്മം ഈ കാവ്യത്തിൽ എവിടേയും വിലസിക്കുന്നുണ്ടു്. ലോകത്തിലുള്ള രമണീയപദാൎത്ഥങ്ങൾക്കല്ലാതെ ചന്ദ്രോത്സവത്തിൽ സ്ഥാനം അനുവദിച്ചിട്ടില്ല. ചന്ദ്രൻ വസന്തം വേശ്യ കാമദേവൻ ഉദ്യാനം കൎപ്പൂരം ചന്ദ്രിക മുതലായവയെഅല്ലാതെ മററുള്ളവയെ ഒന്നിനേയും നമ്മുടെ കവി ഗണിച്ചിട്ടില്ലെന്നു തോന്നുന്നു. നാട്ടിലുള്ള മനോഹരവസ്തുക്കളുടെ വിശേഷം നല്ലപോലെ ഗ്രഹിച്ചിട്ടുള്ള ഒരുത്തനാണു് നമ്മുടെ കവി. ദുഃഖംഎന്നതൊരിക്കലും അറിയാതെ സദാപി പരമാഹ്ലാദതരംഗിതവും സുപ്രസന്നവുമായ ഹൃദയത്തെ വഹിക്കുന്നവരായി രണ്ടു മഹാകവികളാണു് നമ്മുടെ ഇടയിലുണ്ടായിട്ടുള്ളതു്. അതിലൊന്നു ചന്ദ്രോത്സവകൎത്താവും മററതു കുഞ്ചൻനമ്പ്യാരുമാകുന്നു. ലോകത്തിൽ ജീവിതത്തെ ദുൎഗ്ഗമാക്കുന്ന ദുഃഖമെന്നൊരവസ്ഥാഭേദമുണ്ടെന്നു ഈ കവികൾ അറിഞ്ഞിട്ടുണ്ടോ എന്നതന്നെ സംശയമാണു്. നമ്പ്യാരുടെ കൃതികളിൽ ചില സന്ദൎഭങ്ങളിലെങ്കിലും ദുഃഖവൎണ്ണനകൾ കാണാം. എന്നാൽ ചന്ദ്രോത്സവം എവിടെ നോക്കിയാലും ആഹ്ലാദതരംഗിതങ്ങളും സാരസ്യതുന്ദിലങ്ങളുമായ ഭാഗങ്ങളല്ലാതെ കാണുകയില്ല. വൈദൎഭീരീതിയുടേയും ദ്രാക്ഷാപാകത്തിന്റേയും സമ്പൎക്കം ഈ കാവ്യത്തിനു സാൎവ്വത്രികമായ ഒരു മാധുൎയ്യത്തെ ജനിപ്പിച്ചിരിക്കുന്നു എന്നുകൂടി വക്തവ്യമാണു്.

യാതൊന്നു പ്രവേശനമാത്രയിൽത്തന്നെ 'കാവ്യശൈലീരസജ്ഞ'മായ 'സഹൃദയഹൃദയ'ത്തെ, വിസ്മയപൎയ്യവസായികളായ വി

വിധവികാരങ്ങൾക്കു വശംവദവും, സൌരസ്യകഞ്ചുകിതവും, ആക്കിച്ചെയ്യുന്ന ആ ഭാവനാഗർഭിതമായ ശബ്ദാർത്ഥപ്രപഞ്ചമാകുന്നു യഥാർത്ഥ കവിത എന്നു പറയപ്പെടുന്നതു്. ചന്ദ്രചന്ദ്രികകൾക്കും, ക്ഷൌദ്രമാധുൎയ്യങ്ങൾക്കും, കുസുമസൌരഭ്യങ്ങൾക്കും എന്നപോലെ കവനഭാവനകൾക്കു അഭേദ്യമായ ബന്ധമുണ്ടു്. ശബ്ദാർത്ഥങ്ങൾ ഭാവനായോജിതങ്ങളാകുമ്പോൾ, മഥിതമായ അരണിയിൽനിന്നു അഗ്നി എന്നപോലെ, രസാത്മകമായ ഒരു തേജോവിശേഷം അവയിലുണ്ടാകുന്നു. ഇതാണു് കാവ്യത്തിന്റെ ജീവൻ. വായനക്കാരുടെ ഹൃദയത്തെ പ്രകാശിപ്പിച്ചു, ബ്രഹ്മാനന്ദാനുഭവനിർവ്വിശേഷമായ ഒരു സദവസ്ഥ അവൎക്കു പ്രദാനം ചെയ്യുന്ന ചൈതന്യശക്തിയും ഇതുതന്നെയാണു്. ഇപ്രകാരമുള്ള ഉത്തമകവിത ചന്ദ്രോത്സവത്തിൽ ആപാദശിഖം പ്രസരിക്കുന്നുണ്ടു്. ഭാവനയുടെ സമ്പൎക്കംകൊണ്ടു് അൎത്ഥത്തിനു നവീനത്വവും മാധുൎയ്യവും വരുത്തുന്നതിൽ നമ്മുടെ കവി അദ്വിതീയനാണു്. ഭാവനാവിശേഷങ്ങളാൽ അലംകൃതങ്ങളായ പദ്യങ്ങൾ ഈ കാവ്യത്തിലെവിടെയുമുണ്ടു്. അവയിൽ ചിലതിനെക്കുറിച്ചു് അല്പം ഒന്നു വിചിന്തനം ചെയ്യാം. അങ്കുരിതയൌവനയായ ഒരു സുന്ദരിയുടെ നേത്രകലികയിൽ മന്മഥവികാരവിശേഷങ്ങൾ എല്ലാം ശോഭിക്കുന്നതു്, "ശിക്ഷാവിഹീനമഴകാൎന്നകലാപവൎണ്ണശില്പാങ്കുരങ്ങൾമയിൽമുട്ടയിലെന്നപോലെ," ആണെന്നു പറഞ്ഞിരിക്കുന്ന ഭാവനയെ നമസ്കരിക്കാതെ തരമില്ല. മയിലിന്റെ മുട്ടയിൽ, ഭാവിയിൽ വികസിക്കാൻ പോകുന്ന പീലിയുടെ രൂപവൈചിത്ര്യം അവിശദമായും നിബിഡമായും ദ്യോതിക്കുന്നതു കാണാവുന്നതാണു്. ഉദിതമാത്രയൌവനകളായ സുന്ദരിമാരുടെ അപൂൎണ്ണവികസിതങ്ങളായ നേത്രങ്ങളിൽ സ്വയമേവ 'മനോഭവവിനോദവിശേഷ'ങ്ങൾ പ്രകാശിക്കുന്നതുമിതുപോലെയാണു്. ഇത്രമാത്രം രമണീയമായ ഒരു വസ്തുവിനെ ഉപമയ്ക്കു ഗ്രഹിച്ചു, കവിയുടെ, ഭാവന അധികം ശ്ലാഘ്യയായിരിക്കുന്നു.

ചരമശിഖരിപീഠേ പാടലം നാളികേരാ
ദ്ദ്രുമമിവലയരൂപംവെച്ചുവിഹരിന്നധാരം
ജഗതികുരുതിതപ്പിച്ചീടിനാൻ ചൂടൊഴിപ്പാ-
നഖിലഭുവനഭാജാമന്തിയാം മന്ത്രവാദി.

എന്ന പദ്യത്തിലെ അൎത്ഥകല്പനയും വളരെ ഹൃദയംഗമമായിട്ടുണ്ടു്. അന്തിയാകുന്ന മന്ത്രവാദിയെക്കൊണ്ടു് ഇപ്രകാരമൊരു കുരുതി ആരും കാവ്യലോകത്തിൽ ചെയ്യിച്ചിട്ടുള്ളതായി തോന്നുന്നില്ല.

വിഗതമേഘജലം നവതാരകാ-
മണിഗണോജ്വലദംബരമംബരം
സമമഗസ്ത്യനിപീതപയോധിനാ
സമഭവന്മദിരാക്ഷിനിശാമുഖേ.

ശരൽപ്രദോഷങ്ങളിൽ നിർമ്മേഘമായ ആകാശത്തിൽ നക്ഷത്രങ്ങൾ ഉജ്വലിക്കുന്നതു കണ്ടിട്ടുള്ളവൎക്കു് നിഷ്പ്രയാസം ഈ ഉപമയുടെ രസികത്വം മനസ്സിലാക്കാൻ കഴിയും.

ഏവംക്രമേണദിവസേഷുഗതേഷുബാലാ
ക്രീഡാസുകൌതുകവതീവിമുഖീനചാസീൽ
ശ്രദ്ധംവിളികിലവനമ്രമുഖീമണിത്തൂൺ
മെല്ലെമറഞ്ഞുവിളികേൾക്കുമുദാരഭാവാ.

ജാതേസഖീസദസിഭോഗകഥാപ്രസംഗേ
മുഗ്ദ്ധേക്ഷണാചെവികൊടുക്കുമൊളിച്ചുതസ്മിൻ
ചിത്രേഷുപാവകളിലുമ്മിഥുനാവലോകേ
സാകാമിനീപുളകിനീസഹസാബഭൂവ.

ഓരോപുരാണകഥകേട്ടരുളുന്നനേരം
വീരേഷുമാരവിജയാദിഷുകീർത്തിതേഷു
ഭിന്നാബഭൂവ ഭുജമൂലകപോലകണ്ഠ-
വക്ഷോജപാദരശനാപദമസ്തകേഷു.

ആരബ്ധയൌവനയായ ഒരു നായികയുടെ മനഃസ്ഥിതിയെ ഇപ്രകാരം വൎണ്ണിച്ചിരിക്കുന്നതു് വളരെ സ്വാഭാവികമായിരിക്കുന്നു. സഖികൾ കൂട്ടംകൂടിയിരുന്നു് മന്മഥകഥാപ്രസംഗം ചെയ്യുന്ന സന്ദൎഭങ്ങളിൽ പുറമേ വളരെ വൈരസ്യം ഭാവിക്കയും ഉള്ളുകൊണ്ടു രസിക്കയും ചെയ്യുന്നതു മുഗ്ദ്ധകളുടെ സ്വഭാവമാകുന്നു. അതിനാൽ 'ചെവികൊടുക്കുമൊളിച്ചുതസ്മിൻ' എന്ന ഭാഗം അനുഭവത്തിനു വളരെ യോജിച്ചിരിക്കുന്നു. 'ഓരോ പുരാണകഥ' എന്ന പദ്യം നമ്മുടെ കവിക്കു ശൃംഗാരശാസ്ത്രത്തോടുള്ള പരിചയത്തെ കാണിക്കുന്നതാണു്.

തെളിവുടയകടക്കൺകൊണ്ടോരോരോദിഗന്തേ
കുസുമശരസഹസ്രാണ്യുൽസൃജന്തീ സമന്താൽ
മൃദുഹസിതവിലാസേനേന്ദുമന്ദാരഭാസാ
കലശജലധിമാലാമംബരേദൎശയന്തീ,

എന്ന ശ്ലോകത്തിലെ ഭാവകല്പനയും,

സൌന്ദൎയ്യാൎണ്ണവപൂൎണ്ണചന്ദ്രസുഷമാ സൌജന്യകല്ലോലിനീ
സൌഭാഗ്യാമൃതവാപികാമധുരതാമാണിക്യമഞ്ജൂഷികാ
സാരസ്യാമൃതഭാനുശാരദനിശാമാംഗല്യരംഗസ്ഥലീ
സാചന്ദ്രോത്സവദേവതേ വതരുണീതാഭിസ്സമാലോകിതാ.

എന്ന പദ്യത്തിലെ പദമാധുൎയ്യവും, പ്രത്യേകം ആസ്വാദ്യമായിരിക്കുന്നു. ഇപ്രകാരം ഹൃദയംഗമങ്ങളായ ശ്ലോകങ്ങൾ ചന്ദ്രോത്സവത്തിലെവിടേയുമുണ്ട്. വസ്തുക്കളിലുള്ള സൂക്ഷ്മഭാവങ്ങളെ ഗ്രഹിച്ചു വൎണ്ണിക്കുന്നതിനു നമ്മുടെ കവി വളരെ സമൎത്ഥനാകുന്നു. അല്പങ്ങളായ പദങ്ങളിൽ മഹത്തുക്കളായ ഭാവങ്ങളുടെ ചിത്രം വരയ്ക്കുന്നതിനു നമ്മുടെ കവിയ്ക്കുള്ള സാമൎത്ഥ്യത്തെ കാണിക്കുന്ന ഒരു പദ്യമാണ്.

പരമശിവമുഖാംഭോജാവലോകേനിലീനേ
മിഴികളിലവനമ്രംവിസ്മയശ്രീകപൎദ്ദേ
കുതുകിശശികലായാമുൽപ്രകമ്പംഭുജംഗേ
ജയതിതിരുമിഴിത്തെല്ലദ്രിരാജാത്മജായാഃ

എന്നുള്ളതു് ഇതിലുള്ള അവനമ്രം, വിസ്മയശ്രീ, കുതുകി, ഉൽപ്രകമ്പം എന്നീ പദങ്ങൾ ലജ്ജാദിമനോവികാരങ്ങളുടെ മഹത്തായ ആവിർഭാവത്തെ കാണിക്കുന്നവയാണ്. ഇപ്രകാരം പ്രൌഢഭാവങ്ങളായ പദ്യങ്ങൾ വേറെയുമുണ്ടു്. രണ്ടാംഭാഗത്തിലെ ഗർഭവൎണ്ണനയിലും മററും രഘുവംശം മൂന്നാംസൎഗ്ഗത്തിലെ ചില ഭാഗങ്ങളുടെ ഛായാശകലങ്ങൾ കാണുവാനുണ്ടു്.

ശരീരസാദാദസമഗ്രഭൂഷണാ
മുഖേനസാലക്ഷ്യതലോധ്രപാണ്ഡുനാ
തനുപ്രകാശേനവിചേയതാരകാ
പ്രഭാതകല്പാശശിനേവശർവ്വരീ

എന്ന പദ്യത്തിൻെറ ഏറെക്കുറെ തൎജ്ജിമതന്നെയാണ്,

സാദൌഹൃദശ്രമവശാദനിശംവിളൎത്തു
താമ്യന്മുഖീ തിപരാഭരണാചകാശേ
പ്രാപ്തപ്രഭാതസമയാപരിഹീണചന്ദ്രാ
നാലഞ്ചുതാരതരളാപ്രഥമേവസന്ധ്യാ

എന്ന ശ്ലോകം

അരിഷ്ടശയ്യാം പരിതോ വിസാരിണാ
സുജന്മനസ്തസ്യ നിജേന തേജസാ
നിശീഥദീപാസ്സഹസാ ഹതത്വിഷോ
ബഭ്രുവുരാലേഖ്യസമർപ്പിതാ ഇവ

എന്ന പദ്യാർത്ഥത്തിന്റെ ഛായ,

നേരേ പൊടിച്ച കനകപ്പൊടികൊണ്ടു ചിന്നും
പോലേ വിളങ്ങിന തദീയശരീരകാന്ത്യാ
ചിത്രാർപ്പിതാ ഇവ ബഭ്രുവുരനേകദീപ്തി-
മാലാകുലാ രുചിയുമിന്നു നിശാന്തദീപാ

ഈ പദ്യത്തിൽ നല്ലപോലെ കാണാം. ഇതുപോലെ വേറെയും പല ഭാഗങ്ങൾ ഉണ്ടെന്നുള്ളതു സ്മരണീയമാകുന്നു. ചന്ദ്രോത്സവത്തിലെ ചില വർണ്ണനകളെ, പ്രസിദ്ധകവിയായ വെണ്മണി നമ്പൂതിരി അനുകരിച്ചിട്ടുണ്ട്. പൂരം കാണുന്നതിനു വരുന്ന സ്ത്രീകളുടെ സ്വഭാവങ്ങളെക്കുറിച്ചു, പൂരപ്രബന്ധത്തിലുള്ള വർണ്ണനം, ചന്ദ്രോത്സവം കാണുവാൻ വരുന്ന സ്ത്രീകളെക്കുറിച്ച് ഈ കാവ്യത്തിൽ വർണ്ണിച്ചിട്ടുള്ളതിനെ മാതൃകയാക്കിച്ചെയ്തിട്ടുള്ളതാണ്. വിവിധദേശക്കാരായ ജനങ്ങളുടെ സ്വഭാവങ്ങളെ വർണ്ണിക്കുന്നതിലും ചന്ദ്രോത്സവകർത്താവിനെയാണ് വെൺമണിനമ്പൂരി അനുകരിച്ചിരിക്കുന്നത്.

ചന്ദ്രോത്സവത്തിലെ പ്രധാനരസം ശൃംഗാരമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. വേശ്യകൾ നായികകളായി വരുന്ന കൃതികളിൽ ശൃംഗാരമായിരിക്കും പ്രധാനരസം. ഈ കൃതിയിലെ പ്രധാനരസം ശൃംഗാരമായിരിക്കുമെന്നു,

അണികുലചിലജിഹ്വാനന്ദികർണ്ണാമൃതം തൊ-
ണ്ണൂതുനയനമനോജ്ഞം നാസികാഹ്ലാദിഘ്രാണം
തൊടുമളവിളകീടും തേരുയസ്യാംഗനാനാം
വകപടകളനംഗം ദൈവതം വെൽവുതാക.

മന്മഥപ്രശംസാത്മകമായ ഈ പദ്യം കൊണ്ടു കവി മുന്നറിവുകൊടുത്തിട്ടുണ്ട്. 'വാത്സ്യായനംമുഴവനനാപഥമോമലേക്കൊണ്ടാടിക്കാ'മെന്നു കാമദേവനു നേർന്നിട്ടാണു മേദിനീചന്ദ്രിക ഉണ്ടാകുന്നതു്. ഈ നേർച്ചയെ കവി നിഷ്കൃഷ്ടയോടുകൂടി നിർവ്വഹിച്ചിട്ടുണ്ടെന്നു ചന്ദ്രോത്സവത്തിലെ പല ഭാഗങ്ങളും സ്പഷ്ടമാക്കുന്നു.

സീമന്തമംബുജദൃശാമവലംബ്യകാലം
ഹേമന്തമിന്ദ്രരമണീരമണീയവേഷാ
ഉച്ചൈസ്തരച്ഛമണിമച്ഛിലടച്ഛിതുന്നി-
ട്ടാനച്ഛവിശമലർബാണകലാവിലാസൈസം.

ഇത്യാദി നായികയുടെ സുഖാനുഭവത്തെ വർണ്ണിക്കുന്ന ഭാഗം വിശേഷിച്ചും ശൃംഗാരനിമഗ്നമായിരിക്കുന്നു. ശൃംഗാരസ്പർശമില്ലാത്ത പദ്യങ്ങൾ ഇതിൽ വളരെ കുറവാണ്. നിവൃത്തിയുണ്ടെങ്കിൽ ഓരോ പദത്തിലും കൂടി ഈ രസത്തിന്റെ സ്പർശം വരുത്തിയിരിക്കും

പൂങ്കാവിലെന്നും പികസുന്ദരീണാ-
മാങ്കോകിലാളീപരിലാളിതാനാം
കേൾക്കപ്പെടുന്നു രതിനാഥപാഠ-
ക്രോങ്കാരഹാരീണിരുതാനിയസ്മിൻ.

എന്ന പദ്യത്തിലെ 'ആങ്കോകിലാളീപരിലാളിതാനാം' എന്ന പദംതന്നെ ഒരുദാഹരണമാകുന്നു. ശൃംഗാരപ്രയോഗം ചില സന്ദർഭങ്ങളിൽ ഔചിത്യഭഞ്ജകങ്ങളായിട്ടുണ്ടെന്നുകൂടി പറയേണ്ടതാണ്.

ധാത്രീകരാംബുജധൃതാകമനീയശീലാ
സാപാണിപാദയുഗളീമനിശംകുടഞ്ഞാൾ
മേലിൽപ്രസൂനശരസംഗരപാടവായ
മുല്ലാട്ടുതേടിനാൾചെറുശ്രമമെന്നപോലെ

സൌവർണ്ണകിങ്കിണികലൂജിതമുദ്രാങ്കമിന്നാം
ളാരോമലമ്പൊടു ചിരിച്ചു ചിരിച്ചുകാണേ
മേലിൽത്തിരണ്ടപുരുഷായുധസൂത്രധാര-
ശ്രീമൽപ്രവേശമിവകോമളഗാത്രവല്ലീ.

ഇവ നായികയുടെ ശിശുക്രീഡയെ വർണ്ണിക്കുന്ന രണ്ടു പദ്യങ്ങളാണ്. ഈ സന്ദർഭത്തിൽ ശൃംഗാരത്തെസ്പർശിപ്പിച്ചതു് ഔചിത്യഹാനിജനകമായിരിക്കുന്നു. ഈ ഭാഗം കവിയുടെ നിരങ്കുശമായ ശൃംഗാരപ്രിയത്തെ ആണു് കാണിക്കുന്നതു്. ഒരു മാതാവു 'വാത്സ്യായനംമുഴുവനനാപഹമോമലേ കൊണ്ടാടി'ക്കാമെന്നു നേർച്ചനേരുന്നതും അല്പം അനുചിതമായി തോന്നുന്നു. ചന്ദ്രികയുടെ പതി മനസ്സിലായ ഉടനേതന്നെ ചന്ദ്രൻ കുപിതനായി 'പ്രളയദശകരു

ക്ഷ’ങ്ങളായ ‘അക്ഷരങ്ങ’ളെക്കൊണ്ട് അവളെ ശപിക്കുന്നതിപ്രകാരമാണ്.

കലയുവതിപതാകേ! വാരയോഷേവനന്മേ
കമനി, വിഗതശങ്കം നീ ചതിച്ചോരുമൂലം
അവനിയിലൊരുനൂറാണ്ടേത്തുപോസ്വാരയോഷാ-
നുഭവമനുഭവിച്ചീടാശുമച്ഛാപവേഗാൽ.

ഈ പദ്യത്തിൽ രൂക്ഷാക്ഷരമൊന്നുമില്ലെന്നുതന്നെയല്ല, കലയുവതിപതാകേ, കമനി, എന്നീ പദങ്ങൾ കോപസ്ഫുരണത്തിനു പ്രതിബന്ധകങ്ങളായുമിരിക്കുന്നു. സൌന്ദര്യാധിക്യദ്യോതകമായ കലയുവതിപതാകേ, എന്ന പദം ശൃംഗാരസ്ഫുരണത്തിനു വളരെ ആനുകൂല്യത്തെ ചെയ്യുന്നു.

ശൃംഗാരപ്രചുരങ്ങളായ കാവ്യങ്ങൾ എഴുതുന്നവരെല്ലാം വേശ്യാലമ്പടന്മാരും ദുർവൃത്തന്മാരും ആയി ജീവിക്കുന്നവരാണെന്നും തദ്വിധന്മാരായ വായനക്കാരേ അവയിൽ രസിക്കയുള്ളു എന്നും ചിലർ പറഞ്ഞുവരാറുണ്ട്. ഇതു വളരെ അന്തഃശ്ശൂന്യമായ ഒരു അഭിപ്രായമാണ്. രസങ്ങളിൽ പ്രാധാന്യം ശൃംഗാരത്തിനാകയാൽ കവികളും സഹൃദയന്മാരും അതിനെ സവിശേഷം ആദരിക്കുന്നതാണ്. ഒരു കവിയും പരദാരങ്ങളെ പ്രാപിക്കുന്നതിനുപദേശിക്കുന്നില്ല. സഹൃദയന്മാരും ആരുംതന്നെ കാവ്യപാരായണംകൊണ്ട് അപ്രകാരം അധർമ്മരതന്മാരാകുന്നില്ല. ഉത്തമകവികൾ ഏതു വിഷയത്തെക്കുറിച്ചു വർണ്ണിച്ചാലും അതിനു നല്ല തന്മയത്വം ഉണ്ടായിരിക്കും. കവിതയിൽ ഈ തന്മയത്വം ജനിക്കുന്നതിനു കവികൾ അതാതുനിലകളിൽസ്ഥിതിചെയ്യുന്നവരായിരിക്കണമെന്നില്ല. അല്ലെങ്കിൽ, രാജാവല്ലാത്ത ഒരു കവിക്കു രാജ്യഭരണത്തെയും, യോദ്ധാവല്ലാത്തയാൾക്കു യുദ്ധത്തെയും ജിതേന്ദ്രിയനായ ഒരുത്തനു ശൃംഗാരത്തേയും കുറിച്ചു് ഒന്നും പറയാൻ സാധിക്കയില്ലെന്നു വരുന്നു. മഹാകവികളുടെ ഭാവനാചക്ഷുസ്സിന് അവർ അനുഭവിച്ചോ അല്ലാതെയോ അറിഞ്ഞിട്ടുള്ളതും, അല്ലാത്തവയും ഒക്കെത്തന്നെ സുദർശങ്ങളാകുന്നു. മഹാകവികൾ എല്ലാ വസ്തുക്കളേയും കാണാതെ കാണുന്നവരും കണ്ടിട്ടും കാണാത്തവരുമാകുന്നു. സംഭോഗശൃംഗാരത്തെ നൈഷധീയചരിത്രത്തിന്റെ ഉത്തരഭാഗത്തിൽ കൂലങ്കഷമായി പ്രയോഗിച്ചിരിക്കുന്ന മഹാകവി ശ്രീഹർഷൻ ഒരു ജിതേന്ദ്രിയനും ‘യസ്സാക്ഷാൽ കുരുതേസമാധിഷുപരം ബ്രഹ്മപ്രമോദാർണ്ണ

വം' എന്നഭിമാനിക്കുന്ന മഹായോഗിയുമാണു്. പുഷ്പബാണവിലാസം, അമരുകശതകം മുതലായ ശൃംഗാരപ്രധാനങ്ങളായ എത്രയോ കൃതികളുണ്ടു്. അവയുടെ കർത്താക്കന്മാരൊക്കെ വേശ്യാലമ്പടന്മാരായ വിടന്മാരും ദുർവൃത്തന്മാരുമാണെന്നു വിചാരിക്കുന്നതു സാഹസമാണു്. അനുഭവഗോചരമല്ലാത്തതിനെ വർണ്ണിയ്ക്കാൻ സാധിക്കാത്തതു്, ഭാവനാശൂന്യന്മാരായ അല്പന്മാർക്കാണു്. ഭാവനാശോഭിതന്മാരായ പൌരസ്ത്യകവികൾ ഈ വർഗ്ഗത്തിലുള്ളവരല്ല. ഹർമ്മ്യങ്ങളിലെ കനകപര്യങ്കങ്ങളിൽ ഇരുന്നുകൊണ്ടു, മഹാരണ്യങ്ങളിലെ ഭയങ്കരസ്വഭാവങ്ങളേയും അന്ധകാരനിബിഡിതങ്ങളായ പർവ്വതഗുഹകളിൽവസിച്ചുകൊണ്ടു നാഗരികവിലാസങ്ങളേയും ജിതേന്ദ്രിയത്വത്തോടുകൂടിയിരുന്നു സംഭോഗസംരംഭത്തേയും വർണ്ണിക്കാൻ പൌരസ്ത്യകവികൾ അദ്വിതീയന്മാരാണു്. ഓരോ വർണ്ണനവും കാണുമ്പോൾ കവികൾ അതാതു നിലകളിൽ ഇരുന്നിട്ടുള്ളവരാണെന്നു തോന്നിപ്പോകും. വർണ്ണനത്തിനു അത്രമാത്രം തന്മയത്വം ഉണ്ടായിരിക്കും. ഭാവനാവശഗതന്മാരായ കവികൾക്കു സർവ്വവും കരതലാമലകമാണു്. ഈ തത്വം മനസ്സിലാക്കായ്കനിമിത്തമാകുന്നു ചില നിരൂപകന്മാർ, ശൃംഗാരരസം പ്രയോഗിക്കുന്നതിനും അതിൽ രസിക്കുന്നതിനും വിടന്മാർക്കേ കഴികയുള്ളു എന്നു ശഠിക്കുന്നതു്. ഈവകക്കാർ ശൃംഗാരപ്രചുരമായ ചന്ദ്രോത്സവത്തെക്കുറിച്ചും ആക്ഷേപിച്ചേക്കാം. ഈതരത്തിലുള്ള സഹൃദയശിഷ്ടുക്കൾ ആദരിക്കാത്തതുകൊണ്ടു് ഈ കവിതയ്ക്കു ഒരു ന്യൂനതയും വരുവാനില്ലെന്നു നിസ്സംശയം പറയാം.

ഈ കാവ്യത്തിലെ കവിതാഗുണത്തെ സക്ഷതമാക്കുന്ന ഒരു പ്രധാനദോഷം യതിഭംഗമാണു്. ഈ ദോഷം ചമ്പൂപ്രബന്ധങ്ങളിൽ കൂടി ഇത്ര കാണുമോ എന്നു സംശയമാകുന്നു.

പൂങ്കാവിലാൺകുയിൽനിനദനിരന്തരീ"കൃ-
താ"ശാന്തരേരഹസി ഹന്തവസന്തകാലേ

തെളിവിനൊടുവിളങ്ങീടുന്ന പൊന്നിൻകൊടി"ക്കുരു-
ന്നാ"കളിലമരവധൂനാം മെയ് തലോടിത്തുടങ്ങി.

പുതിയകനകഭാസോഭ്രസൂരാഗ്രേസരാ"ഭ്രൂ-
ഷ"ണാപരികലിതാംഗാഭൂമിപാലോപമാനാഃ

അവനിയിലൊരു നൂറാണ്ടെതുപോയ് വാരയോ"ഷാ-
ന്ന"ഭോഗമനുഭവിച്ചീടാത്തുമച്ഛാപവേഗാൽ.

ഇത്യാദിപ്രയോഗങ്ങളിൽ ഉദ്ധരണിയിട്ടിട്ടുള്ള ഭാഗംനോക്കുക. സഹൃദയന്മാൎക്ക് ഈ മാതിരി പ്രയോഗങ്ങൾ വളരെ ദുസ്സഹങ്ങൾ തന്നെയാണ്. പല പദ്യങ്ങളിലും ഈദോഷം കാണുന്നുണ്ട്.

ശബ്ദാലങ്കാരങ്ങളിൽ ദ്വിതീയാക്ഷരപ്രാസത്തെ സാൎവ്വത്രികമായി സ്വീകരിക്കുന്നതിനു നമ്മുടെ കവിക്കു നിൎബ്ബന്ധമില്ല. എന്നാൽ പല പദ്യങ്ങളിലും ഈ പ്രാസം കാണാം,

മരതകഗിരിശൃംഗേ മംഗലാപാംഗരംഗേ
മദനമണിപതാകാ മാധുരീ ജന്മഭൂമിഃ

കളരുതം കളഹംസകുലംബവളെ
കമലിനീഷുകലാപതികോമളം

എന്നും മററുമുള്ള ഭാഗത്തിലെ ശബ്ദമാധുൎയ്യം പ്രത്യേകം ആസ്വാദ്യമാകുന്നു. പ്രാസയമകാദികളായ യാതൊരലങ്കാരങ്ങളുടേയും സഹായംകൂടാതെതന്നെ പ്രതിപദ്യമോ പ്രതിപദമൊ അല്ല പ്രത്യക്ഷരംതന്നെ, അനൎഗ്ഗളമായി പ്രവഹിക്കുന്ന ഒരു സൌന്ദൎയ്യവിശേഷം ആണീകൃതിക്കു് അകൃത്രിമഭൂഷണമായി പരിണമിച്ചിരിക്കുന്നതു്.

പ്രാചീനങ്ങളായ പല പദപ്രയോഗങ്ങളും ഈ കൃതിയിൽ കാണുന്നുണ്ടു്. കലമ്പൻമാല, മമ്മാ, പൂടപൂഴങ്ങുക, മുറുവൽ, തികതല, ആരം, പല്ലുങ്ങുക, മിട്ടു്, തകം മുതലായ പഴയപദങ്ങളെ ധാരാളമായി ഇതിലുപയോഗിച്ചിരിക്കുന്നു. ഇവയിൽ പലതും ചമ്പുപ്രബന്ധങ്ങളിൽ ബാഹുല്യേന കാണപ്പെടാവുന്നവയാണു്. ചുരുക്കം ചില സന്ദൎഭങ്ങളിൽ സംസ്കൃതപ്രത്യയം ചേൎത്തു് ഭാഷാപദങ്ങൾ ഉപയോഗിച്ചിരിക്കുന്നു.

വിളക്കമാടസ്യൂത്തുളക്ഷിണേന

അഴകെഴുംപൊടിഭിർച്ചിപകാശിരേ

ഈ മാതിരി പ്രയോഗങ്ങൾ ചമ്പുക്കളിൽ വളരെ കുറവുതന്നെയാണു്.

ഇതിസുമധുരമന്ത്യാം മേദിനീവെണ്ണിലാവോ-
ടരുവയർപെരുമാളോടാദരേണാബ്രുവന്ത്യാം

സംസ്കൃതരീതി അനുസരിച്ചുള്ളതാണീപ്രയോഗം. "പാതിവ്ര

ത്ര്യാജപലാംഗിഷ്വഖിലഗുണനിധിഷ്വംഗനാമൌലിമാലഷു” ഇത്യാദി പ്രയോഗങ്ങൾ ചമ്പൂക്കളിൽ സുലഭമാണ്.

തദനുസമുപജാതേ ശാന്തവാതേനിശീഥേ
സസുഖമഖിലലോകേ കുംഭകർണ്ണായമാനേ
ഹരിണമിഴിവിഭാഗേനനാകാലയാനാം
കുടവയറുകനപ്പിച്ചാസ്ഥിതാനാം ഗൃഹേഷു.

പുരികുഴലിലിറങ്ങിത്തങ്ങളിൽ തിങ്ങിവിങ്ങും
കുളുർമുലയിൽവിതന്വന്നേണശാബേക്ഷണാനാം
ദിശിദിശിപെരുമാറീ മേദിനീവെണ്ണിലാവിൻ
മുഖപരിമളവാഹീസന്തതം ഗന്ധവാഹഃ

എന്നും മററുമുള്ള പ്രയോഗങ്ങൾ നമ്മുടെ കവിയുടെ ഫലിതത്തിലുള്ള സാമർത്ഥ്യത്തെ പ്രത്യക്ഷപ്പെടുത്തുന്നു.

ഇപ്രകാരം പലതുകൊണ്ടുമാലോചിക്കുകയാണെങ്കിൽ 'ചന്ദ്രോത്സവം' എന്ന് അത്യുത്തമമായ ഈ കാവ്യം നമ്മുടെ ഭാഷയുടെ ഒരു വിശിഷ്ടാഭരണമാണെന്നു തെളിയും. സംസ്കൃതവും ഭാഷയും തമ്മിൽ സസ്നേഹം 'ഹസ്തേനഹസ്തതലമാത്തസുഖം ഗ്രഹിച്ചു'കൊണ്ടിരിക്കുന്ന ഈ കാവ്യത്തിലെ ഭാഷാരീതി മലയാളഭാഷയുടെ പൂർവ്വാനുഭൂതമായ ഒരു സൌഭാഗ്യാവസ്ഥയെക്കൂടി പ്രകടിപ്പിക്കുന്നുണ്ട്. യഥാർത്ഥമായ കവിതാമാധുര്യംകൊണ്ടും പദഘടനാലാളിത്യംകൊണ്ടും രസോൽക്കർഷംകൊണ്ടും ശോഭിതങ്ങളായ കാവ്യങ്ങളെക്കുറിച്ചു വിചിന്തനം ചെയ്യുന്ന സന്ദർഭങ്ങളിലെല്ലാം, ചന്ദ്രോത്സവമായിരിക്കും ആദ്യമായി നമ്മുടെ ഗണനയെ അർഹിക്കുന്നത്. പലതുകൊണ്ടും അത്രമാത്രം വിശിഷ്ടമാണീകാവ്യമെന്നു മാത്രമേ ഞാൻ അന്ത്യമായി പറയുന്നുള്ളു.

വടക്കുംകൂർ രാജരാജവർമ്മരാജാവ്.

പ്രസാധകന്റെ വിജ്ഞാപനം.

ദീർഘകാലം, ഭാഷാ സാഹിത്യത്തിന്റെ അന്ധകാരപൂർണ്ണമായ ഒരു കോണിൽ ആരുംഅറിയാതെ മങ്ങിക്കിടന്നിരുന്ന ചന്ദ്രോത്സവമെന്ന ഈ ഗ്രന്ഥരത്നം 'കവനോദയ' പ്രവർത്തകന്മാർ തിരഞ്ഞു പിടിച്ചെടുത്തു് വെളിച്ചത്തുകൊണ്ടുവന്നപ്പോൾ ഭാഷാഭിമാനികൾക്കു് തങ്ങളുടെ സാഹിത്യകലവറയെപ്പററി പൂർവ്വാധികം അഭിമാനിക്കുവാനിടയായി. അതുകഴിഞ്ഞിട്ടും ഇതിന്റെ പ്രകാശം വേണ്ടുന്നത്ര സാഹിത്യലോകത്തിൽ പരക്കുവാൻ സംഗതിയായില്ലെന്നുള്ളതിന്, തെളിവുകാണിക്കേണ്ട ഒരു ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അത്തരത്തിലുള്ള അമൂല്യമായ ഒരു പ്രബന്ധരത്നത്തെ അതിന്റെ അർഹതയ്ക്കു് അനുരൂപമായ പ്രകാശപദവിയിൽ കൊണ്ടുവരുന്നതു് ഏതൊരു ഭാഷാഭിമാനിയുടേയും ഒഴിച്ചുകൂടാത്ത ഒരു കടമയാണെന്നു എനിക്കുതോന്നി. എന്നേക്കാൾ അധികം അതിന് അവകാശവും അർഹതയുംഉള്ള ആളുകൾ ഈ വിശിഷ്ടകൃത്യം നിർവ്വഹിക്കുമെന്നു വിചാരിച്ചു് കാത്തിരുന്ന എനിക്കു് ഇച്ഛാഭംഗപ്പെടുവാനാണു് ഇടവന്നതു്. അതുകൊണ്ടുമാത്രമാണു് ഞാൻ ഈ ഉദ്യമത്തിൽ ഏർപ്പെട്ടതെന്നു ഒന്നാമതായി മഹാജനങ്ങളെ അറിയിച്ചുകൊള്ളുന്നു.

ഈ മനോജ്ഞകൃതിയെപ്പററി അത്യാവശ്യമായി അറിഞ്ഞിരിക്കേണ്ട മിക്ക സംഗതികളും, അവതാരികാകർത്താവു് തന്റെ അവതാരികയിൽ അന്യൂനാനതിരിക്തമായി പ്രതിപാദിച്ചിട്ടുണ്ടു്. അതുകൊണ്ടു് തത്സംബന്ധമായി അധികമൊന്നും ഞാൻ പറയേണ്ട ആവശ്യമുണ്ടോഎന്നു സംശയിക്കുന്നു. എങ്കിലും, ഇതിന്റെ കർത്തൃത്വത്തെപ്പററിയും, ഇതിലെ കഥാ സ്ഥലത്തെക്കുറിച്ചും മററും രണ്ടു വാക്കുപറയുന്നതു് അത്യാവശ്യമായിട്ടു തോന്നുന്നുമുണ്ടു്.

ഈ ചന്ദ്രോത്സവത്തിന്റെ കർത്താവു്, ചേലപ്പറമ്പു നമ്പൂതിരിയല്ലേയെന്നു അവതാരികാ കർത്താവു ആശങ്കിക്കുന്നുണ്ടു്. ചേലപ്പറമ്പുനമ്പൂരിയാണു് ചന്ദ്രോത്സവത്തിന്റെ കർത്താവെങ്കിൽ, അദ്ദേഹത്തിനു പറയത്തക്ക ബന്ധമൊന്നും ഉള്ളതായി അറിയപ്പെട്ടിട്ടില്ലാത്ത ചിററലപ്പിള്ളി നാട്ടിനെ, കഥനത്തിന്നു സ്ഥലമായി സ്വീകരിക്കുവാനും, സാഭിമാനമായി വർണ്ണിക്കുവാനും ഗുരുവായൂർ ക്ഷേത്രത്തിന്നു് അടുത്തുള്ളതും, അത്രയധികം പ്രസിദ്ധിയില്ലാത്തതും ആയ അരിയന്നൂർ ക്ഷേത്രത്തിലെ ഭഗവതിയെ കീർത്തനം ചെയ്വാനും പ്ര

സക്തിയെന്തെന്നു മനസ്സിലാവുന്നില്ല. ചേലപ്പറമ്പിന്റെ ഭാഷാശൈലിയും കവിതാരീതിയും ഇതിൽ അനുഗതമായിക്കാണുന്നില്ലെന്നുള്ളതും വക്തവ്യമാകുന്നു. അതുകൊണ്ടു് ചേലപ്പറമ്പു നമ്പൂരിയാൽ ഏതൽകർത്തൃത്വം ആരോപിക്കുന്നതിന്റെ ന്യായം ആശങ്കനീയമായിട്ടാണിരിക്കുന്നതു്.

പിന്നെ കഥ നടന്ന സ്ഥലമായ ചിററലപ്പള്ളി നാട്ടു് എവിടെയാണെന്നു അറിയുവാൻ പാടില്ലെന്നു അവതാരികാകാരൻ പറയുന്നു. കൊച്ചിയിൽ കുന്നംകുളത്തിനു സമീപം ആണു് ചിററലപ്പള്ളിനാടെന്നും, ഇപ്പോഴും അതേപേരിൽത്തന്നെ ഒരു താലൂക്കു് ഉണ്ടെന്നും അറിയുന്നുണ്ടു്.

ഇനി പ്രബന്ധത്തെപ്പററിയും അല്പം പറയാം. ഇതിലെ കഥാനായികക്കു സൌന്ദര്യാദി സകല ഗുണങ്ങളും തികഞ്ഞിട്ടുണ്ടെങ്കിലും അവളെ ഒരു വേശ്യയായിട്ടാണു് കവി കാണിച്ചുതന്നിരിക്കുന്നതു്. അക്കാലത്തുള്ള കവികളെല്ലാവരും കല്പിതകഥകളിലെ നായികകൾക്കു് ഈ ദോഷം കല്പിച്ചു കാണുന്നുണ്ടു്. ഇപ്രകാരമുള്ള നായികമാരായാലേ രസത്തിനു പുഷ്ടിയുണ്ടാവുകയുള്ളു എന്നായിരിക്കും കവിയുടെ സങ്കല്പം. എങ്ങിനെയിരുന്നാലും ചില ഭാഗങ്ങൾ വായിക്കുന്ന സമയം മനസ്സിന്നു വൈരസ്യം തോന്നുന്നു.

രാമായണം രഘുവംശം മുതലായ ഗ്രന്ഥങ്ങൾ വായിക്കുന്ന സമയം മനസ്സിന്നു് ഈ വികാരഭേദം ഉണ്ടാവുന്നില്ല. അവ നമ്മെ എല്ലായ്പോഴും സന്മാൎഗ്ഗത്തിലേക്കുതന്നെ നയിക്കുന്നു. ഉത്തമഗ്രന്ഥത്തെ നാം ഉത്തമസുഹൃത്തിനെപ്പോലെതന്നെ വിചാരിക്കണം. ഉത്തമസുഹൃത്തിന്റെ നിത്യസഹവാസം നമ്മെ ഉൽകൃഷ്ടന്മാരാക്കിത്തീൎക്കുന്നതുപോലെ സദ്ഗ്രന്ഥപാരായണം നമ്മെ ധൎമ്മനിരതന്മാരാക്കി ചെയ്യുന്നു. ഉത്തമഗ്രന്ഥത്തിന്റെ ആദൎശത്തെ നമ്മുടെ കവിശ്രേഷ്ഠൻ അവിടവിടെ അറിഞ്ഞോ അറിയാതെയോ അതിലംഘിച്ചുപോയിട്ടുണ്ടു്. ഈ ഒരു ദോഷം ഈ കാവ്യത്തിനു സാമാന്യമായിപ്പറയാതിരിക്കുവാൻ നിവൃത്തിയില്ല.

ഈ ദോഷത്തെ വകവെക്കാതെ ഈ ഗ്രന്ഥം സമഗ്രമായി വായിച്ചു രസിക്കാവുന്നവരുടെ നേരെ എനിക്കു് ഒട്ടുംതന്നെ അസൂയയില്ല.

ചന്ദ്രനു കളങ്കം പ്രധാനദോഷമാണെങ്കിലും അതിനെക്കവികൾ അലങ്കാരമായിക്കല്പിക്കുന്നതുപോലെ ഈ വൈകല്യം ഈ ഗ്രന്ഥത്തിന്നും ചിലരുടെ ദൃഷ്ടിയിൽ അലങ്കാരമായിപ്പരിണമിച്ചേക്കാം. അതിനെക്കുറിച്ചധികം വിസ്തരിച്ചു് ഈ പ്രസംഗം ദീൎഘിപ്പിക്കുന്നില്ല.

ഈ പുസ്തകം പല പഴയ താളിയോലഗ്രന്ഥങ്ങളും നോക്കി കഴിയുന്നതും പിഴതിരുത്തിയതാണു്. എന്റെ ആവശ്യപ്രകാരം ബുദ്ധിമുട്ടി ഗ്രന്ഥങ്ങൾ നോക്കി പകൎത്തിയതിന്നു ശ്രീമാൻ തോട്ടക്കാട്ടു രാമൻകുട്ടിമേനോൻ ബി. എ. അവൎകൾക്കു് ആദ്യമായി വന്ദനം പറഞ്ഞുകൊള്ളുന്നു.

ആമുഖോപന്യാസമെഴുതുന്നതിലും നോട്ടെഴുതുന്നതിലും മററു പലപ്രകാരത്തിലും നിരന്തരം പ്രയത്നിച്ചിട്ടുള്ള ശ്രീമാൻ വടക്കംകൂർ രാജരാജവൎമ്മതമ്പുരാൻ അവൎകളും നോട്ടെഴുതുന്ന കാൎയ്യത്തിൽ ഗണ്യമായ സഹായം ചെയ്തിട്ടുള്ള വിദ്വാൻ സി. ശങ്കുണ്ണിനായർ അവൎകളും ഈ പുസ്തകത്തിന്റെ സകല ഗുണദോഷങ്ങൾക്കും എന്നെപ്പോലെതന്നെ ഭാഗഭാക്കുകളായതുകൊണ്ടു അവൎക്കു പ്രത്യേകം വന്ദനം പറയേണ്ട ആവശ്യമില്ല.

പുസ്തകം അച്ചടിക്കുന്നതിന്നു പ്രോത്സാഹിപ്പിക്കുകയും പ്രൂഫുകൾ നോക്കി ശരിപ്പെടുത്തുകയും ചെയ്തിട്ടുള്ള ശ്രീമാൻ കെ. എൻ. ഗോവിന്ദപ്പണിക്കർ അവൎകൾക്കും, പ്രസിദ്ധീകരണംവരെ നിരന്തരം പരിശ്രമംചെയ്തുപോന്നിരുന്ന ശ്രീമാൻ സി. എം. നാരായണപ്പണിക്കർ അവൎകൾക്കും എന്റെ ഹാൎദ്ദമായ വന്ദനം പറഞ്ഞുകൊള്ളുന്നു.

"കവനോദയ"ത്തിൽ പ്രസിദ്ധംചെയ്തിരുന്ന "ചന്ദ്രോത്സവ"ത്തിന്റെ പ്രതി വളരെ ഉപകാരപ്രദമായിരുന്നു എന്നുള്ള സംഗതി പ്രത്യേകം സ്മൎത്തവ്യമാണു്. അതിൽ വിട്ടുപോയിട്ടുള്ള ചില പദ്യങ്ങളെല്ലാം ഇതിൽ ചേൎത്തിട്ടുണ്ടു്. പാഠഭേദങ്ങളുള്ളവയിൽ ചിലതിനെ സ്വീകരിക്കുകയും ആവശ്യമെന്നു തോന്നുന്ന ദിക്കിൽ മററുള്ളവയെ നിൎദ്ദേശിക്കുകയും ചെയ്തിട്ടുണ്ടു്.

ഇനിയൊരു പതിപ്പുകൂടി ആവശ്യപ്പെടുന്നപക്ഷം ഇതിൽ വന്നുപോയിട്ടുള്ള പല ന്യൂനതകളെയും പരിഹരിക്കാവുന്നതാണു്. ഈ ഗ്രന്ഥം വിചാരിച്ചതുപോലെ വേഗത്തിൽ പ്രസിദ്ധംചെയ്‌വാൻ സാധിക്കാതെ വന്നതുകൊണ്ടുള്ള വീഴ്ചയെ മഹാജനങ്ങൾ ക്ഷമിക്കുമാറാകണം.

ശുഭം ഭവതു.

ചന്ദ്രോത്സവം.

ഒന്നാം ഭാഗം.

അമൃതകിരണരേഖാം നൃത്യതഃ ശൂലപാണേ-
രഴകുടയ ജടാജൂടാന്തരസ്ഥാമുപാസേ
പവനിയിലിടവേറിട്ടന്തികേ വീണ ഗംഗാ-
ച്ചെറുതിരനിരപോലേ ലോഭനീയാനുഭാവാം. ൧

ഒരിടമമരവാപീവീചിവിക്ഷോഭിതം മ-
റ്റൊരിടമമൃതവിന്ദുസ്യന്ദിചന്ദ്രാർദ്ധകാശ്യം
ഒരിടമുരഗപാളീശ്ശൂളകൊണ്ടാകുലം തൽ
പരമശിവജടാഭാരം മമ പ്രീതയേസ്യാൽ. ൨

പരമശിവമുഖാംഭോജാവലോകേ നിലീനേ *
മിഴികളിലവനമ്രം വിസ്മയശ്രീ കപാട്ട
കുതുകി ശശികലായാമുൽപ്രകമ്പം ഭുജംഗേ
ജയതി തിരുമിഴിത്തെല്ലദ്രിരാജാത്മജായാഃ ൩

നിഗമവിടപിശാഖാലംബിനീ സൽഫലാപ്ത്യാ
സുകൃതികളെ വിദൂരസ്ഥാനപി പ്രീണയന്തീ
അനവധിതരമൂലാകാംക്ഷിതം കല്പവല്ലീ-
ദിശതു ഹരികുമാരീമന്ദിരാവാസിനീ നഃ ൪

കനിവൊടു കരുതുന്നേനസ്മദാചാര്യരൂപം
ഫലഭരപരിനമ്രം പാർത്ഥിവം പാരിജാതം
പെരുമതകുമൊരോരോ വേദശാഖാവിശാലം
ബുധമധുകരമാലാലീഢശാസ്ത്രപ്രസൂനം. ൫

* നവീനേ എന്നു പാഠാന്തരം.

തെളിവിളകിനലക്ഷ്മീവല്ലഭാവാസഭൂമേ-
രനുപമപരമാത്മജ്ഞാനപൂർണ്ണേന്ദുധാമ്നഃ
ഗുരുകലശപയോധേരൂർമ്മിമാലാ ദയാഖ്യാ
ഹൃദയമലമശേഷം മാമകം ക്ഷാളയന്തു. ൬

അണികുലചില ജിഹ്വാനന്ദി കർണ്ണാമൃതം ഞാ-
ങ്ങളു നയനമനോജ്ഞം നാസികാഹ്ലാദി ബാണം
തൊടുമളവിലുരക്കംതേരു യസ്യാംഗനാനാം-
വക പടകളനംഗം ദൈവതം വെല്ലുമാക. ൭

അകതളിരിലുപാസേ പൂർണ്ണപുണ്യപ്രവാഹൌ
കനമുടയ കവീനാമാദിമൌ സാർവ്വഭൌമൌ
അഴകെഴുമനകമ്പാവാരിധീ വിശ്വഭാജാം
ഹൃദയതിമിരമാലാസൂര്യചന്ദ്രൌ മുനീന്ദ്രൌ. ൮

ധ്വനിഭിരമൃതവിന്ദുസ്യന്ദിഭിഃ പ്രീണയന്തീ
സഹൃദയമധിരാമൈരന്വിതാ ഭാവഭേദൈഃ
സരസമുചിതശയ്യാമാശ്രിതാ വിശ്വലോകം
സുഖയതി സുകുമാരാ കാളിദാസസ്യ വാണീ. ൯

കനമുടയ കവിത്വംകൊണ്ടു ദിങ്മാനിനീനാ-
മിളമുലയിലിഴക്കിക്കീർത്തികർപ്പൂരചർച്ചാം
കവികുലഹൃദയാംഭോജന്മജൃംഭാരവിർഭാ-
രവിരുലകിടമിന്നും ഭാസയത്യാത്മഭാസാ. ൰

† പരിചിതഗതി മുങ്ങിച്ചാരുസാരസ്വതപ്പാൽ-
ക്കടലിൽ മുഴുവനന്വേഷിച്ചെടുത്തനർഘരത്നം
പരിമളമണിമാലാം നാടകാകാരിണീംയഃ
സ്ഫുടമരചയദസ്തു പ്രീതയേ മേ മുരാരിഃ ൰൧

ഗുണഗണപരിപൂർണ്ണാ ഭാരതീബാഹുവല്ലീ
മുഖരിതമണിവീണാമാധുരീമാദധാനാ
സമുചിതരസധാരാവാഹിനീ സൽകവീനാം
ജയതി ബിരുദമാലാ ഭട്ടബാണസ്യ വാണീ. ൰൨

† വിരചിതഗതി.

മദനനമരസമൎത്താന്തരോൽഭ്രാന്തകാന്താ-
മണിതമധുരമാധുൎയ്യൈകവംശപ്രസൂതൈഃ
മതുമതമെണമോലും പദ്യബന്ധൈരശേഷം *
മദയതി പുനമിന്നും ഭൂരി ഭൂചക്രവാളം. ൧൩

ഉചിതരസവിചാരേ ചാരുവാഗ്ദേവതാശ്രീ
കരകിസലയസംമൃഷ്ടശ്രമസ്വേദജാലം
അഹമഹമികയാ വന്നത്ഥശബ്ദപ്രവാഹം
ഭവതു വദനബിംബം പ്രീതയേ ശാങ്കരം മേ. ൧൪

ദ്ദേ
തിരളുമപരകീൎത്തിസ്തോമമെ വെള്ളപ്പനാടൻ
പനിപിടിപെട്ടുമൂടേ മൂടെഴും പ്രൗഢവാചാം
അനവധി തല നൊന്തും പേ പറഞ്ഞും വിറച്ചും
വിരസമിതചികിത്സ്യം വമ്പെഴും നമ്പിയാലും. ൧൫

വിഷമുമിഴുമൊരോരോ ഗൎജ്ജനം ദുൎജ്ജനാനാ-
മൊരു പൊഴുതു പൊറുക്കാമല്ല വല്ലോക്തമോൎത്താൽ
പകലിരവിഹയേഷാം ഭാഷണം ഭീഷണം നി-
ഷ്ഠുരുണമഖില വിദഗ്ദ്ധദൂഷണം ഭൂഷണഞ്ച.

ചെറുതു ചെറുതു വക്കാണിച്ചു സംജ്ഞാവതാരം
മധുമധുരമുദാരം പ്രാക്തനം പദ്യജാതം
നിജവിരചിതമെന്നും ചൊല്ലി നിൎല്ലജ്ജമന്യാ-
നൊളിവിലപവദിക്കും പണ്ഡിതേഭ്യോ നമോസ്തു. ൧൬

സുഖയതി കിമു ഭാഷാത്രംഗിണീ ഭാരതീ മേ
സഹൃദയഹൃദയം നൽക്കാവ്യശൈലീരസജ്ഞം
ഗൃഹയുവതി വരാകീ മേദിനീചന്ദ്രികായാ-
രമണമിവ രതിക്രീഡാവിധാനാന്തരജ്ഞം. ൧൭

യദിമധുരകവിതാ ദുൎല്ലഭസ്തൎഹി തൂഷ്ണീ-
മുപവിശതു ജനോയം ന്യൂനമെന്നില്ല ലോകേ
പരിചൊടുപരപുഷ്ടോഗായതി സൈരമോരോ
ദിശി ദിശി ബലിപുഷ്ടാഃ കിന്നു മൌനം ഭജന്തേ. ൧൮

---

* മധുമദമണമോലും പദ്യസന്ദൎഭകൈഃ

സുലഭമുരുവിചാരേ മുഖ്യശബ്ദാൎത്ഥവാക്യ-
സ്ഖലനമതിനു കില്ലില്ലെങ്കിലും മൽപ്രബന്ധേ
ഗുണകണലവമുണ്ടാമാകിലേതൽപ്രയാസം
മമ സഫലമതിന്നോ ഹന്ത സന്തഃ പ്രമാണം. ൧൦

മധുരകവിതയാ യേ കൗതുകം കോവിദാനാം
ധ്വനിമുഖരമുഖാനാം കുൎവ്വതേ ഗൎവ്വഹീനാഃ
അവർ പലരുമമുഷ്മിൻ നവ്യഭാഷാപ്രബന്ധേ
തുണപെടുകഭിക്ഷാമേ മേദിനീചന്ദ്രികായാഃ ൧൧

ചരിതമമൃതഹൃദ്യം മേദിനീ ചന്ദ്രികായാ
ഭുവി നിരുപമമസ്മൽ പ്രാതിഭം നിൎവ്വിവാദം
അഴകെഴുമിതിവൃത്തം പൂൎണ്ണചന്ദ്രോത്സവം ന-
ന്നൊരുമ സുകൃതപാകം നിൎണ്ണയം കൎണ്ണഭാജാം. ൧൨

മധുരമധുരഭാഷാസംസ്കൃതാന്യോന്യസമ്മേ-
ളനസുരഭിലയാസ്മൽ കാവ്യവാണീവിഭൂത്യാ
തെളിയുക പരമിന്നും മേദിനീ ചന്ദ്രികാ തേൻ-
പൊഴിയുമൊരു കലമ്പമാലകൊണ്ടെന്നപോലെ. ൧൩

മരതകഗിരിശൃംഗേ മംഗലാവാസരംഗേ
മദനമണിപതാകാ മാധുരീജന്മഭൂമിഃ
സുരഭിതസുരലോകാ സുന്ദരൈൎമ്മന്ദഹാസൈ-
രൊരുതരുണി പിറന്നാളന്വയേ കിന്നരാണാം. ൧൪

അനുദിനമവളും കാണക്കാണെ നന്നായ്‌വളൎന്നാ-
ളനുഭവമിവതന്നേ പശ്യതാം പ്രാണഭാജാം.
ഒരു രഹസി കളിച്ചാളുജ്ജ്വലാടിക്കടമ്പിൻ-
പൊഴിയിലുപചിതാംഗീ യൗവനാഭോഗയോഗ്യാ. ൧൫

മദമധുരമുദാരം പാടിയാടുന്ന നേരം
നളിനവിശിഖകേളീബന്ധു ഗന്ധൎവ്വരാജഃ
പദമകരുത തസ്മിൻ വിസ്മയസ്മേരമാരാ-
ദരമത പരിപശ്യൻ നിസ്തുലാകേ കുമാരീം. ൧൬

സ്മരമദസുകുമാരേ യൂനി തസ്മിൻ കടാക്ഷൈർ
കലിതരസമരങ്ങേറീ കുരംഗായതാക്ഷ്യാഃ

സുരഭിതസുരലോകേ ഹന്ത സന്താനപുഷ്പേ
മധുകരമിവ;—യോഗം കാമിനാമവ്യവസ്ഥം. ൨൭

അവളരുവയർ തിൽപ്പൊ,ന്നാണിൽമാണിക്യമല്ലോ
പുനരവ,നവർതമ്മിൽ ചേൎന്നു കൈ മെയ് മറന്നു
അഴകെഴുമുപചാരൈരശ്ലേഷചുംബനാലിംഗനാദ്യൈ-
രനുദിനമലർബാണം പ്രീണയാമാസതുസ്തൗ. ൨൮

മദനരതിസമാനൗ തൗ യുവാനൗ വിമാനേ
മൃദുനി കുസുമതല്പേ ചേൎന്നിരുന്നാ,മൊരുന്നാൾ
മലയഗിരിമുകളിന്മേൽ നിന്നെഴുന്നോരു തെന്നെ-
ന്നലെ രഹസി കുളുൎക്കുംമാറുസമ്മാനയന്തൗ. ൨൯

പരിമളമറിയായി തത്രമത്താളിപാളീ-
കളനിനദവിമിശ്രാം വിശ്വലോകൈക ഹൃദ്യാം
തരളമിഴിതടമ്പോക്കൊങ്ക മാരത്തമൂഴ്ത്തി-
ത്തരുണനൊടു തദാനീമബ്രവീദല്പഹാസാ. ൩൦

പരിമളമിതു പാരപ്പം ന്യൂനമിപ്പൂവിനെച്ചെ-
ന്നിഹ വിരവൊടു കൊണ്ടന്നീടു വാടാതവണ്ണം
പരുഷതമൊഴിപാഞ്ചാലികൾ പണ്ടാത്മനാഥൻ
പട പൊരുതു ജയിച്ചും ചെന്നുകൊണ്ടന്നപോലെ. ൩൧

ഇതു മധുമൊഴി ചൊല്ലക്കേട്ടിളങ്കൊങ്കതന്മേ-
ലമലദശനഭാസാ മുത്തുമാലാമണിഞ്ഞു
അവനതിനവകാന്താമബ്രവീദംഗനാനാ-
മനുസൃതിപരതന്ത്രാം പ്രായശോ മാരതന്ത്രാം. ൩൨

സുമുഖി സുലഭമല്ലാതൊന്നിതെന്നാലുമിന്നേ
കുളുർമുലയിണയാണാ കൊണ്ടുവന്നണ്ടതന്ദ്രം
അവനവളൊടിവണ്ണം ചൊല്ലി മെല്ലേനടന്നാ-
നളികുലകൃതതദ്ധങ്കാരേണ മാൎഗ്ഗേണ വായോഃ ൩൩

മധുരമമരലോകം പ്രാപ്യമന്ദാരഹൃദ്യം
മദകളമദിരാക്ഷീമന്ദഹാസേന്ദുഭാസാ
പരിമൃദുമണിവീണാം വാദയന്നംബരാന്തേ
ചിതറിന നവസൗരഭ്യാനുസാരീ ജഗാമ. ൩൪

തദനു വിയതി ചുററും ചിററിലപ്പള്ളി നാട്ടി-
ന്നുപരി പരിപതത്ഭിഃ സപ്വിമാനൈരനേകൈഃ
വിബുധപുരപുരന്ധ്രീഭിസ്തദാധോമുഖീഭിഃ
കിമിദമിതി തദാനീം നോക്കിനാനാഗ്രഹേണ. ൩൫

പെരിയ സുരഭിവത്തിം പൂൎണ്ണചന്ദ്രോത്സവത്തി-
ന്നഭിനവമണിസൗധേ പൂജിതാമഭ്യപശ്യൻ
അവനമമൃതഹൃദ്യം മേദിനീവെണ്ണിലാവിൻ
ചരിതമഖിലമപ്പോഴ്‌ ചാരു ശുശ്രാവലോകാൽ. ൩൬

ഉര പെരുകുമഹോരാത്രങ്ങളാറും കഴിഞ്ഞു
വിരവൊടു പിബതസ്തസ്യോത്സവം പ്രീതിപൂൎവ്വം
പരിചൊടു പരിപൂൎണ്ണേ പൂൎണ്ണചന്ദ്രോത്സവേ പോയ്
വിരവൊടുപജഗാമ പ്രേയസീം പ്രേമലോലാം; ൩൭

'ഇവളിവനൊടു വേറിട്ടിന്നനാളിന്നനേര-
ത്തെരിപൊരിയിൽ മരിക്കെന്നിങ്ങനേ കൎമ്മമെന്നാൽ
അവരവരനുവേലം ചെയ്ത ശീതോപചാരം
മതി' സദയമിവണ്ണം ചൊല്ലി മെല്ലേ ശയാനാം. ൩൮

അവനഥ സവിധേ ചെന്നാമൊടാദായ ബാലാം
മടിയിലുടനിരുത്തിപ്പൂണ്ടു പൂൎണ്ണാനുരാഗം
അധരപുടമിളമ്പോൾക്കൊങ്ക നേത്രാരവിന്ദം
പല പരിചിലുപാഘ്രായാതിഹൃഷ്ടാമുവാച. ൩൯

"മതി മതി ബത ഖേദം മംഗലാരംഗമേ, കേ-
ളതിവിധുരമകക്കാമ്പോമലേ കാമിനോ മേ:
അരുതിയിലതു പൂവല്ലത്തുതം പൂൎണ്ണചന്ദ്രോ-
ത്സവപരിമളമത്രേ മേദിനീചന്ദ്രികായാഃ ൪൦

ധരണിയിലുളവായീ മേദിനീവെണ്ണിലാവെ-
ന്നൊരു തരുണി തദീയം കണ്ടു ചന്ദ്രോത്സവം ഞാൻ
ഇരവു പകലറിഞ്ഞീലേതുമഞ്ചാറുനാളെ-
ന്നുര പെരുമപരാധം നീ പൊറുത്തീടവേണം". ൪൧

ഗതകപടമിവണ്ണം ചൊന്നതാകൎണ്ണ്യ കാന്തം
മൃദുഹസിതപയോഭിഃ ശീതളൈഃ ക്ഷാളയന്തീ

കനിവൊടുമണിവാസ്തേൻ നൽകി മെല്ലൊന്നു പുൽകി-
പ്പുതുമധുമൊഴി ചോദിച്ചീടിനാളൂഢഹർഷം. ൪൨

"കഥയ കഥയ കാ സാ കാമിനീ കസ്യ ഭാഗ്യം
കഥമിദമഭിവൃത്തം ചന്ദ്രപൂജാവിധാനം
വിതരതി മുദമേതന്മേദിനീവെണ്ണിലാവിൻ
ചരിതമമൃതുപോലേ വർണ്ണിതം കർണ്ണയോർമ്മേ". ൪൩

ഇതു മധുമൊഴി ചൊല്ലുകേട്ടു മെല്ലൊന്നു പുൽകി-
ച്ചുരണതളിർ തലോടി പ്രീണയൻ പ്രാണനാഥാം
മധുമദമണമോലും മേദിനീവെണ്ണിലാവിൻ
ചരിതമയമധ്യൂച്ചാ പൂരയാമാസ കർണ്ണൗ. ൪൪

"മദനമണിപതാകേ, മേദിനീമദ്ധ്യഖണ്ഡം
മധുരയതി സുമേരുമ്മാനരഷാണാമഗമ്യഃ
മണിമസൃണിതമൂർദ്ധാ ശീകരൈരമ്മാകരന്ദൈഃ
സ്നപിതകടകഭൂമിഃ സ്വർല്ലതാമഞ്ജരീണാം. ൪൫

പരഭൃതമൊഴി പുറവും മററുഖണ്ഡങ്ങളെട്ടു-
ണ്ടതിലുമധികഹൃദ്യം ദക്ഷിണം ഭാരതാഖ്യം
വിളനിലമലർമാതിന്നംഗജന്നും ത്രിലോകീ
ചെറുതൊടുകുറി പോലേ ചേരമാന്നാടു യസ്മിൻ. ൪൬

ദുരിതഭരമകററിപ്പാപിനാമാത്മശുദ്ധ്യൈ
മരുവുമനിലപുണ്യക്ഷേത്രതീർത്ഥാഭിപൂർണ്ണം
അമരമുനിനരേന്ദ്രൈർവ്വന്ദിതം വിശ്വവന്ദ്യം
ശിവശിവ ശിവപേരൂർ ക്ഷേത്രമാഭാതി യസ്മിൻ. ൪൭

വിബുധപുരപുരന്ധ്രീപാണിപത്മാപ്പിതാംഭോ-
രുഹമധുരമരന്ദക്ലിന്നപത്മന്തഭാഗം
സുകൃതസുലഭമോരോ സുന്ദരീമന്ദഹാസ-
ദ്യുതിശിശിരമനന്തക്ഷേത്രമാഭാതി യസ്മിൻ. ൪൮

ഹരിമുരളിനിനാദം * മോഹനം കേട്ടജസ്രം
അലിയുമഖിലപാഷാണാംബുജംപൊളിതാന്തം

---

* മേട്ടരം.

ഉചിതമമൃതമക്ഷ്ണാം ഗോകുലാനന്ദഹുംഭാ-
രവമുഖരിതരമ്യം ചെമ്മരം ഭാതി യസ്മിൻ. ൨൯

ശിഖരിജലധിനാഥശ്രീനടീരംഗമംഗീ-
കൃതവിവിധവിചിത്രാശ്ചര്യമാഹോത്സവാഢ്യം
മതിൽമുതുകിലടങ്ങീടും പയോവാഹമംഹഃ
ശമനമിനിയ നാവാക്ഷേത്രമാഭാതി യസ്മിൻ. ൩൦

സകലഫലസമൃദ്ധ്യൈ കേരളാനാം പ്രതാപം
പെരിയ പരശുരാമസ്യാജ്ഞയാ യത്ര നിത്യം
കനിവൊടു മഴകാലം പാർത്തു പാർത്തർഭകാണാം
ജനനി മുലകൊടുപ്പാനെന്നപോലേ വരുന്നു ൩൧

അതിലപഗതകുററം ചിററിലപ്പള്ളിനാടെ-
ന്നവനിനളിനപൊന്നിൻ കർണ്ണികാഭം വിഭാതി
കലിമലപരിഹീണം രാമരാജ്യാവതാരം
നവമവിടമശങ്കം നീതിമന്തോവദന്തി. ൩൨

ത്രിജഗതി പുകഴം പൊങ്ങീടുന്ന വുങ്ങുന്നനാടെ-
ന്നതിലൊരിടമതീവാഭാതി ദേശം വിശാലം
മനസിജനു രതിപ്പെൺപോർമുലത്തൊത്തു പൂണ്മാ-
നതിലുദയതി പുത്തൂരെന്നൊരുദ്യാനമാദ്യം. ൩൩

പുതിയകനകവർണ്ണാ ശീലമാധുര്യപൂർണ്ണാ
ശിശിരിതനരലോകാ ശീതളൈ*ർമ്മന്ദഹാസൈഃ
ഗുണഗണവതി തസ്മിൻ കാമിനീ കാപി ജാതാ
കലശജലനിധൗ പണ്ടാഴിമാതെന്നപോലെ. ൩൪

കമലവിശിഖസാമ്രാജ്യം കടക്കണ്ണുകൊണ്ടേ
കമനി † കലിതഗർവ്വം നിർവ്വഹിച്ചുർവ്വശീവ
കലിതരസമിരുന്നാളന്യനാരീകഥായാം
കിമപി ചെവി വഴങ്ങാതാത്മനാഥൈരുപേതാ. ൩൫

സജലജലദമാലാപേശലം കേശപാശം
കുറുനിര തിമിരശ്രീവല്ലരീപല്ലവാഭം
അളികതലമുലാവും കേതകാന്തർദ്ദളാഭം
പുരികമുലകുവെൽവാൻ വില്ലു ശൃംഗാരയോനേഃ ൩൬

---

* അക്ഷിപാതൈഃ   ഗളിതഗർവ്വം.†

വനചരശരപാതേ ഭീതികൈക്കൊണ്ടു കക്കി-
പ്പുരവശതയിൽ മണ്ടികൊട്ടുതിക്കണ്ടുചുഴം
മഴലമിഴി, മഴന്നീടുന്നപെൺമാൻകിടാവെ-
പ്പുട പൊരുതു ജയിക്കും മിക്ക മൈക്കണ്ണു രണ്ടും. ൯൭

രതിസഹചരപൊന്നിൻകേളികാളാഞ്ചി നാസാ
മലർവിശിഖമണിക്കണ്ണാടിലോലം കപോലം
അധരപുടമണഞ്ഞീടുന്ന ചെമ്പഞ്ഞിയോടേ-
ററനവധി പട തല്ലും വെല്ലുവാനാത്മകാന്ത്യാ. ൯൮

കളമൊഴി ഗളനാളം കംബുബിംബോകഡംബ-
പ്രശമനമതിമുഗ്ദ്ധം കൈത്തലം ബദ്ധലീലം
മുലകനകമലയ്ക്കും ചിത്തകാമ്പൊന്നലയ്ക്കും
പട തുടിയൊടു തല്ലും ചൊല്ലെഴും മദ്ധ്യവല്ലീ. ൯൯

യുവമനസി വളക്കും മാരകമ്പം നിതംബം
തുടയിണ തരുണാനാം ചട്ടരും മുട്ടകമ്പം
മധുരമുഖിമുഴങ്കാലംഗലാവണ്യവാപീ-
കുവളയൊടു സമാനം നൂനമംഭോരുഹാക്ഷ്യാഃ ൱

ഇതി ഹി മധുരഗാത്രീ രൂപസൗന്ദൎയ്യധാരാം
മിഴികളിൽ വികിരന്തീ ഭാമിനീ കാമുകാനാം
സ്മരശരപരിഖിന്നാ ജീവനാധൈരുദാരൈ-
രരമത മണമോലും മാരകേളീവിശേഷൈഃ ൱൧

ശരദി കുളുർനിലാവത്തുത്തമേ മെത്തമേൽ വൻ-
കുളിർ പെരുകിന ഹേമന്തേ, വസന്തേ വനാന്തേ
അടമഴപൊഴിയുമ്പോഴ്ക്കോടനാറം മച്ചിലുച്ചെ-
രിടിയലറിന നേരം ഗാഢമാലിംഗിതാംഗീ. ൱൨

തരുണരെ മണിവായ്ത്തേൻ പായയന്തീ പിബന്തീ
പുളകമുകുളിതാംഗീ കുഞ്ചിതഭ്രൂലതാഗ്രാ
മദനരസപയോധൗ ഭാമിനീവീണജസ്രം
കളിയിലഭിനിവിഷ്ടാ യാപയാമാസ കാലം. ൱൩

അഥനിജകുലവല്ലീമഞ്ജരീം മഞ്ജുവാണീം
ദുഹിതരമനവദ്യാമാത്മസന്താനവൃദ്ധ്യൈ

വിരവൊടലഭമാനാ താപമാപ പ്രവാത-
പ്രതിഹതകദളീവ ക്ഷീയമാണാംഗവല്ലീ. ൩൪

അനുദിനമലസാക്ഷീ ദുഃഖമേററം നടുങ്ങും
പലപൊഴുതുമകാണ്ഡേ ദീർഘനിശ്വാസദീനാ
ഉടയിടയിൽ നിനയ്ക്കും കമ്പിടും പിന്നെ മേൽക്ക-
ണ്ണിട്ടുമനിമിഴിച്ചിമ്മും ദൈവമെന്നും പ്രകാമം. ൩൫

വിളനിലമറിയാതേ ദേവതാപ്രീതിഹേതോ-
രഴകൊടുവഴിപാടായപ്പയാമാസ തന്വീ,
ഗുരുജനമനുവേലം പൂജയാമാസ, വിത്തം
ഭുജഗബലികൊടുപ്പാൻ കല്പയാമാസ ഗൂഢം. ൩൬

ഇടകലരുമൊരോരോ സൗരഭേ പൗരനാരീ-
വിരചിതബലിപൂജാ ഹോമസന്തർപ്പണാദ്യൈഃ
നിശി മുസലസപത്നീമണ്ഡപേ പോയ്ക്കിടന്നാ-
ളധിമണിഗൃഹമദ്ധ്യമണ്ഡനേ ചണ്ഡികായാഃ ൩൭

ഒരു രഹസി കുളിച്ചമ്മാററുടുത്താസ്ഥയാ നോ-
റ്റഴകെഴുമരയാലോടാത്മജാമർത്ഥയന്തി
കലിതരുചി വലം വെച്ചീടിനാളർച്ചയിത്വാ
വിവിധകുസുമമാലാപായസാദ്യൈരനേകൈഃ * ൩൮

പുലരയിലെഴുനീല്ക്കും പോയ്ക്കുളിയ്ക്കും ഭജിയ്ക്കും
പലപൊഴുതിലുമംഭോജായുധം മണ്ഡപസ്ഥം
എരിപൊരി പരമുൾക്കൊണ്ടന്തരാ വീക്ഷമോക്ഷം
പകലിരവു പുരാണം കേൾക്കുമാമീലിതാക്ഷീ. ൩൯

പുകൾ പെരിയ നദീനാമായുധാനാം ഖഗാനാ-
മുരപെരുമുരഗാണാം വായസാനാം ശിവാനാം
ബലിമകുരുതഭക്ത്യാ കന്യകാ കാമിനീ സാ,
പലവുരു തിരുവോണം ഭോജയാമാസ വിപ്രാൻ. ൪൦

കിമിഹ ബഹുഭിരുക്തൈരെന്തു ലോകത്തിൽ നന്നെ-
ന്നൊരു ദിനമൊരുവൻ വന്നൊന്നു ചൊല്ലുന്നതന്നേ

* അശേഷൈഃ

മുകുളിതകരമുള്ളിൽക്കൊണ്ടതെല്ലാമവണ്ണം
പുളകിതതനുവല്ലീ വല്ലത്തും ചെയ്തിരുന്നാൾ. ൧൫

ഇതി ഗതവതി കാലേ സാ കദാചിന്മുദാ പോയ്
രഹസി കുസുമബാണം കൈവണങ്ങും ദശായാം
“സരസിജമുഖി! സേവിച്ചീടു മാം പഞ്ചതാര-
വ്രതവിധിഭി” രിവണ്ണം തന്വി ശുശ്രാവ വാചം. ൧൬

വ്രതവിധിഭിരവണ്ണം പിററനാളേ തുടങ്ങി
സ്മരമഭജത ജാതാനന്ദമിന്ദീവരാക്ഷീ
മലയപവനമഭ്യാശേ * വസന്തം വസന്തം
തുഹിനകിരണമഗ്രേ ഭക്തിപൂർവ്വം പ്രണമ്യ. ൧൭

കളഭകലശമാടി പ്പായസം പഞ്ചതാര-
ക്കളിമിളിതമനംഗായാർപ്പയിത്വാ മൃഗാക്ഷീ
അറിവുടയ ജരൽപ്രവ്രാജികാഭിഃ സമേതാ
ബലിമകുരുത ഭക്ത്യാ പൗർണ്ണമാസീനിശായാം. ൧൮

തദനു സമുപജാതേ ശാന്തവാതേ നിശീഥേ
സസുഖമഖിലലോകേ കുംഭകർണ്ണായമാനേ
ദിനപരിണതിനേരം താമരപ്പൊയ്ക പോലേ
രഹസി സരസിജാക്ഷീ മീലിതാക്ഷീ ബഭ്രുവ. ൧൯

ത്രിഭുവനമലിയുമ്മാറംഗലാവണ്യലക്ഷ്മ്യാ
മുരുവമലൊളിമുള്ളപ്പെട്ടിക്ഷുകോദണ്ഡധാരീ
മണമുടയ വസന്തേനേന്ദുനാ ചാനുയാതഃ
സരതിരഥ തദാനീമാവിരാസീദനംഗഃ ൨൦

അണിനയനപുടങ്ങൊണ്ടാത്മസൗന്ദര്യധാരാ-
മഴകിനൊടു പിബന്തീമാദരാനമ്രഗാത്രീം
മൃദുഹസിതവിതാനൈരാശ്വസിപ്പിച്ചു മെല്ലെ-
ന്നവളൊടു നിജഗാദ പ്രീതിപൂർവ്വം മനോഭൂഃ ൨൧

“യുവനയനചകോരീചന്ദ്രികേ, സുന്ദരീണാം
കുലവിജയപതാകേ, ഭാഗ്യസൗഭാഗ്യസീമേ!
ത്രിഭുവനകമനീയം കന്യകാരത്നമംഭോ-
രുഹമുഖി ഭവിതാ തേ ചൊൽപെറും മൽപ്രസാദാൽ. ൨൨

---

* ഹസന്തം വസന്തം; ചരന്തം വസന്തം.

ചെവി കുളിരെ മധൂളീമാധുരീസോദരീം കാ-
മപി കമനി കഥാം നീ സാദരം കേൾക്കതിന്നു്
വദനകമലമേതും കുമ്പിട്ടതാക്കു മുഗ്ദ്ധേ,
ജഗതി സുകൃതഭാജാം നല്ലതേ വന്നുകൂടൂ. ൬൯

അമരനഗരിയെന്നുണ്ടൊന്നു മാനത്തു മുഗ്ദ്ധേ
പെരിയ സുകൃതഭാജാം ഗമ്യഭൂമിമ്മനോജ്ഞാ
വിട്ടരസുരതമാദ്യന്മാനിനീനേത്രലക്ഷ്മീ-
കുവലയിതമണിപ്രാസാദമാലാഭിരാമാ. ൭൦

ത്രിഭുവനപതിരസ്യാം വർത്തതേ വൃത്രഹന്താ
വിവിധവിബുധമൌലിശ്രേണിനീരാജിതാംഘ്രിഃ
അനുദിവസമഹല്യാജാരശങ്കാമകററി-
പ്പനിമതിമുഖിപൌലോമീക്ഷൈകാന്തശായീ. ൭൧

അമൃതമൊഴിമഹിഷ്യാസ്തസ്യ ചന്ദ്രോത്സവം പ-
ണ്ടൊരു ശരദി മുതിർത്തു വിശ്വലോകൈകഹൃദ്യം
സുരകുലഗുരു തസ്മിൻ തത്ര സന്താനകർത്താ
ഫലമഖിലവധൂനാമാധിരാജ്യാനുഭൂതിഃ ൭൨

തുഹിനകരസപത്ന്യാമണ്ഡപേ മണ്ഡിതാശേ
സകലജനസമക്ഷം പൂർണ്ണശീതാംശുരേഷഃ
ശശധരമണിപീഠേ സംസ്ഥിതൈരന്തദൈന്ദ്ര്യൈ-
രമരഗുരുവിതീർണ്ണൈരാസ്ഥയാ പൂജിതോഭൂൽ. ൭൩

അയമപി സുകുമാരജ്യോതിഷാം ചക്രവർത്തീ
പുതിയകുളുർനിലാവും താനുമാനന്ദസാന്ദ്രം
സരസി പുനരിരിക്കുന്നേരമമ്മേനകാ പോ-
ന്നരികിലുടനെഴുന്നള്ളീടിനാൾ കൌതുകേന. ൭൪

ശശധരമണിരംഗേ പൂർണ്ണപീയൂഷഭാനും
മിഴിയിന നയനാഭ്യാമാപിബന്തീ സമന്താൽ,
അഭജത ബത ജാഗ്രത്സ്വപ്നയോർമ്മദ്ധ്യസംസ്ഥാ-
മൊരുപൊതുകമവസ്ഥാം വിസ്മയാദസ്മദീയാൾ. ൭൫

വിരവിലുടനഴിഞ്ഞൂ കുന്തളം, പോയ്ക്കിഴിഞ്ഞൂ
തെളിവിളകിന കാഞ്ചീ, കാമ്യമംഗം കുഴഞ്ഞൂ;

വരതനു, വരചക്രം വന്നപോലേ തദീയം
തിരുവുരു ബത മറെറാന്നായിതസ്മൽപ്രഭാവാൽ. ൩൬

മിഴയിലമൃതൊഴുക്കും പൂവലംഗം തദീയം
പുനരയമപി പശ്യൻ വിശ്വസൗഭാഗ്യസാരം
പരഭൃതമൊഴി തന്നെത്താന്മറന്നാളശേഷം—
മനമിഴകിൽ വികാരം കാമിനാമവ്യവസ്ഥം. ൩൭

ഇവരിരുവരുമൊപ്പം മൽപ്രഭാവേന ഭാവം
ഗതകപടമറിഞ്ഞാരുള്ളിലന്യോന്യസംസ്ഥം
പെരുകിന പരമാനന്ദാംബുധൗ വീണുമുങ്ങി-
പ്പുരിചിനൊട്ടു കുളിച്ചാരന്തരാ മന്മഥരാക്ഷം. ൩൮

മടിയിലുടനിരിക്കും തുനിലാവെച്ചതിച്ച-
മ്പൊടു മിഴിമുനയെന്നും തൂലികാഗ്രേണ സദ്യം
വിമലഹൃദയഭിത്തൗ നാളെ നൽപ്പാരിജാത-
ത്തണലിലിതി കുറിച്ചാരച്ച്യന്താവുഭൗ മാം. ൩൯

അഥ ശതമഖവീണാലാപിനീ മദ്ധ്യരാത്രേ
സുരഗുരുമഭിവന്ദ്യ ശ്രീമതീഭിർവ്വധൂഭിഃ
ശശധരമണിസൗധം തുംഗമാരുഹ്യ പുഷ്പാ-
ഞ്ജലിമകുരുത പൂർണ്ണം തൂർണ്ണമർണ്ണോരുഹാക്ഷീ! ൪൦

സമയമഥ വിദിത്വാ മേനകാരൂപിണീ ച-
ന്ദ്രിക സുരതരുമൂലേ ചെന്നു പാർത്താളുദാത്താ
അയമപി പരമാർത്ഥി ഗാഢഗാഢം പുണർന്നാ-
നരുപതുമറി വീണ്ടും മേനകാ ചേതസാ താം. ൪൧

പ്രണയകലഹഗർജ്ജൈരല്പഹാസൈർവ്വിലാസൈ-
രിടയിലധരദാനൈശ്ചുംബനാലിംഗനാദ്യൈഃ
കമലമുഖി സുഖിപ്പിച്ചീടിനാളാകുലാംഗീ
രഹസി കരണഭേദൈരിന്ദുമിന്ദീവരാക്ഷീ. ൪൨

മദനസമരസമ്മർദ്ദാവസാനേ തളർന്ന-
മ്മലയപവനമാനന്ദേന സമ്മാനയന്തൗ
ഒളിവിലിനിയിവണ്ണം ചെന്നുകൊൾവാനുപായം
കിമിതി രഹസി മന്ത്രിച്ചാസ്ഥിതൗ തൗ സലീലം. ൪൩

കലിതകുതുകമപ്പോൾ നന്ദനോദ്യാനലക്ഷ്മീ-
സമുപഹൃതനവീനപ്രാജ്യതൈർദ്ദിവ്യസൂനൈഃ
ചികുരഭരമിയന്നംകൊണ്ടു ദിവ്യാംഗരാഗാ
പുളകിതതനുവല്ലീ മേനകാ പോന്നുവന്നാൾ. ൯൪

അമൃതകിരണമഗ്രേ മേനകാലിംഗിതാംഗം
നവരതപരിഖിന്നം കംബുകണ്ഠീ സമീക്ഷ്യ
അടവഖിലമറിഞ്ഞിട്ടന്തരാ ചന്ദ്രികായാം
നിരവധി ചതി പെട്ടേൻ കഷ്ടമെന്നാസ്ഥിതാഭൂൽ. ൯൫

തദനു ഹിമകരോയം മേനകാമങ്കസംസ്ഥാ-
മഴകിനൊടരികേ വന്നാസ്ഥിതാഞ്ചാപ്യപശ്യൻ
അഭജത പരിതാപം വാഗതീതം,—കളത്ര
ദ്വയമഖിലജനാനാമാത്മതാപായ നൂനം. ൯൬

ശിശിരരുചി വിദിത്വാ ചന്ദ്രികാദുശ്ചരിത്രം
മനസി പുനരടങ്ങാതോരു കോപാതിരേകാൽ
പ്രളയദഹനരൂക്ഷൈരക്ഷൈരക്ഷണോതാ-
മശപദകരുണോത്മാ വല്ലഭാം പല്ലവാഭാം. ൯൭

കലയുവതിപതാകേ! വാരയോഷേവ നമ്മെ-
ക്കമെനി വിഗതശങ്കം നീ ചതിച്ചോരുമൂലം
അവനിയിലൊരു നൂററാണ്ടേതുപോസ്ത്വാരയോഷാ-
നരർവമനാഭവിച്ചീടാത്തു മ്ലേച്ഛാപവേശാൽ. ൯൮

ഇതി മുഴമതിശാപം ഘോരമാകർണ്ണ്യമുഗ്ദ്ധാ
രഹസി രഹസി സംയോഗം തയോഃ ശങ്കമാനാ
നിരവധി പരിതാപം പ്രാപ കോപാതിരേകാൽ
പുനരപി ശമയാപാസാത്മനാത്മാനമേവ. ൯൯

തദനു തുഹിനധാമ്നേ സാ നമസ്കൃത്യ നത്വാ
മലരടിയിണ മൂർദ്ധ്നാ സാദരം ധാരയന്തി
ഉരുകൃപമപരാധം മാമകം മാറുവാൻ മേ
തരിക വരമിവണ്ണം ഭാമിനീ വീണിരന്നാൾ. ൧൦൦

കലവിജയപതാകേ, ഭൂതലേ പോയ്പ്പിറന്നാ-
ലിനി വിരവൊടു ചെയ്വൂ പൂർണ്ണചന്ദ്രോത്സവം നീ

അത്ര നിരുപമമസ്മൽപ്രീണനം ഞാൻ വരുന്നു-
ണ്ടവിടെ നിയതമിത്ഥം ചന്ദ്രികാമിന്ദുരൂചേ. ൧൦൧

അമരപുരപുരന്ധ്രീമാലികാ സാ തദാനീ-
മനുഭവിതുമശേഷം ഭർത്തൃശാപപ്രകാരം
അഴകെഴുമവതാരം വാഞ്ഛതി ത്വച്ചശങ്കം
ഝടിതി സുകൃതസീമേ! ചന്ദ്രികാ മൽപ്രസാദാൽ." ൧൦൨

ഇതി മധുരഗിരാ താമാശ്വസിപ്പിച്ചുദന്വാൽ
പുരരിപുപരിപന്ഥീ ബന്ധുലോകേന സാകം.
മധുമൊഴിയുമുണർന്നാളഞ്ജസാ ഹർഷമുൾക്കൊ-
ണ്ടമൃതജലധിമദ്ധ്യേ പോന്നു പൊങ്ങുന്നപോലെ. ൧൦൩

ഉഷസി പുനരെഴുന്നേറ്റിന്ദുപോതാവതംസ-
പ്രതിഭടമലസാക്ഷീ സാദരം കൈവണങ്ങി
സ്വഗൃഹമുപജഗാമ പ്രേയസീഭിഃ സമേതാ
പുളകമുകുളിതാംഗീ പുണ്യകം കർത്തുകാമാ. ൧൦൪

അകുരുത പുനരാചണ്ഡാലമന്നപ്രദാനം
പകലിരവു പയോജാതാക്ഷി ദുഗ്ദ്ധാജ്യമിശ്രം
പണമനവധി രത്നം കോരിവാരിക്കൊടുക്ക-
ക്കലിതരുചി കൊടുത്താൾ നിർദ്ധനാനാം ജനാനാം. ൧൦൫

കളമൃദുമൊഴി പിന്നെപ്പോയ്സ്ഥലംവെച്ചു നാനാ-
ജനനിവഹമുപാന്തേ ഹന്ത നിന്നോരുനേരം
അമൃതകലശമാട്ടും വണ്ണമുള്ളംകുളുർക്കെ-
ത്രിജഗതി പരമാശീർവ്വാദമൊന്നോതി പൊങ്ങി. ൧൦൬

മധുരബലിമിവണ്ണം ചെയ്തശേഷം വിശേഷി-
ച്ചലർശരപരിലുപ്തം പ്രാശ്യ നൽപ്പായസാന്നം
പലപൊഴുതുമൊരോരോ കേളി-കൈകൊണ്ടു മെല്ലെ-
ക്കളമൃദുമൊഴി കാലം പോക്കിനാൾ ഭാഗ്യദോഗ്ദ്ധ്രാ. ൧൦൭

വെണ്മാടത്തിന്നുമേലേ നിലയിലൊരുദിനം
മാരസംഗ്രാമരംഗേ
സമ്മാനിച്ചാസ്വദിച്ചുമ്പൊടു മലയമരുൽ
കന്ദളാൻ മന്ദവേഗാൻ

കല്യാംഗീ കണ്ണടച്ചോരളവഖിലകലാ
സുന്ദരീമിന്ദുലക്ഷ്മീ-
മ്ലാനാം വന്നകമ്പുകളെ പുനരുദരേ
കണ്ടുമെല്ലെന്നുണർന്നാൾ. ൧൭

ഒന്നാംഭാഗം കഴിഞ്ഞു.

രണ്ടാം ഭാഗം.

നല്പാൽത്തൊഴുംമൊഴി നിശാകരകാന്തിലേശാൻ
ഗണ്ഡേ ബഭാര സഹകാരശരപ്രസാദാൽ
ഉത്താളശുക്തിപുടകേ ഭുവനൈകസാരാൻ
മുക്താമയാൻ ജലകണാനിവ താമ്രവർണ്ണീ. ൧

കാന്തോടിടഞ്ഞമിഴി കാഞ്ചനകേതകാഭാ-
മാപാദചൂഡമണിമെയ്യിലലഞ്ചകാര
ഗണ്ഡേ നിറന്തകമിളംകുളുർവെണ്ണിലാവു-
മുല്പാട്ടു ഗൂഢമകമേ നിഴലിച്ചപോലേ. ൨

ജാതോദയം നിഴലെടുത്തു വളർന്നുയർന്നു
നാൾതോറുമക്കുളുർമുലക്കലശങ്ങൾ രണ്ടും
വല്ലോക്കുമൊക്കമിതു പാൽപ്പെരുകുന്നകാല-
മുണ്ടാം വളർച്ചയുമുയർച്ചയുമത്രമേണ. ൩

ആനീലമംബുജദൃശഃ സ്തനചൂചുകാഗ്ര-
മാപാണ്ഡുമൂലമബലാകുലമൗലി! രേജേ
തൂവെണ്ണിലാവൊടു മരുത്തു പുറത്തു പോവാൻ
നുഴുന്ന ക്രൂരിരുളുതൻ തലയെന്നപോലേ. ൪

മന്ദം തൊടുമ്പൊഴുതിലും പൊഴുതേ നറുമ്പാൽ
ചിന്നും ചൊടുക്കനെ മുലക്കലശം തദീയം
മേലിൽ പിറന്ന വളരുന്നരല്ലായതാക്ഷ്യാ
മുന്നിൽ പുകൾപ്പൊലിമ മുന്തിവരുന്നപോലേ. ൫

ശാതോദരീഭിരപരാഭിരിയം ചചാര
പാഥോരുഹാക്ഷി മണിമാളികമേൽ നികാമം
മേളന്തിരണ്ട കരിണീഭിരനുപ്രയാതാ
കാദംബിനീവ കനകാചലമൌലിഭാഗേ. ൭

സാ ദൌഹൃദശ്രമവശാദനിശം വിളൎത്തു
താമ്യന്മുഖീ കതിപയാഭരണാ ചകാശേ
പ്രാപ്തപ്രഭാതസമയാ പരിഹീനചന്ദ്രാ
നാലഞ്ചുതാരതരളാ പ്രഥമേവ സന്ധ്യാ. ൮

* തന്വീം കൃശാംഗലതികാമപി കൺകുളുൎക്കെ-
ക്കണ്ടീടിനാർ പലരുമാഗ്രഹമാൎന്നജസ്രം
ത്രൈലോക്യഭാഗ്യലതികാം¶ പ്രതിപൽപ്രസൂതാ-
ഞ്ചാന്ദ്രീന്നവാമിവ കലാമഖിലാൎത്തിഹന്ത്രീം. ൯

രാകാനിശാസുകൃതിനാഥകരാവമൎശാ-
ന്മദ്ധ്യം ബഭൂവ കൃശമപ്യകൃശം കൃശാംഗ്യാഃ—
നല്ലോൎത്തുണൎയ്ക്കിലവനെന്തിവനെന്നുമെന്തി-
ന്നൊന്നപ്പയാതവനുമാനകരേറുമല്ലൊ. ൰

സന്തോഷമുള്ളിലനുവാസരമാണ്ടജസ്രം
ചന്ദ്രോപമാനവദനാ സുതരാം ബഭാസേ
താനേതുളുമ്മി തരസാ വിരിവാനൊരുമ്പെ-
ട്ടാമോദിനീ പുതിയകുങ്കുമമഞ്ജരീവ. ൰൧

ശൃംഗാരമൂലപരദേവത പൊന്നണിഞ്ഞു
സംസ്ഥാപ്യ മാരമണിമണ്ഡപമദ്ധ്യരംഗേ
പൂന്തേന്മണിക്കലശമാട്ടുവതക്കിനാവിൽ
കണ്ടെന്തിതെന്നൊരുദിനം കുളിരോട്ടുണൎന്നാൾ. ൰൨

വെണ്മാളികാമുകളിലംബുജമദ്ധ്യഭാഗേ
ലക്ഷ്മീരിവ പ്രതിനവേ ശയനേ നിഷണ്ണാ
കണ്ടാൾ കിനാവൊരുദിനന്നവപഞ്ചതാര-
പ്പൈമ്പാൽപെരുംപുഴയിലോളമെടുക്കുമാറു്. ൰൩

---

* മുഷ്ടിം. ¶ കലികാം.

സ്വപ്നേ കദാചിദരവിന്ദശരാധിരാജ്യ-
സിംഹാസനേ പുനരിരുന്നു നിറന്നശോഭേ
രാകാനിശാകരധൃതാതപവാരണാ സാ
കാമാച്ഛിതാനനുബഭ്രുവ മഹാഭിഷേകാൻ. ൩൩

ബാലാ കിനാവിലൊരുനാൾ മകരന്ദബിന്ദു-
നിഷ്യന്ദിനീമമൃതശൈവലിനീം വിഗാഹ്യ
ഓളം കളിക്കുമളവമ്പിലെടുത്തു മെല്ലെ-
ന്നാലിംഗിതാ മടിയിൽവെച്ചു തുഷാരധാമ്നാ. ൩൪

പൂർണ്ണേന്ദു ബാലമലയാനിലനംഗജന്മാ
ശാതോദരീ ഭഗവതീ രമണീ വലാരേഃ
മാധുര്യരത്നകലശം കമനീ കിനാവി-
ലാട്ടുന്ന നേരമലസാക്ഷി കുളിർത്തുണർന്നാൾ. ൩൫

നീഹാരവാരിൽ നിയമേന കുളിച്ചുബാലാ
ശേഫാലികാ കുസുമ സൗരഭവാസിതാംഗീ
പൂന്തേൻകുഴമ്പു പെരുകിത്തെരുസാ സിഷേവേ
മന്ദാഗമാന്മധുരവാണി മരുൽകുമാരാൻ. ൩൬

വീണാമെടുത്തു നിയവൈകിന നേരമയ്യാ
താനേകദാ സരസഗീതരസം തുടർന്നു
മൂർച്ഛാസ്വരങ്ങളെ ലയാന്തമൊരോന്നൊരോന്നേ
യോജിച്ചമക്ഷയരസം പരിമീലിതാക്ഷീ. ൩൭

ശാകുന്തളം തദനു മാളവികാഗ്നിമിത്രം
കാദംബരീ ചരിതമത്ഭുതനാട്യസാഹിത്യം
മറ്റുമ്മരന്ദമൊഴി വൈകിനകൂരുദാരാ
ശുശ്രാവ ഭാവമധുരഞ്ച മണിപ്രവാളം.. ൩൮

മന്ദാരകുന്ദമകരന്ദസിതാരവിന്ദ
മന്ദസ്മിതാദിപദമേ ചെവിയിൽപൊരുന്നു;
ഒന്നന്നടുങ്ങുമഖിലാ പരുഷപ്രയോഗേ
വാതാവധൂതനവകുങ്കുമവല്ലരീവ. ൩൯

പൈമ്പാൽകുഴമ്പു കളളിപ്പുഴമിക്കുകാണ്ഡം
വെൺതുമ്പമാല കളഭക്കളി പഞ്ചതാര

താനാദരേണ വഴിവാട്ടുകൊട്ടുക്കമോരോ
ദേവാലയങ്ങളിൽ വിളങ്ങിന ദേവതാനാം. ൨൦

യൂനാം വിലോചനപുടം വപുഷാ കുളുപ്പി-
ച്ചാമോദിനീ മകളെനിക്കു പിറക്കയെന്നായ്
പൂജാവസാനസമയേ കനിവോട്ടു നേർന്നാൾ
മാധ്യസ്ഥ്യദേവതയൊടന്നപഹ മംബുജാക്ഷീ. ൨൧

നാൾതോറുമമ്പൊടെഴുനീറ്റു കുളിച്ചു കൃത്വാ
പുഷ്പാഞ്ജലിം ഭഗവതേ മകരദ്ധ്വജായ
ഭക്ത്യാ വണങ്ങി വളരെത്തരസാ മരന്ദ-
ധാരാം മരാളനടനാ സുതരാഞ്ചകാര. ൨൨

വൈകും വിളക്കൊരുദിനം പൊലിയാത്തവണ്ണം
നാനാവിലാസമധുരസ്വരഭാവഹൃദ്യം
വാത്സ്യായനം മുഴുവനന്നപഹമോമലെക്കൊ-
ണ്ടാടിക്കമോറലർശരന്നലസാക്ഷി നേർന്നാൾ. ൨൩

അത്യാഗ്രഹിച്ചൊരുദിനം കുളുർവെണ്ണിലാവ-
ത്താരുഹ്യ സൗധമരവിന്ദദലായതാക്ഷീ
വാചാ സുധാമധുരയാ തെളിവാർന്നുപൂർണ്ണ-
ചന്ദ്രോത്സവമ്മതിമുഖീ മലരിട്ടു നേർന്നാൾ. ൨൪

ഇത്ഥം ഗതേഷു ദിവസേഷു തെളിഞ്ഞ ലക്ഷ്മ്യാ
സാകം തദീയജഠരാമൃതവാരിരാശേഃ
ആവിർബ്ബഭൂവ സുഭഗാ സുകൃതൈകഭോഗ്യാ
കന്യാമയീ കമനി കാചന കല്പവല്ലീ. ൨൫

'നൂററാണ്ടുവാഴ്ക നരപൊങ്ങിന ദുഗ്ദ്ധപാഥോ-
നാഥോപമേന യശസാ പരിപൂർണ്ണലോകം'
ഇത്ഥം തദാ സുകൃതികർണ്ണപുടോപഭോഗ്യാ
കേൾക്കായിതംബരതലാദശരീരിവാണീ. ൨൬

ആർത്തു വസന്തമലർമാതിനു കൺകുളുർത്തു
ചീർത്തു വിരിഞ്ചരമണീകുളുർകൊങ്കകളും
വാഴ്ത്തീ ഗിരാ മധുരയാ ദിവി ദേവസംഘം
ധാത്രീതലേ തരുണിപോന്നു പിറന്ന നേരം. ൨൭

ശൃംഗാരനാടകമണിസുരതാവസാനേ
നിശ്വാസമാരുതനൊടുത്തു വളർത്തപോലേ
സൗരഭ്യമത്ഭുതമുമിണ്ണുവിലം കളപ്പി-
ച്ചാമന്ദസാന്ദ്രമവലന്ത മരുൽകുമാരാഃ ൨൮

അപ്പോൾപിറന്ന വിജയാഖ്യമുഹൂർത്തമോർത്തു
പുഷ്പായുധൻ പടപുറപ്പെട്ടുവാനശങ്കം
വെന്നിപ്പെരുമ്പറയടിച്ചതിനൊച്ച തൊണ്ണു-
റ്റാറിൽപ്പുറം കിമപി മാത്ര തെളിഞ്ഞു തോന്നി. ൨൯

കാന്തിപ്രഭാപടലകർബ്ബുരിതാംഗവല്ലീം
വത്സാം വിലോക്യ ജനനീ കനിവോടവോചൽ
എല്ലാമിതേ മതി നമുക്കിനി യെന്നതേ നേർ-
ന്നൂഢാ തതഃ പ്രഭൃതി സാ മതിയെന്നു ലോകേ. ൩൦

ലോകത്രയീവിജയദീക്ഷിതമാരവീര-
സാമ്രാജ്യമംഗലമണിധ്വജ വൈജയന്തീ
വത്സാ രുരോദ വിധുതാംഗലതാ സ്വരേണ
ശ്രീവാസുദേവമുരളീമധുരസ്വരേണ. ൩൧

താം ലോലലോചനസുധാന്തരസാ സമേത്യ
കൺകൊണ്ടതീവ പുനരുത്സുകിനോ യുവാനഃ
ഘർമ്മാവസാനസമയേ നിശി പീതവണ്ണാം
സൗദാമിനീമഭിനവാമിവ ധാന്യകാരാഃ ൩൨

നേരേ പൊടിച്ച കനകപ്പൊടികൊണ്ടു ചിന്നം
പോലേ വിളങ്ങിന തദീയശരീരകാന്ത്യാ
ചിത്രാർപ്പിതാ ഇവ ബഭ്രുവുരനേകദീപ്തി-
മാലാകുലാ രുചിയുമിണ്ണു നിശാന്തദീപാഃ ൩൩

ധാത്രീകരാംബുജധൃതാ കമനീയശീലാ
സാ പാണി പാദയുഗളീമനിശം കുടഞ്ഞാം
മേലിൽ പ്രസൂനശരസംഗരപാടവായ
മുൽപ്പാട്ടുതേടിന പെരുത്ത്രമമെന്നപോലെ. ൩൪

ബാലാം ...ട്ടു പനിനീർനദിയിൽകുളപ്പി-
ച്ചാഗാ തുടച്ചുടനിളന്തളിർകൊണ്ടരോം...

രക്ഷാം വിധായ പരമൗഷധിഭിർജ്ജനിത്രീ
സത്യന്ദദൗ മകരകേതനമച്ചയന്തീ. ൩൫

സാ മന്ദമന്ദമപിബൽ സ്തനചൂചുകാഗ്രം
യൂനാം മനന്തരിപെട്ടന്തരളാധരേണ
നാനാവിലാസമുകുളാക്ഷമകുഞ്ചിതാംഗം
പ്രേമാകുലേന ഹൃദയേന സമം ജനന്യാഃ ൩൬

മംഗല്യമൂലലതികാം മകളെപ്രസൂയ
മാതാമതിമ്മതിമുഖീ സുതരാമ്മുതോഷ
ത്രൈലോക്യനാഥമഹിഷീമ്മഹനീയശീലാം
മേനാ യഥാ മദനഭാഗ്യകലാമപൎണ്ണാം. ൩൭

ഇത്ഥം നിശമ്യ സുകുമാരതരാം കുമാരീ-
മാലോക്യ കാന്തിമധികാം മുദമുദ്വഹന്തീം
ആജഗ്മുരുൽസുകധിയോ മന്നമാൻദാര-
സാരസ്വതക്കടകലുക്കിനനൽക്കവീന്ദ്രാഃ ൩൮

ആഹന്തമേദിനിയിലമ്മതിയിങ്കൽനിന്നു-
ണ്ടായാം മഹാജനമനോനയനാഭിരാമാ
എന്നന്നിലാവുരപെറുന്നിജഭർത്തൃശാപ-
ദോഷേണ മേദിനിയിൽ വന്നു പിറന്നപോലെ. ൩൯

കീർത്ത്യാ പിറന്നളവു മേദിനിവെണ്ണിലാവെ-
ക്കണ്ടിട്ടുള്ളമൊന്നഴകിനോട്ടു കുളുത്തതോൎത്തും
വിദ്വജ്ജനാം ഝടിതി മേദിനിവെണ്ണിലാവെ-
ന്നമ്പോട്ടു നാമകരണഞ്ച തതാന തസ്യാഃ ൪൦

നാലഞ്ചുപത്തു ദിവസേഷു ഗതേഷു യൂനാ-
മാർദ്രാമൃതഭ്രമകരീ വവൃധേ കുമാരീ
പക്ഷേ ശുഭേ പ്രതിപദത്തിലെതിൻദിച്ച-
ചാന്ദ്രീ കലേവ ദിവസംപ്രതി പൂൎണ്ണശോഭാ. ൪൧

എന്നോമലിങ്ങുവരികെന്നു വിളിച്ചെടുത്താൽ
മെല്ലെച്ചിരിക്കുമകമേ മുഖമീക്ഷമാണാ
കുന്ദേന്ദുസുന്ദരമിളങ്കുളുർവെണ്ണിലാവിൻ-
കല്ലോലമാല ചിതറിപ്പൊടിയുന്നപോലെ. ൪൨

സൌവൎണ്ണകിങ്ങിണി കലുങ്ങെ മുദാ കമിൎന്നാ-
ളാരോമലമ്പൊടു ചിരിച്ചു ചിരിച്ചുകൊണ്ടേ
മേലിൽത്തിരണ്ടു പുരുഷായിതസൂത്രധാര
ശ്രീമൽപ്രവേശമിവ കോമളഗാത്രവല്ലീ. ൪൩

ആരബ്ധമന്നമൃതവാണി! ശുഭേ മുഹൂൎത്തേ
കല്യാണമേണനയനാഃ കലമാലികായാഃ
അന്നപ്രദാനമപരാഭിരമാവധൂഭി-
രംഭോജസായകനൊരുത്സവമെന്നപോലെ. ൪൪

ചക്രുസ്തദാ മധുരഗൽഗദവൎണ്ണമിശ്രാ-
മശ്രാന്തമാശിഷമുദീൎണ്ണമനോരഥാന്തേ
സംഭാവിതാ വസുമതീവിബുധാ നിറന്ന
നൽപ്പൊൻചുമന്ന പരിഭുഗ്നശിരോധരാംസാഃ ൪൫

എന്തിന്നുമററുമിതും പറയുന്നിതത്ര
സംഭാരമുണ്ടു ബത മീതഴിയാതതിന്നും;
സംവത്സരം കഴിവൊളം പലഭിക്ഷു യസ്മിൻ
കൈലാസശൈലസദൃശാ ബഹുരന്നകൂടാഃ ൪൬

ചോറൂൺകഴിഞ്ഞളവു ബന്ധുവധൂപിനദ്ധാ
നാനാവിധാ വപുഷി മോതിരമാലരേജേ
അപ്പോൾ മുളച്ചിലവിരിച്ചൊരു കല്പവല്ലി-
ത്തെമേൽ നിറച്ചഥ നിനച്ചതു കാച്ചപോലെ. ൪൭

മെല്ലെന്നെടുത്തു മുറുകെത്തഴകോമളേ മാ-
മെന്നൊന്നു തോഴികൾ മുകന്നു പറഞ്ഞുകണ്ടാൽ
ഫുല്ലാരവിന്ദമുഖി പുഞ്ചിരിയിട്ടുതാന-
ങ്ങാലിംഗനായ മുതിരും മൃദുബാഹുവല്ലീ. ൪൮

ധാത്രീജനം മടിയിൽ വെച്ചിതു വിച്ചയെന്നു
കാട്ടുംവിധൌ പുതിയകിങ്ങിണിമാല ബാലാ
മദ്ധ്യേപിടിച്ചു മൃദുനാ കരപല്ലവേന
ഫുല്ലാക്ഷി വായിലിട്ടുമുഗ്ദ്ധഗുരുപ്രമോദം. ൪൯

പാൎശ്വേ പിടിച്ചു പരിവാരജനം ചിരിച്ചു
വിന്യസ്യ പാദയുഗളീം ഭുവി കൈവിടുമ്പോൾ

സാ വേപമാനകമനീയകരാംഗുലീകാ
നില്ക്കും ക്ഷണം വിനതജാനുരതിശ്രമേണ. ൧൦

എന്നോമലോമലടിവെച്ചു നടന്നുവന്നു
പുൽകേണമെന്നു പുനരമ്മ ചിരിച്ചു ചൊന്നാൽ
താനേനടന്നിടയിൽ വീണു വിതുമ്പി വീണ്ടും
ചൂണ്ടോന്നിരണ്ടുമവലംബ്യ യയൗ ജനന്യാഃ ൧൧

പുത്തന്മരന്ദമൊഴി വൈകിനക്രമനിത്യം
മുഗ്ദ്ധാക്ഷിമാർ തരുണരോടിടചേൎന്നദാരം
പദ്യങ്ങൾ ചൊല്ലുമളവോൎത്തു ചൊല്ലുമപ്പോൾ
താനുഞ്ചിരിച്ചിടയിൽ മോഴ പിരണ്ട വണ്ണന്നെ ൧൨

വാവാ മദന്തികമിതി സ്വജനോപഹൂതാ
സൈകാബ്ദഭാവവരില്യൽസുകിനീ കുമാരീ
കേകാവിലാപസമനന്തരമങ്ങുമിങ്ങും
പൊങ്ങും പയോദപടലീഷു തടില്ലതേവ. ൧൩

കാണ്മാൻവരും തരുണരോടമിതസ്മിതാൎദ്ര-
മാസ്ഥാം കരിമ്പടമിതെന്നു യഥാ വദന്തീ
ആനന്ദബാഷ്പപരിമന്ഥര ദൃഷ്ടിപാത-
മാലിംഗിതാ മടിയിൽവെച്ചു മഹാജനേന. ൧൪

സാ വെള്ള വെററിലതിരിഞ്ഞുകരാംഗുലീഭി-
രാദായ സാദരമദാദവനീശ്വരാണാം
തേ വിസ്മയസ്തിമിതലോചനമാശു തസ്യൈ
ദത്വാ മനമ്മുഴവനാജഗൃഹുഃ കരാഭ്യാം. ൧൫

ആനന്ദിനീ യുവദൃശാം സ്മരസാൎവ്വഭൗമ-
സേനാവിലാസവിഷയീകൃതവിശ്വലോകാ
വീണാഗിരാംകുലശിഖാമണി മെല്ലെമെല്ലെ-
ന്നോണപ്പുതുപ്പുടവ മെയ്യിലലഞ്ചകാര. ൧൬

ആലോചനാമൃതമശേഷശരീരഭാജാ-
മാനന്ദനം ജഘനമുന്നതഭാഗ്യഭോഗ്യം
പട്ടാംശുകേന പരിധായ പയോരുഹാക്ഷീ
രേജേ തദാ വസുമതീവ വിതാനഗൎഭാ. ൧൭

തിക്കമ്മനോത്ഭവവിനോദവിശേഷമെല്ലാം
മൈക്കണ്ണിണക്കലികമേൽ നിഴലിച്ചിതസ്യാഃ
ശിക്ഷാവിഹീനമഴകാൎന്നകലാപവൎണ്ണ-
ശില്പാങ്കുരങ്ങൾ മയിൽമുട്ടയിലെന്നപോലെ. ൮൮

ബാലാ കളിപ്പുരസമേത്യ കുമാരികാഭി-
രോരോ കലാസു ഭൃശമുൽസുകിനീ ബഭൂവ
ഭൃംഗാംഗനാ കുസുമിതാമടവീമുപേത്യ
പൂന്തൊത്തഴിഞ്ഞ കുസുമങ്ങളിലെന്നപോലെ. ൮൯

ലീലാവിശേഷമവിശേഷമശേഷമന്തർ-
ല്ലോലേക്ഷണേ നിഴലെടുത്തിതു പക്ഷ്മളാക്ഷ്യാഃ
നാനാവിനോദബഹുലം ഭുവനം വിളങ്ങു-
മ്മാണിക്യദൎപ്പണ ഇവ പ്രതിപന്നശോഭേ. ൯൦

ചൂളീകൃതേന ചികുരേണ വിയത്ത്വമുഗ്ദ്ധ-
ശ്രീമന്മുഖേന മൃദുനാശപസിതേന സാകം
പന്താട്ടമോടിവിരളം പിടമാൻകിടാവേ
വെല്ലുന്ന മല്ലനയനാ നിയതഞ്ചകാര. ൯൧

മാണിക്യഭൂഷണവതീ മധുരസ്വരേണ
താളം ക്രമേണ ചെറുചിന്തുകൾ ചേൎത്തു ചേൎത്തു
വെണ്മാളികാ മുകളിൽനിന്നു പയററിനാൾ പോ-
ലമ്മാനഘൎമ്മജലകോരകിതാംഗവല്ലീ. ൯൨

ആശ്ചൎയ്യമെത്രയുമിതങ്കരിതസ്ഥിതാൎദ്രാ-
മാദായ ചാക്ഷയുഗളീന്തെളിവാൎന്നിരുന്നാൾ:
ചൂതായുധസ്മൃതിവശാലണിചൂതിലപ്പോ-
ളുപ്പോൾ നിനച്ചതു ലഭിച്ചു പിഴച്ചിടാതേ. ൯൩

തീനിട്ടു പാഴ്ക്കുതിര വന്നൊരു മന്ത്രിതൻകാൽ
മുട്ടിച്ചു നൽക്കുതിരകൊണ്ടണിതേർകളഞ്ഞു
ആഴപ്പിടിച്ചു ചതുരംഗവിധൌ തടുത്തു
മുൻപോരുകൊണ്ടടിയറക്കമരക്ഷണേന. ൯൪

ബാലാ കരാംബുരുഹയോരഖിലാംഗുലീഷു
സൂത്രേ ശിലാകകളിൽ വാരംമുനമേൽ നിരാതേ

ഭ്രാഗ്രസീമ്നി കടുകിന്മണി വെച്ചു തസ്മിൻ
പൊൽപ്പുംപരം പ്രതിദിനം ഭ്രമയാഞ്ചകാര. ൬൩

ഓണപ്പുറുകളികളും പച്ചിലമൂച്ച്ഭൂഷാ-
വിന്യാസഭംഗി മണമേറിന ഗന്ധയോഗം
ഭാഷാവിശേഷമൊടുപത്തടവും പഠിച്ചാ-
ളുയ്യാണ്ടിലേ കുസുമസായകകേതുമാലാ. ൬൪

യാമേ തഥൈവ ചരമേ തെളിവോടെഴുന്നീ-
റ്റാഖണ്ഡലപ്രണയിനീമകമേ വണങ്ങി
സാകം ജലാശയമുപേത്യ കുമാരികാഭിഃ
സ്നാനം മനോനയനനന്ദനമാചചാര. ൬൫

മുഗ്ദ്ധാ കുളിച്ചു കരയേറിനനേരമാർദ്ര-
വാസോവസാനമനഘം ജഘനം വഹന്തി
രേജേ പൊടിഞ്ഞമൃതവിന്ദുഭിരങ്കിതാംഗീ
മംഗല്യഗാത്രി മകരാകരകന്യകേവ. ൬൬

സാ കോമളം പ്രതിനവം പരിധായ വാസോ-
രത്നം വിലാസവിവശീകൃതവിശ്വലോകാ
കാമാശ്രമംപ്രതി ജഗാമ തമാലനീല-
മാലോകനോൽസുകമഹാജനമാനിനീയം. ൬൭

നിത്യം പ്രദക്ഷിണനമസ്കരണാദി കൃത്വാ
ഭക്ത്യാ വണങ്ങി മദനമ്മഹനീയശീലാ
പ്രത്യുജ്ജഗാമ കൃതമംഗലമംഗജന്മ-
സേനാപതേരഭിനവം ഭവനം ഹിമാംശോഃ ൬൮

മുൽപ്പാടു ചെന്നു തരസാ തരളായതാക്ഷ്യാ
ഭക്ത്യാർപ്പിതാ കുസുമസന്തതിരാമ്പഭാസേ
നീണ്ടാലംതകും പരിചയേന ധരാതലേപി
താരാഗണം ചുഴലെവന്നു പരന്നപോലെ. ൬൯

സേവിച്ചുനിന്നു തെളിവോടുഡുസാർവ്വഭൗമം
വാചാ സുധാമധുരയാ സരസീരുഹാക്ഷീ
തുഷ്ടാവ പുഷ്ടരസമഷ്ടമലോകപാല-
ചൂഡാമണിം പുളകകുഡ്മളിതാംഗവല്ലീ. ൭൦

"താരാധിനാഥ, ജയ താമരസായുധശ്രീ-
സേനാപതേ, ജയ ജയാഖിലലോകബന്ധോ,
കാരുണ്യപൂർണ്ണജലധേ, ജയ ജീവലോക-
സമ്പന്നിധേ, ജയ ജയിച്ചരുൾക തമ്പുരാനേ!" ൬൨

ഗദ്യൈരവദ്യരഹിതൈർമ്മധുരൈശ്ച പദ്യൈ-
രുദ്യദ്രസാ പരിണതേന്ദുമുഖീ സുധാംശും
സ്തുത്വാ പദാംബുരുഹയോരബലാ നനാമ
വാതാഭിഭൂതനവകല്പകവല്ലരീവ. ൬൩

പൂന്തേന്മണിക്കലശപഞ്ചകമാടി മെന്മേ-
ലാമോദശാലി പനിനീർക്കലശം ചൊരിഞ്ഞു
ചൂടിച്ചു നൽത്തരിതൊടാപ്പൊടി പഞ്ചതാര
ഗാഢാദരം നിയതമർച്ചിതമായതാക്ഷ്യാ. ൬൪

രാത്രൗ സഖീഭിരകളങ്കശശാങ്കബിംബ-
ബിംബോകഡംബരഹരേ മണമാർന്നസൗധേ
താളംപിടിച്ചു ചെറുചിന്തുകൾ ചേർത്തുപേർത്തു-
മമ്മാനയാ തുഹിനഭാനുമസൗ സിഷേവേ. ൬൫

സാ പൗർണ്ണമാസികളിലഞ്ചിതപഞ്ചതാര-
പ്പൈമ്പാൽപ്പെരുങ്കളി നിവേദ്യ നിശീഥകാലേ
പുഷ്പാഞ്ജലീം ദദധതീ ശശിനേ തദന്തേ
സുഷ്വാപ ചന്ദ്രമണിമണ്ഡപവേദികായാം. ൬൬

പൊൽപൂവിൽമാതിനുസഹോദരമച്ഛയിത്വാ
പുഷ്പൈരനല്പസുഭഗൈരൊരുനാൾ മനോജ്ഞൈഃ
ഉൾപ്പൂവിലോർത്തു മധുനേർമൊഴി കണ്ണടച്ചാ-
ളപ്പോളപശ്യദമൃതദ്യുതിമദ്യുതീയം. ൬൭

ക്ഷീരാംബുരാശിലഹരീഭിരിവാത്മകാന്തി-
കല്ലോലിനീഭിരലിയിച്ചഖിലം പ്രപഞ്ചം
ആനന്ദകന്ദളിതതന്ത്രതനഹാരഹർമ്മ്യ-
മാവിർബഭൂവ കുസുമായുധബന്ധുരിന്ദുഃ ൬൮

അദ്ധ്യാസ്യ ചന്ദ്രമണിമണ്ഡപമായതാക്ഷീ-
മാദായതാമ്മടിയിൽ വെച്ചണിമെയ്യ് തലോടി:

ആചുംബ്യ ചാധരപുടഞ്ചികുരമ്മുകന്ന
മന്ദാക്ഷമന്ഥരമുഖീമ്മധുരം ബഭാഷേ. ൬൰൨

“സൗജന്യമൂലലതികേ, ശൃണു മാനവാനാ-
മാരോമലേ, തരുണലോചനത്തനിലാവേ!
പീയൂഷഭാനുരയി ഞാൻ കുളർവെണ്ണിലാവു
നീ തമ്പി നാമിരുവരും പരമാത്ഥമാണേ. ൬൰൩

മച്ഛാപദോഷമിടയിട്ടവനീതലേ നീ
ജാതാ തതഃ പ്രഭൃതി ഞാനതിമന്ദകാന്തിഃ
സംവത്സരേണ മധുരാധരി മാനുഷേണ
നൂററാണ്ടുതാനമത്ര സുന്ദരി മാ വിഷീദ. ൬൰൪

ലോകോത്തരം ഭവതു നിൻചരിതം വിശേഷി-
ച്ചസ്മൽപ്രസാദമിടയിട്ടകളംകശീലേ,
ചന്ദ്രോത്സവങ്കുരു ചകോരദൃശാമ്മുടിപ്പൂൺ-
പാന്തേ തതഃ പ്രഭൃതി നിൻ ചരണങ്ങളം രണ്ടും. ൬൰൫

ബുദ്ധിവ്യ്വികാസമുപയാതു മണംകലൻ
നേത്രാമൃതം ഭവതു നിന്നണിമേനി യൂനാം
അംഭോജരമ്യമുഖി നമ്മളിലിന്നിമേലിൽ
ചന്ദ്രോത്സവേ വരിക യോഗമനിന്ദിതാംഗീ!” ൬൰൬

ഇത്ഥം മരന്ദമധുരാം ഗിരമുദ്ഗിരന്ത-
ഞ്ചന്ദ്രഞ്ചകോരനയനാ ചതുരം പ്രണമ്യ
ആനന്ദിനീ ഝടിതി നേത്രപുടന്തുറന്നാ-
ളംഭോജസായകജയദ്ധ്വജവൈജയന്തീ. ൬൰൭

പെണ്മാൻ കിടാവൊട്ടുപൊരുമ്മിഴി മന്ദമന്ദം
വെണ്മാളികാമുകളിൽനിന്നു തെളിഞ്ഞിറങ്ങി
ശൃംഗാരനാഥമണിമന്ദിരമേത്യ പൗർണ്ണ-
മാസീവ്രതാവസിതിമുൽസുകിനീ ചകാര. ൬൰൮

വിദ്യാഗൃഹം ഗതവതീ പരിതോഷയന്തീ
സൗശീല്യമൂലലതികാ കുലദേശികേന്ദ്രാൻ
മേധാവിനീ മുഴവനാശ്ശേ പഠിച്ചുമുഗ്ദ്ധാ
രേജേ പയോജമുഖി ബാലസരസ്വതീവ. ൭൧

പൂരം കുളിക്ക; പുരുഹൂതവധൂപദാര-
വിന്ദം ഭജിക്ക; കതിർപാട്ടുക; നോൻപു നോല്ക്ക;
ഖേദാദരം ഗണപതിക്കിടുകെന്നിവണ്ണം
മുഗ്ദ്ധാ ദിനങ്ങളെ നിനായ മനോഹരാംഗീ. ൮൮

ഏവം ക്രമേണ ദിവസേഷു ഗതേഷു ബാലാ
ക്രീഡാസു കൌതുകവതീ വിമുഖീ നവാസീൽ
ശ്രദ്ധം വിളിക്കിലവനമ്രമുഖീ മണിത്തൂൺ
മെല്ലേമറഞ്ഞു വിളികേൾക്കമുദാരഭാവാ. ൮൯

ജാതേ സഖീസദസി ഭോഗകഥാപ്രസംഗേ
മുഗ്ദ്ധേക്ഷണാ ചെവികൊടുക്കമൊളിച്ചു തസ്മിൻ
ചിത്രേഷു പാവകളിലുമ്മിഥുനാവലോകേ
സാ കാമിനീ പുളകിനീ സഹസാ ബഭൂവ. ൯൦

ഓരോ പുരാണകഥകേട്ടരുളുന്നനേരം
വീരേഷു മാരവിജയാദിഷു കീർത്തിതേഷു
ഭിന്നാ ബഭൂവ ഭുജമൂലകപോലകണ്ഠ-
വക്ഷോജപാദരശനാപദമസ്തകേഷു. ൯൧

ക്രീഡാവിശേഷമിടയിട്ടരികേ വിളിച്ചു
കണ്ണേ കളിച്ചു പൊരുളിട്ടു പറഞ്ഞുകണ്ടാൽ
മന്ദസ്മിതസ്നപിതഭ്രൂതലമാകലാംഗീ
മാതുസ്സമീപമുപയാതുമനാ ഇവാസീൽ. ൯൨

വൻകാട്ടിൽ വേട്ടയിൽ വിരഞ്ഞുവെരിണ്ടുമണ്ടും
പെണ്മാൻകിടാവൊടിടയുമ്മിഴിമേലമുഷ്യാഃ
ശൃംഗാരനായകവിലാസവിശേഷമുള്ളി-
ലങ്കുരിതം പുനരിഴന്നലൊടുങ്ങലെന്ന്. ൯൩

താദൃഷ്ടമന്ന തരളാധരമാമ്മണിത്ത-
ണ്ടാരൂഢ്യ മന്മഥ വിലാസജനൌഘപാളി
മുത്തുക്കടയ്ക്കൽ മൃദുഹാസമയേ തിമപ്പോ-
ടഭ്യാജഗാമ നവയൗവനസാർവ്വഭൌമഃ ൯൪

കാർക്കുന്തൽ വന്തിമിരമാലയൊടൊന്നിടഞ്ഞു;
നേരേ നനത്ത പുരികക്കൊടിമേൽ മനോഭൂഃ;

നീലംമന്മിഴിപ്രഭ നിഴൽപ്പെട്ടമാറു രേജേ
നീലക്കരിങ്കുവളകൊണ്ടെറിയുന്നപോലെ. ൯൫

ചെമ്പൊൽകരിമ്പൊടനിശം പിശകുന്ന വാണി
പൈമ്പാൽകുഴമ്പൊടധികം കലഹത്തുടങ്ങി;
ത്തുമന്ദഹാസസബിസതന്തുഭിരിപ്രപഞ്ചം
മഞ്ജുസ്വനാ സുമധുരഞ്ചകൃഷേ ദിനേഷു. ൯൬

പണ്ടെന്നുമിന്നുമിനിമേലിലുമോർത്തുകണ്ടാൽ
വണ്ടാർത്തഴക്കുഴലിമാരിലിവണ്ണമുർവ്വ്യാം
ഉണ്ടാവതാരൊരുവളെന്നറിവാനനംഗോ
രേഖാത്രയേണ ഗളനാളമലഞ്ചകാര. ൯൭

വക്ഷോജബീജയുഗളം തിരുമാറിൽമെല്ലെ-
ന്നങ്കുരിതം മദനമംഗലവൈജയന്ത്യാഃ
നേരേ മനോഭവമനോരഥകല്പവല്ലി-
ത്തൈമേൽ നിറംപെറുമരിമ്പുകളെന്നപോലെ. ൯൮

മദ്ധ്യേവലിത്രയമശേഷമനോഭിരാമാ
രോമാവലീ തിമിരമേചകിനീ രരാജ
ശൃംഗാരമംഗലമഹോത്സവമാസ്ത്ര കത്തും
മുല്പാടെഴുമ്മരതകക്കൊടിയെന്നപോലെ. ൯൯

ക്ഷൗമാംബരേണ പരിവീതനവീനമോമൽ
കാഞ്ചീപദം കനകകോമളമാബഭാസേ
വാത്താർശരക്ഷിതിപതേരഴകോടിരിപ്പാ-
നാസ്ഥാനമണ്ഡപമണിത്തറയെന്നപോലെ. ൧൦൦

ഭോഗ്യേന ഭാഗ്യപരിപാകവതാമനംഗ-
സാമ്രാജ്യസാരരമണീയരസായനേന
സാ യൗവനേന ശുശുഭേ സരസീരുഹാക്ഷീ
ചന്ദ്രോദയേന ശുചിനാ ചരമേവ സന്ധ്യാ. ൧൦൧

ഭൂലോകമോഹനമഹോത്സവമന്നു പെൺകെ-
ട്ടാരമ്പുമംബുധരധീരഗഭീരഘോഷം;
രത്നം പണം പുടവ പൊന്നിവ കോരിവാരി-
ത്തൂകും മഹാജനസമാജ സമേധിതാശം. ൧൦൨

കല്യാണഘോഷവിരമേ കമനീയകാമ-
കല്ലോലിനീ യുവമനോരഥ കല്പവല്ലീ
ഭൂലോകപാലസഹിതാ വിജഹാര ബാലാ
നാനാവിധാസു രതിതന്ത്രപരമ്പരാസു. ൧൦൩

പൂങ്കാവിലാൺകുയിൽനിനാദനിരന്തരീകൃ-
താശാന്തരേ രഹസി ഹന്ത വസന്തകാലെ
ഉത്താളയൗവനവതീ തരുണാന്മമർദ്ദ-
വിദ്യോതമാനജഘനസ്തനഘട്ടനേന. ൧൦൪

ഗ്രീഷ്മേ മഹോഷ്മജുഷി സാ ശിശിരോപചാര-
പ്രാസാദശീതമണിമണ്ഡപമേത്യ നിത്യം
പുഷ്ടാദരം പുളകിനീ സുരതോത്സവേന
കാലന്നിനായ കമലായുധകേതുമാലാ. ൧൦൫

വർഷാസു വന്മഴ ചൊരിഞ്ഞു സമുദ്രമേഴു-
മേറെ വിരുന്നുതിരും മധുരേ നിശീഥേ
മാരോത്സവേ മനമമത്തു കുളുത്തു യൂനാം
വക്ഷസ്ഥലീഷു വിജഹാര പയോരുഹാക്ഷീ. ൧൦൬

ചൊല്പൊന്ന ശാരദനിശാസു നിലാവുലാവു-
ന്നുത്തുംഗസൗധശിഖരേഷു രതാവസാനേ
നിദ്രാമവാപ സഹസാ നരലോകപാല-
ദോരന്തരാളപരിലാളിതഗാത്രവല്ലീ. ൧൦൭

സീമന്തമൊന്നുജ്ജ്വലശാമളമാലം ന്യ്യ കാലം
ഹേമന്തമിന്ദ്രമണീരമണീയവേഷാ
ഉച്ചൈസ്തരേ തപ്ത മണിമച്ചിലടച്ചിരുന്നി-
ട്ടാനച്ചവിശ്രമമലർബാണകലാവിലാസൈഃ ൧൦൮

സംപ്രാപ്യ സാ ശിശിരകാലമശേഷലോകം
നീഹാരസാഗരജലേ ലയിക്കുന്നിശാസു
സുഷ്വാപ ഭൂപതിഭിരം ... ജ ... ന്നികാശൈ-
രാലിംഗിതാ മകരകേതനവൈജയന്തീ. ൧൦൯

എന്നിവണ്ണമരവിന്ദസുന്ദരവിലോചനാ ധനിഭിരുന്മദൈ-
ശ്ചചിത യുവഭിരന്ദ്രനീലമണിമന്ദിരേ സുരഭിസുന്ദരേ

വർണ്ണ്യമാനഗുണഗൗരവാ കവിഭിരാദരാന്മനസി മേദിനീ-
വെണ്ണിലാവഴകെഴും നിശാകരമഹോത്സവായ കരുതീടിനാൻ. ൧൧൦

രണ്ടാം ഭാഗം കഴിഞ്ഞു.

മൂന്നാം ഭാഗം.

ശാതോദരീ ശീതകരോത്സവായ
നിർമ്മാപയാമാസ നിസർഗ്ഗരമ്യം
ശ്രീമംഗലാഖ്യം ഭവനം വിളങ്ങു-
മൈത്രൈലോക്യലക്ഷ്മീ മണിമണ്ഡപാഭം. ൧

നാസാസമാരോപിതതർജ്ജനീകാ
നമശ്ശിവായേതി ശനൈർവ്വദന്തഃ
ശില്പങ്ങളോരോന്നവലോക്യ യത്ര
തിഷ്ഠന്തി ദേവാസുരശില്പിനോപി. ൨

യത്രാതിധൗതേഷു വലന്നസൗധേ-
ഷ്വാരബ്ധസംഗീതമൃദംഗകേഷു
കൈലാസശൈലഭ്രമപാരവശ്യാ-
ത്സന്ധ്യാസു കൈലാസപതിസ്സമാസ്തേ. ൩

യത്രാംഗനാനാം നയനേഷുപാതാ-
ന്നിഹന്യമാനാ നിയതം യുവാനഃ
ശൃംഗാരസർവ്വസ്വരസായനേന
ജീവന്തി താസാമധരാമൃതേന. ൪

തിമർത്തുപാട്ടും പുരസുന്ദരീണാ-
മ്മതിത്ത്ഗീതന്നിശി സന്നിശമ്യ
പീയൂഷവർഷൈരിവ യത്ര നിത്യ-
മാർദ്രീഭവത്യുൽസുകിനീ ത്രിലോകീ. ൫

മാനിച്ചു നാനാകുശലൈരനേക-
മാണിക്യവൈഡൂര്യവിനിർമ്മിതാനാം

കാന്തിച്ഛടാ ചൂഴുമൊരോ ഗൃഹാണാം
പ്രാകാരമാലേവ വിഭാതി യസ്മിൻ. ൬

നീലാത്മശാലാ ഗതകാന്തമന്ത-
രാസേദുഷാം ബിർഹസിതച്ചുദാനാം
നാദേന യത്ര ശ്രവണാമൃതേന-
ഗ്ഗൃദ്ധം വിചിന്വന്തി നവോഢനാൎയ്യഃ ൭

പൂങ്കാവുതോറും പികസുന്ദരീണാ-
മാങ്കോകിലാളി പരിലാളിതാനാം
കേൾക്കപ്പെട്ടുന്നു രതിനാഥചാപ-
ക്രേംകാരഹാരീണി രുതാനി യസ്മിൻ. ൮

യസ്മിന്നനംഗക്കൊടിയാട കാറേ-
റ്റാകാശവീഥീമവഗാഹ്യ ഗത്വാ
തൊങ്കൽക്കരംകൊണ്ടമരാവതീന്നേ-
രങ്കത്തിനായാഹ്വയതീവ ഭാതി. ൯

യദംഗനാനാമ്മണിവായ് ചുവപ്പു
കലൎന്ന പൂങ്കൈശികകാന്തികൊണ്ടു്
അന്തിച്ചുവപ്പോടിടചേൎന്നിരുട്ടെ-
ന്നോൎത്താശു മാഴ്കുന്നിതു ചക്രവാകീ. ൰

കല്യാണിനീനാം കനകപ്രഭാണാം
പൂമെയ് നിഴൽക്കൊണ്ടുകനിമിത്തമിന്നും
സുത്രാമനീലോപലഭിത്തിമാലാ
സജീവചിത്രേവ വിഭാതി യസ്മിൻ. ൰൧

തുഷാരധാമാ നിശനിൎമ്മലാനി
മരന്ദവാഹാം വദനാനി പശ്യൻ
മണിസ്ഥലീഷു പ്രതിമാച്ഛലേന
പാദാബ്ജനാമം വിതനോതി യസ്മിൻ. ൰൨

കൈടഭമയ് മറന്നംഗജകേളിരംഗേ-
യന്മാനിനീനാം മണിതന്നിശമ്യ
ലോകേഷു കണ്ഠനാഗിരോ ഭജന്തി
കപോതകാരണ്ഡവചക്രവാകാഃ ൰൩

കനത്ത പൊൽപൂങ്കുല ചാഞ്ഞു തൂങ്ങി-
ക്കലഞ്ഞ ശാഖാശതജാതശോഭൈഃ
ദ്രാക്ഷാപടീരാമരപാദപാദി-
പ്രധാനവൃക്ഷൈരപി ഭാസതേ യൽ. ൧൪

ഏകത്ര മിന്നും പവിഴപ്രഭാഭി-
ർവ്വാഡവാനലജ്ജ്വാല കലൎന്നപോലെ
അന്യത്ര മാണിക്യമഹോൎമ്മിമാലാ-
ജ്വാലാഭിരന്തിപ്രഭയെന്നപോലെ. ൧൫

ഏകത്ര മെയ്യാഭരണപ്രഭാഭി-
ർവ്വിലാസിനീനാന്തുടർമിന്നൽ പോലെ
കുത്രാപി സുത്രാമമണിപ്രകാശൈഃ
പരന്നെഴും പൈങ്കിളിമാലപോലെ. ൧൬

പ്രഭാപ്രവാഹൈരപരൈരിവണ്ണ-
മാലോക്യമാനം ബഹുധാ ജനൗഘൈഃ
ചകാസ്തി യന്മന്മഥസാൎവ്വഭൗമ-
സൗഭാഗ്യദീക്ഷാമണിമണ്ഡപാഭം. ൧൭

ഇത്ഥംഞെമപ്പിച്ചുളകാസമാനേ
പുരേ പുരസ്സൃത്യ മഹീമഹേന്ദ്രാൻ
ഉവാസ ചന്ദ്രോത്സവകാലയോഗ-
പ്രതീക്ഷിണീ മേദിനിവെണ്ണിലാവ്. ൧൮

അഥൈകദാ ചന്ദ്രമഹോത്സവാഖ്യം
വിജ്ഞായ കാൎയ്യം ബഹുബന്ധുസാദ്ധ്യം
വിവേകിനീ ദിക്ഷു നിരസ്തഗൎവ്വം
പ്രസ്ഥാപയാമാസ രഹസ്യഭൃത്താൻ. ൧൯

അക്കാലമമ്മേദിനിവെണ്ണിലാവി-
ന്നാംക്കാമ്പറിഞ്ഞുത്സവസാരസക്തം
ചൊൽക്കൊണ്ട നല്ലാർപലരുന്തെളിഞ്ഞു
നിശ്ചിത്യ തവന്തത്സവിധം സമീയുഃ. ൨൦

അപാരമാരാൎണ്ണവപൂൎണ്ണമാന
കല്ലോലമാലാമഹനീയശീലാ

ജഗത്രയീ ജംഗമകല്പവല്ലീ
സമായയൗ മാനവി മേനകാഗ്രേ. ൰൧

സമ്മോഹനാഖ്യം ജഗതാം ത്രയാണാ-
മ്മഹൗഷധമ്മന്മഥമൂലദൈവം
അമ്മാരചേമന്തിക താനുമത്ത്യാ-
ജഗാമ രോമാഞ്ചിതഗാത്രവല്ലീ. ൰൨

സൗജന്യകേളീനവസൗരഭേന
മണംപിടിപ്പിച്ചഖിലം പ്രപഞ്ചം
ഉദാരശീലാ കനകാവലീപോ-
ന്നപാജഗാമ സ്വജനാനുയാതാ. ൰൩

ദിവ്യാംഗരാഗാ മണമാന്നപാറ-
യ്ക്കാട്ടാളുമിട്ടീ സരസൈസ്സഹായൈഃ
ഉപായയൗ കാമയമാനസേനാ-
ധിപാനുയാതാ നയനാഭിരാമാ. ൰൪

മാരക്ഷമാപാലന വല്ലഭ്യനാട്ടു
വീടാളുമാലംബനമുണ്ണിനീലി
ഉപായയൗ പോന്നരപൊററപൊറെറ-
യ്ക്കാട്ടാണ്ട കണ്ടിക്കഴലീച തുണ്ണും. ൰൫

തെന്മാതവിത്തേന്മൊഴി പുഷ്പലേഖാ
കേളീലതാ കാമിനി ചൂതകേളീ
പ്രസന്നഭാവാ വിരവോടു വന്നാർ
മററും പ്രസിദ്ധാഃ പരവാരയോഷാഃ ൰൬

മുതിൎന്ന താഞ്ചെന്നെതിരേററു താഭി-
രാലിംഗിതാ മേദിനിവെണ്ണിലാവ്
ഗാഢം സമാലിംഗ്യ മുഹുർമ്മുഹുസ്താ
ദീൎഘന്നിശശ്വാസ വിഭക്തഭാരാ. ൰൭

സമ്മാനയന്തീ വചനൈരുദാരൈ-
ന്നൈവഃ പദാൎത്ഥൈരുപയോഗഭോഗ്യൈഃ
വധൂഭിരന്യാഭിരനുപ്രയാതാ
വിവേശ താഭിസ്സഹ മന്ത്രശാലാം. ൰൮

സാ മന്ത്രശാലാ ശുശുഭേ തദാനീ-
ന്താഭിഃ സ്ഫുരൽകാഞ്ചനസപ്രഭാഭിഃ
ഗിരേൎഗ്ഗുഹേവാംബുദമാസി വിദ്യു-
ന്മാലാഭിരാഭാസിതദികതടീഭിഃ ൨൯

നിരൂപണാൎത്ഥമ്മണിമന്ത്രശാലാ-
മാസാദ്യ സൎവ്വാസു നിഷേദുഷീഷു
ഉപാവിശത്സാ മണിമെത്തതന്മേ-
ലലംകൃതാ മേദിനിവെണ്ണിലാവ്. ൩൦

രരാജ മദ്ധ്യേ മകരന്ദവാചാം
നിഷേദുഷീ മേദിനിവെണ്ണിലാവ്
നിരന്തരം കാഞ്ചനവല്ലരീണാ-
മ്മദ്ധ്യോത്ഥിതാ കല്പകമഞ്ജരീവ. ൩൧

ചുരുണ്ടിരുണ്ടിണ്ടയഴിഞ്ഞുതിങ്ങി-
പ്പുഴങ്ങിവീഴും കചഭാരഭാസാ
അരക്ഷണം മേദിനിവെണ്ണിലാവൊ-
ന്നിരുട്ടടപ്പിച്ചഖിലം പ്രപഞ്ചം. ൩൨

കനത്ത * മുത്തേൽമുല സപ്രയതാം
കരേണ വാമേന സമുദ്വഹന്തീ
തഥാപരേണാധരബിംബമന്ദോ-
ടാച്ഛാദ്യവേശ്യാകുലകേതുമാലാ. ൩൩

വിചാൎയ്യകാൎയ്യം യഥ സാ ഗഭീര-
മുചാവ വാചം മധുരാമുദാരാം
സ്മിതപ്രഭാഭിൎമ്മണി മന്ത്രശാലാം
ക്ഷീരാൎണ്ണവീകൎത്തുമിവ പ്രവൃത്താ. ൩൪

ലോകോത്തരാഭിൎവ്വതീഭിരന്ന-
ന്നാദൃത്യ മുഗ്ദ്ധോത്ഥനശാസിതാ യൽ
തൽ സൽക്രിയാ സംപ്രതി നിൎവ്വിശങ്കം
മുതിൻ വാചാലയതിസ്ഫുടമ്മാം. ൩൫

---

* മുത്താർ.

ചന്ദ്രോത്സവം പണ്ടിഹ ഞാൻ പിറപ്പാൻ
നേർന്നു മദീയാ ജനനീ കിലൈഷാ
അതിന്നുകാലം പുനരേകദേശ-
മിതെന്നുമുണ്ടെന്നതു നൈവ ജാനേ. ൩൬

വിലാസിനീനാമഹമപ്രഗൽഭാ
ക്വാഹം ക്വ ച ചന്ദ്രോത്സവമുത്സവാഗ്ര്യം
മോഹേന നൂനം കരപല്ലവാഭ്യാ-
മാകാശയാനോത്സുകിനീ ഭവാമി. ൩൭

ദുസ്സാധമെന്നോ കഥയന്തി കേചി-
ന്മന്മാതുരുന്മാദമുശന്തി കേചിൽ
ചെയ്യേണ്ടുവോന്നെന്നപരേ വദന്തി
തിരിച്ചുകൊൾവാൻ പണി മാദൃശീനാം. ൩൮

ചെറുപ്പമസ്യാ മമ നേച്ച പിന്നെ-
ച്ചന്ദ്രോത്സവം കാലമിതല്പഭാഗ്യം
ലോകസ്യ ഭാവം വിഷമം പ്രലാപൈ-
രലം പ്രമാണമ്മമ നിങ്ങളെല്ലാം. ൩൯

ഈവണ്ണമെല്ലാമറിയിച്ചു ശേഷം
കാൎയ്യസ്വതന്ത്രം വിരരാമ ബാലാ:—
ചൊല്ലേണ്ടുമൎത്ഥം വചസാ മിതേന
ചൊൽകെന്നതല്ലോ വചസാം പടുത്വം. ൪൦

കാശാവദാതം കചഭാരമംസേ
സമുദ്വഹന്തീ മധുരസ്മിതാർദ്രാ
പുരാണവേശാമണി വള്ള്യനാട്ടു-
വീടാളുമംബാ നിജഗാദവാക്യം. ൪൧

“പ്രധാനമേതൽ പ്രസഭമ്മനോജ്ഞ-
രഭീഷ്ടസിദ്ധ്യൈ മകളേ ഭവത്യാഃ
അസ്മച്ഛ്രിയൈ; ശ്രീമതി, ശീതധാമാ
ശൃംഗാരവിദ്യാകുലദേശികേന്ദ്രഃ ൪൨

മുഗ്ദ്ധേ, ശൃണു ത്വന്നിയമേന നൂനം
തുഷാരധാമാ ഭഗവാന്നിഷേവ്യഃ

നമ്മാൽ വിശേഷിച്ചുമശോകബാണ-
സാമ്രാജ്യമെന്നുന്തദധീനമല്ലൊ. ൪൩

പ്രവൃത്തി ചെയ്താൽ മുഴുവൻ ഫലിക്കാ-
ദൈവേനകൃലേപി തഥാ തടസ്ഥേ
വിപൎയ്യയേ ചൈവ പരീക്ഷണീയ-
മതിന്നുകാലം പ്രഥമം വിശേഷാൽ. ൪൪

സൽക്കൎമ്മകല്പദ്രുമമംഗഭാജാ-
ന്ദുഷ്കൎമ്മചണ്ഡാനിലസംപ്രഭഗ്നാം
പൊരിഞ്ഞുപോം ഭാഗ്യവിപൎയ്യയങ്കൊ-
ണ്ടറിഞ്ഞിരിക്കേണമതുള്ളിൽ മുമ്പെ. ൪൫

ഇതിന്നു സാധിപ്പതിതിന്നസാദ്ധ്യം
പ്രയത്നസാദ്ധ്യം പുനരേതദേവം
വിചാൎയ്യ കാൎയ്യം തുടരുന്നതാകി-
ലസാദ്ധ്യമെന്നുള്ളതു ശബ്ദമാത്രം. ൪൬

ചന്ദ്രോത്സവം വാമവിലോചനാനാം
വിധാതൃനിഷ്പാദിതമുത്സവാഗ്ര്യം
ചെയ്യേണ്ടവോന്നൊന്നു വരുന്തദൎത്ഥ-
മ്മുദാ നിരൂപിക്കമെതിന്നു നാന്നാം." ൪൭

ഇവണ്ണമണ്ണോരുഹലോചനായാ
വചോനിശമ്യാഭിമതാൎത്ഥപുഷ്ടം
ചിരിച്ചു മണ്മേല്വരപൊററ പൊററെ-
ക്കാട്ടാണ്ട കണ്ടിക്കഴലീ ജഗാദ. ൪൮

"ചന്ദ്രോത്സവം ചെയ്ക നമുക്കടുത്തോ-
ന്നൊന്നിട്ടതത്യന്ത നിരൂപണീയം
എന്നും വരട്ടേ പുനരിന്നി നാന്നാ-
മിതീത്ഥമെന്നുള്ളതു ചൊല്ലുമാദ്യം. ൪൯

മാത്സൎയ്യകാളാംബുദമണ്ഡമിണ്ടും
വാത്സല്യകാറേററകലുന്ന നാളേ
മനോമയവ്യോമനി പോന്നുദിപ്പൂ
തെളിഞ്ഞു സംസാരമരീചിമാലീ. ൫൦

ഇനിക്കിതിന്നാവതിതാവതല്ലെ-
ന്നറിഞ്ഞതടങ്ങിപ്പലരുന്ന് പുംസാം
അനക്കമെററുള്ള നിലയ്ക്കു കുററം
ബൃഹസ്പതിക്കും പറയാവതല്ല. ൩൧

ഭാഗ്യാംകുരക്രമ്മമുയത്തിമോഹ-
പ്പായ്ചേത്തൊരുത്സാഹസമീരയോഗേ
വിവേകമെന്നും വളർകപ്പലേറി-
ക്കാൎയ്യാംബുരാശൌ പതുമാറവേണം. ൩൨

പൂൎണ്ണതപമെപ്പോളനവദ്യവിദ്യാ
നാനാഭിജാത്യാദിഭിരംഗഭാജാം
പലക്കുമപ്പോളൊരു കുററമുണ്ടാം
ദൃഷ്ടാന്തമസ്മിൻ പരിപൂൎണ്ണചന്ദ്രഃ ൩൩

പലക്കുമോരോ മതമെന്നുമൊന്നു-
ണ്ടറിഞ്ഞിരിക്കേണ്ടവതാദികാലേ
ദിഗന്തരാളേഷു രഹസ്യദൂത-
നാംപ്രേഷണം വേണമതിന്നു മുമ്പേ." ൩൪

ഇതിബ്രുവാണാമമിതസ്മിതാർദ്രാം-
മംഭോരുഹാക്ഷീമഭിനന്ദ്യ ദൃഷ്ട്യാ
കാമ്യാവലീമ്മാതരമാദരേണ
പ്രണമ്യതെന്മാതവി വാചമൂചേ. ൩൫

"ചന്ദ്രോത്സവഞ്ചെയ്യബലാജനാനാ-
നന്നൊന്നത്തെങ്ങും ഭുവിസുപ്രസിദ്ധം:
തഥാപി ചെയ്യീലൊരിടത്തൊരുത്ത-
രെന്നിട്ടതത്യന്തവിചാരണീയം. ൩൬

വളൎന്ന കാൎയ്യങ്ങളെതിന്നു കോപ്പി-
ലെഴുന്ന ബുദ്ധ്യാ തുടരുന്നവന്ന്
പണിപ്പെടപ്പെയ്യവസിക്കിലും കാൺ
ഫലം വരാ ദുഷ്പ്രഭുസേവപോലെ. ൩൭

ഞാനാരിതെന്താരിതിനാപ്തബന്ധു-
രെന്തേ ഫലം കിം മമ കാ മേ ത്തു്

മാററാരുമാരെന്നറിയുന്ന കാൎയ്യം
കൎത്താ ഹി ഭൂമണ്ഡലചക്രവൎത്തീ. ൫൮

ഉത്സാഹമൂലന്നയസാരപുഷ്പം
കാൎയ്യദ്രുമം കാമഫലാവനമ്രം
വിവേകശക്ത്യാ നനയാത്ത നാളിൽ
വരണ്ടുപോം വേരൊടു കൂടെ നൂനം. ൫൯

വിലാസിനീനാം വിഹിതം വിധാത്രാ
വിധൂതസവം വിശ്വവിലോഭനീയം
വിചാൎയ്യ കൎത്തവ്യമതസ്സമസ്തം
പ്രകാരനിൎവ്വാഹമതോക്തമല്ലീ?"

ഇത്യൃചിഷീന്താം വചസാ നവേന
സംഭാവ്യ ചൊന്നാളഥ പുഷ്പലേഖാ
വിവേകിനാമുള്ളിൽ വിവേകബീജം
വിനിക്ഷിപന്തീ വചനൈരുദാരൈഃ. ൬൧

"ചന്ദ്രോത്സവത്തെച്ചെയ്യതിന്നെന്തു മൂല-
മെന്തീ ഫലം കൎമ്മമിതെപ്രകാരം
ആർചെയ്യതാരിന്നുപദേശകൎത്താ
നിരൂപണീയന്നിഖിലന്നികാമം. ൬൨

ഇതാവതിപ്പോളിതു മേലിൽ വന്ന-
തിതെന്നുമേ നല്ലതു വല്ലവന്നും
നിൎവ്വാഹമാകുന്നതിതെന്നറിഞ്ഞു
ചെയ്യുന്നു സംസാരവിചാരസാരം. ൬൩

മുഖേ സുഖദുഃഖസംഹസ്രമന്ത-
രിണങ്ങിരിപ്പൂ ഗതി മാദൃശീനാം
ഇതിന്നു ലോകോത്തരതാം വിധാതു-
മതിപ്രയത്നം നിയതം വിചാരേ. ൬൪

പരിഭ്രമം കസ്യചിദംഗനാനാം
പ്രധാനഭണ്ഡാരമതും വിചാരേ
യദി സ്ഥിതന്തൎഹി വരും വളൎന്നു
മരക്കലം മോഹമഹാംബുരാശൌ. ൬൫

യശസ്കരം കർമ്മ ഫലക്കുമുള്ളി-
ലിണക്കമുണ്ടാകിലവശ്യമിന്നോ
മുതിന്നന്വേഷ്യമതിന്നു നാന്നാം
തുണയ്ക്കുവേണം പുനരായവണ്ണം." ൩൬

തതോ വിശേഷാൽഗഭീരഗർഭാം
ഗിരം വദന്തീം വനജായതാക്ഷീം
സംഭാവ്യ വാചാ തെളിവോടുപാറെ-
ക്കൊട്ടാളുമിട്ടീ മധുരം ബഭാഷേ. ൩൭

"ചന്ദ്രോത്സവം മാരമഹോത്സവം വാ-
രേഷ്ടം വസന്തോത്സവമെന്നു മൂന്നും
ചൊല്ലാന്ന നല്ലാർക്കു വിധിച്ച കാര്യം *
കില്ലില്ലതിന്നെങ്കിലുമോർക്കവേണം. ൩൮

വശത്തു വാരാ പുനരുള്ളമെന്നും
വളയ്ക്കിലെന്നിക്കരുതുന്ന കാര്യം;
മഹാപ്രഭൂണാമപി കാണ്‌കെ തണ്ടി-
ലിരുന്നുകൂടാ വളവില്ലയെന്നാൽ. ൩൯

ഒന്നിന്നു ബന്ധുഃ പരിപന്ഥി ലോകേ
മറ്റൊന്നിനന്നോ പരിപന്ഥി ബന്ധുഃ
ആശ്ചര്യമീ ശാത്രവബാന്ധവാദി ‡
വികാരമോരോ നിനവിൻവിലാസാൽ. ൪൦

മനന്ധനം ചാപി പരേഷു കൃത്സ്നം
വഴങ്ങുമാകിൽപ്പിഴവല്ലെവന്നും;
കനംകെടാതേ കളവററ കാര്യേ
കൊടുക്കയും വേണമൊരിക്കൽ മെല്ലെ. ൪൧

നീർപ്പോളപോലേ വളരുന്ന ദേഹം
പോയ്പ്പോകിലാകാ പഴുതേ വധൂനാം:
വാഴ്‌വാന്നു കീർത്ത്യാ ഭുവനാന്തരാളം
പാൽപ്രായമാക്കേണമതോർക്കമല്ലി? ൪൨

---

* ചൊല്ലാൻനല്ലാർക്കു വിധിച്ചകാലം.
‡ ബാന്ധവശാത്രവാദി.

ദേഹം മഹാവ്യാധിശതോപജുഷ്ടം
മോഹാഭിപന്നം ജരയാ നിശീൎണ്ണം
മറന്നു നാം വേണ്ടുമിതിന്നുശുഭ്രം
യശശ്ശരീരം കൊതികൊൾകയല്ലീ? ൨൩

ചന്ദ്രോത്സവം ചഞ്ചലലോചനാനാ-
മുള്ളോന്നു സൗഭാഗ്യദമുത്സവാഗ്ര്യം
ചാതുൎയ്യമെന്തിന്നിതു ചെയ്തുകൊൾവാ-
നാളിന്നിയമ്മേദിനി വെൺനിലാവ്.” ൨൪

നിശമ്യ തസ്യാഗിരമിട്ടിയക്കീ-
മക്ഷീണവാണീമഭിനന്ദ്യ മൂൎദ്ധ്നാ
ഉദാരശീലാ കനകാവലീദം
ജഗാദ വാക്യം ജനകൎണ്ണഭോഗ്യം. ൨൫

“വേശാംഗനാവൃത്തിരിയം വിശീൎണ്ണാ
വിരാജതേ സംപ്രതി കേരളേഷു:
വായ്ക്കുന്ന സൽക്കൎമ്മസഹസ്രസിക്തം
ഭാഗ്യന്തദസ്യാഃ പരമാത്മസാരം. ൨൬

മോഹാഭിധാനാ പുനരുണ്ടു വല്ലീ-
സാരസ്യസൗഭാഗ്യദലാഭിരാമാ
ഭ്രമപ്രസൂനാ യുവചിത്തമത്ത-
മധുവ്രതാ സാ പരമാവലംബം. ൨൭

അകാലഗൎജ്ജാരകഷ്ടമോഹാ-
ദ്യുപദ്രവം പ്രേമമഹാപ്രഭ്രൂണാം
ചൊല്ലാൻ കല്യാണഗിരാമൊരോന്നേ
* വന്മയ്ക്കു നിൎമ്മിച്ച ഗളാൎദ്ധചന്ദ്രം. ൨൮

കുലേ വിശാലേ ഗണികാജനാനാം
ജാതാ മഹാലോകമനോഭിരാമാ
നമുക്കിദാനീം ജയശൃംഖലേവ
വിരാജതേ മേദിനിവെൺനിലാവ്. ൨൯

---

* വെണ്മയ്ക്കു.

അതുല്യശാങ്കോത്സവമർത്ഥനീയം
പ്രിയാ സഖീ വൃത്തിമതീ വിശേഷാൽ
അതിന്നുനാന്നാം പുനരായവണ്ണം
ചെയ്യേണമല്ലീ നിഖിലം പ്രയത്നം? ൬൦

കർപ്പൂരചൂർണ്ണം പനിനീർത്തടാകം
വെള്ളിക്കൊടിക്കൂറ കരണ്ഡമാലാ
കസ്തൂരി വെൺകുങ്കുമമിന്ദുകാന്ത-
മിത്യേൻഭരം മുമ്പിലലം പ്രലാപൈഃ" ൬൧

അഥാബ്രവീദംഗജസാർവ്വഭൗമ-
സാമ്രാജ്യസാർവ്വസ്വധുരന്ധരേണ
സ്മിതേന സംഭാവ്യ വചസ്തദീയ-
മമ്മാരചേമന്തിക സുന്ദരാംഗീ. ൬൨

"ഭവാദൃശീനാം പുരതസ്സുവാചാം
വാണീവിലാസാ മമ ലാഘവായ
കളസ്വനാനാം കളഹംസികാനാം
പുരസ്ഥിതായാ ഇവ കോകിലായാഃ ൬൩

കേൾപ്പുണ്ടുനാം പണ്ടഴകാന്ന ചന്ദ്രോ-
ത്സവാഭിധാനം പുനരുത്സവാഗ്ര്യം:
അതംഗനാനാം വിഹിതം വിധാത്രാ
വിശേഷസൗഭാഗ്യഫല പ്രദഞ്ച. ൬൪

നിരർഗ്ഗളം ദുർഗ്രഹമർത്ഥശാസ്ത്രം
കവന്നനേകം പറയാം പലർക്കും
പടച്ച് കൈവിട്ടിതുസാരമെന്നോ-
ർത്തറിഞ്ഞു ചൊൽകെന്നതതിപ്രയാസം. ൬൫

ആന്നാളിൽ നാമിന്നരുതെന്നിരുന്നാ-
ലാരിന്നു ചെയ്യുന്നതിനംഗനാസു?
ആസ്ഥാമതെല്ലാമിതിനെന്തിദാനീം
വളർന്നവൈഷമ്യമതോർക്കവേണ്ടു. ൬൬

വിചാരഭാവം വിഷമം വിശേഷി-
ച്ചുതേ വധൂനാമതിൽ മാദൃശീനാം:

കാലപ്രകാരന്തരൂപായമായ-
ന്നിരൂപണീയം ഭവതീഭിരിന്ന്. ൮൭

ആപത്തുകാലത്തിവൾതാൻ പിറപ്പാൻ
ചന്ദ്രോത്സവം നേൎന്നതിതമ്മതാനാം:
ലോകോത്തരത്വം ഫലമായതെന്നാൽ
കൎത്തവ്യമസ്മദ്വ്യസനം സമസ്തം. ൮൮

നീലക്കരിമ്പിൻകഴൽ കങ്കുമത്തിൻ
പച്ചത്തളിൎത്തുത്തണിമുല്ലമാലാ
വെൺപഞ്ചതാരപ്പൊടി വെങ്കലമ്പൂ-
ക്കിതെൻ ഭരം മററുമപൂൎവ്വമെല്ലാം. ൮൯

ചെയ്യുന്നതിമ്മേദിനിവെണ്ണിലാവു
ചന്ദ്രോത്സവം പിന്നെ മഹോത്സവാഗ്ര്യം
ഇതാവതല്ലെന്നിനി നിന്നടങ്ങാ-
വതല്ല പക്ഷം പുനരീദൃശമ്മേ." ൯൦

വാണീന്ദ്രദീയാ മുചിതാൎത്ഥപുഷ്ടാ-
മാകൎണ്ണ്യ മേവുന്തരളാധരീണാം
തസ്മിൻ ക്ഷണേ മാനവിമേനകായാ-
മപാംഗമാലാ സഹസാ പപാത. ൯൧

അഥോപധാനേ പുനരങ്കസംസ്ഥേ
വിചിത്രവൎണ്ണേ വിനിവേശിതേന
കരേണനാനാഭരണോജ്ജ്വലേന
മറച്ചു ദന്താംബരമംബുജാക്ഷി. ൯൨

താംബൂലവീടീം ശശികല്പകൎപ്പൂ-
രാമോദിനീം ദാതുമനപ്രവൃത്താം
ആസ്താം വധൂടീമരികേ നിഷണ്ണാ-
ന്നിവാൎയ്യകൈകൊണ്ടലസേന ഗ്രൂഢം, ൯൩

മനോഭിരാമേണ മൃദുസ്മിതേന
ക്ഷീരാംബുരാശിം പുനരുദ്വഹന്തി
അമ്മാനമീമേനക മാനനീയ-
മുപാദദേ വാക്യമനല്പശീലാ. ൯൪

"മനോജ്ഞവൎണ്ണാ സുവിചിത്രബന്ധാ
നിരസ്തനാനാസ്വഗുണാൎത്ഥപുഷ്ടാ
ഇമ്മാരപോമന്തിക ചൊന്ന വാണീ
മഹാകവേൎവ്വാഗിവ സുപ്രസന്നാ. ൯൫

ചന്ദ്രോത്സവഞ്ചെയ്ത വിലാസിനീനാ-
മിന്ദ്രോത്സവഞ്ചെയ്ത മഹീപതീനാം
ഉള്ളോന്നു പണ്ടേ ഫലമേതയോൎഹി
ലോകോത്തരത്വം വിഹിതം വിധാത്രാ. ൯൬

സംസാരവും വൈശികവും വളൎന്ന
ഭാഗ്യോപഭോഗ്യങ്ങളുദാരവാചാം:
കാൽക്കീഴമക്കാമിവരന്നുകൊണ്ടും
ചന്ദ്രാൎക്കവക്ഷോജവതീന്ത്രിലോകീം. ൯൭

സംസാരഭോഗം വസുധാധിപാനാം;
വധൂജനാനാമപരം പ്രധാനം;
മനുപ്രണീതം പ്രഥമം; ദ്വിതീയ-
മ്മുനിപ്രണീതം; ധനഹേതു രണ്ടും. ൯൮

ഭൂപാലസാമന്തകുലാധികാരി
മന്ത്രിപ്രധാനം പ്രഥമം; ദ്വിതീയം
വധൂജനിത്രീകുലബന്ധുകാന്ത-
ദൂതീകവീന്ദ്രോപപതിപ്രധാനം. ൯൯

ആലംബനം വീരരസസ്യപൂൎവ്വം;
പരം ഹി ശൃംഗാരരസസ്യമുഖ്യം;
ശൗൎയ്യപ്രധാനം പുനരൊന്നു; പിന്നെ
മറേറതു കേളീവിനയപ്രധാനം. ൱൦൦

പററാമശേഷം പലരോടുമൎത്ഥ്ച്ചേ-
ന്നീരണ്ടുകൊണ്ടുന്നിലവെല്ലുമാകിൽ
കാൎയ്യേഷു ചാലെക്കളിതന്നിലും വീ-
*ണ്ണുമുത്തിയും മുത്തിയുമാംപ്രകാരം. ൱൧

* അമുക്തിയും മുക്തിയും.

ഇന്ദ്രോത്സവാന്തേ നവരത്നപുഷ്പാ-
ഞ്ജലികൾ കൎത്താഭുവിസാൎവ്വഭൌമഃ
ചന്ദ്രോത്സവാന്തേ കുസുമാഞ്ജലിക്കം
വിലാസിനീ ഭാഗ്യവതീ തഥൈവ. ൱൨

ചന്ദ്രോത്സവാന്തേ ചരണപ്രണാമം
കനീയസീഭിഃ കരണീയമെങ്ങും:
ശാസ്ത്രങ്ങളിൽ ചൊന്നതറിഞ്ഞവണ്ണം
ചെയ്യുന്നതല്ലോ കുലമംഗഭാജാം. ൱൩

ചന്ദ്രോത്സവാഘോഷ്യലമസ്തുസൂക്തി-
മുക്താസമാരാധന വൈഭവേന
എന്നാലിയം മേദിനിവെണ്ണിലാവു
ലോകോത്തരാ ഭാഗ്യവതീ ച നൂനം. ൱൪

പ്രയോഗസാരാദിഷു ചന്ദ്രപൂജാ
ദൃഷ്ടാ വരിഷ്ഠാ ച വധൂജനാനാം
ശാസ്ത്രീയമെന്നും വരമംഗനാനാം
വിധാനമെന്നും ഭുവി സുപ്രസിദ്ധം. ൱൫

പാണൌഗൃഹീതേ മദനദ്വിഷാ ശ്രീ-
കൈലാസമാരുഹ്യ കിലാമരീഭിഃ
ചക്രേ ശശാങ്കോത്സവമദ്രികന്യാ-
ത്തേനാഭവത്സാ ജഗദച്ചനീയാ. ൱൬

രംഭാ ശചീ മേനക താൻ ഘൃതാചീ
തഥോൎവ്വശീ മറവു തിലോത്തമാ ച
ചന്ദ്രോത്സവഞ്ചെയ്ത നിമിത്തമത്രേ
ലോകേ യശോഭാജനതാം പ്രപന്നാഃ ൱൭

പാഞ്ചാലി താൻ പാണ്ഡവസേക്ഷണാഭി-
ശ്ചക്രേ ശശാങ്കോത്സവമാദരേണ
യസ്യാഃ പ്രസാദേന നിവൃത്തിമേനാ-
മാശ്രിത്യ ലോകേ സുഖമാസ്മഹേ നാം. ൱൮

ശാസ്ത്രേഷു ലോകേഷു ച സുപ്രസിദ്ധം
പ്രൌഢാഭിരംഗീകൃതമംഗനാഭിഃ

എന്നാലതന്വേഷ്യമവശ്യമസ്യ
ക്രിയാക്രമഞ്ചൊരു നിരൂപണീയം. ൧൦൯

യഃ ശ്രൂയതേ സ്ഥാവരകല്പവല്ലീ
നാമ്നാ വധൂലോകമനോഭിരാമഃ
സൽ സംപ്രദായക്രമമങ്ങു സിദ്ധം
ചന്ദ്രോത്സവത്തിന്നുപദേശഭാഗം. ൧൧൦

ശ്രുഭേദിനേ വെള്ളിവിളക്കു വെണ്മാ-
ളികാസു വസ്ത്രേണമതസ്മദീയം:
എല്ലാക്കുമൊന്നോ മതമെങ്ങനേ ചൊൽ-
കതിന്നു ലോകം പരമം പ്രമാണം." ൧൧൧

"ഇമ്മാനവീമേനക ചൊന്നതേതി-
ച്ചന്ദ്രോത്സവന്തൊട്ടധുനാ വധൂഭിഃ
തൽ സർവ്വമാദൃത്യ നിരന്തരേണ
ചെയ്യാം വയമ്മററിയാവതല്ല." ൧൧൨

ഇത്ഥം വദന്തീഷു വിലാസിനീഷു
സർവ്വാസു പർവ്വേന്ദുമുഖീഷു തൂർണ്ണം
സാ മാനവീമേനക മേദിനീവെ-
ണ്ണിലാവിനെ പ്രേരയതിസ്മ ദൃഷ്ട്യാ. ൧൧൩

അന്നേരമുത്ഥായ നിരസ്തഗർവ്വം
പ്രദക്ഷിണഞ്ചെയ്തു വധൂസമാജം
മദ്ധ്യേ നമസ്കൃത്യ വണങ്ങിനിന്നാ-
ളരക്ഷണം മേദിനിവെണ്ണിലാവ്. ൧൧൪

തസ്മിൻ ക്ഷണേ കിന്നു ഭവിഷ്യതീതി
വിഷാദമാസീദസിതായതാക്ഷ്യാഃ
തെക്കെലനാഥപ്രതിബോധഹേതു-
ശ്ശംഖധ്വനിസ്തും പുനരുന്മമാർജ്ജ. ൧൧൫

ആകർണ്ണ്യ ശംഖധ്വനിമംഗനാസ്താ
വിസ്താരയന്ത്യോ മനസഃ പ്രമോദം
അന്യോന്യമാലോക്യ തെളിഞ്ഞു ചൊന്നാ-
രന്നേരമേ വാചമുദാരവാചഃ ൧൧൬

“ചന്ദ്രോത്സവം ചെയ്യണിവെണ്ണിലാവിൻ-
നേരൊത്തകീർത്ത്യാ നിഖിലം പ്രപഞ്ചം
നിഷ്കന്മഷം വെങ്കളിയിട്ടമുഷ്മിൻ
ന്നൂററാണ്ടിരുന്നീടുനിരൂഢകാമം!” ൧൧൭

ഏവന്തദാനീം വചസായതാക്ഷീം
സംഭാവ്യ സഖ്യാ മകരന്ദവാചഃ
ഉത്തസ്ഫുരംഗാഭരണപ്രഭാഭി-
രുദ്ദീപയന്ത്യോ മണിമന്ദ്രശാലാം. ൧൧൮

യഥാർഹമെല്ലാരെയുമന്നപാന
കസ്തൂരികാകുങ്കുമചന്ദനാദ്യൈഃ
സംഭാവ്യ സാ ചന്ദ്രമഹോത്സവത്തി-
ന്നാഗച്ഛതേതി പ്രണതാനുജജ്ഞേ. ൧൧൯

സാപി പ്രസന്നേന്ദുമുഖീ സഖീഭി-
രനുപ്രയാതാ സ്വഗൃഹം സമേത്യ
വിപ്രം പുരസ്കൃത്യ ശുഭേ മുഹൂർത്തേ
ചക്രേ ശശാങ്കോത്സവദീപപൂജാം. ൧൨൦

വിധായ ദാനാനി വിലാസിനീനാം-
ശിഖാമണിർമ്മേദിനിവെണ്ണിലാവ്
അഗ്രേസഖീനാമവനീസുരേന്ദ്ര-
മിന്ദ്രാനുജാഭന്തെളിവോടവോചൽ. ൧൨൧

“ചന്ദ്രോത്സവം കാരയിതും പ്രണമ്യ
വൃണേഭവന്തം കുലദേശികേന്ദ്രം:
ഭവൽപദാംഭോരുഹഭക്തിഭാജാ-
മൊരുത്തി ഞാനും പുനരെന്നവേഹി.” ൧൨൨

ഇതിബ്രുവാണാം കമനീം കരേണ
തലോടി വാടാതമുഖാരവിന്ദാം
ചന്ദ്രോത്സവത്തിന്നു വിധിച്ചതെല്ലാ-
മുവാച വാചാ വചസാമധീശഃ ൧൨൩

“ചന്ദ്രാനനേ ചന്ദ്രമഹോത്സവന്തേ
പഞ്ചാഹമാക്കേണമതേറെ നല്ലൂ

ക്രമേണ പഞ്ചായുധമാൎഗ്ഗണൈരഹ-
ന്നിശാസു നിത്യം വിധുരച്ഛനീയഃ ൱൨൪

അതിന്നു ശാസ്ത്രേ വിഹിതം സുവൎത്മ-
സഹസ്രദണ്ഡപ്രമിതാ ധരിത്രീ
ശിവാലയത്തിന്നരികേ വിളങ്ങും
പ്രദക്ഷിണാവൎത്തജലാ നദീ ച. ൱൨൫

തസ്യാഞ്ചമയ്ക്കേണമുയൎന്ന സൗധം
മനോഹരം മാനിനി, പഞ്ചഭൗമം:
ചന്ദ്രദ്ധ്വജഞ്ചന്ദനപാദപങ്കൊ-
ണ്ടുണ്ടാക്കവേണം വിലസൽപതാകം. ൱൨൬

ശൃംഗാരവെൺകുപ്പിവിളക്കലക്ഷ-
മ്മേലേതിൽ വേണ്ടു നിയമേന രാത്രൗ:
മദ്ധ്യേ പതിയ്ക്കേണമനംഗവെള്ളി-
ക്കണ്ണാടി പൂൎണ്ണാഞ്ജലി ചെയ്വതിന്നായ്. ൱൨൭

കിഴക്കുതെക്കേ വളൎവെള്ളിമാട-
ന്നിനക്കിരിപ്പാൻ പുനരൊന്നു വേണം:
അതിന്നടുത്തൊന്നു നമുക്കുമേഘ്യ-
മാടം കിഴക്കേ പണിചെയ്ക തുംഗം. ൱൨൮

വിളക്കുമാടസ്യ തു ദക്ഷിണേന
ചമയ്ക്ക തുംഗം കലശസ്യ രംഗം:
അടുത്തിടത്തേ പണിചെയ്ക ചിത്രം
ചന്ദ്രോത്സവശ്രീമുളമണ്ഡപഞ്ച. ൱൨൯

ഇതിന്നു ചുററും പതിനെട്ടു വേണ്ടു
മാടങ്ങളുദ്യദ്ദ്യുതി സംഘഭാജാം:
തെക്കേ ചമയ്ക്കേണമുയൎന്ന രാജ-
മാടം മനോജ്ഞം ബഹുശില്പലക്ഷ്യം. ൱൩൦

യഥാപ്രധാനം പണിചെയ്ക വാര-
സ്ത്രീണാംനിലാമിററമതിന്നു ചുഴം
നിറംപെറും കൈനിലകൊണ്ടു ചുഴം
നിറച്ചുകൊള്ളാം വിധിയിപ്പ്രകാരം. ൱൩൧

പൊൽപ്പാലികാനാം വക ചന്ദ്രകാന്ത-
ക്കൽകൊണ്ടു വേണ്ടു പതിനാറിദാനീം:
കസ്തൂരി കപ്പൂരമുദാത്തചൂൎണ്ണം
നിക്ഷേപണദ്രവ്യമവററിലേററം. ൧൩൨

കർപ്പൂരചൂൎണ്ണം വിഹിതം വിശേഷി-
ച്ചരിപ്പൊടിസ്ഥാനമനംഗബന്ധോഃ
പത്രേഷു മഞ്ഞൾപ്പൊടി മഞ്ജുവാണി!
കാശ്മീരചൂൎണ്ണം വികചാൎണ്ണവാൎണ്ണം. ൧൩൩

ഇതിൽ മുളദ്രവ്യമനംഗബാണ-
ബീജങ്ങളഞ്ചും വിഹിതം വിധാത്രാ:
നൂൽകൊണ്ടു വേണ്ടുന്നതു വെൺകലമ്പ-
ന്മാലാഭിരാലോലമധുവ്രതാഭിഃ ൧൩൪

നീലക്കരിമ്പിൻകഴലെട്ടുവേണം
നീലാരവിന്ദാക്ഷി, നിവിന്നവററാൽ:
മുല്ലപ്രഭാഭാസുരമത്ര വേണം
വെള്ളിക്കൊടിക്കൂറ മഹോത്സവാദൌ. ൧൩൫

നൂററൊന്നു വേണ്ടു കലശങ്ങളിന്ദോ-
ന്നിശീഥകാലേ പുനരുത്സവേഷു
ഹിമാംബുഭിസ്സംപരിപൂൎയ്യ മേന്മേ-
ലണിഞ്ഞ കാശ്മീരലതാപ്രവാളൈഃ ൧൩൬

ത്രിസന്ധ്യമിന്ദോന്നവ പഞ്ചതാര-
പ്പൈമ്പാൽകളിപ്പായസമായതാക്ഷി!
നിവേദ്യമാകുന്നതു;തിന്നുപുഷ്പ-
മല്ലാലപേ! വെണ്മലർമുല്ലതന്നേ. ൧൩൭

ദാനങ്ങൾ ചെയ്യേണമനേകമായോ-
ളവും കൊടുക്കെന്നതിനുത്തമാംഗം
ജാതിപ്രസൂനം പനിനീരിൽ മുക്കി-
ച്ചാന്ദ്രേണ സർവ്വം വിധിനാ വിധേയം. ൧൩൮

വെള്ളിക്കുടം വെള്ളിവിളക്കു വെള്ളി-
ക്കിണ്ണങ്ങൾ വെള്ളിത്തറ വെള്ളിമാടം

വെള്ളിക്കൊടിക്കൂറ വളൎന്ന വെള്ളി-
പ്പീറങ്ങൾ വേണം പുനരായതാക്ഷി! ൩൯

ശ്രീചന്ദ്രകാന്തത്തറമേലമേയ-
മാവാഹ്യ പൂൎണ്ണേന്ദുമതിപ്രസന്നം
ദ്രാക്ഷാരസാൎദ്രൈരഴകാൎന്നലാജൈർ-
ബ്ബലിൎവ്വിധേയഃ പുനരുത്സവാഗ്രേ. ൪൦

നിശാസു നിത്യം മണിമാടമുച്ചൈ-
രാരുഹ്യ പുഷ്പാഞ്ജലിമഞ്ചുവട്ടം
ചെയ്യേണമിന്ദൂദയമങ്ങു കണ്ടാൽ
മുൽപ്പെട്ടു താല്പൎയ്യവതി, ശുഭേഷു. ൪൧

സുമേഷു ചൊല്ലാമരവിന്ദഭൌമം
നമേതശോകം വിഹിതം ദ്വിതീയം
ചൂതം തൃതീയന്നവമല്ലികാഖ്യം
പിന്നേതു, പിന്നേതസിതോല്പലാഖ്യം. ൪൨

വിധാനമേകാദശിനാൾ തുടങ്ങി
മനോഹരേ ശാരദപൂൎവ്വപക്ഷേ:
ക്രമേണ കാമായുധനാമമഞ്ചും
ചന്ദ്രോത്സവശ്രീദിനനാമധേയം. ൪൩

ക്രമേണ ചെയ്യ്‌വൂ നില നാലിൽ നിന്നും
ചന്ദ്രാൎച്ചനം മാനിനി! നാലുനാളും
അഞ്ചാം നിശീഥേ പുനരന്ത്യഭൌമേ
പൂൎണ്ണാഞ്ജലിഞ്ചെയ്തു സമാപ്തി വേണ്ടൂ. ൪൪

പ്രധാനമെല്ലായിലുമന്തരായം
വരായ്ക മദ്ധ്യേ മഹനീയകീൎത്തേ,
തെക്കേക്കലുനാഥനെത്തൊഴുതംബുജാക്ഷി!
വെൺതുമ്പ നെടേണമതിന്നു മുമ്പേ. ൪൫

നിൎവിഘ്നമെന്നാലിതു ഹിററിലപ്പ-
ള്ളിനാട്ടു പണ്ടേ ഭുവി രാമരാജ്യം
അതിന്നു ശാസ്താ പുനരിന്നുകണ്ഠൻ-
കോതക്ഷമാപാലനുദാരചേതാഃ” ൪൬

ഏവം ബ്രുവാണനന്ധരണീസുരേന്ദ്രം
പ്രണമ്യ സാ മേദിനി വെണ്ണിലാവ്
'നിർവ്വോഢുമേതൽ കുലദേശികേന്ദ്രാ!
ഭവാനിഹാസ്ത്വാ'മിതി വാചമൂചേ. ൫൧

വിചാര്യ്യ സർവ്വം വരകല്പവല്ലീ
വിളിച്ചുകൊണ്ടാശ്ശു നിദേശഭാജഃ
ഉവാച കിന്തിഷ്ഠഥ യൂയമെല്ലാ-
മൊരുക്കുകെന്നുന്നതയാ ച വാചാ. ൫൨

വളർന്നു സന്തോഷം മനസി വരകല്പുള്ളിവചസാ
തളർന്നു സർവ്വാസാമപരകരണീയേഷു മനനം
പരന്നുവാർത്താ മൂവുലകിലഥ ചന്ദ്രോത്സവരസം
കലർന്നാശാചക്രം മുഴുമതെ മനോമോഹനമഭ്രൽ. ൫൩

മൂന്നാം ഭാഗം കഴിഞ്ഞു.

നാലാം ഭാഗം.

അഥ നിലാവുമണിഞ്ഞമലാംബരാ
നളിനമെന്നുമുപായനധാരിണീ
ശരദസേവത മേദിനിവെണ്ണിലാ-
വിനെ മനോഭവമോഹനപിഞ്ഛികാ. ൧

വെളുവെളെച്ചിതറും ജലദാവലീ
വിരുരുചേ വിയദങ്കണസീമനി
മണമിയന്നു വരുന്ന ശരദ്വധൂ
മധുരഹാസമരീചിമനോഹരാ. ൨

വിഗതമേഘജലന്നവതാരകാ-
മണിഗണോജ്ജ്വലവധ്വംബരമംബരം
സമമഗസ്ത്യനിപീതപയോധിനാ
സമഭവന്മദിരാക്ഷി! നിശാമുഖേ. ൩

ജലവിഹംഗമവാഗ്ഭിരുപാഹ്വയൽ
കമലിനീം ശരദാപ്തസഖീമിവ
നളിനവക്ത്രമുയൎത്തി മൃദുസ്മിതൈ-
രകൃത തൽപ്രതിസൽകൃതിമാശു സാ. ൪

ശശിമഹോത്സവകാലമിതെന്നു ചെ-
ന്നഴകിനോടു നിവേദയിതും ക്ഷണാൽ
മധുപമാല തിരണ്ടു മുരണ്ടു മൂ-
വുലകിലും നടകൊണ്ടു രരാജത. ൫

ജലദപങ്കമറെക്കഴുകീടുവാ-
നമലചന്ദ്രകലാമൃതവാരിധൗ
മരതകപ്രതിമാ ഗഗനസ്ഥലീ
സമവഗാഹത യാമവതീമുഖേ. ൬

വികചസപ്തദലപ്രസവോത്ഭവൈ-
രഴകെഴും പൊടിഭിൎവ്വിചകാശിരേ
ദശദിശസ്സുരമോഹമഹൗഷധൈ-
രിവ മനോനയനഭ്രമദായിഭിഃ ൭

കളരുതം കളഹംസകുലം ബഭൗ
കമലിനീഷു കലാപതികോമളം
കലിതകൗതുകമിന്ദുമഹോത്സവം
കഥയതീവ പരസ്പരമാസ്ഥയാ. ൮

കഴമനെൽക്കതിർ കൊത്തിയുടൻ കള-
കപണിതമമ്പിൽ മുറിഞ്ഞു മുറിഞ്ഞുപോയ്
ഗഗന സീമനി കാമിനി! പംക്തിത-
ശ്ശുകകുലം കലിതോത്സവമാബഭൗ. ൯

കമലിനീമവഗാഹ്യ മണന്തകം
പൊടിഭിരംഗമണിഞ്ഞ തിമെദ്ദുരം
പവനഗന്ധഗജഃ സുരഭീവിതം
ഹൃദയമാശു ബിഭേദ വിയോഗിനാം. ൧൦

ശരദനേഹസി മേതില[illegible]
ഞെ[illegible] ധിണാമമു[illegible]:

അജനി ഭാമിനി! മേദിനിവെണ്ണിലാ-
വമൃതഭാനമഹോത്സവകാംക്ഷിണീ. ൰൧

അഥ മനോനയനാഭിമതം വഹൻ
വപുരബാലനിശാകരസോദരം
വസുമതീപതി ചന്ദ്രമഹോത്സവം
തെളിവിനോടഭിരക്ഷിതുമായയൌ. ൰൨

ഉലകിടമ്മുഴുവൻ കലിസൈനികൈ-
ന്നിബിഡിതേ ഭയമാണ്ടു വിരണ്ടുപോയ്
യമവലംബ്യ യഥാസുഖമിന്നുമ-
കൃതയുഗം വസതി പ്രമുഖേ നൃണാം. ൰൩

മൃഗദൃശാമുദരേ കൃശതാ തഥാ
കുടിലതാ കുരു കുന്തളസീമനി
കഠിനതാ ച കുചേ പരിശോഭതേ
ജനപദേഷു യദാശ്രയിഷു സ്ഫുടം. ൰൪

നളിനമാനിനി മാനവതാം പരം
യമവലോക്യ നിസർഗ്ഗമനോഹരം
കനൃപവീക്ഷണദുഃഖമഹന്നിശം
ചുവടറെക്കളെയുന്നിതനാകുലം. ൰൫

കമനിമാരുമരിക്ഷിതിപാലരും
കവികളും കളഭാഷിണിമാർമണേ!
മദനനെന്നുമൊരന്തകനെന്നുമ-
ങ്ങമരപാദപമെന്നുമുശന്തി യം. ൰൬

അരിരുധിരമധൂളീമാഗളം കോരിവായ്ക്കൊ-
ണ്ടിളകിന കരവാളീം കമ്പയിത്വാ കരേണ
തരുണതപനവർണ്ണോന്നാത്മസൈന്യേന വന്നാ-
മ്മണിഗൃഹമഥ കണ്ടങ്കോത താനാവിവേശ. ൰൭

തദനു നൃപസമീക്ഷാസൽകൃതിവ്യഗ്രനാനാ-
കുവലയനയനാനാം സംഭ്രമഃ കോപി ജജ്ഞേ
പെരുകിന പരിമർദ്ദേ ഭിന്നഭൂഷാമണീനാ-
മഹമഹമികയാവന്നാസ്ഥിതാനാം ഗവാക്ഷേ. ൰൮

ദ്രവ്യൈരനല്പമധുരൈരമൃതോപമാനൈ-
സ്സംഭാവിതോ നൃപതിരംബുരുഹായതാക്ഷ്യാ
കാലേ തുടങ്ങുക വിധൂത്സവമെന്നിവണ്ണം
വാചാ സുധാമധുരയാ ചതുരം ബഭാഷേ. ൯൯

നാളേ ചന്ദ്രോത്സവവിധിസമാരംഭമെന്നിട്ടൊരോരോ-
ദേശേഭ്യോ വന്നഴകൊടു നിറഞ്ഞൂ മഹാലോകരെങ്ങും:
തേഷാമേഷാ കനിവൊടു യഥായോഗ്യമത്രേ നിവാസ-
സ്ഥാനം മീനദ്ധ്വജജയപദീ കല്പയാമാസ രമ്യം. ൱

കളമൃദുവചനേ! കേൾ ഞാനുമവ്വണ്ണമേ ചെ-
ന്നിളകുമമരനാരീമേദുരേ വ്യോമമാർഗ്ഗേ
കളഭപരിമളങ്കൊണ്ടിണ്ട കെട്ടിത്തിരണ്ടു-
ള്ളളികുലനിബിഡീസേ നിന്നു കണ്ടേനതെല്ലാം. ൱൧

അന്തിക്കുങ്കുമവല്ലിമേലഴകെഴും പൊൽപ്പൂങ്കുലപ്രായമായ്
മേലന്താവിന ഭാനുബിംബമഖിലം ചെങ്ങിച്ചുവക്കുംവിധൌ
സംവർത്താംബുദനാദവൽപ്പുരമരക്കുവീടടുത്താകുലം
കേൾക്കായീപുനരൊച്ചവിശ്വജനതാവിസ്മാപകം ഭൂതലേ. ൱൨

വാടാമാലക്കുഴലികളതാ കണ്ണു് കണ്ണാഭിരാമം *
ഘോഷന്ദോഷാരമണരമണീയോത്സവായോത്സുകിന്യഃ
കാന്തൈസ്സാകം പുനരിളകിനാരക്ഷണേ കല്പവൃക്ഷ-
വാതാധൂതാ ഇവ സുരലതാ നന്ദനേ നന്ദനീയേ. ൱൩

തുടുതുടെയണിവായും കൊങ്കയും കൊണ്ടുകണ്ടി-
ക്കുഴലികൾ തറയേറിക്കൗതുകാനന്ദസാന്ദ്രം
പെരിയ വരവു കാണ്മാൻ പാത്തുവേനിന്നു വൈയ്യാ-
കരസമഭിധാനാം ഭാമിനീ, ശ്രാവകാണാം. ൱൪

കാശ്മീരകർദ്ദമസമുദ്രതരംഗമാലാ
ജാലങ്ങളെങ്ങുമിടചേർന്നിളകുന്നപോലേ
ചെങ്ങിച്ചുവന്ന പരിചപ്രഭ മേതിലെങ്ങും
മുങ്ങീ ഘനേ രജസി മൂവുലകന്തദാനീം. ൱൫

---

* കൌത്തുഫലാർദ്ധം.

‡ തോപ്പാരം കച്ചകാവിപ്പരിച നിറമെഴും
　　ചെങ്കൊടിക്കൂറമററും
ചൊൽപ്പൊങ്ങും ഭൂഷണാനാം വക രജസി ഘനേ
　　മുന്നിലമ്മിന്നൽ പോലേ
ഒപ്പംകാണായ് തുടങ്ങീ പുനരതിൽ നടുവേ
　　വായ്ക്കുമക്ഷൌഢ്ഗികാനാ-
മത്ഭ്യാസാശ്ചര്യ്യചര്യ്യാ സകലഭുവനവി-
　　സ്മാപനീ തത്ര ജാതാ. ൨൬

രക്തോദംകൊണ്ടു രാജ്ഞാം പകലിരവിരുപ-
　　ത്തൊന്നു വട്ടം പിതൃണാം
തൃപ്തിപ്പെട്ട ലോകേ ജയശ്രീമയവിരുതു വിളി-
　　പ്പിച്ച ശൗര്യ്യാംബുരാശേഃ
വീര്യ്യാങ്കുരാഇവാഗ്രേ ജവപരശുധരാഃ *
　　കണ്ഠരാമാഭിധാനാ
വന്നാരിന്നുത്സവത്തിന്നഹമഹമികയാ
　　ശ്രാവകാ ശ്രാവ്യമാനാഃ ൨൭

ഭ്രമര മുമ്പുകളിക്കു മേവിന പുളിക്കീഴ് മുമ്പിൽ വേഴപ്പറ-
മ്പൊപ്പം ചേർന്ന പുറക്കടിങ്ങകമകത്തന്ന്യത്രബദ്ധാദരം
മുഗ്ദ്ധാഭാഷിണി! തത്തമംഗലമസിശ്രേണീമഹഃശ്യാമളം
മദ്ധ്യേ പുല്ലിപ്പുറത്തു ചാത്തിരതുമായ്വന്നീടിനാരുത്സവേ. ൨൮

തദനു പുടപുഴങ്ങി തപ്പു പിൽപ്പാട്ടുകൂടെ-
പ്പുനരപി ച കലുങ്ങീ ലോകമെന്തോന്നിതെന്നു്
അസികുലമുഖഭാസാ മേദിനീചക്രവാളം
ക്ഷണമജനി സഹസ്രാദിത്യകല്പന്തദാനീം. ൨൯

ഒക്കെട്ടിക്കഞ്ജരാണാം ചെവി പൊടിപെടുമാ-
　　റത്ഭുതന്തപ്പു കൊട്ടി-
ച്ചൊൽപ്പൊങ്ങുന്നായുധാനാമിളകിന മഹസാ
　　ഭാസയന്തോ ദിഗന്താൻ

---

‡ കുപ്പാസംകാചമാലം.　　* പരമധന്വാഃ

വിഖ്യാതാനാം വധൂനാന്നയനകുവലയൈ-
രര്‍ച്ച്യമാനാസ്തദാനീം
തിക്കി പ്രാഭാകരശ്ശ്രാവകരഴകെഴുമി-
ന്നുത്സവത്തിന്നു വന്നാര്‍. ൩൦

സൌജന്യംകൊണ്ടു പണ്ടേ ജഗതി വിരുതുടി-
ക്കുന്ന കീഴ്‌വീതി മുമ്പില്‍
പിമ്പേ വെള്ളാങ്ങല്ലൂര്‍ഭാസ്കരമുഖരിതനാ-
രായണാ ദക്ഷഭാഗേ
തിട്ടപ്പുള്ളിദ്വിജേന്ദ്രൈരപരദിശി തഥാ-
ചാഴികാടത്രമദ്ധ്യേ
പാലക്കാടേവമേതേ ബധിരതിദിശമി-
ന്നുത്സവത്തിന്നു വന്നാര്‍. ൩൧

ആട്ടിപ്പായിച്ചുകൊണ്ടേ തിരവിയമരുസംഘങ്ങളെത്തങ്ങളേത്തും
വാട്ടന്തട്ടാതെ വാളുഞ്ചുരികയുമിളകുന്തവും കയ്യിലേന്തി
കൂട്ടംകൂടിത്തിമര്‍ത്താര്‍ത്തമൃതമൊഴി! ചമഞ്ഞത്ഭുതം തപ്പുകൊട്ടി
ഭാട്ടന്മാര്‍ വന്നു ചന്ദ്രോത്സവമഴകൊടണിഞ്ഞീടിനാത്രൂഢമാനം. ൩൨

അഗ്രേ നാട്ടിയ മംഗലം പുനരടുത്താമ്മാരു ചുണ്ടയ്ക്കുമ-
ണ്ണൊപ്പഞ്ചോതിരഭ്രസുരൈരസിമഹഃ ശ്യാമായമാനാന്തികൈഃ
ചൊല്‍ക്കൊണ്ടോറവുപുറം വലത്തപരതോ നല്‍ത്താമരച്ചേരിമാര്‍
മദ്ധ്യേ നെന്മേനിമാരിവണ്ണമവിശന്‍ ഭാട്ടാവരിഷ്ഠോദയാഃ ൩൩

മിട്ടാല്‍കവിഞ്ഞുദധിപോന്നു വരുന്നപോലെ
പുഷ്ടാദരം ഭുവനമോഹനരൂപഭാജഃ
ചട്ടറചാത്തിരരകത്തവിശന്‍ വിശങ്കം
കൊട്ടിച്ചുകൊണ്ടമൃതഭാനുമഹോത്സവായ. ൩൪

കണ്ടങ്കോതക്ഷമാഭൃത്‍ പരിവൃഢമരികേ
ചെന്നു സേവിച്ചുമാധവീ-
മാധുര്യാടോപമോടുംവിധമഭിനവമാ-
പീയ വാക്യാമൃതന്തേ

പൊൽപ്പൂമാതിൻമിഴിക്കോൺനിഴലിലഴകെഴും
　　മേദിനീ വെണ്ണിലാവി-
ന്നഭ്യാശേ ചെന്നു നൽപ്പാൽമയമൃദുഹസിതേ-
　　നാഭിഷിക്താസ്തദാനീം. ൩൫

ചട്ടററചന്ദ്രോത്സവവേല കാണ്മാ-
നഷ്ടാദശദ്വീപുകൾ വന്നപോലെ
ചുററും വിളങ്ങും മണിമാളികാസു
പുക്കാരമീ പൂണ്ണപരിച്ഛദാസ്തേ. ൩൬

അടുത്തുടരെ മുഴങ്ങുന്നാടിമാസേ പയോധൌ
പെരിയ പുഴകളെല്ലാം ചെന്നു കൂട്ടുന്ന പോലേ
തെളിവിനൊടിടക്കൂടി വന്നു ചന്ദ്രോത്സവത്തി-
ന്നവരവരനുവേലം മേദിനീചന്ദ്രികായാഃ ൩൭

പേടമാനൊടു പൊരുന്ന കണ്മലരുമുന്മ-
　　ദേന ഗിരിണാപിണ-
ങ്ങീടുവാൻ വളരുമാരവാർമുലയുമന്തി-
　　വെന്ന മംഗലിവായുമായ്
ഓടനാട്ടുകാരെ വീടമന്ന വരവാര-
　　വാമനയനാജനം
ഗാഢകൗതുകമണിഞ്ഞു വന്നു തറയേറി-
　　നാരഥ വിധൂത്സവേ. ൩൮

കണ്ടിയൂർ നിലയമാണ്ട തണ്ടിമൊഴിമാരുമമ്മതിലകന്തകും
കണ്ടിവാർകുഴലിമാരുമാരമുലയും ചുമന്നലസലോചനാഃ
തണ്ടിടഞ്ഞിടയിൽ വെട്ടി വെന്ന തരുണൈരുപേതകരുണൈസ്സമം
പുണ്ഡരീകമിഴിമാർ ചമഞ്ഞു തറയേറിനാരഥവിധൂത്സവേ. ൩൯

പുന്നവാർകുഴലി, പാലയൂർ നിലയമാണ്ട തണ്ടിമൊഴിമാർ ചമ-
ഞ്ഞന്യകാര്യമഖിലം വെടിഞ്ഞു ധനിഭിസ്സമം ധനദസമ്മിതൈഃ
ഉന്നതസ്തനി! മണം കലന്ന തരകിൽ തകും തരുണിമാരെയും
മുൻനടത്തി വിരവോടു വന്നു തറയേറിനാരഥ വിധൂത്സവേ. ൪൦

ശങ്കരായ നമ! ഭൃംഗമാലയൊടിടഞ്ഞപാംഗമയശൃംഖലാ-
സങ്കലീകൃതമശേഷലോകമടിമപ്പെടുക്കമലസേക്ഷണം

മംഗലാംഗി മദനപ്പടയ്ക്കു മുഖവട്ടമായ നടുവട്ടമാ-
ണ്ടംഗനാജനമണിഞ്ഞു വന്നു തറയേറിനാരഥ വിധൂത്സവേ. ൪൧

ഒന്നിനൊന്നു പട്ടുകുന്നിനോട്ടുപിശകീട്ടുമാറുമുലയും ജയം-
വെന്ന നീൾമിഴിയുമാഴിമാതൊടിടയുന്നമല്ലതനുവല്ലിയും
കുന്നിവെന്ന മണിവായുമായ് വിധുമഹോത്സവത്തിനു ചമഞ്ഞിട-
ക്കുന്നിൽനിന്നു മധുവാണിമാർ പലരുമാശുവന്നു തറയേറിനാർ. ൪൨

കാളമേഘപടലങ്ങളോട്ടുപടചെന്ന-
മർത്തു പരിവട്ടവും
വാളുമമ്പൊട്ടുപിടിച്ചുമെയ് വിരുതടിച്ച
കൈശികമനോഹരാ
ബാലികാമകുടമാലികാത്ധടിതി ഹന്ത
നന്തിപുലമായവീ-
ടാളുമിട്ടി തെളിവോടു വന്നു തറയേറി-
നാളഥ വിധൂത്സവേ. ൪൩

വടിവുടയ കൊട്ടുങ്ങല്ലൂർ വിളങ്ങും മഹേളാ-
ജനവിജയപതാകാ പൂൎണ്ണചന്ദ്രോത്സവായ
ത്രിജഗതി പുകഴ് പൊങ്ങുമ്മേദിനീവെണ്ണിലാവി-
ന്നരികിലുപഗതാ പോന്നമ്പൊടാനന്ദനീവീ. ൪൪

വാങ്മാധുരീ സുരലതാവിലഭ്രമി മമ്മാ!
കാണ്മോർ മിഴിക്കമൃതസാഗരവീചിമാലാ
കാമ്യാംഗി കാമുകജനേന കളിച്ചുവന്നാൾ
തെന്മാതവീ തുഹിനഭാനുമഹോത്സവായ. ൪൫

വീണാധരൈർവ്വിരചിതസ്തുതിഭിഃ പരീതാ
നാനാവിലാസവിവശീകൃതവിശ്വലോകാ
ശോണാധരീ തരുണരോടിടചേൎന്നു വന്നാൾ
വീണാവതീ തുഹിനഭാനുമഹോത്സവായ. ൪൬

കാറക്കരിങ്കുഴലി മാന്മഥസാൎവ്വഭൌമ-
ക്കൊറ്റക്കുടയ്ക്കുലണിയുന്നവരത്നമാലാ
കുറ്റന്തൊടാതമിഴി ചന്ദ്രമഹോത്സവായ
കുറിപ്പുറത്തെഴമുണിച്ചിരുതേവി വന്നാൾ. ൪൭

വാത്താർശരന്നലകിടന്തരസാ വിജേതൂ
മൂത്താവുസംപാദധിദൈവതജന്മഭൂമിഃ
താത്തേൻമണിത്തരുണി ചന്ദ്രമഹോത്സവത്തി-
ന്നാത്താദരന്തെളിവിനോടു ചമഞ്ഞു വന്നാൾ. ൪൮

മാരപ്പടയ്ക്കെതിരിടുന്തരുണാനനമത്തു
ചാരുത്വമാണ്ട കുളുർകൊങ്കകളഞ്ച്യമന്ന
ചേരിയ്ക്കുലംബുരുഹസായകഭ്രൂപതേര-
ച്ചേരിക്കടൈത്തകുമുണിച്ചിരുതേവി വന്നാൾ. ൪൯

പുരികുഴലിലണിഞ്ഞീടുന്ന ഹേമന്തിമാലാ-
പരിമളലഹരീഭിർല്ലാളയന്തീ ദിഗന്താൻ
അരുവയർമണി മമ്മാ! പോന്നിളഞ്ഞൂററിൽ മേവും
പരഭൃതമൊഴി വന്നാൾ പൂൎണ്ണചന്ദ്രോത്സവായ. ൫൦

ചന്ദ്രാഭിരാമമുഖി ചന്ദനശീതളേന
മന്ദസ്മിതേന ശിശിരീകൃതവിശ്വലോകാ
ചന്ദ്രോത്സവത്തിന്ന ചമഞ്ഞുരപൊററ പൊററ-
യ്ക്കാട്ടാണ്ട വെണ്മകരിമാർ വിരവോടുവന്നാർ. ൫൧

അംഭോജവന്മലർശരന്നലകേഴമെന്നും
വമ്പോടടക്കവേതിനസ്സുമതദ്വിതീയം
അംഭോജരമ്യമുഖി ചന്ദ്രമഹോത്സവായ
വെൺപള്ളിമേവുമലസാക്ഷി ചമഞ്ഞുവന്നാൾ. ൫൨

സാരസ്വതാമൃതപയോനിധിവീചിമാലാ
സമ്ഭ്രമചാരിഭിരുദാരതരൈവ്വചോഭിഃ
കേനാപി കേരളവധൂഹൃദയാരവിന്ദ-
ബാലാതപേന കവിനാ കവിതാപദാനാ, ൫൩

സംഭോഗസൗരഭരസാൎണ്ണവപൂൎണ്ണചന്ദ്ര-
ബിംബായമാനവദനാ മദമേദുരാംഗീ
അല്ലൊത്ത പൂങ്കുഴലി ചന്ദ്രമഹോത്സവായ
വെള്ളത്തുചേരി മദിരാക്ഷി ചമഞ്ഞുവന്നാൾ. ൫൪

ചന്തഞ്ചിന്തുമനന്തകാന്തിപടലീനീരന്ധ്രിതാശാന്തരാ
ചന്ദ്രച്ചന്ദനശീതളേന മൃദുഹാസംകൊണ്ടധഃകൃവ്വതീ

ചന്ദ്രാരാധനവേല കാണ്മതിനണിഞ്ഞാപൂൎണ്ണചന്ദ്രാനനാ
ചന്ദ്രത്തിൽത്തകുമുൎണ്ണിയച്ചിമലരിൽത്തന്വംഗി വന്നീടിനാൾ. ൮൫

പൊയ്യെത്താതോരു ചൂതായുധമധുരിമകോരിച്ചൊരിഞ്ഞംഗവല്ലീ
നിൎയ്യത്താരുണ്യപൂൎണ്ണാ ഘനജഘനമനോഹാരിണീമാദധാനാ
പയ്യെത്താമ്രാധരീണാഞ്ജയവിതതമണിപ്പൂൺപു വന്നാളശങ്കം
നെയ്യത്താൻ വീടമന്നീടിന നളിനമുഖീപൂൎണ്ണചന്ദ്രോത്സവായ. ൮൬

പാലൊക്കും കീൎത്തികല്ലോലിനിനടുവിലൊലിപ്പിച്ച ഭൂലോകമോരോ
നീലക്കാർവേണിമാരെപ്പരിമൃദുവചനംകൊണ്ടു സംഭാവയന്തീ
ഓലക്കത്തോടുപേതാ യുവഗജമൃതുകെന്നമ്മണിത്തണ്ടുമേറി-
പ്പാലക്കാട്ടുൎണ്ണിയച്ചിത്തരുണിമണി തദാവന്നു ചന്ദ്രോത്സവായ. ൮൭

വാഗ്ദേവീപുരുഷാവതാരസുഭഗാഭോഗൈരുദാരോജ്ജ്വല-
ന്നാനാകാവ്യകലാവിനോദരസികൈർവിദ്വൽകവീന്ദ്രൈൎയ്യുതാ
ശ്രീചന്ദ്രോത്സവവേല നീലനയനാ സൽകൎത്തൃമുഖ്യൽസ്മിത-
മ്മാനേലുംമിഴി മാരകേരളിമലർത്തന്വംഗി വന്നീടിനാൾ. ൮൮

വട്ടൊത്തീടുന്ന പോർകൊങ്കകളിലിഴുകുമക്കുങ്കുമച്ചെങ്കളിശ്രീ-
മൂഷ്ടംകൊണ്ടാശു മേന്മേലകതളിരിലിളക്കം വളൎത്തംഗഭാജാം
വട്ടം പോരിച്ച മാരക്കളിയിലനുദിനം കാമുകന്മാരെ വന്നാൾ
വട്ടൎയ്യാവമ്പുമംഭോരുഹമുഖി സരസം പൂൎണ്ണചന്ദ്രോത്സവായ. ൮൯

തണ്ടാരമ്പന്റ വമ്പടയ്ക്കുപകരിച്ചീടുന്ന പൊന്നിൻമണി-
പ്പൂണ്ടാരം മലർമാനിനീതിരുമിഴിയ്ക്കാനന്ദസന്ദോഹനം
വണ്ടാർപൂങ്കുഴലാർ ശിഖാമണിമുതിന്നാഹന്ത ചന്ദ്രോത്സവേ
കണ്ടഞ്ചാതെഴമിട്ടിമാതവിമലർത്തന്വംഗി വന്നീടിനാൾ. ൯൦

തെളിവിനൊടു പടിഞ്ഞാറാശു കാണായിതപ്പോ-
ളിളവെയിലൊളിപോലെ ഭൂഷണാഭാ വധൂനാം
ഹരഹര! ഹരിണാക്ഷീം കാചിദദ്രാക്ഷമക്ഷ്ണാ
തരുണികൾ നടുവേ പോൽ പൂൎവ്വപുണ്യാതിരേകാൽ. ൯൧

സരസിജമുഖി! സൗന്ദൎയ്യാമൃതത്തെക്കടഞ്ഞു-
ള്ളമൃതമയമശേഷം പൂവലംഗം തദീയം
രതിരമണനിതഞ്ചേരുമ്മനോരാജ്യവല്ലീ
പരിണതഫലമേററം ഭൂഷണം ഭൂഷണാനാം. ൯൨

സരസിരുഹമുഖീ സാ ബാലഭൃല്ലോകപാലൈ-
രലർവിശിഖസമാനൈരന്യസീമന്തിനീഭിഃ
സഹ തെളിവൊടു വന്നാൾ മേദിനീവെണ്ണിലാവിൻ
വിധുമഹവിധി കാണ്മാൻ മൊഴല്പെറും പുഷ്പലേഖാ. ൩൨

തരുണതരണികല്പൈർഭൂഷണൈർഭൂഷ്യയന്ത്യഃ
സ്മരപരവശനാനാകാമുകൈരുദ്വ്യമാനാ
പരഭൃതമൊഴി വന്നാൾ തെക്കിനേടത്തു മേവും
തരളമിഴികളൊപ്പം പുഷ്പലേഖാപുരോഗാഃ ൩൩

അന്നേരം വാദ്യഘോഷം ജഗതി പുടപുഴ-
ങ്ങീ വടക്കെന്തിതെന്നി-
ട്ടുൽക്കണ്ഠാം പൂണ്ടു മേന്മേലതിനു ചെവി കൊടു-
ത്തു ജനോനിന്നിമേഷം;
അപ്പോളാഷാഢമാസേ തുടുതുടെ മരുവു-
മ്മിന്നൽ പോലേ നിരക്കെ-
ക്കാണായീ വെന്നുവാചാം കനകമണിമയൂ-
ഖാവലീ ഭൂഷണാനാം. ൩൪

തന്മദ്ധ്യേ ദുശ്ധപാഥോനിധിമഥനവിധാ-
വപ്സരോഭിഃ പരീതാ
പൂവിൻപെണ്ണെന്നപോലേ തരുണികൾ നടുവേ
ബാലികാ ദൃശ്യതൈകാ
അഗ്രേ പോന്നങ്ങുപൊങ്ങും പൊടിപടലമിള-
ക്കിയിലേന്തുന്ന പൊന്നിൻ-
ക്രീഡാപങ്കേരുഹംകൊണ്ടിരുപുറവുമശോ-
കാധരീ വാരയന്തീ. ൩൫

അണിഞ്ഞീടും മെയ്യാഭരണകിരണൈരിന്ദുവദനേ
തടില്ലേഖാചക്രം കചഘനസമീപേ വിദധതീ
ശരൽജ്യോത്സ്നാജാലഭ്രമമസൃഭൃതാമുള്ളിലനിശം
വിതന്വാനാ തന്വീ മൃദുഹസിതകല്ലോലലസിതൈഃ. ൩൬

കൈതക്കലത്തണ്ടികകൊണ്ടശേഷം
പ്രാകാശയന്തീ ഹരിദന്തരാളം

ധനാധിനാഥപ്രതിമൈരനേകൈ-
ർന്നിഷേവ്യമാണാ ധനിഭിർമ്മനോജ്ഞൈഃ ൩൮

ഗുണാഭിരാമാഭിരുദാരവാഗ്ഭി-
രനുദ്രുതാ വാരവിലാസിനീഭിഃ
ഭൂലോകഭൂഷാ കനകാവലീ പോ-
ന്നപായയൗ ചന്ദ്രമഹോത്സവായ. ൩൯

നീലോല്പലാക്ഷി! തദനന്തരമുത്തരാശാ-
ബദ്ധാരവേ ചൊടികലൻ ചുവന്നെരിഞ്ഞു
കാണായിതുജ്ജ്വല വിഭൂഷണ രത്നശോഭാ
ദീപാവലീകബളിതാ നയനാഭിരാമാ. ൪൦

സൽക്കാരമായ്ഘനമുലാവിന നൽക്കലിംപ്പു-
കക്ഷീണകാന്തി നിരവേ പുരതോ നയന്തീ
ഭൂഷാമണിത്തെളിമകൊണ്ടൊരകാലസന്ധ്യാ-
ശങ്കാം ജനസ്യ ഹൃദയേ വിനിവേശയന്തീ. ൪൧

നാലഞ്ചു പത്തു ധനിഭിസ്സമുപാസ്യമാനാ
മന്ദാരസുന്ദരമൃദുസ്മിതനന്ദനീയാ
നാനാജനം ജയജയേത്യനുവേലമാശീ-
ർവ്വാദങ്ങൾ ചെയ്തു തെളിയുമ്മുഖചന്ദ്രബിംബം. ൪൨

വൈമാനികൈരപി ഗണൈഃ പരിപീയമാന-
രൂപാമൃതാ മകരകേതനവൈജയന്തീ
ആലോലനീലനയനോല്പലമാലികാഭി-
രാശാസു സാന്ദ്രജനതാസു വിനിക്ഷിപന്തീ. ൪൩

താരേശചാരുമുഖി മേദിനിവെണ്ണിലാവിൻ
ചന്ദ്രോത്സവത്തിനു ചമഞ്ഞഴകോടിവണ്ണം
വേശാംഗനാകുലശിഖാമണി തത്ര പാറെ-
യ്യൂട്ടാളുമിട്ടി സഖിമാരൊടു ചേർന്നുവന്നാൾ. ൪൪

മടുമൊഴി! പൊടി പൊങ്ങീ തൽക്ഷണേ ദക്ഷിണാശാ-
മുഖഭുവി;നടകൊണ്ടു ലോകമെന്തൊന്നിതെന്നായ്;
കനകമണിമയൂഖൈരുല്ലസൽഭിസ്തദാനീം
ഭുവനമഭവദംഭോജാക്ഷി! നട്ടുച്ച പോലേ.

പൊടിനടുവിലൊരോരോ വാരവാമാളകാനാ-
മണിമുഖകമലാനി സ്വൈരമദ്രാക്ഷമക്ഷ്ണാ
ചെറുതിര പെരുമാറും വ്യോമഗംഗാപ്രവാഹേ
വിളറി വിരിയുമോരോ താമരപ്പൂവു പോലേ. ൬൯

നളിനമുഖി! വളൎന്നോരംഗനാദീപു പോലേ
പുനരതിനുപമാനം കാമിനീനാം കദംബം;
അണിമിഴിമുനകൊണ്ടേ വിശ്വചക്രം വശിപ്പാ-
നണിയിടുമൊരു ചാരുസ്മേരവക്ത്രാരവിന്ദം. ൭൦

കനകമയമണിത്തണ്ടിന്മേലാരുഹ്യ നാനാ
യുവതിഭിരഭിവീതാ ചാമരഗ്രാഹിണീഭിഃ
കുസുമവിശിഖകേളീകൗതുകം പൂണ്ടൊരോരോ
ധനിഭിരപി ധനേശന്യക്കൃതിവ്യഗ്രചിത്തൈഃ ൭൧

തള വള മണിമാലാ തോട പൊൽത്താവടം പൂ-
ണ്ടണിമണിമയകാഞ്ചീ പാടകം ഗാഢശോഭം
ഉടലിലുടനണിഞ്ഞുംകൊണ്ടു തണ്ടാരിൽമാതിൻ-
തിരുവുരു തരുണാനാമാത്മനാ ദൎശയന്തീ, ൭൨

തെളിവുടയകടക്കൺകൊണ്ടൊരോരോ ദിഗന്തേ
കുസുമശരസഹസ്രാണ്യുൽസൃജന്തീ സമന്താൽ
മൃദുഹസിതവികാസേനേന്ദുമന്ദാരഭാസാ
കലശജലധിമാലാമംബരേ ദൎശയന്തീ, ൭൩

മധുരമധുരഭാഷാ പദ്യകോലാഹലങ്കൊ-
ണ്ടുലകഖിലമലിക്കുന്നൽക്കവീന്ദ്രാനയാതാ
ശിശിരിതനരലോകമ്മേദിനീവെണ്ണിലാവിൻ-
ചരിതമധു സഖീഭിഃ സ്വൈരമാസ്വാദയന്തീ, ൭൪

നെറി പെരുകിന പച്ചക്കുങ്കുമത്തിൻകളിത്തു-
ത്തഴകെഴുമണിമാലാപല്ലവേ വല്ലികാനാം
മണമിളകിന വങ്കാളത്തുചാർത്താതനേകം
പുരണികളിലെടുപ്പിച്ചാൎത്തുകൊണ്ടാത്തമോഷം, ൭൫

മദനജലധിവീചീമാലികാ ബാലികാനാം-
കുലമണി മണമാളും കാമകൈവല്യസീമാ

ശശധരമുഖി മമ്മാ! മാരചേമന്തികപ്പെ-
ണ്ണഴകിനൊടഥ വന്നാൾ പൂണ്ണചന്ദ്രോത്സവായ. (കുളകം) ൨൰൩

അന്നേരം വിശ്വവിസ്മാപകമൊരു പൊടിപൊ-
ങ്ങീവടക്കെന്തതെന്നി-
ട്ടന്യോന്യന്തിക്കി മൈക്കണ്ണികളൊടിടകല-
ന്നാശു നാനായുവാനഃ
മുന്നിൽപോയ് ചെന്നുനിന്നു പെരിയ വരവുകാ-
ണ്മാൻ വരുംമാനിനീനാം
കണ്ണെത്താതേററമോരോ വഴികളിലിടതി-
ങ്ങി മഹാലോകരെങ്ങും. ൨൰൪

നാനാവിലാസവതി! നാമറിയാതൊരോരോ
സൗരഭ്യമംബരതലേ കുമരുന്ന നേരം
നാരായണായനമ! നാകവിലാസിനീഭി-
രാരെന്നു കൗതുകവശാദവശോഹമാസം. ൨൰൫

കർപ്പൂരക്കുപ്പി മുൽപ്പാടൊരുവക നിരവേ
പത്തുമുന്നൂറു ദൂരെ-
ച്ചൊൽപ്പൊങ്ങും കുങ്കമപ്പൂപ്പരണികളരികേ
വെങ്കലംപൂക്കസംഖ്യം
ഒപ്പം വെൺപച്ചെതാരപ്പരണികൾ പനിനീർ
ചെമ്പു പിൻപേ നിരക്കെ-
ക്കെല്പേറിടുന്ന വെള്ളിക്കൊടികളതിനു പിൻ-
പെന്തു ചൊല്പാവതോർത്താൽ? ൨൰൬

തദനു ചെവികളുക്കമ്മാറു നേത്താളമൊത്തി-
പ്പുരഭൃതമൊഴിപാടും വന്ദിനാം ഗാനഭേദം
വിയതി പുടപുഴങ്ങീ ചാമരഗ്രാഹിണീനാം
കരവലയതധ്വനൽക്കാരാഭിരാമന്തദാനീം. ൨൰൭

മുരവലൊളിവിളക്കം കൊണ്ടൊരോരോ സുന്ദരീണാം
അമലമഭവദാശാചക്രവാളം കരാളം
ഭ്രമമപരവധൂനാമിന്ദുലോകം കണക്കേ
കിമിദമിതി തദാനീമാവിരാസീൽക്ഷണാദ്ധം. ൨൰൮

രുചിരചികുരഭാസാ ഫന്ത പച്ചപ്പുതപ്പൂ-
ന്തഴ ഝടിതിപിടിപ്പിച്ചംബരേ കംബുകണ്ഠീ
സരസിജമുഖി, മൈക്കൺമുക്കിലക്കാമതന്ത്രാം
തികതല കഥയന്തീ ഭാവഭേദൈരനേകൈഃ ൩൯

മികവൊടു പനിനീർകൊണ്ടങ്ങുമിങ്ങുന്തളിപ്പി-
ച്ചുടനുപശമയന്തീ പോന്നപൊങ്ങും രജാംസി
അമരമണിമയൂഖൈരംഗരാഗം വധൂനാ-
ന്നിജപരിസരഭാജാമൊപ്പമുല്പാദയന്തീ. ൪൦

അരുവയർ പെരുമാളാം മേദിനീവെണ്ണിലാവിൻ-
ചരിതമമൃതഹൃദ്യം പേർത്തുമോർത്തോർത്തോരോന്നേ
ഗതകപടമതെല്ലാമ്മാനവീമേനകപ്പൂ-
മകളൊടു കഥയന്തീ സാദരം കണ്ണുമൂലേ. ൪൧

മധുമൊഴി, പുനമെന്നാനൽക്കവീന്ദ്രേണസാര-
സ്വതപരിമളമോലും പദ്യഭേദൈരനേകൈഃ
പകലിരവു വളർത്തിസ്തൂയമാനാപദാനാ
മധുരകവിഭിരന്യൈരന്വിതാ രാഘവാദ്യൈഃ, ൪൨

ഉലകഖിലമിളക്കിക്കൊണ്ടു തണ്ടാരിൽ മാതിൻ-
നയനസുകൃതലേഖാ മാരലേഖാ തദാനീം
യുവതിഭിരഭിവീതാ പൂർണ്ണചന്ദ്രോത്സവത്തി-
ന്നഴകിനൊടെഴുന്നള്ളീ മേദിനീചന്ദ്രികായാഃ. ൪൩

പാടീരസ്തനി! തൽക്ഷണേ പൊടികലൻ്നാശാമുഖന്ദക്ഷിണം
മൂടിപ്പേടിതുടൻ്ന കിഞ്ചന മെരിണ്ടു ലോകരാശങ്കയാ
ക്രൂട്ടം ഭ്രൂഷണരോചിഷാ മൃഗദൃശാമെങ്ങും വിളങ്ങീ മുഖം-
വാടീ മാനിനി! മേനകാദി വിബുധസ്ത്രീണാന്തദാലോകനേ. ൪൪

ഭംഗ്യാ ജംഗമകല്പവല്ലികൾ വരുമ്പോലേ ധരിത്രീതലേ
ശൃംഗാരാർണ്ണവപൂർണ്ണചന്ദ്രസുഷമാ കല്ലോലമാലോപമാ,
കണ്ടേന്ദനാംബുരുഹാക്ഷിമാരെ നിരവേ തന്മദ്ധ്യഭാഗേ നിറം-
തങ്ങും പൂമകളോടിടഞ്ഞു പരിവട്ടംകൊണ്ടുപൂമെയ്യ്തിഃ ൪൫

ഉത്തുംഗസ്തനി! മുന്നകമ്പടിനിരത്തിക്കൊണ്ടു പേർപെററാരോ
പൃഥ്വീപാലരെ മുക്തശങ്കമമലന്മ്വരപ്രഭാലിംഗിതാ

മത്തൈരാവതഗാമിനീ മുഖരുചാശൃംഗാരപങ്കേരുഹ-
പ്രസ്താരം കകുഭാംമുഖേഷു വിദധാനാനന്ദസാന്ദ്രേക്ഷണാ, ൪൬

ശ്രീശങ്കരേണ വിദുഷാ കവിസാർവ്വഭൌമേ-
നാനന്ദമന്ദഗതിനാ പുരതോ ഗതേന
ശ്രീമന്മുകുന്ദമുരളീമധുരസ്വരേണ
പദ്യൈരവദ്യരഹിതൈരനുവർണ്ണ്യമാനാ, ൪൭

പുകഴലകിൽ വിതയ്ക്കും മേദിനീവെണ്ണിലാവി-
ന്നഭിമതസഖി വെള്ളിപ്പള്ളിയംപംഗയോന്നേഃ
പരഭൃതമൊഴി! മമ്മാ മാനവീമേനകപ്പൂ-
മകളഴകൊടു വന്നാൾ പൂർണ്ണചന്ദ്രോത്സവായ. ൪൮

തരളമിഴികളെല്ലാമൈന്ദ്രശൃംഗാരദീക്ഷാ
സുരഭിലതനുവല്ലീമംഗലസ്ത്രീസമാജേ
ശശധരമണിപീഠേ ഹാടകേനാഭിനദ്ധേ
സവിനയമുപവിഷ്ടാമിഷ്ടസിദ്ധ്യൈ സമൃദ്ധ്യൈ. ൪൯

ചുഴലെ മരുവുമോരോ രത്നദീപപ്രഭാഭി-
സ്നവമനുവിദധാനാമിന്ദുലോകം വിശാലം
ജപജനിതമഹിമ്നാ ഭൂമിദേവേന ഭക്ത്യാ
പുനരഹരവസാനേ രക്ഷിതാമസ്ത്രമന്ത്രൈഃ. ൫൦

നിറമെഴുമൊരു കോമപ്പട്ടുകോണ്ടുത്തരീയം
ഘുസൃണമസൃണമംസേ സാദരന്ധാരയന്തീം
കുലഗിരിയുഗമദ്ധ്യേ വ്യോമഗംഗാമിവൈകാം
കളുർമുലയിണമേൽ വെൺമുത്തുമാലാന്ദധാനാം, ൫൧

തുഹിനകരപുരാണേ സാദരം വാച്യമാനേ
പുളകിതതനുവല്ലീദ്ധ്യായതീമന്തരിന്ദും
അറിവുടയ ജരൽപ്രവ്രാജികാ ജപ്യമാനാ-
മുപനിഷദമനംഗക്ഷ്മാപതേമ്മാനയന്തീം, ൫൨

പെരുവിരൽമുനകൊണ്ടമ്മദ്ധ്യമാമ്മദ്ധ്യസംസ്ഥാ-
ന്നവശശിമണിമാലാമ്മന്ദമാവർത്തയന്തീം
ശരണമുതഭാനോ, ദൈവമേ, പാർവ്വണേന്ദോ!
ശരണമിടയിലേവം വ്യാഹരന്തീമകാണ്ഡേ, ൫൩

അമലദശനഭാസാ ശ്വേതയന്തീമുപാന്ത-
ന്തൊട്ടുകുറി ഘനസാരേണാഭിരാമന്ദധാനാം
അനുപമതരമാം നോൻപിങ്കലാലംബ്യമേവ-
ന്തരുണിമണിമപശ്യൻ മേദിനീവെണ്ണിലാവെ. (കുളകം) ൫൪

സൗന്ദര്യാർണ്ണവപൂർണ്ണചന്ദ്രസുഷമാസൗജന്യകല്ലോലിനീ
സൗഭാഗ്യാമൃതവാപികാ മധുരതാമാണിക്യമഞ്ജൂഷികാ
സാരസ്യാമൃതഭാനുശാരദനിശാമംഗല്യരംഗസ്ഥലീ
സാ ചന്ദ്രോത്സവദേവദേവതരുണീതാഭിസ്സമാലോകിതാ. ൫൫

അന്നേരം കനകാവലീ തരുണിമാരെച്ചെന്നെതിർത്താസ്ഥയാ
സംഭാവിച്ചു യഥാപ്രധാനമഴകോടാധായ തൽപ്രാഭൃതം
ഓരോരോ മണിമാളികാസു വിഭവാപൂർണ്ണാസു നാഥേ! തദാ
താസാം വാസമസാവകല്പയദനല്പാനന്ദ സാന്ദ്രേക്ഷണാ. ൫൬

അഥ മധുമൊഴിമാരുമ്മേദിനീവെണ്ണിലാവാ-
ലനുപമമനുവേലഞ്ചാരു സംഭാവ്യമാനാഃ
അറകളിലധിതല്പഞ്ചൊൽപ്പെറും പ്രാണനാഥൈ ര-
രശയിഷത രതാന്തേ ഗാഢമാലിംഗ്യമാനാഃ ൫൭

൫-ാംഭാഗം.

അഥ വലമഥനാശാമാറിലാമ്മാറുമെല്ലെ-
ന്നരുണകിരണമെന്നും കുങ്കുമംകൊണ്ടണിഞ്ഞാൾ
തരുണിമണി, തദാനീം പൂർണ്ണചന്ദ്രോത്സവാർത്ഥ-
ന്തെളിവൊടു മുളയിട്ടു മേദിനീചന്ദ്രികായാഃ ൧

ദിശിദിശി പനപോലേ ബാലനീലക്കരിമ്പിൻ-
കൊടിഝടിതി നിവർന്നു വാദ്യഘോഷങ്കലർന്നു
തെളിവിനൊടു വിളങ്ങീടുന്ന വെള്ളിക്കൊടിക്കു-
റകളമരവധൂനാമ്മെയ് തലോടി ത്തുടങ്ങീ. ൨

അവരവരനുവേലമ്പൈചന്ന ചന്ദ്രോത്സവക്കൈ-
നിലകളിലിളകൊണ്ടു കണ്ടുകൊൾവാനശേഷം
മുഴുമതിമുഖി, മമ്മാ! മേദിനീവെണ്ണിലാവും
പകലിരവു കൊടുത്താൾ വേണ്ടുമത്ഥം ജനാനാം. ൩

സരസിജമുഖി! ചുററും കുററി നാട്ടിത്തുടങ്ങീ
ചെറുപിര പണി ചെയ്യാൻ ദൂരതോഭ്യാഗതാനാം
വിബുധപുരപുരന്ധ്രീഭൂഷണാഭാപിശംഗീ
കൃതമഭവദശേഷം വായുമാർഗം തദാനീം. ൪

തദനുകൊടി വലംവെച്ചിട്ടുവാന്തൃഢരാഗം
മടുമൊഴികളകാണ്ഡേ ചെന്നു കംഭീരമാടി
യുവജനമുത്തുകെന്നും പൊന്മണിത്തണ്ടുമേറി-
ത്തെളിവിനൊടു തദാനീം വന്നുമേവിത്തുടങ്ങി. ൫

ജഗതി പുടപുഴങ്ങീ തത്ര വാദിത്രഘോഷം
വെടി പുനരിടിപോലെ വായുമാർഗ്ഗേ മുഴങ്ങീ
ദിശി ദിശി പൊടി പൊങ്ങീ ഭാനുബിംബം മയങ്ങീ
വടിവിനൊടു കലുങ്ങീ ലോകമിന്ദൂത്സവാദൗ. ൬

സകലസരിദധീശേ ചന്ദ്രബിംബങ്ങൾ പോലേ
രജസി വദനമാലാ ബാലികാനാം വിളങ്ങീ
തരുണർ പലരുമൊന്നായുന്നദമിന്ദൂത്സവങ്ക-
ണ്ടഴകൊടു പെരുമാറീ കേളികൗതൂഹലേന. ൭

പൊടിപടലമടങ്ങുന്നേരമാശാകദംബം
കുടതഴമയമെന്നേ തോന്നുമാകാശഭാജാം
ഉലകഖിലമൊരോരോ സൗരഭാസാരപൂർണ്ണം
ക്ഷണമജനി പരാനന്ദാംബുനാപ്ലായമാനം. ൮

ഇടയിലിടയിൽ വെള്ളിക്കാഹളം കൊമ്പു ചിഹ്നം
തുടി പടഹമിടയ്ക്കാ മദ്ദളം ബദ്ധതാളം
വിരുതു കുഴൽ വിശേഷം വാദകാനാം പ്രയോഗം
പലവയുമുളവായീ ഹന്ത ചന്ദ്രോത്സവാദൗ. ൯

പുരികുഴലിലിറങ്ങിത്തങ്ങളിൽ തിങ്ങിവിങ്ങും
കളുർമുലയിൽ വിരുന്നുണ്ടേണശാബേക്ഷണാനാം

ദിശി ദിശി പെരുമാറീ മെദിനീവെണ്ണിലാവിൻ-
മുഖപരിമളവാഹീ സന്തതം ഗന്ധവാഹഃ ൧൦

ദിവസവിധികളെല്ലാമാശു കൃത്വാ നിരസ്താ-
മയമരുവയരിന്ദോരുത്സവായോൽസുകിന്യഃ
പുനരപി തറയേറിപ്പോന്നുവന്നംഗഭംഗ്യാ
ജയവിരുതു വിളിപ്പിച്ചന്വിതാ നൽക്കവീന്ദ്രൈഃ ൧൧

അമൃതകരസപര്യാരംഭകോലാഹലങ്ക-
ണ്ടഖിലമസഹമാനോ ഭാനുമാലീ തദാനീം
അരുണരുചിരശങ്കം പോയ്മറഞ്ഞു:—പരശ്രീ
മനസി ബത പൊറുന്നാ മാനിനാമ്മീനനേത്രേ! ൧൨

ഗതവതിദിനനാഥേ തമ്പി! ശാതക്രതവ്യാ-
ന്ദിശി ഹിമകരബിംബം കംബുഗൗരം വിളങ്ങീ
നിജതനയസപര്യാം കൗതുകം പൂണ്ടു നോക്കും
കലശജലധികാന്താശ്രീമുഖാംഭോജരമ്യം. ൧൩

ശശിമണിമയബിംബേ ഹന്ത പൈന്തേനുമാട-
പ്പുരിചിനൊടഭിഷേകഞ്ചെയ്തു നീഹാരതോയൈഃ
കുരവകമലർ ചാർത്തിപ്പഞ്ചെതാരപ്പെരുമ്പാ-
യസമതിനു നിവേദ്യം കല്പിതം കംബുകണ്ഠ്യാ. ൧൪

മധുരകവികളെല്ലാഞ്ചെന്നു പൂജാവസാനേ
മണമിളകിനഭാഷാപദ്യബന്ധൈരനേകൈഃ
അമൃതകിരണമസ്തോഷുമ്മനോഹാരിഗീത-
ധ്വനിഭിരപി തദാനീം വൈണികാ വേണുവാണീ! ൧൫

യുവജനപരിവീതാ മേദിനീവെണ്ണിലാവും
പുളകിതതനുവല്ലീ ചെന്നു നക്ഷത്രനാഥം
നളിനമുഖിവണങ്ങിസ്സാദരം പൂർണ്ണപുഷ്പാ-
ഞ്ജലിമനുപമമഗ്രേ വിക്ഷിപന്തീ തദാനീം. ൧൬

ദിനമനുവിധമേറി ഹന്ത ചന്ദ്രോത്സവശ്രീ
പരിമളമനുവേലം വന്നു മേവീജനൗഘം
തിറവിയ തറയേറിപ്പാഠകന്മാരുമപ്പെ-
രവരവരെ വളർത്തിച്ചൊല്ലിനാർ നൽച്ചിലോകം. ൧൭

തദനുസകുതുകഞ്ചെന്നംഗജാനന്ദവാരാ-
കരചെറുതിരമാലാലോഭനീയാംഗവല്ലീ
വിരവിനൊടു തദാനീമ്മഞ്ചമാരുഹ്യ വെള്ളി-
ത്തറമുകളിലിരുന്നാൾ മേദിനീവെണ്ണിലാവു്. ൧൮

നിനവഖിലമറിഞ്ഞമ്മേദിനീവെണ്ണിലാവി-
ന്നരികിലുപഗതാ പോന്നക്ഷണം പക്ഷ്മളാക്ഷീ
മുഴുമതിമുഖി മാലാവാഹിനീ ദേശഭാഷാ-
കലവികളിൽ വിദഗ്ദ്ധാമുഗ്ദ്ധഹാസാഭിരാമാ. ൧൯

തൊഴുതരമവൾമുന്നിൽ കാഴ്ച വെച്ചച്ച്യിതാ
മുറുവൽജയമലാർദ്രൈനേത്രനീലാരവിന്ദൈഃ
സുമധുരമറിയിച്ചാൾ മന്ദമിന്ദൂത്സവം ക-
ണ്ടഴകൊടു പെരുമാറുന്ദേഹഭാജാം വിഭാഗം. ൨൦

സുരസുരലതികേ! കാൺ വിശ്വചക്രം കളുത്തോ-
രമൃതകിരണഭാസാ പൂൎണ്ണമാണന്നു ക്ഷണേന
കലശജലനിധാനേ മുങ്ങിമങ്ങുന്തരംഗേ
കലിതരസമിരിക്കും വണ്ണമിന്നാസ്മഹേ നാം. ൨൧

പുതിയ കളുർനിലാവത്താഴ്ത്തു മാടം വലം വെ-
ച്ചനവരതമിതല്ലോ വിശ്വലോകം വിഭാതി
തിരിയുമചലവേഗംകൊണ്ടു വട്ടം തിരണ്ട-
ക്കലശജലധിപോലേ പണ്ടു പീയൂഷഹേതോഃ ൨൨

അമൃതകരസപൎയ്യാമണ്ഡപേ ചെന്നിടത്തേ
വിരവൊടതു കരേറി പിന്നിലിട്ടന്യസംഘാൻ
സരസമൊരു ജനൗഘം വാദ്യഘോഷാദിമിശ്രം
കരകലിതകൃപാണന്താവകശ്രാവകാസ്തേ. ൨൩

കമനി കൊടി വലംവെച്ചീടുവാനുദ്ധഹർഷം
പുനരപി പതിനെട്ടഞ്ചൂഴമായാന്തി സംഘാഃ
പുരുരവമൊരു തപ്പുന്താങ്ങി നൽച്ചന്ദ്രബിംബ-
പ്രതിനിധികളെടുത്തുംകൊണ്ടു പോകുന്നപോലെ. ൨൪

പരമശിവജശാസ്ത്രവ്യാക്രിയാവൈഭവം കൊ-
ണ്ടതനുതല കലുക്കിച്ചീടുമാശ്ചൎയ്യസീമ് നാം

പൃഥുവനനിലയാനാം ഭൂസുരാണാം പ്രവാഹം
കമനിലത സമീപേ ചേതിരശ്രാവകാണാം. ൧൫

ഹരിണമിഴി! ഹവിർഭാഗേന നാകാലയാനാം
കടവയറു കനപ്പിച്ചാസ്ഥിതാനാം ഗൃഹേഷു
ശ്രുതിമുഖരമുഖാനാം ഭൂസുരാഗ്രേസരാണാ-
മിത ചരതി സമാജം സംഗമഗ്രാമഭാജാം. ൧൬

അകൃതകവചനാംഭോരാശികുംഭീകുമാരാ
നിരുപമമഹിമാനോ ഭോഗവാർത്താനഭിജ്ഞാഃ
സുമുഖി! കുമുദബന്ധോരുത്സവം കണ്ടിതല്ലോ
ദിശി ദിശി വിവലന്തേ ചേതിരഗ്രാമഭാജഃ ൧൭

ചിലരിതിലിളനീർ മേൽ ഗോളമൊക്കച്ചെമച്ചു-
ത്തുഹിനകിരണപൂജാമണ്ഡപമ്മണ്ഡയന്തീ
സുമുഖി, സകലവിദ്യാവല്ലഭാനാം പ്രവാചാ-
ന്നില മികമെഴുമാലത്തൂരമീഷാന്നിവാസം. ൧൮

പുതിയ മൃഗമദംകൊണ്ടംഗമാലിപ്യ ശ്രദ്ധം
മധുമൊഴിഭിരഭിന്നൊരുന്നതോരോരുഹാഭിഃ
ഒരു പുറമഭിപൂർണ്ണം പശ്യ പാഥോജബാണ-
ക്ഷിതിസഹചരലീലാധിഷ്ഠിതൈർഭൂമിദേവൈഃ ൧൯

പരിമളമതു തൂകീ ദിക്ഷു സർവ്വാസു മാഴ്കീ
ചയമപരവധൂനാം പശ്യതാമുത്സവാഗ്ര്യം
ഝടിതി വഴി കൊടുക്കുന്നു മഹാലോകരെങ്ങും
വരവിതു ഹരികന്യാഗ്രാമഭാജാം ജനാനാം. ൨൦

ഉടലഖിലമിഴുക്കിക്കുങ്കുമപ്പൂം പുകൊണ്ട-
പ്പൂടവഞെറിഞെറിപ്പിച്ചുന്നിതാ മാനിനീഭിഃ
അമൃതകരസപത്ന്യാസൗരഭോന്മീഷിണോമീ
മതിമുഖി! പുനരീശാനാഹപയഗ്രാമഭാജഃ ൨൧

പരമശിവപദാംഭോജന്മസേവാരസജ്ഞാ
വരയുവതിഭിരാമുഗ്ദ്ധാഭിരാലിംഗിതാംഗാഃ
തരുണി തരുണകല്പാ യേ വിരാജന്തി മദ്ധ്യേ
ശശിമണിഗൃഹമേഷാം തൃശ്ശിവപേരൂർ നിവാസം. ൨൨

പുതിയകനകഭാസോ ഭൂസുരാഗ്രേസരാ ഭൂ-
ഷണപരികലിതാംഗാ ഭൂമിപാലോപമാനാഃ
ധനമദപരിതന്ത്രാ യേ സ്വതന്ത്രാവലന്തേ *
സദസി ‡ സുദതി! ചെങ്ങന്നൂരമീഷാന്നിവാസം. ൩൩

ത്രിജഗതി പുകഴ്പൊങ്ങുമ്മാനിനീനേത്രലക്ഷ്മീ-
നവകുവലയമാലാമ്മാറിലാമ്മാറണിഞ്ഞു്
സരസമൊരു സമൂഹം തന്വി! കാൺ മിക്കവൊരും
പുനരിതു തിരുവില്വാവാസിനോ ഭൂസുരേന്ദ്രാഃ ൩൪

ഹരനയനഹുതാശപ്ലുഷ്ടമണ്ണോജബാണം
പുനരപിതനുഭാജാമാത്മനാ ദർശയന്തഃ
ചിലരിത കൊടിമുന്നിട്ടാസതേ തന്വി! വീണാ-
മുഖരിതദിശമൈരാണിക്കുളം ഗ്രാമമേഷാം. ൩൫

ഉടലിലണിയുമോരോ ഭൂഷണാനാം പ്രഭാഭി-
ന്നളിനവിശിഖദാഹമ്രാദനംദ്യോതയന്തഃ
ചിലരിത തറയേറീ ന്യൂനമേഷാം ഹി മൂഴി-
ക്കുളമിനിയ നിവാസന്തന്വിഭിർമ്മണ്ഡിതാനാം. ൩൬

മണമിളകിന മഞ്ഞച്ചേലയും കുങ്കുമപ്പൂ-
പ്പുടവയുമുടലിൽ ചേർത്തൊന്നിനോടൊന്നസംഖ്യം
ഇത ചരതി ജനൗഘം പന്നിയൂർഗ്രാമമേഷാം
നിലയനമിവരുരാംത്തുണത്തമാനാം ജനാനാം. ൩൭

ഉരപെരുകിന ഭൂഷാരത്നഭാസാം പ്രരോഹൈ-
രിളവെയിലഭിരാമംദർശയത്യഭിന്നിശീഥേ
രതിരമണസമാനൈർബ്ബാലഭൂലോകപാലൈഃ
ശശധരമണിമാലാം പശ്യ പൂർണ്ണാം മനോജ്ഞൈഃ ൩൮

തെളിവിനൊടൊരിളക്കം കാൺവലത്തേ മലർത്തേ-
ന്മൊഴികളതു മനോജ്ഞൈരന്വിതാ ജീവനാഥൈഃ
പെരുകിന പരമിന്ദോരുത്സവത്തെട്ടിദൃക്ഷാ-
പരവശമുപകാന്ത്യൈഃ പോന്നിതല്ലോ വരുന്നു. ൩൯

---

* വിരാജന്തിമദ്ധ്യേ ‡ സദസി

കനകമണിമയൂഖൈർഭൂഷണാനാമൊരോരോ
പരിമളലഹരീഭിർല്ലോകമാലോലയന്തഃ
ചിലരിത തറയേറി മന്ദമിന്ദോരളിന്ദേ
പനിമതിമുഖി! കോഴിക്കോടമീഷാന്നിവാസം. ൪൦

സുമുഖി! സുരഭയന്തീ സൈ്വരമാശാകദംബം
മധുരകവിതയാലേ രാഘവാന്തേവസന്തഃ
നിരുപമരുചിഭാജാന്ദേവി നിമ്മത്സരാണാ-
ന്നിലയമിനിയ പള്ളിക്കുന്നു തേഷാമമീഷാം. ൪൧

തുളുവരിതു തുലിംഗാ വന്നതന്യേ ശകാസ്തേ
മഗധജനമിതെല്ലാഞ്ചോളകർണ്ണാടകാദ്യാഃ,
ഗണമിതു പഥികാനാം മുണ്ഡിനീനാം ഗണമ്മ-
റ്റതു പതുമരഹ്നണാഃ*പൃഷ്ഠതഃ കോസലാനാം." ൪൨

ഇതി സുമധുരമസ്യാം മേദിനീവെണ്ണിലാവോ-
ടരുവയർപെരുമാളോടാദരേണ ബ്രുവന്ത്യാം
കളമൊഴി! നിജയാത്രാം കുക്കുടാനാം വചോഭി-
സ്സവിനയമറിയിച്ചുംകൊണ്ടു യാതാ ത്രിയാമാ. ൪൩

തദനു നിജനിഷേവാകാലമാലോകയന്തോ
മധുമധുരവചോഭിർമ്മാനിനീഭിസ്സമേതാഃ
ഇരവരുതി ജനാനാം ബോധയന്തോ രസാന്ധാ
മധുരമധുരമസ്തൗഷുർഗ്ഗിരാ ഗായകാസ്താം. ൪൪

"ജയ ജയ! ജഗദാനന്ദാംബുധേ ജവനകന്യാ
ജലവിമലയശസ്തോമാച്ഛ്രിതാശേഷലോകേ!
കുസുമവിശിഖചൂഡാലംക്രിയേ, മംഗലാംഗീ,
നയനകുളുർനിലാവേ, മേദിനീവെണ്ണിലാവേ! ൪൫

ശതമഖഹരിദേഷാ ഹന്ത ജാതാ സരാഗാ
സമുപസരതി നാഥേ തന്വി! നീയെന്നപോലേ
നയനപുടമിദാനീന്നീ തുറന്നീട്ടു പൊൽത്താ-
മരനറുമലർപോലേ മേദിനീവെണ്ണിലാവേ! ൪൬

---

* ഹാരഃ, ഘടഃ

സുമുഖി! കുളുർനിലാവുമ്മന്ദമിന്ദൂത്സവങ്ക-
ളുടധുഗണപരിവാരാ ജീവനാഥേന സാകം
ത്വമിവ പുതിയസൗധേ മെല്ലെമെല്ലെന്നടങ്ങി
ചരമശിഖരിശൃംഗേ മേദിനീവെണ്ണിലാവേ! ൪൧

ഇതി കമലിനി മുഗ്ദ്ധാ സാദരം ഗീതമാക-
ർണ്ണയതി മധുകരാണാമ്മന്ദ്രമഞ്ജുദ്ധ്വനീനാം
നളിനമുഖമിളക്കിക്കിഞ്ചിദുന്മേഷരമ്യം
ത്വമിവ ചരണഭാജാമ്മേദിനീവെണ്ണിലാവേ. ൪൨

വസുമതികലശൈർപ്പോരിളങ്കൊങ്ക തന്മേ-
ലുടനിളവെയിലെന്നും കുങ്കുമംകൊണ്ടണിഞ്ഞു്
അമൃതകരസപത്ന്യാം ത്വൽകൃതാം ദ്രഷ്ടുകാമാ
സമുപസരതി നാഥേ മേദിനീവെണ്ണിലാവേ." ൪൩

ഇതി മധുരവചോഭിർവ്വന്ദിഭിസ്തൂയമാനാ
സവിനയമെഴുനീററമ്മേദിനീവെണ്ണിലാവു്
കതിപയപരിവാരാ പോയ്ക്കുളിച്ചിന്ദുബിംബം
തൊഴുതണിഗൃഹമാഗാത്തുള്ളമന്ദ്രോരുഹാക്ഷീ. ൪൪

തെളിവിനൊടപയാതന്നാലഹോരാത്രമേവ-
മ്മതിമുഖി! പുനരഞ്ചാംവാസരേ സംപ്രവൃത്തേ
വരയുവതിവിഭൂഷാരത്നഭാസാം പ്രരോഹൈ-
രിവ കിമപി ചുവന്നു ബിംബമംഭോജബന്ധോഃ ൪൫

അപരജലധിമീതേ ഹന്ത ചെന്തീക്കണക്കേ
ദിവസകരകരാളീ പാടലാഭ്രൻ മനോജ്ഞേ!
കടൽനടുവിൽ വിളങ്ങും വിദ്രുമശ്രീമയൂഖാ-
വലി വിയതി വിലങ്ങെപ്പൊങ്ങി നിൽക്കുന്നപോലെ. ൪൬

അഹിമകിരണബിംബം പാടലേനാത്മഭാസാ
പരിഗതമപരാദ്രേരുത്തമാംഗേ വിളങ്ങി
തെളിവെഴുമില വേറിട്ടൻപെഴും ചെമ്പരത്തി-
പ്പൂതുമതുമലർ വിങ്ങിത്തിങ്ങി നിൽക്കുന്നപോലെ. ൪൭

പുതിയകനകവർണ്ണം പൂർണ്ണശോഭാപ്രവാഹം
തെളിവിനൊടപരാദ്രൗ ചെന്നു താഴുന്ന നേരം

വരുണനൃപപുരസ്ത്രീമാളികാതാഴികപ്പോൽ-
ക്കുടമിവ രവിബിംബം ജാതമല്പം ക്ഷണാദ്ധം. ൧൪

ചരമശിഖരിപീഠേ പാടലന്നാളികേരം
ദ്ര്യമണിവലയരൂപം വെച്ചവിച്ഛിന്നധാരം
ജഗതി കുരുതി തൽപ്പിച്ചീടിനാൻ ചൂടൊഴിപ്പാ-
നഖിലഭുവനഭാജാമന്തിയാം മന്ത്രവാദീ. ൧൫

തദനു തപനബിംബം പാതിമുങ്ങുന്ന നേരം
പരമപരസമുദ്രേ വിദ്രുമാഭം വിളങ്ങീ
കനകകലശമിന്ദോരുത്സവേ സൽക്കരിപ്പാ-
നുപഹൃതമിവ ലക്ഷ്മ്യാ മേദിനീ ചന്ദ്രികായാഃ ൧൬

അരുണജലദമാലാവാസസാലംകൃതാംഗീ
തിമിരചികുരരാജത്താരപുഷ്പാളിരാമാ
നളിനമുകുളമെന്നും പോരിളങ്കൊങ്കയുങ്കൊ-
ണ്ടലമകുരുത സന്ധ്യാ ശീതഭാനോ സപര്യാം. ൧൭

വിരവിനൊടപയാതേ വാസരാധീശ്വരേ പോ-
ന്നണനി തിമിരമാലാ ദിക്ഷു സർവാസു സാന്ദ്രാ
ദിനകരകിരണാനാമൂഷ്മണാ വിശ്വചക്രം
കമലമുഖി! കരിഞ്ഞിട്ടാശു കാണായപോലെ. ൧൮

തിമിരമദഗജശ്രീമസ്തകാബദ്ധവിന്ദു-
പ്രതിമമുഡുസമൂഹം വ്യോമരംഗേ വിളങ്ങീ
ശശിമഖകുതുകിന്യാ മെയ്യിൽ മേവുന്ന നാനാ-
ഭരണമണികൾപോലേ യാമിനീനായികായാഃ ൧൯

തദനു ശതമഖാശാ കാശപുഷ്പാവദാതാ
സമഭവദമൃതാംശോഃ ശ്രീമയൂഖപ്രഭാഭിഃ
അമരമധുരവാചാമുത്സവം കണ്ടുദഞ്ച-
ന്മുരുവലൊളിവിതാനൈരന്നിമ്മലൈരെന്നപോലെ. ൨൦

തെളിവുടയ കിഴക്കേട്ടിക്കിലഞ്ചെട്ടു പത്തായ്
വിരവിലമൃതഭാനോരാവിരാസൻ കരാഗ്രാഃ
വിധുമഹവിധികാണ്മാൻ മുല്പെട്ടു പുഷ്പകേതോ-
രുരപെരുകിന വെള്ളിപ്പൂങ്കൊടിക്കൂറ പോലെ. ൨൧

പുതിയ കുളുർനിലാവിൻ പൂണ്മകൊണ്ടംബരാന്തം
ധവളധവളമാസീല്ലോകതാരാഭിരാമം
ഉപഹൃതമിവ രാത്ര്യാ ഹന്ത ചന്ദ്രോത്സവന്ന-
ന്നണിമണിഗണഭാസാ ഭാസമാനം വിമാനം. ൩൨.

മകുടമണികണക്കേ പൂൎവ്വമസ്സേത്തരാദ്രേ-
രഥ മദനമണിശ്രീബാണശാണോപമാനം
തിലകമിവ രജന്യാസ്തൽക്ഷണം ബിംബമിന്ദോ-
രുദയഗിരിമുകളേമേൽ നിന്നൊരുക്കോലുദസ്ഥാൽ. ൩൩.

വിഗളദമൃതമിന്ദോൎമ്മണ്ഡലം പോന്നുയർന്നു
നിജകരപരിവീതം ബദ്ധനക്ഷത്രമാല്യം
മദനകരഗൃഹീതം പൂൎണ്ണസൗഭാഗ്യദീക്ഷാ-
കലശമിവ നവീനം മേദിനീചന്ദ്രികായാ. ൩൪

കലശജലധിശുദ്ധം പാൎവ്വണേന്ദൗ പളുങ്ങി
ത്രിജഗതി പെരുമാറീ ഫുല്ലകല്ലോലമാലീ
പുതിയ കുളുർനിലാവത്താശു തോന്നിച്ചുകൊണ്ട-
പ്പുകഴ്മണമിവ ഭൂമൗ മേദിനീചന്ദ്രികായാഃ ൩൫

ശിവശിവ! വിധമേറീ മേദിനീവെണ്ണിലാവാ-
ലമൃതജലധികല്ലോലാവലീതുല്യഭാസാ
മഴലമിഴി ജനൗഘം പാൽക്കുഴമ്പിൽ കലമ്പി-
പ്പുരിചൊട്ടു പെരുമാറുംവണ്ണമാസീദശേഷം. ൩൬

ശശിമുഖി! തനുഭാജാഞ്ചന്ദ്രലോകാധിവാസം
കലശജലനിധാനസ്നാതമാനന്ദസാന്ദ്രം
കുളുർ പെരുകിന ദിവ്യശ്വേതശൈലാധിവാസം
മനതളിരിലരങ്ങേറീ നിലാവിൻവിലാസാൽ. ൩൭

അവനിവിബുധവാചാ സംഭൃതന്തത്സമസ്തം
തുഹിനകരസപത്നീമണ്ഡപേ മണ്ഡിതാശേ
സകലജനസമക്ഷന്തൽക്ഷണേ പഞ്ചപുഷ്പാ-
ഞ്ജലിമഴകൊട്ടു കൎത്തും മേദിനീചന്ദ്രികായാ. ൩

സുഭഗവിരുദവാദ്യേ സാദരന്താഡ്യമാനേ
സുമുഖി! പറവതെന്തീ വിശപമെല്ലാം കലുങ്ങി

പെരുകിന തിര പോലേ നാലു പാടുന്തിരണ്ടു
ജനത, വരവു കാണ്മാൻ മേദിനീചന്ദ്രികായാ. ൩൯

അവരവരഴകേറുമ്മാനിനീഭിസ്സമം കൈ-
നിലകളിലുപവിഷ്ടേഷ്വൽസുകേഷു പ്രകാമം
സുരഭിതസുരലോകേ ചാരുസഞ്ചാരിതേ പൂ-
പ്പരിമളമിളിതശ്രീചാരുശൃംഗാരധൂപേ, ൪൦

അഴകെഴുമിരു പാട്ടം തമ്പി! വീണാവിദഗ്ദ്ധേ-
ഷ്വമൃതകിരണഗീത്യാ ഘോഷയൽസു ത്രിലോകീം
കവിഷു സകലഭാഷാസാൎവ്വഭൗമേഷു ചന്ദ്ര-
സ്തുതിമുഖരമുഖേഷു പ്രൗഢരോമാൽഗമേഷു, ൪൧

ഇതരജനമശേഷം "മേദിനീചന്ദ്രികേ! നീ
ജയ ജയ" പുനരിത്ഥം വാദിഷു പ്രീതിപൂൎവ്വം
തെളിവുടയ പുറപ്പാടാശു കാണ്മാൻ തിരക്കി-
പ്പലരുമണികവാടദ്വാരദത്തേക്ഷണേഷു, ൪൨

പനിമതിമുഖി! മുല്പാടാശു കർപ്പൂരദീപാ-
വലിമതനു പിടിപ്പിച്ചത്ഭുതാമുല്പലാക്ഷി
കനകമണിമഹോഭിൎമ്മേദുരാഭിഃ പരീതാ
സുമധുരവചനാഭിൎവ്വാരസീമന്തിനീഭിഃ, ൪൩

കനകമകരചിഹ്നം കാമമുക്താതപത്രം
കുസുമമണിപതാകാലംകൃതം പുണ്യഘോഷം
തെളിവിനൊടു പിടിപ്പിച്ചാത്മകാന്ത്യാ ജനാനാം
മിഴിയിലമൃതധാരാമാദധാനാ നവീനാം, ൪൪

ത്രിജഗതി പുകഴ് പൊങ്ങുമ്മാരവേമന്തികപ്പൊൽ-
പ്പുതുമലർമകളാലുമ്മന്മഥോന്മേഷസീമേ!
മധുരമധുരവാചാ പാരെഴുമ്മാ ലേഖാ
പുതുമലർമകളാലും ചാരു സംഭാവ്യമാനാ, ൪൫

തെളിവിനൊടു പുരോഗാമ്മോനവീമേനകപ്പൂ-
മകളെ വിഗതഗൎവ്വഞ്ചേതസാ മാനയന്തി
തിറവിയ കനകാനാമാവലീമുക്തമുക്താ-
ൎച്ചിതവിജയലാജാന്നുത്തമാംഗേ ദധാനാ, ൪൬

ചുഴലെ മരുവുമോരോ ബാലഭ്രൂലോകപാലാ-
നണിമിഴിമുനകൊണ്ടേ സാധു സംഭാവയന്തി
തെളിവിനൊടു പുറപ്പെട്ടീടിനാൾ പഞ്ചപുഷ്പാ-
ഞ്ജലിമഴകൊടു കർത്തും മേദിനീവെണ്ണിലാവ്. (കുളകം) ൯൯

ത്രിഭുവനകമനീയം മേദിനീവെണ്ണിലാവിൻ-
തിരുവുരു നയനാഭ്യാമന്തരാപീയ നിത്യം
നിരവധി നരലോകം നിശ്ചലന്നിർന്നിമേഷം
ക്ഷണമഭവദശേഷഞ്ചിത്രചന്ദ്രോത്സവാഭം. ൱

മദനജയപതാകാ മേദിനീവെണ്ണിലാവു-
ത്തുഹിനകരസപത്ന്യാമണ്ഡപം പ്രാപ്യ രമ്യം
അവനിവിബുധവാചാ ശീതഭാനും വണങ്ങി
പനിമതിമുഖി! വന്നാൾ തത്ര രോമാഞ്ചിതാംഗീ. ൱൧

പുതിയ മദനരംഗത്തുംഗമാരുഹ്യ ഭക്ത്യാ
രതിസഹചരബിംബംകണ്ടുകണ്ടീ വണങ്ങി
ശശധരമണിപീഠേ ശർവ്വരീസാർവ്വഭൗമം
തൊഴുതകുരുത പുഷ്പാരാധനന്ദേശികോക്തം. ൱൨

തദനു വിബുധവാദ്യേ സാന്ദ്രശംഖസ്വനേഷു
പ്രതിദിശമഭിപൂർണ്ണേഷൂത്സുകേ ജീവലോകേ
ത്രിഭുവനഭാജാമാസ്ഥിതാ പൂർണ്ണപുഷ്പാ-
ഞ്ജലിമകുരുത ഭക്ത്യാ മേദിനീവെണ്ണിലാവ്. ൱൩

അഥ മദനഗൃഹീതസ്വച്ഛമുക്താതപത്രോ
നിജയുവതിഭിരശ്വിന്യാദിഭിസ്സേവ്യമാനഃ
ഋതുഭിരപി മനോജ്ഞൈരാവിരാസീത്തദാനീ-
മുഡുഗണപരിവാരശ്ശർവ്വരീസാർവ്വഭൗമഃ ൱൪

പുളകിതതനുവല്ലീ മേദിനീവെണ്ണിലാവും
തൊഴുതു തൊഴുതു ഭക്ത്യാ ചന്ദ്രികാബന്ധുമിന്ദും
ക്ഷണമൊരു പരമാനന്ദാംബുധൗ നിസ്തരംഗേ
നിപതനമനുഭൂയ ശ്രീമതീം വാചമൂചേ: ൱൫

"ശരണമമൃതഭാനോ, ചന്ദ്രികാജീവബന്ധോ,
ശരണമഖിലസമ്പന്മൂലമേ ബാലികാനാം

ശരണമണികഴൽത്താർ കൈതൊഴുന്നേൻ ത്രിലോകീ-
നയനസുകൃതമേ; മേ ദൈവമേ, തമ്പുരാനേ!” ൯൪

സുമധുരവചനാന്താമാസ്ഥയാ ഗാഢഗാഢ-
ന്തഴുകി മുകുളിതാക്ഷീം പൂർണ്ണപീയൂഷധാമാ
തെളിവൊടു തലയിൽ തൊട്ടാദരാനമ്രഗാത്രീ-
മമൃതകലശമാട്ടുംവണ്ണമൂചേ തദാനീം. ൯൫

“മദനമണിവിളക്കായ് നീവിളങ്ങീടുകസ്മൽ-
പ്രണയിനി, പുനരാശാപാന്തമസ്മിൻ പ്രപഞ്ചേ
കലിതകുതുകമിന്നേ വാരസീമന്തിനീനാ-
മഴകുടയ മുടിപ്പൂൺപാക നിൻപാദപത്മം. ൯൬

ത്രിഭുവനമണിവൃന്ദ നീ കീർത്തികർപ്പൂരധൂളീ-
പരിമളലഹരീഭിർമ്മൽപ്രസാദാദശേഷം
മുഴുമതിമുഖി! പിന്നെപ്പോന്നു ശാപാവസാനേ
വരിക മമ സമീപേ തോഴിമാരോടുപേതാ. ൯൭

മധുമൊഴികളൊടൊപ്പം വന്നു ചന്ദ്രോത്സവങ്ക-
ണ്ടഖില ഭുവനഭാജാമൊൽപ്പെറമ്മൽ പ്രസാദാൽ
ഭവതു ഭവതു സത്യം കാമിനീലോചനശ്രീ-
നവകുവലയമാലാകോമളാകണ്ഠഭൂഷാ. ൯൮

അവനിവിബുധഹൃദ്യാ ഹന്ത ചന്ദ്രോത്സവശ്രീ-
രിയമിതിനുപദേശം താവകം നിഷ്കളങ്കം
പെരുകിന യശസാ നീ വിശ്വചക്രം വെളുപ്പി-
ച്ചമരസദസി വന്നീടൊപ്പമസ്മൽപ്രസാദാൽ.” ൯൯

ഇതി സുമധുരമുക്ത്വാ ചന്ദ്രികാജീവബന്ധൗ
വിരമതി മദിരാക്ഷീ രോഹിണീ ചെന്നുപാന്തേ
നിരുപമമൊരു മുക്താഹാരമമ്മാറിലാമ്മാ-
റലമകുരുത ലാവണ്യോദവിന്ദൂപമാനാം. ൧൦൦

‘മനസിജമണിരംഗേ കാണ്മകൊടോ ദിവ്യനാരീ-
നികരമമൃതധാമാ കിന്നു തസ്യാഃ പുരസ്താൽ’
ഇതി വദതി ജനൗഘേ യാത്രയുണ്ടൊപ്പി മന്ദം
ഝടിതി സപരിവാരസ്ത്രീതരാരസ്തിരോഭൂൽ. ൧൦൧

മട്ടമൊഴി! കൊടി വീണു തൽക്ഷണം ദിക്ഷു ഘോഷം
വടിവിനൊടു തിരണ്ടു മിശ്രിതാസ്സ്തോടനീകം
പലവഴി നടകൊണ്ടു ലോകരംഭോധി പൊട്ടി-
പ്പുരിചിനൊടൊഴുകീട്ടന്തോയധാമാസമാനം. ൯൨

പനിമതിമുഖി! ഞാനും നിൻവിയോഗാദനീശോ
വിരവിനൊടമരീഭിസ്സാകമാകമ്പിതാത്മാ
തവ സവിധമുപേത്യ ശ്രീമതിന്ത്വാം പുണൎന്നേ-
നിതു മദനപതാകേ! വൈകുവാൻ കാരണമ്മേ. ൯൩

അഥ സരസിരുഹാക്ഷീ മേദിനീവെണ്ണിലാവിൻ-
ചരിതമധുവിശേഷം പ്രീതിപൂൎവ്വം പിബന്തീ
മദമധുരിതഗാത്രീ ജീവനാഥേന സാകം
പുനരരമത തസ്മൈ തന്നെ നീർ നൽകി നിത്യം. ൯൪

ഉലകതിലമലിയ്ക്കും മേദിനീവെണ്ണിലാവിൻ-
മധുരചരിതരത്നൈൎവ്വാക്യപുഷ്പോപഹാരൈഃ
സുരഭിതകകുബന്തൈരാദധാതു പ്രസാദം
നിഖിലഭുവനസാക്ഷീ ബാലശീതാംശുമൗലി * ൯൫

അവസാനം.

---

* ബാലശിതാംശുമാലി·

ചന്ദ്രോത്സവം ടിപ്പണം.

ഒന്നാം ഭാഗം.

ശ്ലോ—൧. അമൃത—രേഖാം=ചന്ദ്രകലയെ. നൃത്യതഃ=നൃത്തം ചെയ്യുന്ന. ശൂ—ണേ=ശിവന്റെ. ജടാ—രസ്ഥാം=ജടക്കെട്ടിൽ സ്ഥിതിചെയ്യുന്നതു്. ജടാജൂടം എന്നതു ശിവന്റെ ജടയ്ക്കുള്ള പേരാണു്. ഉപാസേ=(ലട്ട്. ആ. ഉ. പു. ഏ.) ഞാൻ സേവിക്കുന്നു. പാവനി=ഘോഷയാത്ര. ലോഭ—ഭാവം=കാമ്യമായ മാഹാത്മ്യമുള്ളതു്. ഉത്തരാർദ്ധം, "ജാഹ്നവീഫേനലേഖേവ യന്മൂർദ്ധ്നി ശശിനഃകലാ" എന്ന സംസ്കൃതശ്ലോകഭാഗത്തിന്റെ അനുകരണമാകുന്നു. ഒന്നാം ഖണ്ഡത്തിലെ വൃത്തം മാലിനിയാകുന്നു. 'നനമയയയുതേയം മാലിനീ ഭോഗിലോകൈഃ' എന്നു തല്ലക്ഷണം. ഉൽപ്രേക്ഷ അലങ്കാരം. "മറ്റൊന്നിൻ ധർമ്മയോഗത്താലതു താനല്ലയോ ഇതു്. എന്നു വർണ്ണ്യത്തിലാശങ്കയുൽപ്രേക്ഷാഖ്യയലംകൃതി" എന്നു ലക്ഷണം.

൨. അമര—ഭിതം=സ്വർഗ്ഗംഗയിലെ തിരമാലകളാൽ ക്ഷോഭിതം. അമൃത—കാഗ്ര്യം=കിരണമയങ്ങളായ അമൃതകണങ്ങളെ തൂകുന്ന ബാലചന്ദ്രനാൽ ശ്രേഷ്ഠമായിട്ടുള്ളതു്. ഉരഗ—ശ്ശൂള=ജടബന്ധിച്ചിട്ടുള്ള സർപ്പങ്ങളുടെ ഫൂൽക്കാരം. മേ=എനിക്കു്. പ്രീതയേ=സന്തോഷത്തിനായി. സ്യാൽ=ഭവിക്കട്ടെ. (ലിങ്ങ്. പ. പ്ര. പു. ഏ.)

൩. പരമ—ലോകേനിലീനേ=ശിവന്റെ മുഖകമലദർശനത്തിൽ ലയിച്ചിരിക്കുംവിഷയത്തിൽ. അവനമ്രം=(ലജ്ജകൊണ്ടു) താഴുന്നതു്. കാപർദ്ദേ=ശിവന്റെ ജടയിൽ. ശശികലായാം=ചന്ദ്രകലയിൽ. ഉൽപ്രകമ്പം=വിറപൂണ്ടതു്. ഭുജംഗേ=സർപ്പത്തിൽ. ജയതി(ലട്ട്. പ. പ്ര. പു. ഏ.) ജയിക്കുന്നു. തിരുമിഴിത്തെല്ലു്=തൃക്കടാക്ഷം. അദ്രി—ജായാഃ=ശ്രീപാർവ്വതിയുടെ.

൪. നിഗമ—ബിനീ=വേദമാകുന്ന വൃക്ഷത്തിന്റെ ശാഖ(കൊമ്പുകൾ)കളാകുന്ന ശാഖക(ഉപനിഷത്തുകൾ)ളെ ആശ്രയിക്കുന്നതു്. സൽഫലാപ്ത്യാ=സൽഫലപ്രാപ്തികൊണ്ടു്. വിട്ടാസ്ഥാൻ=അകലെ സ്ഥിതിചെയ്യുന്ന. പ്രീണയന്തി=പ്രീതിപ്പെടുത്തുന്നതു്. കാംക്ഷിതം=ആഗ്രഹം. കല്പവല്ലീ=കല്പലത. ദിശതു=(ലോട്ട്. പ. പ്ര. പു. ഏ.) തരട്ടെ. ഹരി—സിനി=അരിയന്നൂർകാവിൽ അരുളുന്ന. അരിയന്നൂർകാവു് എന്ന ഭഗവതീക്ഷേത്രം ഗുരുവായൂരിൽനിന്നു് കിഴക്കു നന്നാഴിക അകലെയുള്ളതാകുന്നു. 'അരിയന്നൂർ' എന്നതിന്റെ സംസ്കൃതരൂപമാണു് ഹരികന്യാപുരം എന്നതു്. നഃ=നമുക്കു്. രൂപകം അലങ്കാരം.

൫. ഫല—നമ്രം=ഫലഭാരത്താൽ താണുപോയതു്. പാർത്ഥിവം=ഭൂമിയിലുള്ളതു്. പാരിജാതം=ദേവവൃക്ഷം. ബുധ—പ്രസൂനം=വിദ്വാന്മാരാകുന്ന വണ്ടിൻനിരകളാൽ ആസ്വദിക്കപ്പെട്ട ശാസ്ത്രങ്ങളാകുന്ന പുഷ്പങ്ങളെക്കൊണ്ടു കൂടിയതു്. രൂപകം അലങ്കാരം.

൩. ലക്ഷ്മീ—ഭൂമേ=വിഷ്ണുവിന്റെ നിവാസസ്ഥാനമായ. (അർത്ഥശ്ലേഷം: ഗുരുപക്ഷത്തിൽ വിഷ്ണു എപ്പോഴും ഹൃദയത്തിൽ കുടികൊള്ളുന്ന (ഭക്തൻ) എന്നർത്ഥം) അന—ധാമ്നഃ=കിടയററ യഥാർത്ഥജ്ഞാനമാകുന്ന പൂർണചന്ദ്രപ്രകാശമുള്ളതു്. ഗുരു—യോധേഃ=ഗുരുവാകുന്ന പാലാഴിയുടെ. ഊർമ്മിമാലാഃ=തിരമാലകൾ. ദയാഖ്യാഃ=ദയ എന്നപേരുള്ളവ. ഹൃദ—മലം=അകത്തെ മാലിന്യം. മാമകം=എന്നെസ്സംബന്ധിച്ചതു്. ക്ഷാളയന്തു=(ലോട്ട്. പ. പ്ര. ബ.) കഴുകിക്കളയട്ടെ. രൂപകം.

൪. അഞ്ചി—ചില=ഭംഗിയുള്ള കലവില്ല്. ജിഹ്വാനന്ദി=നാവിനെ ആനന്ദിപ്പിക്കുന്നതു്. കരിമ്പെന്നു സാരം (കാമന്റെ കലവില്ല് കരിമ്പാണല്ലോ.) കർണ്ണാമൃതം=ചെവിക്കു അമൃതായിട്ടുള്ളതു് (ചെവിക്കിമ്പം നൽകുന്ന ഝങ്കാരമുള്ള വണ്ടുകൾ എന്നു താല്പര്യം; കാമന്റെ വില്ലിൻഞാണ് വണ്ടിൻനിരയാണെന്നു കവിസങ്കേതം.) നാസികാഹ്ലാദി=നാസികയെ ആഹ്ലാദിപ്പിക്കുന്നതു്. (പുഷ്പമെന്നു സാരം.) ബാണം=അമ്പ് (കാമൻ കുസുമബാണനാണല്ലോ.) തൊട്ടുമള വില്ലാക്കുംതേരു്=മന്ദമാരുതൻ. യസ്യ=യാവനൊരുത്തന്റെ. അംഗനാനാം=സ്ത്രീകളുടെ. അനംഗം ദൈവതം=കാമദേവൻ. വെൽവൂതാക=വിജയിക്കുമാറാകട്ടെ. കാമദേവനെ പഞ്ചേന്ദ്രിയാഹ്ലാദകരനാക്കി ഈ ശ്ലോകത്തിൽ കല്പിച്ചിരിക്കുന്നു. പര്യായോക്തമലങ്കാരം.

൫. ഉപാസേ=സേവിക്കുന്നു. പൂർണ—പ്രവാഹൌ=തികഞ്ഞ പുണ്യപ്രവാഹങ്ങളായിട്ടുള്ളവർ. കവീനാം ആദിമൌ=കവികളിൽ ആദ്യന്മാർ. സാർവ്വഭൌമൌ=ചക്രവർത്തികൾ. അന—വാരിധീ=ദയാസമുദ്രങ്ങളായവർ. വിശ്വഭാജാം=ലോകത്തിലുള്ളവർക്ക്. ഹൃദയ—ചന്ദ്രൌ=ഉള്ളിലെ അജ്ഞാനമാകുന്ന ഇരുട്ടിന്നു് സൂര്യചന്ദ്രന്മാരായിട്ടുള്ളവർ. മുനീന്ദ്രൌ=മഹർഷിശ്രേഷ്ഠന്മാരെ. (വാല്മീകിവേദവ്യാസന്മാർ)

൬. ധ്വനിഭിഃ=വ്യംഗ്യാർത്ഥങ്ങളെക്കൊണ്ടു് (ശബ്ദങ്ങളെക്കൊണ്ടെന്നും). അമൃ—വദിഭിഃ=അമൃതകണം പൊഴിയുന്നവ, മധുരങ്ങൾ എന്നു സാരം. പ്രീണയന്തി=പ്രീതിപ്പെടുത്തുന്നതു്. സഹൃദയം=രസികനെ. അഭിരാമൈഃ=മനോഹരങ്ങളായ. അന്വിതാ=കൂടിയതു്. ഭാവഭേദൈഃ=രസഭാവാദികളുടെ ഭേദങ്ങളോടു്. (വിലാസഭേദങ്ങളോടെന്നും). ഉചിതശയ്യാം=ഒത്തശയ്യയെ. (കവിതാപക്ഷത്തിൽ, ശയ്യ, പദങ്ങളുടെ കൊഴുപ്പും ഇണക്കവും കൂടിക്കലർന്ന കവിതാഗുണമാകുന്നു. കാമിനീപക്ഷത്തിൽ സ്പഷ്ടാർത്ഥകമാണു്.) വിശ്വലോകം=എല്ലാജനത്തേയും. സുഖയതി=(ലട്ട്. പ. പ്ര. പു. ഏ.) സുഖിപ്പിക്കുന്നു. കാളിദാസസ്യ വാണി=കാളിദാസന്റെ കവിത. സുമധുരങ്ങളായ ധ്വനികളാൽ രസികജനങ്ങൾക്കു രസായനമായും ചേതോഹരങ്ങളായ രസഭാവാദിവിലാസങ്ങളോടുകൂടിയും രചനാഗുണപൂർണ്ണമായും ഇരിക്കുന്ന കാളിദാസരുടെ കവിത സകലജനത്തേയും സമാഹ്ലാദിപ്പിക്കുന്നുവെന്നു സാരം. ഇവിടെ ധ്വന്യാദിപദഗതമായ ശ്ലേഷത്തിന്റെ മഹിമയാലും വാണീശബ്ദഗതസ്ത്രീലിംഗസ്വാരസ്യംകൊണ്ടും അമൃതമധുരമൊഴിയും വിലാസവിലോലനിയും ലാവണ്യസരസസർവ്വസ്വവുമായ ഒരു കാമിനീമണിയുടെ സമാധിയുണ്ടു്.

൧൦. ദിങ്മാനിനാം=ദിക്കുകളാകുന്ന സ്ത്രീകളുടെ. കീൎത്തി—ചൂൎണ്ണം= കീൎത്തിയാകുന്ന കർപ്പൂരപ്പൊട്ടിനെ. കവി—രവി=കവികളുടെ ഹൃദയമാകുന്ന താമരപ്പൂവിന്റെ വികസനത്തിൽ സൂൎയ്യനായിട്ടുള്ള. ഭാരവിഃ=ഭാരവി എന്ന മഹാകവി. ഭാസയതി=(ലട്ട്. പ. പ്ര. പു. ഏ.) ശോഭിപ്പിക്കുന്നു. ആത്മഭാസ=തന്റെ ശോഭകൊണ്ടു്.

൧൧. അൎത്ഥരത്നം=അൎത്ഥമാകുന്ന രത്നം. പരി—മാലം=സുഗന്ധവും കൂടിയുള്ള രത്നമാലയെ. നാടകാകാരിണീം=നാടകാകൃതിയിലുള്ള. ശ്രാവ്യം മാത്രമായ ദൃശ്യമല്ലാത്ത നാടകത്തിന്റെ ആകൃതി മാത്രമുള്ളതു്. യഃ=യാവനൊരുത്തൻ. അരചയൽ (ലങ്ങ്. പ. പ്ര. പു. ഏ.) രചിച്ചു. അസ്തു (ലോട്ട്. പ. പ്ര. പു. ഏ.) ഭവിക്കട്ടെ. പ്രീതയെ=പ്രീതിക്കായ്ക്കൊണ്ടു്. മുരാരിഃ=മുരാരി എന്ന അനൎഘരാഘവനാടകകൎത്താവായ കവി. വിഷ്ണു എന്നും. പാലാഴിമഥനം ചെയ്തപ്പോൾ കിട്ടിയ കൌസ്തുഭരത്നമാല്യത്തെ വഹിക്കുന്നവനായ വിഷ്ണു എന്നു ഒരൎത്ഥവും വ്യഞ്ജിക്കുന്നുണ്ടു്.

൧൨. ഭാരതി—മാധുരീം=സരസ്വതിയുടെ കരപല്ലവത്താൽ ശബ്ദായമാനമായ രത്നവീണയുടെ സ്വരമാധുൎയ്യത്തെ. ആദധാന=ധരിക്കുന്നതു്. സമുചിത—വാഹിനീ=ഉചിതരസപ്രവാഹത്തെ വഹിക്കുന്നതു്. സൽകവീനാംബിരുദമാലം=സൽകവികളുടെ ബിരുദമാലയായിട്ടുള്ളതു്. ജയതി=ജയിക്കുന്നു. ഭട്ടബാണസ്യവാണീ=ബാണഭട്ടകവിയുടെ കവിത.

൧൩. മദനേ—പ്രസൂതൈഃ=സുരതലീലയിലെമർദ്ദനത്തിന്നിടയ്ക്കു് 'കൈമൈ മറന്ന' കാന്തയുടെ രതികൂജിതത്തിനുള്ള മാധുൎയ്യത്തിന്റെ ഗോത്രത്തിൽ ജനിച്ചവ. തത്സദൃശങ്ങൾ എന്നു സാരം. മധു—മോലം=പൂന്തേൻകുഴമ്പിൻപരിമളത്തെ പൊഴിക്കുന്നതു്. മദയതി (ലട്ട്. പ. പ്ര പു. ഏ.) മദിപ്പിക്കുന്നു. പുനം= സാമൂതിരിരാജാവിന്റെ വിദ്വത്സദസ്സിലെ അംഗങ്ങളായ പതിനെട്ടരക്കവികളിൽ അരക്കവി(ഭാഷാകവിയായിരുന്നതിനാൽ)യായ പുനംനമ്പൂതിരി. 'ഗദ്യപദ്യാത്മകങ്ങളായ രാമായണചമ്പു ഭാരതചമ്പു മുതലായവയുടെ കൎത്താവാണിദ്ദേഹം. ഭൂരി=ഏറാറവും. ഭൂചക്രവാളം=ഭൂമണ്ഡലം.

൧൪. ഉചിതരസവിചാരേ=വേണ്ടതിന്നണ്ണം രസനിരൂപണം ചെയ്യുമ്പോൾ. ചാരു—ജാലം=മനോഹരിയായ സരസ്വതീദേവിയുടെ കരപല്ലവത്താൽ തുടയ്ക്കപ്പെട്ട ശ്രമം കൊണ്ടുള്ള വിയർപ്പുതുള്ളികളോടു കൂടിയതു്. വശ്യവാക്കെന്നു സാരം. അഹമഹമികയാ=ഞാൻ ഞാൻ മുമ്പിലെന്നനിലയിൽ. വന്ന—വാഹം=വന്ന അൎത്ഥശബ്ദങ്ങളിച്ചുള്ളതു്. ഭവതു (ലോട്ട്. പ. പ്ര പു. ഏ.) ഭവിക്കട്ടെ. വദനബിംബം=മുഖം. ശാങ്കരം=ശങ്കരനെസ്സംബന്ധിച്ചതു്. ഈ ശങ്കരൻ കൃഷ്ണവിജയകൎത്താവായ പ്രസിദ്ധ ശങ്കരകവിയാണു്. മേ=എനിക്കു്.

൧൫. അപര—പനി=അന്യകീൎത്തിപുഞ്ജമാകുന്ന ഒരുതരം പനി. (വേളപ്പനാട്ടു് എന്ന നാട്ടു് ഏതാണെന്നറിയുന്നില്ല). അചികിത്സ്യം=ചികിത്സിപ്പാൻ കഴിയാത്തതു്. നമ്പി=അഷ്ടവൈദ്യന്മാരിൽ ഒരാളായ ആലത്തൂർ നമ്പി.

൧൬. ഉമിഴും=പൊഴിയുന്ന. ഗർജ്ജനം=പ്രലപനം. ദുർജ്ജനാനാം=ദുർജ്ജനങ്ങളുടെ. യേഷാം=യാവചിലരുടെ. ഭാഷണം=വാക്ക്. ഭീഷണം=ഭയങ്കരം. അഖില—ദൂഷണം=സകലവിദ്വാന്മാരേയും ദുഷിക്കുന്നതു്. ച=ഉം.

൧൭. സംജാതാവതാരം=പേരുള്ളതു്. ഉദാരം=ഉൽകൃഷ്ടം. പ്രാക്തനം=പഴയ. ജാതം=കൂട്ടം. നിജവിരചിതം=സ്വന്തം കൃതി. ഖണ്ഡിതേഭ്യഃ=വിദ്വാന്മാർക്കായി. നമഃ=നമസ്കാരം. അസ്തു=ഭവിക്കട്ടെ.

൧൮. സുഖയതി=സുഖിപ്പിക്കുന്നു. ഹിമം=ഓ (കാക.) ഭാഷാരൂപിണി=ഭാഷാമയി. ഭാരതി=വാക്ക്. . മേ=എന്റെ. ഗൃഹയുവതി=പുറത്തിറങ്ങാതെവീട്ടിൽമാത്രം ഇരിക്കുന്ന സ്ത്രീ. വരാകി=പാവപ്പെട്ട (അരസികംഎന്നസാരം.) മേദിനീചന്ദ്രികായാഃ=പ്രകൃതബന്ധത്തിലെ നായികയായമേദിനീവെണ്ണിലാവെന്നസ്ത്രീയുടെ. രമണം=ഭർത്താവിനെ. ഇവ=പോലെ. രതി—രജ്ഞം=കാമകലാവിധിഭേദങ്ങൾ അറിയുന്നവനായ. കഥാനിർദ്ദേശവുംകൂടി ഇവിടെ ചെയ്തിരിക്കുന്നു

൧൯. തർഹി=അപ്പോൾ. തൂഷ്ണീം=മൌനം. ഉപവിശതു=(ലോട്ട്. പ. പ്ര. പു. ഏ.) പ്രാപിക്കട്ടെ. ജനഃ—അയം=ഇയ്യുള്ളവൻ. * പരപുഷ്ടാഃ=കുയിലുകൾ, സ്വൈരം=തടവുകൂടാതെ. ദിശിദിശി=ദിക്കുതോറും. ബലിപുഷ്ടാഃ=കാക്കകൾ. കിന്നു=ഓ. (കാക) ഭജന്തേ=(ലട്ട്. ആ. പ്ര. പു. ബ.) ആശ്രയിക്കുന്നു.

൨൦. ശബ്ദാർത്ഥവാക്യസ്ഖലനം=വാക്ക്, അർത്ഥം, വാക്യംഎന്നിവയിലെ പിഴവ്. മൽപ്രബന്ധേ=എന്റെ കൃതിയിൽ. ഏതൽപ്രയാസം=ഈക്ലേശം. മമ=എന്റെ. ഹന്ത=ആശ്ചര്യം. സന്തഃ=സജ്ജനങ്ങൾ.

൨൧. കവിതയാ=കവിതകൊണ്ടു്. യേ=യാവചിലർ. കോവിദാനാം=വിദ്വാന്മാർക്ക്. ധ്വനിമുഖരമുഖാനാം=വ്യംഗ്യാർത്ഥവിചാരവിശാരദന്മാരായ. കുർവ്വതേ=(ലട്ട്. ആ. പ്ര. പു. ബ.) ചെയ്യുന്നു. അമുഷ്മിൻ=ഈ. അഭിരാമേ=മനോഹരമായ.

൨൨. അമൃതഹൃദ്യം=അമൃതുപോലെ ഹൃദയംഗമം. അസ്മൽപ്രാതിഭം=എന്റെ പ്രതിഭ (ബുദ്ധി)യിൽനിന്നുണ്ടായതു്, സ്വകപോലകല്പിതമെന്നസാരം. ഇതിവൃത്തം=കഥാവസ്തു. കർണ്ണഭാജാം=ചെവിയുള്ളവർക്ക്.

൨൩. മധുരമധുര—സുരഭിലയാ=ഏറ്റവും മധുരമായ മണിപ്രവാളയോഗത്താൽ ആസ്വാദ്യമായിട്ടുള്ളതു്. കാവ്യ—വിഭൂത്യാ=എന്റെ കവിതയുടെ ഭംഗികൊണ്ടു്. കലമ്പർമാല=കടമ്പിൻപൂമാല.

൨൪. മംഗലാപാംഗരംഗേ=ലക്ഷ്മീദേവിയുടെ കടാക്ഷത്തിന്നു പാത്രമായിട്ടുള്ളതു്. മദന—ഭൂമിഃ= കാമന്റെ വിജയക്കൊടിയുടെ ഭംഗിയ്ക്കു ജന്മഭൂമി ആയിട്ടുള്ളവൾ. അനപായേ=നാശത്തിൽ.

---

* ഉത്തരാർദ്ധം; "കോകിലാഃ കിലസന്തി കാകാമൂകാഭവന്തികിം"എന്ന സംസ്കൃതപദ്യത്തിന്റെ പരിഭാഷയാണ്.

൨൫. പശ്യതാം=കാണുന്നവരായ. ശ്രേണി=ഇട. ഉപചിതാംഗി=വളൎന്ന അവയവങ്ങളോടുകൂടിയവൾ. യൌവനാരംഭയോഗാ എന്നു പാഠാന്തരം.

൨൬. നളിന—ബന്ധു=കമലക്രീഡാബന്ധു (രമണൻ). അകുരുത=(ലങ്ങ്. ആ. പ്ര. പു. ഏ.) ചെയ്തു. തസ്മിൻ=അതിൽ. അരമത=(ലങ്ങ്. ആ. പ്ര. പു. ഏ.) രമിച്ചു. നിസ്സംബാധേ=വിജനമായ.

൨൭. യൂനി=യുവാവിൽ. സ്മരമദസുകുമാരേ=യൌവനംകൊണ്ടു മദിച്ച കുമാരൻ. കുരംഗായതാക്ഷ്യാഃ=മാൻകണ്ണാളുടെ. മധുകരം=വണ്ടു. കാമിനാം=കാമിനീകാമുകന്മാരുടെ.

൨൮. പ്രീണയാമാസതുഃ=(ലിട്ട്—പ. പ്ര. ദ്വി.) സന്തോഷിപ്പിച്ചു. തൌ=അവർരണ്ടുപേരും.

൨൯. യുവാനൌ=യുവതിയും യുവാവും. മൃദുനി=മാർദ്ദവമുള്ള. ശൈത്യമന്ദാനിലേ=മന്ദവായുവിനെ. സംമാനയന്തൌ=മാനിക്കുന്നവർ.

൩൦. തത്ര=അവിടെ. മത്താളി—മിശ്രം=മദിച്ച വണ്ടിൻനിരയുടെ മധുരമായ ശബ്ദത്തോടിടകലൎന്നതു്. തദാനീം=അപ്പോൾ. അബ്രുവീൽ—(ലുങ്ങ് പ. പ്ര. പു. ഏ.) പറഞ്ഞു.

൩൧. പൌഷ്പം=പുഷ്പത്തിന്റേതു്. നൂനം=നിശ്ചയം. പരഭൃതമൊഴി=കുയിൽവാണി. ആത്മനാഥൻ=ഭർത്താവു. (ഭീമസേനൻ പാഞ്ചാലിയുടെ അപേക്ഷപ്രകാരം കല്യാണസൌഗന്ധിക പുഷ്പം കൊണ്ടുവന്ന ഭാരതകഥാംശം ഇവിടെ അനുസന്ധേയമാണു്.)

൩൨. അമലദശനഭാസാ=ശുഭ്രങ്ങളായ ദന്തങ്ങളുടെ കാന്തികൊണ്ടു്. അംഗനാനാം=സ്ത്രീകളുടെ. അനുസൃതിപരതന്ത്രം=അനുസരണാധീനം. പ്രായശഃ=മിക്കവാറും.

൩൩. അതന്ദ്രം=മടികൂടാതെ. അളി—ഝംകാരേണ=വണ്ടിൻനിരയുടെ ഝങ്കാരത്തോടുകൂടിയതു്.

൩൪. പ്രാപ്യ=പ്രാപിച്ചിട്ടു്. മന്ദാരഹൃദ്യം=മന്ദാരത്താൽ മനോഹരം. മദ—ഭാസാം=വിലാസസുഭഗമാരായ സ്ത്രീകളുടെ മന്ദസ്മിതമാകുന്ന ചന്ദ്രന്റെ കാന്തിയാൽ. വാദയൻ=വായിക്കുന്നവൻ. അംബരാന്തേ=ആകാശഭാഗത്തിൽ. ജഗാമ=(ലിട്ട്. പ. പ്ര. പു. ഏ.) ഗമിച്ചു.

൩൫. തദനു=അനന്തരം. വിയതി=ആകാശത്തിൽ. ചിററിലപ്പള്ളിനാടു്=തൃശ്ശൂരിനുസമീപമുള്ള ഒരു സ്ഥലം. പരിപതദ്ഭിഃ=പതിക്കുന്നവ. വിബുധ—പുരന്ധ്രീഭിഃ=ദേവസ്ത്രീകളാൽ. കിമിദം=ഇതെന്തു്. ഇതി=എന്നു്.

൩൬. സുരഭിവർത്തിം=സുഗന്ധത്തിരി. നവ്യ—സൌധേ=പുതിയ മണിമാളികയിൽ. അഭ്യപശ്യൻ=(ലങ്ങ്—പ. പ്ര. പു. ഏ.) കണ്ടു. തുഷ്ടാവ=(ലിട്ട് പ. പ്ര. പു. ഏ.) സ്തുവിച്ചു.

൩൭. പിബതഃ=പാനംചെയ്യുന്ന (പ്രകൃതത്തിൽ ആദരപൂർവ്വകം കാണുന്നതെന്നർത്ഥം.) തസ്യ=അവന്റെ. ഉപജഗാമ=പ്രാപിച്ചു. പ്രേമലോലാ=പ്രണയപരവശയായ.

൩൮. അന്വവേലം=ഇടവിടാതെ. ശീതോപചാരം=വിരഹതാപശാന്തിയ്ക്കായി ശൈത്യമേല്പിക്കൽ.

൩൯. ഉപാഘ്രായ=ചുംബിച്ചിട്ട്. ഉവാച=(ലിട്ട്—പ. പ്ര. പു. ഏ.) പറഞ്ഞു.

൪൦. മംഗലാരംഗമേ=ലക്ഷ്മീനിവാസസ്ഥാനമേ.

൪൧. തദീയം=അവളെസംബന്ധിച്ചതു്.

൪൨. ആകർണ്യ=കേട്ടിട്ട്. മുഗ്ദ്ധ—പയോഭിഃ=പുഞ്ചിരിയാകുന്ന പാൽകൊണ്ട്. ഊഢഹർഷം=സന്തോഷംവഹിച്ച്.

൪൩. കഥയ (ലോട്ട് പ. മ. പു. ഏ.) പറഞ്ഞാലും. കാ=ആർ. സാ=അവൾ. കസ്യ=ആരുടെ. കഥം=എങ്ങിനെ? ഇദം=ഇതു്. വിതരതി=(ലട്ട്. പ. പ്ര. പു. ഏ.) ദാനംചെയ്യുന്നു. മുദം=സന്തോഷത്തെ. ഏതൽ=ഇതു്.

൪൪. പ്രീണയൻ=സന്തോഷിപ്പിച്ചുംകൊണ്ട്. പരി—ധൂള്യാ=കഥയാകുന്ന പൂന്തേൻകൊണ്ട്. പൂരയാമാസ=(ലിട്ട് പ. പ്ര. പു. ഏ.) നിറച്ചു.

൪൫. മധുരയതി=(ലട്ട് പ. പ്ര. പു. ഏ.) മധുരമാക്കുന്നു. അഗമ്യഃ=പ്രാപിക്കാൻ കഴിയാത്തതു്. ശീകരൈഃ=നീർത്തുള്ളികളാൽ. മാകരന്ദൈഃ=തേനിനെസ്സംബന്ധിച്ചവ. സ്നാപിത—ഭൂമിഃ=നനയ്ക്കപ്പെട്ട മധ്യഭാഗത്തോടുകൂടിയതു്. സ്വർല്ല—രീണാം=സ്വർഗ്ഗത്തിലെ ലതകളുടെ പൂങ്കുലകളുടെ.

൪൬. ദക്ഷിണം=തെക്കേതു്. അലർമാത=ലക്ഷ്മീദേവി. അംഗജൻ=കാമദേവൻ.

൪൭. അനിലപുണ്യക്ഷേത്രം=ഗുരുവായൂരമ്പലം. ശിവപേരൂർക്ഷേത്രം=തൃശ്ശൂർ വടക്കുംനാഥക്ഷേത്രം. ചേരമാന്നാട്=മലയാളവും പാണ്ടിയും. (ചേരമാൻ പെരുമാളുടെ ഭരണത്തിൻകീഴിലുള്ള രാജ്യമെന്നുസാരം.) ആഭാതി=(ലട്ട് പ. പ്ര. പു. ഏ.) ശോഭിക്കുന്നു. യസ്മിൻ=യാതൊന്നിൽ.

൪൮. വിബുധ—ഭാഗം=ദേവസ്ത്രീകളുടെ കരകമലങ്ങളാൽ അർപ്പിക്കപ്പെട്ട താമരപ്പൂക്കളിൽനിന്നു ഒഴുകിയ തേനിൽ നനഞ്ഞ പരിതഃസ്ഥലങ്ങളോടുകൂടിയതു്. സുന്ദരീ—ശിശിരം=സുന്ദരിമാരുടെ മന്ദസ്മിതകാന്തിയാൽ ശീതളം. അനന്തക്ഷേത്രം=തിരുവനന്തപുരത്തെ പത്മനാഭക്ഷേത്രം.

൪൯. ഹരി—നിനാദം=വിഷ്ണുവിന്റെ ഓടക്കുഴലിന്റെ ശബ്ദം. അജസ്രം=എല്ലായ്പോഴും. അഖില—താന്തം=എല്ലാ കല്ലുകളിൽനിന്നും പുറപ്പെടുന്ന വെള്ളത്താൽ ചളി പിടിച്ച സമീപഭാഗത്തോടുകൂടിയതു്. അക്ഷ്ണാം=കണ്ണുകൾക്കു്. ഗോകുല—ഹർമ്മ്യം=പശുക്കൂട്ടത്തിന്റെ സന്തോഷത്തോടുകൂടിയ 'ഇമ്പേ'എന്നശബ്ദത്താൽ മുഴങ്ങുന്ന കെട്ടിടങ്ങളോടു കൂടിയതു്. ചെമ്മരം=തൃച്ചംബരക്ഷേത്രം.

൫൦. ആജ്ഞയാ=കല്പനയാൽ. യത്ര=യാതൊരേടത്തു്. അർഭകാണാം=കുട്ടികൾക്കു്. ജനനി=മാതാവു്.

൫൧. അവഗതകുഠാരം=കുഠാരംകൂടാതെ. അവനി—കാഭം=ഭൂമിയാകുന്ന താമരപ്പൂവിന്റെ കർണ്ണികയെപ്പോലുള്ളതു്. വിഭാതി=(ലട്ട് പ. പ്ര. പു. ഏ.) ശോ

ഭിക്കുന്നു. രാമരാജ്യാവതരം=അയോദ്ധ്യയുടെ ജനനം. നീതിമന്തഃ=നീതിമാന്മാർ. വദന്തി=(ലട്ട് പ. പ്ര. പു. ബ.) പറയുന്നു.

൩൩. അതീവ്=ഏററവും, മനസിജൻ=കാമദേവൻ. ഉദയതി=(ലട്ട് പ. പ്ര. പു. ഏ.) ഉദിക്കുന്നു.

൩൪. ശിശിരിതനരലോകം=ജനങ്ങളുടെ കരളിനെ കുളിപ്പിച്ചവൾ. കാപി=ഒരുത്തി. കലശജലനിധൌ=പാലാഴിയിൽ. ആഴിമാതാ=ലക്ഷ്മീദേവി.

൩൫. കമലവിശിഖസാമ്രാജ്യം=കാമസാമ്രാജ്യം. കമനി=സുന്ദരി. കലിതഗർവ്വം=ഗർവ്വത്തോടുകൂടി. ഉർവ്വശി—ഇവ=ഉർവ്വശിയെപ്പോലെ. കിമപി=ഒട്ടും. ഉപേതാ=കൂടിയവൾ.

൩൬. സജല—പേശലാ=കാർകൊണ്ട മേഘച്ചാർത്തുപോലെ മനോഹരം. തിമിരശ്രീവല്ലരീപല്ലവാഭം=ഇരുട്ടിന്റെ കാന്തിയാകുന്ന ലതയുടെ തളിരുപോലിരിക്കുന്നതു്. അളികതലം=നെററിത്തടം. കേതകാന്തർദ്ദളാഭം=കൈതപ്പൂവിന്റെ അകത്തെ ദളം പോലുള്ളതു്. ശൃംഗാരയോനേഃ=കാമദേവന്റെ.

൩൭. വനചരശരപാതൈഃ=കാട്ടാളന്റെ അമ്പെയ്യുമ്പോൾ. മെഴനീട്ടുന്ന=ഉഴറുന്ന. മിക്ക=മികച്ച.

൩൮. രതി—കാളാഞ്ചി=കാമദേവന്റെ സുവർണ്ണമയമായ കാളാഞ്ചി (പൊടിപ്പു്). നാസാ=മൂക്ക്. കപോലം=കവിൾത്തടം.

൩൯. കംബു—പ്രശമനം=ശംഖിന്റെ വിലാസത്തിനുള്ള മദത്തെ ശമിപ്പിക്കുന്നതു്. അതിമുഗ്ദ്ധം=ഏററവും മനോഹരം.

൪൦. അംഗ—കുവള=ശരീരകാന്തിയാകുന്ന പൊയ്കയിലെ കുമിള.

൪൧. ഇതി=ഇപ്രകാരം. മധുര—ധാരാം=മനോഹരഗാത്രിയുടെ ശരീരസൌന്ദര്യപ്രവാഹത്തെ. വികിരന്തീം=വിതറുന്നവളായ. ഭാമിനി=സുന്ദരി. അരമത=രമിച്ചു.

൪൨. ശരദി=ശരൽക്കാലത്തു്. ഹേമന്തേ=ഹേമന്തകാലത്തു്. വസന്തേ=വസന്തത്തിൽ. ഘോടനാൾ=വർഷക്കാലത്തു്.

൪൩. പായ—യന്തീ=പാനം ചെയ്യിക്കുന്നവൾ. പുളകമുകുളിതാംഗീ=രോമാഞ്ചകഞ്ചുകിതാംഗീ. കുഞ്ചിതഭ്രൂലതാഗ്രാ=ചുരുക്കപ്പെട്ട ചില്ലിക്കൊടിയുടെ അററത്തോടുകൂടിയവൾ. അഭിനിവിഷ്ടാ=പ്രവേശിച്ചവൾ. യാപയാമാസ=(ലിട്ട്. പ. പ്ര. പു. ഏ.) കഴിച്ചുകൂട്ടി.

൪൪. അഥ=അനന്തരം=അതിനുശേഷം. കലവല്ലീമഞ്ജരീം=തറവാടാകുന്ന ലതയുടെ പൂങ്കുലയായിട്ടുള്ളവൾ. മഞ്ജുവാണീം=കളവാണിയായ. ദുഹിതരം=മകളെ. അനവദ്യാം=നിർദ്ദോഷയായ. അലബ്ധമാനാം=ലഭിക്കാത്തവൾ. ആപ=(ലിട്ട്. പ. പ്ര. പു. ഏ.) പ്രാപിച്ചു. പ്രവാതപ്രതിഹതകദളീ=കൊടുങ്കാററടിപെട്ട വാഴ. ക്ഷീയമാണാംഗവല്ലീ=മെലിയുന്ന ശരീരത്തോടുകൂടിയവൾ.

൪൫. അനുദിനം=നാൾതോറും, അലസാക്ഷി=സുന്ദരി. രൂക്ഷം=ക്രൂരം. അകാണ്ഡേ=അനവസരത്തിൽ. പ്രകാമം=ഏററവും.

൭൬. അപ്പ്യയാമാസ=(ലിട്ട്. പ. പ്ര. പു. ഏ.) അപ്പിച്ചു. തന്വീ=കൃശാംഗി. അനവേലം=എപ്പോഴും.

൭൭. പൌരസന്തപ്പ്ണാദ്യൈഃ=പൌരസ്ത്രീകളിൽ ചെയ്യപ്പെട്ട, ബലി, പൂജ, ഹോമം, തപ്പ്ണം മുതലായവയെക്കൊണ്ട്. നിശി=രാത്രിയിൽ. മുസലസപദ്മമണ്ഡപെ=ഉലക്കവെച്ചു പൂജിക്കുന്ന കൽത്തറയിൽ. അധിമണിഗൃഹം=രത്നഗൃഹത്തിൽ. ഉദ്യന്മണ്ഡനോ=അലംകൃതമായത്ത്. ചണ്ഡികായേം=ദുർഗ്ഗാദേവിയുടെ.

൭൮. ആത്മജാം=പുത്രിയെ, അഭ്യർത്ഥയന്തീ=അപേക്ഷിക്കുന്നവൾ. അച്ചയിതാ=പൂജിച്ചിട്ട്.

൭൯. അംഭോജായുധം=കാമദേവനെ. മണ്ഡപസ്ഥം=മണ്ഡപത്തിൽ കുടിവെച്ച്. ആമീലിതാക്ഷീ=കണ്ണുചിമ്മിയവൾ. ഖഗാനാം=പക്ഷികളുടെ. വായസാനാം=കാക്കകളുടെ.

൮൦. ശിവാനാം=കുറുനരികളുടെ. അകുരുത=ചെയ്തു. ഭോജയാമാസ=(ലിട്ട്. പ. പ്ര. പു. ഏ.) ഊട്ടി.

൮൧. കിമിപിബഹുഭിരുക്തൈഃ=എന്തിനധികം പറയുന്നു. മുകുളിതകരം=കൈകൂപ്പി.

൮൨. ഗതവതി=പോയിക്കൊണ്ടിരിക്കവേ. കദാചിൽ=ഒരിക്കൽ. ശുശ്രാവ=കേട്ടു. വാചം=വാക്കിനെ.

൮൩. സ്മരം=കാമദേവനെ. അഭജത=(ലങ്ങ്. ആ. പ്ര. പു. ഏ.) ഭജിച്ചു. മലയപവനം=തെക്കൻകാറ്റിനെ. അഭ്യാശേ=സമീപത്തിൽ. ചരന്തം=ചരിക്കുന്ന. തുഹിനകിരണം=ചന്ദ്രനെ. അഗ്രേ=മുമ്പിൽ. പ്രണമ്യ=നമസ്കരിച്ചു.

൮൪. അനംഗായ=കാമദേവനായി. അപ്പ്യിതാ=കൊടുത്തിട്ട്. മൃഗാക്ഷീ=മാൻകണ്ണി. ജരൽപ്രവ്രാജികാഭിഃ=വൃദ്ധമാരായ സന്യാസിനിമാരോട്. സമേതാ=കൂടിയവൾ. പൌണ്ണമാസീനിശായാം=വെളുത്തവാവിൻരാത്രിയിൽ.

൮൫. തദനു=അനന്തരം. സമുപജാതേ=സംഭവിച്ചുസമയത്ത്. ശാന്തയാതേ=കാറ്റുശമിച്ചു. നിശീഥേ=അർദ്ധരാത്രി. കുംഭകണ്ണായമാനേ=ഉറങ്ങിക്കൊണ്ടിരിക്കവേ. ദിനപരിണതിനേരം=വൈകുന്നേരം. ബഭൂവ=(ലിട്ട്. പ. പ്ര. പു. ഏ) ഭവിച്ചു.

൮൬. മുറവലൊളിമുളപ്പ്=ദന്തകാന്തിയുടെ അങ്കുരം. ഇക്ഷുകോദണ്ഡധാരീ=കരിമ്പുവില്ലേന്തിയവൻ. ഇന്ദുനാ=ചന്ദ്രനാൽ. അനിയാതഃ=അനുഗമിക്കപ്പെട്ടവൻ. സരതിഃ=രതിയോടുകൂടിയവൻ. തദാനീം=അപ്പോൾ. ആവിരാസീൽ=(ലങ്ങ്. പ. പ്ര. പു. ഏ.) പ്രത്യക്ഷപ്പെട്ടു.

൮൭. നിജഗാദ (ലിട്ട്. പ. പ്ര. പു. ഏ.) പറഞ്ഞു. മനോഭൂഃ=കാമദേവൻ.

൮൮. യുവനയനചകോരീചന്ദ്രികേ!=യുവാക്കന്മാരുടെ ദൃഷ്ടിയാകുന്ന പെൺചകോരത്തിനു നിലാവായിട്ടുള്ളവളേ! ഭവിതാ=(ലുട്ട്. പ. പ്ര. പു. ഏ.) ഭവിക്കും.

൩൯. മധുമീ—സോദരീം=പൂന്തേൻപോലെ മധുരമായതു്. കാമപി=ഒരു. ജഗതി=ലോകത്തിൽ. സുകൃതഭാജാം=പുണ്യവാന്മാൎക്കു്.

൪൦. മുഗ്ദ്ധേ!=സുന്ദരി! വിബുധ—രാമാ=കാമകലയാൽ മത്തകളായ ദേവസ്ത്രീകളുടെ നേത്രശോഭയാൽ കരിംകുവളപ്പൂക്കൾ ഉണ്ടായപോലെ വിളങ്ങുന്ന രത്നസൌധങ്ങളെക്കൊണ്ടു മനോഹരമായിട്ടുള്ളതു്.

൪൧. ത്രിഭുവനപതിഃ=മൂന്നുലോകത്തിന്നും അധിപൻ. അസ്യാം=ഇതിൽ. വൎത്തതേ=(ലട്. ആ. പ്ര. പു. ഏ.) വൎത്തിക്കുന്നു. വൃത്രഹന്താ=ദേവേന്ദ്രൻ. വിവിധ—ജിതാംഘ്രിഃ=ദേവവൎഗ്ഗത്തിന്റെ കിരീടങ്ങളാൽ നീരാജനം ചെയ്തു (തിരിയുഴിച്ചൽ) പ്പെട്ട പാദങ്ങളോടുകൂടിയവൻ. പൌലോമീ—രായീ=ഇന്ദ്രാണിയുമായി മാത്രം രമിക്കുന്നവൻ.

൪൨. മഹിഷ്യാഃ=പട്ടമഹിഷിയുടെ. തസ്യ=അവന്റെ. മുതിൎത്തു=ആരംഭിച്ചു. സുരകുലഗുരുഃ=ദേവാചാൎയ്യനായ ബൃഹസ്പതി. അഖിലവധൂനാം=എല്ലാസ്ത്രീകൾക്കും. ആധിരാജ്യാനുഭൂതിഃ=ആധിപത്യാനുഭവം.

൪൩. ഇന്ദു—മണ്ഡപേ=ചന്ദ്രപ്രഭയുള്ള തറയിൽ. മണ്ഡിതാശേഷികളെ അലങ്കരിക്കുന്നതു്. പൂൎണ്ണശീതാംശുഃ=പൂൎണ്ണചന്ദ്രൻ. ഏഷഃ=ഇത. സസ്മിതൈഃ=വിടൎന്നവ. ആത്മദൈന്യൈഃ=എന്റെ ശരങ്ങളായ പൂക്കളാൽ. അമരഗുരുവിതീൎണ്ണൈഃ=ബൃഹസ്പതിയാൽ അൎപ്പിക്കപ്പെട്ടവ. അഭൂൽ=(ലുങ്. പ. പ്ര. പു. ഏ.) ഭവിച്ചു.

൪൪. അയം=ഇവൻ. അപി=ഉം. സുകുമാരജ്യോതിഷാം=അസൌമ്യങ്ങളായ തേജസ്സുകളുടെ.

൪൫. പൂൎണ്ണ—ഭേനോ=പൂൎണ്ണചന്ദ്രനെ. നയനാഭ്യാം=കണ്ണുകളാൽ. സമന്താൽ=ചുറവും. ജാഗ്രത്സ്വപ്നയോഃ=ജാഗ്രത്സ്വപ്നങ്ങളുടെ. മധ്യസംസ്ഥം=ഇടയ്ക്കുള്ള. അസ്മദീയാൽ=എന്നെസ്സംബന്ധിച്ചതു്.

൪൬. കുന്തളം=തലമുടി. കാഞ്ചി=ഒഡ്യാണം. കാമ്യം=കാമിക്കത്തക്കതു്. തദീയം=അവളെസ്സംബന്ധിച്ചതു്. തിരുവുരു=കോമളശരീരം. അസ്മൽപ്രഭാവാൽ=എന്റെ മഹിമയാൽ.

൪൭. പുനഃ=പിന്നെ. അയം=ഇവൻ. പശ്യൻ=കണ്ടുംകൊണ്ടു്.

൪൮. മന്ഥരകം=മന്ദമായ ദൃഷ്ടിയോടുകൂടുംവണ്ണം.

൪൯. തൂലികാഗ്രേണ=തൂവലിന്റെ തലയാൽ. വിമല—ഭിത്തൌ=നിൎമ്മലമായ മനസ്സാകുന്ന ചുമരിൽ. അച്ഛയന്തൌ=പൂജിക്കുന്നവർ. ഉഭൌ=ഇരുവരും. മാ=എന്നെ.

൫൦. ശത—പിനീ=ഇന്ദ്രന്റെ വീണവായനക്കാരി (മേനക എന്നസാരം). അഭിവന്ദ്യ=വന്ദിച്ചിട്ടു്. വധൂഭിഃ=സ്ത്രീകളോടുകൂടി. ശശ—സൌധം=ചന്ദ്രകാന്തമണിമാളിക. തുംഗം=ഉയൎന്നതു്. ആരുഹ്യ=കയറിയിട്ടു്. തൂൎണ്ണം=വേഗം.

൫൧. സമയം=സങ്കേതം. വിദിത്വാ=അറിഞ്ഞിട്ടു്. മേനകാരൂപിണീ=മേനകയുടെ വേഷം ധരിച്ചവൾ. ഉദാത്താ=ഉൽകൃഷ്ട. മേനകാചേതസാ=മേനക എന്ന വിചാരത്തോടുകൂടി. താം=അവളെ.

൯൨. അല്പഹാസൈഃ=മന്ദഹാസങ്ങളാൽ. വിലാസൈഃ=ശൃംഗാരചേഷ്ടകളാൽ. കരണഭേദൈഃ=അനുഷ്ഠാനഭേദങ്ങളാൽ. ഇന്ദും=ചന്ദ്രനെ.

൯൩. മലയപവനം=മലയപർവ്വതത്തിൽനിന്നു വരുന്ന കാററിനെ. സന്മാനയന്തൌ=മാനിക്കുന്നവരായി. കിം ഇതി=എന്തെന്നു്. ആസ്ഥിതൌ=സ്ഥിതിചെയ്തവർ. തൌ=അവരിരുവരും.

൯൪. നന്ദ—ഭൂതൈഃ=നന്ദനവനലക്ഷ്മിയാൽ കാഴ്ചവെക്കപ്പെട്ട പുതിയ കാഴ്ചദ്രവ്യങ്ങളായ. ദിവ്യസൂനൈഃ=ദിവ്യപുഷ്പങ്ങളാൽ. ചികുരഭരം=തലമുടി. ദിവ്യാംഗരാഗാ=ശ്രേഷ്ഠങ്ങളായ സുഗന്ധദ്രവ്യങ്ങളാം പൂശിയവരാം.

൯൫. നവരതപരിഖിന്നം=രതിക്രീഡകഴിഞ്ഞുടനേയുള്ള ക്ഷീണത്തോടുകൂടിയവനേ. മേനകാലിംഗിതാംഗം=മേനകയാൽ ആലിംഗനം ചെയ്യപ്പെട്ട ശരീരത്തോടുകൂടിയവനേ. അമൃതകിരണം=ചന്ദ്രനേ. കംബുകണ്ഠി=സുന്ദരി. അഗ്രേ=മുമ്പിൽ. സമീക്ഷ്യ=കണ്ടിട്ടു്. ചന്ദ്രികായാം=ചന്ദ്രികയുടെ. ആസ്ഥിതാഭൂൽ=സ്ഥിതിചെയ്യപ്പെട്ടവളായിഭവിച്ചു. (ഇരുന്നു.)

൯൬. തദനു=അതിനുശേഷം. ഹിമകരോയം=(ഹിമകര+അയം) ഈ ചന്ദ്രൻ. അങ്കസംസ്ഥാംമേനകാം=മടിയിലിരിക്കുന്ന മേനകയേ. അരികേവന്നാസ്ഥിതാം=അരികിൽ വന്നിരിക്കുന്നവളേ. ച=ഉം (രണ്ടുപേരേയും എന്നർത്ഥം.) അനപശ്യൻ=കണ്ടിട്ടു്. വാഗതീതം=വാചാമഗോചരം. പരിതാപം=ദുഃഖം. അഭജത=ഭജിച്ചു (ഉണ്ടായി.)

൯൭. ശിശിരരുചി=ചന്ദ്രൻ. വിദിത്വാ=അറിഞ്ഞിട്ടു്. പ്രളയദഹനരൂക്ഷൈഃ=പ്രളയാഗ്നിപോലെ കഠിനമായ കോപത്തോടുകൂടിയവനായി. അക്ഷണേ=അപ്പോൾ. താം=അവളേ. അശപൽ=(ലങ്ങ്. പ. പ്ര. പു. ഏ.) ശപിച്ചു.

൯൮. കുലയുവതിപതാകേ=കുലസ്ത്രീകളിൽവച്ചു കൊടിക്കൂറയായിട്ടുള്ളവളേ! വാരയോഷേവ=വാരസ്ത്രീയേപ്പോലെ. വിഗതശങ്കം=ശങ്കകൂടാതെ. മച്ഛാപം=എന്റെ ശാപം.

൯൯. മുഴുമതിശാപം=പൂർണ്ണചന്ദ്രന്റെ ശാപം. ഘോരം=കഠിനം. ആകർണ്യ=(അവ്യ) കേട്ടിട്ടു. തയോഃ=അവരുടെ. ശങ്കമാനാ=സംശയിക്കുന്നവളാം. പ്രാപ=(ലിട്. പ. പ. പ്ര. പു. ഏ.) പ്രാപിച്ചു. ശമയാംമാസ=അടക്കി. ആത്മനാ ആത്മാനംഏവ=താനേതന്നെ.

൧൦൦. തുഹിനധാമ്നേ=ചന്ദ്രനായിക്കൊണ്ടു. നമസ്കൃത്യ=നമസ്കരിച്ചിട്ടു. നത്വാ=(അവ്യ.) നമിച്ചിട്ടു. മൂർദ്ധ്നാ=ശിരസ്സുകൊണ്ടു്. ധാരയന്തീ=ധരിക്കുന്നവളാം. മാമകം=എന്റേതു്.

൧൦൧. അസ്മൽപ്രീണനം=എനിക്കു തൃപ്തിയെ ഉണ്ടാക്കുന്നതു്. ഇത്ഥം=ഇപ്രകാരം. ഇന്ദു=ചന്ദ്രൻ. ഉവാച=(ലിട്. ആ. പ്ര. പു. ഏ.) പറഞ്ഞു.

൧൦൨. അമര...മാലികാ=ദേവസ്ത്രീകൾക്കു അലങ്കാരമായിട്ടുള്ളവളാം. അനുഭവിതും=അനുഭവിക്കുന്നതിനു. വാഞ്ഛതി=ആഗ്രഹമുള്ളവളാം. ത്വയി=നിങ്കൽ.

൧൦൩. താം=അവളെ. ഉദസ്ഥാൽ=(പ്ര. പു. ഏ. വ.) എഴുനേററു. പരിപന്ഥി=ശത്രു.

൧൦൪. ഉഷസി=കാലത്തു്. ഇന്ദു.....പ്രതിമടം=ബാലചന്ദ്രനെ ശിര

സ്സിൽ ധരിച്ചിരിക്കുന്ന ശിവന്റെ ശത്രുവിനെ (കാമദേവനെ). അഖസാംക്ഷീ=സുന്ദരി. ഉപജഗാമ=(ലിട്, പ. പ്ര. പു. ഏ. വ.) പ്രാപിച്ചു. സമേതാ=കൂടിയവൾ. പുണ്യകാംക്ഷുകർമ്മാ=സുകൃതപ്രവൃത്തികളെ ചെയ്യുവാൻ ആഗ്രഹമുള്ളവൾ.

൧൦൪. അകരുത=(ലുങ്, ആ. പ്ര. പു. ഏ. വ.) ചെയ്തു. ആചണ്ഡാലം=ചണ്ഡാലന്മാർവരെ. ദുഗ്ദ്ധാജ്യമിശ്രം=പാലും നെയ്യും കലർന്നതു്. നിധനാനാം=ഗാനാനാം=പാവങ്ങൾക്കു്.

൧൦൫. ഉപാന്തേ=സമീപത്തിങ്കൽ. ത്രിജഗതി=മൂന്നു ലോകത്തിങ്കൽ.

൧൦൬. അലർ...ഭുക്താം=കാമദേവനാൽ അനുഭവിക്കപ്പെട്ടതു്. പ്രാശ്യ=ഭക്ഷിച്ചിട്ടു്.

൧൦൭. മന്ദവേഗാൻ=പതുക്കെ വരുന്നവ. കല്യാംഗീ=സുന്ദരി. ആസ്വദിച്ചു=അനുഭവിച്ചു. കണ്ണടച്ചോരളവു=ഉറങ്ങിയപ്പോൾ. അഖിലകലാസുന്ദരീം=എല്ലാം കലകളേയുംകൊണ്ടു മനോഹരയായിട്ടുള്ളവൾ. ഇന്ദുലക്ഷ്മീം=ചന്ദ്രന്റെ ശോഭയെ (ചന്ദ്രികയെ). അമ്ലാനാം=വാട്ടമില്ലാത്തതു്. വൃത്തം സ്രഗ്ദ്ധരം. ഉറങ്ങിയപ്പോൾ ചന്ദ്രികവന്നു തന്റെ ജഠരത്തെ പ്രവേശിച്ചതായി (സ്വപ്നം) കണ്ടു എന്നു സാരം.

രണ്ടാം ഭാഗം.

ശ്ലോ ൧. നൽപ്പാൽതൊഴുംമൊഴി=മധുരവാക്കായിരിക്കുന്ന അവൾ സഹകാരശരപ്രസാദാൽ (പഞ്ചമി- ഏകവചനം) കാമദേവന്റെ അനുഗ്രഹംനിമിത്തം. നിശാകരകാന്തിലേശാൻ=(ദ്വി. ബഹുവചനം) നിലാവിന്റെ ശകലങ്ങളെ, ഗർഭേ=(സപ്തമി. ഏ. വ.) ഗർഭത്തിങ്കൽ. ബഭാര=(ലിട്. പ. പ്ര. പു. ഏകവചനം) ധരിച്ചു. താമ്രവർണ്ണീ=താമ്രവർണ്ണിനദി. ഉത്തംശുക്തിപുടകേ=(സപ്തമി. ഏ. വ.) വലുതായിരിക്കുന്ന ശുക്തികയിങ്കൽ. ഭുവനൈകസാരാൻ=(ദ്വി. ബ. വ.) ലോകത്തിൽവച്ചു അധികം സാരമുള്ളവയും. മുക്താമയാൻ=(ദ്വി. ബ. വ.) മുത്തുരൂപങ്ങളും ആയ. ജലകണാൻ=(ദ്വി. ബ. വ.) ജലബിന്ദുക്കളെ. ഇവ=(അവ്യയം)പോലെ എന്നു ഉപമ. ജലബിന്ദുക്കൾ മഴപെയ്യുമ്പോൾ താമ്രവർണ്ണിനദിയിലെ ശുക്തികകളിൽ പതിച്ചു മുത്തുകളായി പരിണമിക്കുന്നു എന്നതു് പ്രസിദ്ധമാണു്.

"താമ്രവർണ്ണീസമേതസ്യ മുക്താസാരം മഹോദധേ

തേനിപത്യ ദദന്തസ്തൈസ്സ്വയശസ്സ്വമിവസഞ്ചിതം."

എന്ന കാളിദാസരുടെ പ്രയോഗം നോക്കുക. ഗർഭത്തിൽ ഉണ്ടായിരിക്കുന്ന മേദിനീചന്ദ്രിക, ചന്ദ്രികയുടെ അംശം ചേർന്നുള്ള അവതാരമാകയാൽ 'നിശാകരകാന്തിലേശാൻ' എന്നു പ്രയോഗിച്ചതാണു്.

൨. കാഞ്ചനകേതകാഭാം=(ദ്വി. ഏ. വ.) സ്വർണ്ണക്കൈതപ്പൂവിന്റെ ശോഭപോലെയുള്ള ശോഭ(യെ). അലഞ്ചകാര=(ലിട്. പ. പ്ര. പു. ഏ. വ.) അലങ്കരിച്ചു. ആപാദചൂഡം=ശരീരം മുഴുവൻ.

൪. മവളൂ=വിരേധിച്ചു. രേജേ=(ലിട്. ആ. പ. പ്ര. പു. ഏ. വ.) ശോഭിച്ചു. സ്തനങ്ങളുടെ അഗ്രങ്ങൾക്കു നീലനിറമുണ്ടായി എന്നു സാരം. ഇതു ഗർഭലക്ഷണങ്ങളിൽ ഒന്നാകുന്നു.

൫. തദീയം=അവളുടേതു്. തരളായതാക്ഷ്യാ=(ഷഷ്ഠി. ഏ. വ.) ഇളകവും നീളവും ഉള്ള കണ്ണുകളോടുകൂടിയവളുടെ (സുന്ദരിയുടെ). മുന്തി=മുമ്പിട്ടു.

൬. ഇയം=ഇവൾ. അപരാഭിസ്സാതോദരീഭി=(തൃ. ബ. വ.) മററുള്ള സുന്ദരികളോടുകൂടി. ചചാര=(ലിട്. പ. പ. പ്ര. പു. ഏ. വ.) സഞ്ചരിച്ചു. മേളം=ഭംഗി. കരിണീഭി=(തൃ. ബ. വ.) പിടിയാനകളാൽ. അനുപ്രയാതാ=(പ്ര. ഏ. വ.) അനുപ്രയാണം ചെയ്യപ്പെട്ടവൾ. (പിടിയാനകളുടെ മുമ്പേ നടക്കുന്നവൾ എന്നു സാരം.) കാദംബിനീ=മേഘമാല. കനകാചലമൌലിഭാഗേ=(സപ്ത. ഏ. വ.) മഹാമേരുപർവ്വതത്തിന്റെ മുകളിൽ.

൭. സാ=(പ്ര. ഏ. വ.) അവൾ. ദൌഹൃദശ്രമവശാൽ=(പഞ്ച. ഏ. വ.) ഗർഭംനിമിത്തമുള്ള ശ്രമത്തിനാൽ. അനിശം=എപ്പോഴും. താമ്യൻമുഖീ=മുഖത്തു ക്ഷീണമുള്ളവൾ. കതിപയാഭരണാ=ആഭരണങ്ങൾ കുറച്ചുമാത്രം അണിഞ്ഞിട്ടുള്ളവൾ. ചകാശേ= (ലിട്. ആ. പ. പ്ര. പു. ഏ. വ.) ശോഭിച്ചു. പ്രാപ്യപ്രഭാതസമയാ=വെളുപ്പാൻകാലം ചെന്നതു്. പരിഹീണചന്ദ്രാ=ചന്ദ്രന്റെ ക്ഷയം(വിളർച്ച)സംഭവിച്ചതു്. സന്ധ്യയുടെ മുഖമായി ചന്ദ്രനേയും ആഭരണങ്ങളായി നക്ഷത്രങ്ങളേയും കല്പിച്ചിരിക്കുന്നു.

ശരീരസാദാദസമഗ്രഭൂഷണാ
മുഖേനസാലക്ഷ്യതലോധ്രപാണ്ഡുനാ
തനുപ്രകാശേനവിചേയതാരകാ
പ്രഭാതകല്പാശശിനേവശർവ്വരീ. (രഘുവംശം)

എന്ന പദ്യത്തിന്റെ മിക്കവാറും ഒരു ഛായയാണീശ്ലോകം. "ക്ഷാമതാംഗരീമാകക്ഷേമ്മുഖപ്പേർഭിരർഭകാ" എന്ന വൈദ്യശാസ്ത്രത്തിൽ പറഞ്ഞിരിക്കുന്നതിൽനിന്നും ക്ഷീണം മുതലായവ സ്ത്രീകൾക്കു ഗർഭകാലത്തിലുണ്ടാകുന്നവയാണെന്നു കാണുന്നു.

൮. കൃശാംഗലതികാ=(ദ്വി. ഏ. വ.) ശരീരം മെലിഞ്ഞവൾ. തന്വംഗീ=(ദ്വി. ഏ. വ.) (സ്വഭാവേനതന്നെ)ചടച്ചവൾ. ഒരേ അർത്ഥത്തെത്തന്നെ കുറിക്കുന്ന 'കൃശ', 'തന്വി', എന്നീ പദങ്ങളെ ഉപയോഗിച്ചതു് ക്ഷീണാധിക്യത്തെ കാണിക്കാനാണ്. പ്രതിപൽപ്രസൂതാ=(ദ്വി. ഏ. വ.) പ്രതിപദത്തിങ്കലുണ്ടായതു്. ചാന്ദ്രീംകലാം=(ദ്വി. ഏ. വ.) ചന്ദ്രകലയെ. നവാം=(ദ്വി. ഏ. വ.) പുതിയതിനെ. അഖിലാർത്തിഹന്ത്രീം=(ദ്വി. ഏ. വ.) എല്ലാവരുടെയും ദുഃഖത്തെ നശിപ്പിക്കുന്നതു്.

൯. ചന്ദ്രികയുടെ സമ്പർക്കംമൂലം അവളുടെ മദ്ധ്യഭാഗം, സ്വഭാവേന കൃശമാണെങ്കിലും വലിയതായിവന്നു. നല്ലവരുടെ സഹായംനിമിത്തം, നിസ്സാരന്മാരും, വലിയവരാകുന്നു എന്നു സാരം. അർത്ഥാന്തരന്യാസം അലങ്കാരം. ആനകരേവമല്ലം=ഉൽകൃഷ്ടതയുണ്ടാകുമല്ലോ.

൧൦. സുതരാം=(അവ്യയം) ഏററവും. ബഭാസേ=(ലിട്. ആ. പ്ര. പു. ഏ. വ.) ശോഭിച്ചു. ആമോദിനീ=സൌരഭ്യത്തോടുകൂടിയതു്. മഞ്ജരി=പൂങ്കുല.

൧൧. സംസ്ഥാപ്യ=(അവ്യയം) സംസ്ഥാപിച്ചിട്ടു, ഇരുത്തിയിട്ടു. കിനാവ്=സ്വപ്നം.

൧൨. ശയനേ=(സപ്ത. ഏ. വ.) കിടക്കയിൽ. നിഷണ്ണം=സ്ഥിതിചെയ്യുന്നവൾ.

൧൩. സ്വപ്നേ=(സപ്തമി. ഏ. വ.) ഉറക്കത്തിൽ. കദാചിൽ=ഒരിക്കൽ രാകാനിശാകരധൃതാകാപവാരണം=(പ്ര. ഏ. വ.) ചന്ദ്രനാൽ ധരിക്കപ്പെട്ട കുടയോടുകൂടിയവൾ. രാകാ എന്നപദം ചന്ദ്രന്റെ പൂർണ്ണതയെ കുറിക്കുന്നു. സാ=അവൾ. അർച്ചിതാൻ=(ദ്വി. ബ. വ.) പൂജിതങ്ങൾ (ആയിരിക്കുന്ന) മഹാഭിഷേകാൻ=(ദ്വി. ബ. വ.) വലിയ അഭിഷേകങ്ങളെ. അനുബഭൂവ=(ലിട്. പ. പ്ര. പു. ഏ. വ.) അനുഭവിച്ചു.

൧൪. മകരന്ദബിന്ദുനിഷ്യന്ദിനീ=(പ്ര. ഏ. വ.) തേനൊലിക്കുന്നതു്. അമൃതശൈവലിനീ=അമൃതനദി. (ശൈവലം=പായൽ ഉള്ളതു. ശൈവലിനീ=നദി.) വിഗാഹ്യ=(അവ്യയം) മുങ്ങിയിട്ടു. ആലിംഗിതാ=(പ്ര. ഏ. വ.) ആലിംഗനംചെയ്യപ്പെട്ടു. തുഷാരധാമ്നാ=(തൃ. ഏ. വ.) ചന്ദ്രനാൽ.

൧൫. വലാരേഃ=(ഷഷ്ഠി. ഏ. വ.) ഇന്ദ്രന്റെ. രമണി=സുന്ദരി. (ശചി.)

൧൬. നീഹാരവാർ=പനിനീർ-(മഞ്ഞുവെള്ളം.) ശേഫാലികാകുസുമം=പുഷ്പവിശേഷം. സിഷേവേ=(ലിട്. ആ. പ്ര. പു. ഏ. വ.) സേവിച്ചു. മന്ദാഗമന്മല്ലികാമാരാൻ=(ദ്വി. ബ. വ.) പതുക്കെവരുന്ന ചെറിയകാറ്റുകളെ.

൧൭. ഏകദാ=ഒരിക്കൽ. ലയാന്തം=ലയംവരെ.

൧൮. ഭാവമധുരം ചമ്പൂമണിപ്രവാളം=ഭാവാർത്ഥമാധുര്യത്തോടുകൂടിയമണിപ്രവാളത്തെ. ഈ ഭാഗം മഹാകവി പുനം രചിച്ചിട്ടുള്ള ചമ്പുപ്രബന്ധങ്ങളെ സൂചിപ്പിയ്ക്കുന്നതാകുന്നു.

൧൯. വാതാവധൂതനവകുങ്കുമവല്ലരീ=കാറ്റത്തിളകുന്ന കുങ്കുമവള്ളി. ഇവ=(അവ്യയം) പോലെ.

൨൧. യൂനാം=(ഷഷ്ഠി. ബ. വ.) യുവാക്കന്മാരുടെ. വപുഷാ=(തൃ. ഏ. വ) ശരീരംകൊണ്ടു്. ആമോദിനി=ആഹ്ലാദിപ്പിയ്ക്കുന്നവൾ. മാധുര്യദേവത=കാമദേവൻ.

൨൨. ഭഗവതേമകരധ്വജായ=(ച. ഏ. വ.) ഭഗവാനായ കാമദേവനായിക്കൊണ്ടു്. പുഷ്പാഞ്ജലിം=(പുഷ്പാഞ്ജലിയെ.) കൃത്വാ=(അവ്യ) ചെയ്തിട്ടു്. സ്വൈരം=ഏററവും. ചകാര=(ലിട്. പ. പ്ര. പു. ഏ. വ.) ചെയ്തു.

൨൩. വാത്സ്യായനം=വാത്സ്യായനമഹർഷി ഉണ്ടാക്കിയ കാമശാസ്ത്രം.

൨൪. സൌധം (ദ്വി. ഏ. വ.) ആരുഹ്യ (അവ്യയം)=മാളികയിൽ കയറിയിട്ടു്. സുധാമധുരയാ=(തൃ. ഏ. വ.) അമൃതംപോലെ മാധുര്യമുള്ള. വാചാ (തൃ. ഏ. വ.) വാക്കുകൊണ്ടു്.

൨൫. ദിവസേഷുഗതേഷു=(സപ്തമി. ബ. വ.) ദിവസങ്ങൾ കഴിഞ്ഞപ്പോൾ. ലക്ഷ്മ്യാ=(തൃ. ഏ. വ.) ശ്രീ (ശോഭ)യോടു്. സാകം=കൂടി. തടിയജഠരാഗ്രതവാരിരാശേഃ=(പഞ്ച. ഏ. വ.) അവളുടെ വയറാകുന്നപാൽക്കടലിൽനിന്നു. ആവിർബ്ബഭൂവ=പ്രത്യക്ഷമായിബ്ഭവിച്ചു. സുകൃതൈകഭോഗ്യാ—കല്പവല്ലി=സു

കൃതം ചെയ്യുവക്ക അനുഭവിക്കാൻ അർഹവും, സ്ത്രീരൂപവും മനോഹരവുമായ കല്പവൃക്ഷം.

൨൬. നിരപൊങ്ങിന്നദുഗ്ദ്ധപാഥോനാഥോപമേനയശസാ=(ഏ. തൃ. വ.) പതഞ്ഞപാൽക്കടൽപോലെയുള്ള കീൎത്തികൊണ്ട്. അംബരതലാൽ=(പഞ്ച. ഏ. വ.) ആകാശത്തിൽനിന്നും. അശരീരിവാണീം=അശരീരിവാക്കിനെ.

൨൭. അലർമാതു=മഹാലക്ഷ്മി. ഗിരാമധുരയാ=(തൃ. ഏ. വ.) മധുരമുള്ള വാക്കുകൊണ്ട്. ദിവി=(സപ്ത. ഏ. വ.) ആകാശത്തിൽ.

൨൮. ശൃംഗാരനാഥ—വസാനേ=ശൃംഗാരനാഥന്റെ (കാമദേവന്റെ) രമണിയുടെ (രതിയുടെ) സുരതത്തിന്റെ അവസാനത്തിൽ. മരുൽക്കുമാരാഃ=(പ്ര. ബ. വ.) ചെറിയകാറ്റുകൾ. അവലന്ത=(ലങ്. ആ. പ്ര. പു. ബ. വ.) ചുറ്റിസ്സഞ്ചരിച്ചു.

൨൯. വെന്നിപ്പെരുമ്പറ=വിജയത്തെക്കുറിക്കുന്ന പെരുമ്പറ.

൩൦. കാന്തി—വല്ലിം=കാന്തിയുടെയും പ്രഭയുടെയും സമൂഹംകൊണ്ട് ചിത്രമായ അംഗവല്ലിയോടുകൂടിയവൾ. വത്സാം=(ദ്വി. ഏ. വ.) കുട്ടിയെ. 'ചിത്രം കിമ്മീരശബളൈതാംബകർബുരെ' എന്നമരം. വിലോക്യ= (അവ്യ) കണ്ടിട്ട്, അവോചൽ=(ലുങ്. പ. പ്ര. പു. ഏ.) പറഞ്ഞു. തതഃ(അവ്യ)പ്രഭൃതി=അതുമുതൽ.

൩൧. ലോകത്രയീ—വൈജയന്തീ=എല്ലാലോകങ്ങളേയും വിജയിച്ച കാമദേവന്റെ പ്രഭാവത്തിന് ആശ്രയമായിട്ടുള്ളവൾ. രുരോദ (ലിട്. പ. പ്ര. പു. ഏ. വ.) കരഞ്ഞു. വിധൂതാംഗലതാ=(പ്ര. ഏ. വ.)ശരീരമിളക്കി. ശ്രീവാസുദേവ—സ്വരേണസ്വരേണ=(തൃ. ഏ. വ.) ശ്രീകൃഷ്ണഭഗവാന്റെ ഓടക്കുഴലിൽനിന്നുണ്ടാകുന്ന ശബ്ദംപോലെ മാധുര്യമുള്ള ഒച്ചയോടുകൂടി.

൩൨. ലോകലോചനസുധാംതാം=(ദ്വി. ഏ., വ.) ജനങ്ങളുടെ കണ്ണുകൾക്കമൃതമായിട്ടുള്ള അവളെ. പുനഃ=(അവ്യ)പിന്നെയും. ഉൽസുകിനഃയുവാനഃ=(പ്ര. ബ. വ.) ഉൽക്കണ്ഠയോടുകൂടിയ യുവാക്കന്മാർ. ഘർമ്മാവസാനസമയേ=വേനലിന്റെ ഒടുവിൽ. നിശി=രാത്രിയിൽ. പീതവർണ്ണാംസൌദാമിനീം=(ദ്വി. ഏ. വ.) മഞ്ഞനിറമുള്ള മിന്നലിനെ. [സുദാമ (മേഘ)ജനിതമായതു് സൌദാമിനി (മിന്നൽ)] ധാന്യകാരാഃ=(ബ. വ.) കൃഷിക്കാർ.

൩൩. ചിത്രാർപ്പിതാഃ=(പ്ര. ബ. വ.) ചിത്രത്തിങ്കൽവച്ചിട്ടുള്ളവർ. ഇവ=അ) പോലെ. ബഭ്രുവുഃ=(ക്രി.ബ. വ.) ഭവിച്ചു. രുചിയുമിന്നു=ശോഭപൊഴിക്കുന്ന. നിശാന്തദീപാഃ=(പ്ര ബ വ.) രാത്രിയിലുള്ള വിളക്കുകൾ.

> അരിഷ്ടശയ്യാംപരിതോവിസാരിണാ-
> സുജന്മനസ്തസ്യനിജേനതേജസാ
> നിശീഥദീപാസ്സഹസാഹതത്വിഷോ-
> ബഭൂവുരാലേഖ്യസമർപ്പിതാഇവ. (രഘുവംശം)

എന്നപദ്യത്തിന്റെ മിക്കവാറും ഛായയാണീശ്ലോകം.

൩൪. ധാത്രീകരാംബുജധൃതാ=വളർത്തുന്ന മാതാവിന്റെ (ഉപമാതാവു) കയ്യുകളിൽ പിടിക്കപ്പെട്ടവൾ. സാ=(പ്ര ഏ വ) അവൾ. പാണിപാദയുഗളീം=(ദ്വി. ഏ. വ.) രണ്ടുകാലും രണ്ടുകയ്യും. പ്രസൂനശരസംഗരപാടവായ(ച. ഏ. വ.) കാമദേവന്റെ യുദ്ധത്തിനുള്ള സാമർത്ഥ്യത്തിനായിക്കൊണ്ട്. (രതിക്രീഡാസാമർത്ഥ്യത്തിനു.)

൩൫. രക്ഷാം=(ദ്വി ഏ. വ.) രക്ഷയെ. വിധായ=(അവ്യ) ചെയ്തിട്ടു. ചെറുപ്പത്തിൽ കുട്ടികൾക്കു ഭൂതാദികളുടെ ഉപദ്രവം ഉണ്ടാകാതിരിക്കാൻ ചില മന്ത്രങ്ങൾ ഓലയിലെഴുതികെട്ടുന്നതാണു് രക്ഷ. ഔഷധീഭിഃ=(തൃ. ബ. വ.) മരുന്നുകൾകൊണ്ടു്. അഭ്യർച്യ=(പ്ര. ഏ. വ.) പൂജിച്ചിട്ടു്. ദദൌ=(ലിട്. പ. പ്ര. പു. ഏ.) കൊടുത്തു.

൩൬. അപിബൽ=(ലങ്. പ. പ്ര. പു. ഏ. വ.) കുടിച്ചു. തരളായമാനേന=(തൃ. ഏ.വ.) ഇളകുന്നചുണ്ടുകൊണ്ടു്. തരിപെടും=ലാഘവമാക്കുന്ന.

൩൭. പ്രസൂയ=(അവ്യ) പെററിട്ടു്. മാതാമതി=അമ്മയായ മതി. (മതി എന്നു പേരോടുകൂടിയവൾ.) തുതോഷ=(ലിട്. പ. പ്ര. പു. ഏ. വ.) സന്തോഷിച്ചു.

൩൮. നിശമ്യ=(അവ്യയം) കേട്ടിട്ടു്. സുകുമാരതരാം=(ദ്വി. ഏ. വ.) സൌന്ദര്യം അധികമുള്ളവൾ(ളെ). ആലോക്യ=(അവ്യ)കണ്ടിട്ടു്. അധികാമുദം=(ദ്വി. ഏ. വ.) വളരെ സന്തോഷത്തെ. ഉദവഹന്തി=(പ്ര. ഏ. വ.) വഹിക്കുന്നവൾ. ആജഗ്മുഃ=(ലിട്. പ. പ്ര. പു ബ. വ.) വന്നു. ഉൽസുകധിയഃ=(പ്ര. ബ. വ ഉത്സാഹമുള്ളവർ. കവീന്ദ്രാഃ=(പ്ര. ബ. വ.) വലിയകവികൾ.

൩൯. ഉരുപെരും=വലിയ.

൪൦. തസ്യാഃ=(ഷഷ്ഠി ഏ. വ.) അവൾക്കു്. നാമ—ആതതാന=(ലിട്. പ. പ്ര. പു. ഏ.) പേരിട്ടു.

൪൧. വവൃധേ=(ലിട്. ആ. പ്ര. പു. ഏ. വ.) വദ്ധിച്ചു. ശുക്ലപക്ഷേ=(സപ്ത. ഏ. വ.) വെളുത്തപക്ഷത്തിൽ. ചാന്ദ്രീകലാ=(പ്ര. ഏ. വ.) ചന്ദ്രക്കല.

൪൨. മുഖം=(ദ്വി. ഏ. വ.) മുഖത്തെ. ഈക്ഷമാണാ=(പ്ര. ഏ. വ. നോക്കി.

൪൩. സൌവർണ്ണകിങ്ങിണി=പൊന്നിൻകിങ്ങിണി. കല്യാണ=കല്യാണക്കവണ്ണം. അകാണ്ഡേ=അവസരമില്ലാതെ. പുരുഷായിതം=രതിവിശേഷം.

൪൪. അപരാഭിഃ വധൂഭിഃ (തൃ. ബ. വ.) മററുള്ള സ്ത്രീകളോടുകൂടി. ആരബ്ധം=തുടങ്ങി.

൪൫. തദാ=അപ്പോൾ. ചക്രൂ=(ലിട്. പ. പ്ര. പു, ബ. വ.) ചെയ്തു. ആശിഷം=(ദ്വി. ഏ. വ.) ആശിസ്സിനെ. വസുമതീവിബുധാഃ=(പ്ര. ബ. വ.) ബ്രാഹ്മണർ. പരിലഗ്നശിരോധരാംസാഃ=(പ്ര. ബ. വ.) കഴുത്തും തോളും താഴ്ന്നവർ.

൪൬. ദിക്ഷു=ദിക്കുകളിൽ. യസ്മിൻ= (സ. ഏ. വ.) യാതൊരിടത്തു് (അവിടെ.)

൪൭. ബന്ധ—പിനദ്ധാ=(പ്ര. ഏ. വ.) ചാർച്ചക്കാരായ പെണ്ണുങ്ങൾ അണിയിച്ചതു്. രേജേ=ശോഭിച്ചു. മോതിരമാല=മോതിരക്കൂട്ടം.

൪൮. ചുചുംബ=ചുംബിച്ചു്. മുതിരും=മുതിരുന്ന. (തുടങ്ങുന്ന.)

൪൯. മുഗ്ദ്ധാങ്കുരപല്ലവേന=(തൃ. ഏ. വ.) മുളവായകുസുമളിർകൊണ്ടു്.

൫൦. പാദയുഗളീം=(ദ്വി. ഏ. വ.) രണ്ടുകാലും. വിന്യസ്യ=(അവ്യ)വച്ചിട്ടു. ഭുവി=(സപ്ത. ഏ. വ.) നിലത്തിൽ. വേപമാനം=വിറയ്ക്കുന്നതു്. വിനതജാനുഃ=മുട്ടുതാഴ്ന്നവൾ. അതിശ്രമേണ=വളരെ പണിപ്പെട്ടു്.

ചൂണ്ടാണി......ജനന്യാഃ=അമ്മയുടെ ചൂണ്ടാണിവിരലുരണ്ടും പിടിച്ചു നടന്നു. [(അവലംബ്യ)(അവ്യ) യയൌ (ലിട്. പ. പ. പ്ര. പു. ഏ.) ജനന്യാഃ=

(ഷ. ഏ. വ.) ഈ പദ്യത്തിലെ അവസാനത്തെ പാദം "യയൌ തദീയാമവലംബ്യ ചാംഗുലീം" (രഘുവംശം) എന്ന ഭാഗത്തിൻെറ ഛായയാകുന്നു.

൨൨. മോഴപിരണ്ടവണ്ണങ്ങ=തെളിച്ചമില്ലാത്ത അക്ഷരങ്ങളെക്കൊണ്ടു്.

൨൩. സ്വജനോപഹൂതാ=(പ്ര. ഏ. വ.) ബന്ധുജനങ്ങളാൽ വിളിക്കപ്പെട്ടവൾ. സാഗ്രകാ=(പ്ര. ഏ. വ.) അവൾ ഒരുത്തി. ബഭൌ=(ലിട്. പ. പ്ര. പു. ഏ.) ശോഭിച്ചു.

൨൪. കരാംഗുലീഭിഃ=(തൃ. ബ. വ.) കൈവിരലുകളെക്കൊണ്ടു്. ആദായ=(അവ്യ) സ്വീകരിച്ചിട്ടു്. അദാൽ=(ലങ്. പ. പ്ര. പു. ഏ.) കൊടുത്തു. അവനീശപാരണാനാം=(ഷ. ബ. വ) രാജാക്കന്മാൎക്കു. തേ=(പ്ര. ബ. വ.) അവർ. വിസ്മയസ്തിമിതലോചനം=വിസ്മയിച്ചുള്ള നോട്ടം. ഭൈക്ഷ്യം=(ഷ. ഏ. ബ.) അവൾക്കായിക്കൊണ്ടു്. ഭേത്വാ=(അവ്യ.) കൊടുത്തിട്ടു്. ആജഗൃഹുഃ=(ലിട്. പ. പ്ര. പു. ബ.) സ്വീകരിച്ചു. കരാഭ്യാം=(തൃ. ദ്വിവചനം) കൈകൾ കൊണ്ടു്.

൨൫. യുവദൃശാം=(ഷ. ബ. വ.) യുവാക്കന്മാരുടെ കണ്ണുകൾക്കു്. സ്മരസാല്വ...ലോകം=(പ്ര. ഏ. വ.) ജനങ്ങൾക്കെല്ലാം കാമപാരവശ്യം ഉണ്ടാക്കുന്നവൾ. 'ലോകസ്മരവശംഗമനേ' എന്നമരം. വീണാംഗിരാം=(ഷ. ബ. വ.) വീണാംഗീതകളുടെ. അലഞ്ചകാര=ക്രി. ഏ. വ.) അലങ്കരിച്ചു.

൨൬. അശേഷശരീരഭാജാം=(ഷ. ബ. വ.) എല്ലാമനുഷ്യൎക്കും. ആലോചനാമൃതം=ആലോചനയ്ക്കമൃതമായിട്ടുള്ളതു്. ഉന്നതഭാഗ്യഭോഗ്യം=വളരെ ഭാഗ്യം ഉള്ളവൎക്കനുഭവിക്കത്തക്കതു്. പരിധായ=(അവ്യ.) മറച്ചിട്ടു്. വിതാനഗർഭം=വിതാനത്തോടുകൂടിയ. (ആതപാദിനിവാരണത്തിനായും അലങ്കാരത്തിനായും മറ്റു ഉപരിഭാഗത്തിൽ വിശേഷവസ്ത്രങ്ങളെ കെട്ടുന്നതു് വിതാനം.) 'അസ്ത്രീ വിതാനമുല്ലോചം' എന്നമരം. വസുമതീ=(വസുവോടുകൂടിയതു്. (ഭൂമി)

൨൭. അസ്യാം=(ഷ. ഏ. വ.) ഇവളുടെ.

൨൮. സമേത്യാം=പ്രാപിച്ചിട്ടു്. കുമാരികാഭിഃ=കുമാരികളോടുകൂടി. കലാസു=കലകളിൽ. ഭൃശം=ഏറ്റവും. ഉൽസുകിനീ=ഉത്സാഹമുള്ളവൾ. കുസുമിതാം=(ദ്വി. ഏ. വ.) പൂത്തതായ. അടവിം=(ദ്വി. ഏ. വ.) കാട്ടിനെ. ഉപേത്യ=(അവ്യ.) പ്രാപിച്ചിട്ടു്.

൩൧. വെല്ലുന്ന=ജയിക്കുന്ന.

൩൨. പയററുക=കളിക്കുക. ഘൎമ്മജലകോരകിതാംഗവല്ലീ=വിയൎപ്പുതുള്ളികൾകൊണ്ടു മൊട്ടിട്ട വല്ലിപോലെയായവൾ.

൩൩. അംകുരിതം=മുളച്ചതു്. അക്ഷയുഗളീം=(ദ്വി. ഏ. വ.) അക്ഷത്തിൻെറ (ചൂതിൻെറ) യുഗളി.

൩൪. അടിയറക്കുക=അടിവയ്ക്കാൻ സ്ഥലമില്ലാതാക്കുക (തോല്പിക്കുക.)

൩൫. കരാംബുരുഹയോഃ=(ഷ. ദ്വി. വ.) കൈകളുടെ. അംഗുലീഷു=(സ. ബ. വ.) വിരലുകളിൽ. സൂത്രേ=(സ. ഏ. വ.) നൂലിന്മേൽ. ശലാകാ=കമ്പി. നിശാതേ=(സ. ഏ. വ.) മൂൎച്ചയുള്ളതു്. ദർഭാഗ്രസീമനി=(സ. ഏ. വ.) ദർഭപ്പുല്ലിൻെറ അററത്തു്. ഭ്രമയാഞ്ചകാര=(ക്രി. ഏ. വ.) ചുററിച്ചു. വിനോദങ്ങളിൽ അതിസാമൎത്ഥ്യവും സൂക്ഷ്മബുദ്ധിയും ഉണ്ടായി എന്നു സാരം.)

൩൬. ആഖണ്ഡലപ്രണയിനീം=(ദ്വി. ഏ. വ.) ശചിയെ. ആചചാര=(ലിട്. പ. പ്ര. പു. ഏ.) ആചരിച്ചു

൬൮. വാസസ്സ=വസ്ത്രം. അമൃതബിന്ദുഭിഃ=(തൃ. ബ. വ.) അമൃതബിന്ദുക്കളാൽ. അങ്കിതാംഗി=അടയാളപ്പെടുത്തപ്പെട്ട അംഗത്തോടുകൂടിയവൾ. മകരാകര കന്യകാ=(പ്ര. ഏ. വ.) സമുദ്രത്തിൻെറ പുത്രി. (ശ്രീ)

൬൯. ജഗാമ=(ലിട്. പ. പ്ര. പു. ഏ.) പോയി. മഹാജനമാനനീയം=മഹാജനങ്ങൾ പൂജിക്കുന്നതു്.

൭൦. പ്രത്യുജ്ജഗാമ=(ലിട്. പ. പ്ര. പു. ഏ.) പ്രത്യുൽഗമിച്ചു. അംഗജന്മസേനാപതേഃ=(ഷ. ഏ. വ.) കാമദേവൻെറ സേനാപതിയുടെ (ചന്ദ്രൻെറ). ഹിമാംശോഃ=(ഷ. ഏ. വ.) ചന്ദ്രൻെറ.

൭൧. മുല്പാട്=മുമ്പേ. അർപ്പിതാ=(പ്ര. ഏ. വ.) അർപ്പിച്ചതു്. കുസുമസന്തതി=പൂക്കൂട്ടം. ആബഭാസേ=(ലിട്. ആ. പ്ര. പു. ഏ.) ശോഭിച്ചു. നീണാൾ=വളരെക്കാലം. ധരാതലേ=അപി എന്ന പദം ഭൂമിയിങ്കലും (അപി=അവ്യയം ചൃഴപല=പുറവും.

൭൨. ഉഡുസാർവ്വഭൌമം=(ദ്വി. ഏ. വ.) ചന്ദ്രനെ. തുഷ്ടാവ=(ലിട്. പ. പ്ര. പു. ഏ.) സ്തുതിച്ചു. അഷ്ടമദേഹകപാലചൂഡാമണി=അഷ്ടമദേഹകപാലൻെറ (എട്ടാമത്തെ ദിക്പതിയുടെ=ശിവൻെറ) ചൂഡാമണിയെ=ചന്ദ്രനെ.

൭൩. ജയ=(ക്രി. ഏ. വ.) ജയിച്ചാലും.

൭൪. അവദ്യരഹിതൈഃ=(തൃ. ബ. വ.) ശ്രേഷ്ഠങ്ങളായിരിക്കുന്ന. ഗദ്യൈഃ=(തൃ. ബ. വ.) ഗദ്യങ്ങളെക്കൊണ്ടു്. ഉദ്യദ്രസം=(ഉദ്യൽ+രസം) രസപ്രകാശത്തോടുകൂടിയവൾ. സ്തുത്വാ=(അവ്യയം) സ്തുതിച്ചിട്ടു്. പദാംബുരുഹയോഃ=(സ. ദ്വി. വ.) കാലുകളിൽ. നനാമ=(ലിട്. പ. പ്ര. പു. ഏ.) നമസ്കരിച്ചു. വാതം—വല്ലരീവ=കാററിനാൽ അടിച്ചൊടിക്കപ്പെട്ട വള്ളിയെന്നപോലെ.

൭൫. രാത്രൌ=(സ. ഏ. വ.) രാത്രിയിൽ. അകളങ്ക—ഹാരേ—സൌധേ=(സ. ഏ. വ.) ചന്ദ്രനപ്പോലെ ധവളമായിരിക്കുന്ന മാളികയിൽ. പേത്തും=ആവർത്തിച്ചു.

൭൬. നിവേദ്യ=നിവേദിച്ചിട്ടു്. നിശീഥകാലേ=(സ. ഏ. വ.) രാത്രിയിൽ. ശശിനാ=(തൃ. ഏ. വ.) ചന്ദ്രനായിക്കൊണ്ടു്. പുഷ്പാഞ്ജലിംവിധായ=പുഷ്പാഞ്ജലിചെയ്തു. ചന്ദ്ര—വേദികായാം=(സ. ഏ. വ.) ചന്ദ്രകാന്തംകൊണ്ടുണ്ടാക്കിയ മണ്ഡപത്തിൻെറ തറയിൽ. സുഷ്വാപ=(ലിട്. പ. പ്ര. പു. ഏ.) ഉറങ്ങി.

൭൭. തെൽപൂവിൽമാതിൻ സഹോദരം=ചന്ദ്രനെ (ശ്രീദേവിയുടെ സഹോദരനാകുന്ന ചന്ദ്രൻ) അർച്ചയിത്വാ=(അവ്യ) പൂജിച്ചിട്ടു്. അനല്പസുമനോഭിഃ=പൂക്കളെ=(തൃ. ബ. വ.) വളരെ അല്പ പൂക്കളെക്കൊണ്ടു്. അപശ്യൽ=(ലങ്. പ. പ്ര.) പു. ഏ.) കണ്ടു. അമൃതദ്യുതിം=(ദ്വി. ഏ. വ.) ചന്ദ്രനെ.

൭൮. ക്ഷീരാംബുരാശിലഹരീഭിഃ=(തൃ. ബ. വ.) പാൽക്കടലിലെ തിരകൾപോലെയുള്ള. ആത്മകാന്തികല്ലോലിനീഭിഃ=(തൃ. ബ. വ.) തൻെറ കാന്തിയാകുന്ന നദികളാൽ. ആനന്ദകന്ദളിത=വർദ്ധിച്ച സന്തോഷത്തോടുകൂടിയതു്. കുസുമായുധബന്ധു=കാമദേവൻെറ ചാർച്ചക്കാരൻ. ഇന്ദു=ചന്ദ്രൻ. ആവിർബഭൂവ=പ്രത്യക്ഷമായി.

൭൯. ചന്ദ്രമണിമണ്ഡപം=ചന്ദ്രകാന്തക്കല്ലുകൊണ്ടുള്ള മണ്ഡപത്തിൽ. അധ്യാസ്യ=(അവ്യ) സ്ഥിതിചെയ്തിട്ടു്. ആചുംബ്യ=(അവ്യ) ചുംബിച്ചിട്ടു്. ചികരഞ്ജബഭാഷേ=(ലിട്. ആ. പ്ര. പു. ഏ.) പറഞ്ഞു.

൭൨. മാവിഷീദ=(ലുങ്. പ. മ. പു. ഏ.) വ്യസനിക്കരുതു്.

൭൩. ചകോരദൃശാം=(ഷ. ബ. വ.) സുന്ദരിമാൎക്ക്. മുടിപ്പൂൺപ്=ശിരോലങ്കാരം. അഭ്യഞ്ചന്തു=(ഷ. ഏ. വ.) നിനക്ക്. നീ ചന്ദ്രോത്സവം ചെയ്താൽ സകല സുന്ദരിമാരും നിന്റെ കാലിൽവന്നു നമസ്കരിക്കും എന്നു സാരം.

൭൪. ബുദ്ധിഃ=(പ്ര. ഏ. വ.) ബുദ്ധി. വികാസം=(ദ്വി. ഏ വ.) വികാസത്തെ. ഉപയാതു=(ലോട്. പ. പ്ര. പു ഏ.) പ്രാപിക്കട്ടെ.

൭൫. പ്രണമ്യ=(അവ്യ) നമസ്കരിച്ചിട്ടു.

൭൬. പൊരുതും=യുദ്ധംചെയ്യുന്ന. ശൃംഗാരമണിമന്ദിരം=(ദ്വി. ഏ. വ.) കാമദേവന്റെ ഗൃഹം. (പൂജയ്ക്കായി കാമദേവന്റെ വിഗ്രഹം വച്ചിട്ടുള്ള സ്ഥലം) ഏത്യ=(അവ്യ) പ്രാപിച്ചിട്ടു്. അവസിതിം=(ദ്വി. ഏ. വ) അവസാനത്തെ.

൭൭. ഗതവതീ=(പ്ര. ഏ. വ.) പ്രാപിച്ചവൾ. പരിതോഷയന്തീ=(പ്ര. ഏ. വ.) സന്തോഷിപ്പിച്ചവൾ. കലാദേശികേന്ദ്രാൻ=(ദ്വി. ഏ. വ.) കലാചാൎയ്യന്മാരെ. മേധാവിനീ=(പ്ര. ഏ. വ.) ബുദ്ധിയുള്ളവൾ. വിദ്യാഗൃഹം=(ദ്വി. ഏ. വ.) പഠിപ്പിക്കുന്ന ഗൃഹം. (എഴുത്തുപള്ളി.)

൭൮. പുരുഹൂതവധൂപദാരവിന്ദം=ഇന്ദ്രാണിയുടെപാദപത്മം. നിനായ=(ലിട്. പ. പ്ര. പു.ഏ.) കഴിച്ചു.

൭൯. ആസീൽ=(ക്രി. ഏ. വ.) ഭവിച്ചു. അവനമ്രമുഖീ=(ലജ്ജനിമിത്തം) മുഖംതാഴ്ത്തിയവൾ. ഈ പദ്യംമുതൽ മേദിനീചന്ദ്രികയുടെ യൌവനം വൎണ്ണിക്കുന്നു.

൮൦. സഖീസദസി=(സപ്ത. ഏ. വ.) ഇഷ്ടകളായ സ്ത്രീകളുടെ യോഗത്തിൽ. ഭോഗകഥാപ്രസംഗജാതേ=(സപ്ത. ഏ. വ.) സംഭോഗത്തെ സംബന്ധിച്ചുള്ള സംഭാഷണം ഉണ്ടാകുമ്പോൾ. ചെവികൊടുക്കാതെമാറിച്ചുതസ്മിൻ=(സ. ഏ. വ.) അതു കേൾക്കാൻ പുറമേ വിരസഭാവം നടിക്കും എന്നാൽ ഉള്ളിൽ സന്തോഷത്തോടുകൂടിയവളുമായിരിക്കും. ചിത്രേഷു=(സ. ബ. വ.) ചിത്രങ്ങളിൽ. മിഥുനാവലോകേ=(സ. ഏ. വ.) മിഥുനങ്ങളെ കാണുമ്പോൾ. സാ=(പ്ര ഏ. വ.) കാമിനീ=(പ്ര. ഏ. വ.) പുളകിനീ=(പ്ര. ഏ. വ.) ബഭൂവ=(ക്രി. ഏ. വ.) അവൾ പൊട്ടുന്ന പുളകത്തോടു കൂടിയവളായിത്തീൎന്നു. ഇതു് ആരബ്ധയൌവനകളായ സ്ത്രീകളുടെ സ്വഭാവമാകുന്നു.

൮൧. വീരേഷുമാരവിജയാവലിഷുകീൎത്തിതേഷു=(സ. ബ. വ.) ശ്രേഷ്ഠന്മാരായിരിക്കുന്ന കാമദേവന്റെ വിജയാവലികളെക്കുറിച്ചു കീൎത്തിക്കുമ്പോൾ. ഭിന്നാ=(പ്ര. ഏ. വ) ബഭൂവ=(ക്രി ഏ. വ.) രോമോൽഗമത്തോടു കൂടിയവളായി. ഉരുമൂല—മസ്തകേഷു=(സ. ബ. വ.) സമാസം ദ്വന്ദ്വൻ. ഉരുമൂലം=(കക്ഷം) മുതലായ പ്രദേശങ്ങൾ.

൮൨. മന്ദസ്മിതസ്നപിതഭൂതലം=മന്ദസ്മിതംകൊണ്ടു ഭൂമിയെ ആൎദ്രമാക്കി. മാതുഃ=(ഷ. ഏ. വ.) അമ്മയുടെ. സമീപം=(ദ്വി. ഏ വ.) അടുക്കൽ. ഉപയാതുമനാഃ=പോകാനാഗ്രഹമുള്ളവളായി. ആസീൽ=(ലങ്. പ. പ്ര. പു ഏ.)ഭവിച്ചു.

൮൩. അമുഷ്യാഃ=(ഷ. ഏ. വ.) ഇവളുടെ. ഇഴന്നൽ=

൮൪. താം=(ദ്വി. ഏ. വ.) അവളെ. ദ്രഷ്ടും=(അവ്യ) കാണുന്നതിനായി. അഭ്യാജഗാമ=(ലിട്. പ. പ്ര. പു. ഏ.) വന്നു.

൯൬. നനർത്ത=(ലിട്. പ. പ്ര. പു. ഏ.) നൃത്തംചെയ്തു. മനോഭൂ=(പ്ര. ഏ. വ.) കാമദേവൻ.

൯൭. ശുഭ്രമന്ദഹാസബിസതന്തുഭി=(തൃ. ബ. വ.) നിർമ്മലമായ മന്ദഹാസമാകുന്ന ബിസസൂത്രങ്ങളാൽ. ചകൃഷേ=(ലിട്. ആ. മ. പു. ഏ.) ആകർഷിച്ചു. ദിനേഷു=(സ. ബ. വ.) ദിവസങ്ങളിൽ.

൯൮. ഉർവ്വ്യാം=(സ. ഏ. വ.) ഭൂമിയിൽ. അനംഗഃ=(പ്ര. ഏ. വ.) കാമദേവൻ. രേഖാത്രയേണ=(തൃ. ഏ. വ.) മൂന്നു രേഖകളെക്കൊണ്ട്. ഗളനാളം=(ദ്വി. ഏ. വ.) കഴുത്തിനെ. അലഞ്ചകാര=(ലിട്. പ. പ്ര. പു. ഏ.) അലങ്കരിച്ചു.

൯൯. തിമിരമേചകിനീ=(പ്ര. ഏ. വ.) ഇരുട്ടുപോലെ നീലനിറത്തോടു കൂടിയതു്. ആശുകത്വം (അവ്യ.) വേഗം ചെയ്യുന്നതായി.

൧൦൦. കാഞ്ചീപദം=ജഘനം; അല്കുിടം.

൧൦൧. ഭാഗ്യപരിപാകവതാം=(ഷ. ബ. വ.) പരിപാകമായ ഭാഗ്യമുള്ളവർക്കു. ഭോഗ്യേന=(തൃ. ഏ. വ.) അനുഭവിക്കാൻ യുക്തമായതു്. ശുശുഭേ=(ലിട്. ആ. പ്ര. പു. ഏ.) ശോഭിച്ചു. ശുചിനാചന്ദ്രോദയേന=(തൃ. ഏ. വ.) നിർമ്മലമായ ചന്ദ്രോദയത്താൽ.

൧൦൨. പെൺകെട്ടു=പെണ്ണുകെട്ടു. (കല്യാണം) മഹാജന—സമേധിതാശം=മഹാജനസമൂഹങ്ങൾ എല്ലാദിക്കുകളിലും വളരെ കൂടിയതു്.

൧൦൩. കല്യാണോത്സവക്ഷവിരമേ=(സ. ഏ. വ.) കല്യാണോത്സവക്ഷണങ്ങളുടെ അവസാനത്തിൽ. വിജഹാര=(ലിട്. പ. പ്ര. പു. ഏ.) വിഹരിച്ചു=കളിച്ചു.

൧൦൪. ആൺകുയിൽനിനാദനിരന്തരീകൃതാശാന്തരേ=(സ. ഏ. വ.) ആൺകുയിലുകൾ ഇടവിടാതെ ദിക്കുകളിൽ ഇരുന്നു ശബ്ദിക്കുന്നതായ. വസന്തകാലേ=(സ. ഏ. വ.) വസന്തകാലത്തിൽ. ഉത്താളയൗവനവതീ=യൗവനാധിക്യത്തോടുകൂടിയവൾ. വിദ്യോതമാന...ഘട്ടനേന=പ്രകാശിക്കുന്ന ജഘനങ്ങളുടേയും സ്തനങ്ങളുടേയും സംഘട്ടനംകൊണ്ടു്. തരുണാൻ=(ദ്വി. ബ. വ.) യുവാക്കന്മാരെ. മമർദ്ദ=(ലിട്. പ. പ്ര. പു. ഏ.) മർദ്ദിച്ചു. യുവാക്കന്മാരോടുചേർന്നു രമിച്ചു എന്നു സാരം.

൧൦൫. മഹോഷ്മളഉഷ്ണശിശിരേഷു=(സ. ഏ. വ.) വലിയ ചൂടോടുകൂടിയ വേനൽക്കാലത്തിൽ. സഃ=അവൾ. ശിശിരോപ...മണ്ഡപം=(ദ്വി. ഏ. വ.) രാമച്ചം, ചന്ദനം, മുതലായ ശിശിരസാധനങ്ങളുടങ്ങിയ മണിമണ്ഡപത്തെ. ഏത്യ=(അവ്യ.) പ്രാപിച്ചിട്ടു്. സുരതോത്സവേന=(തൃ. ഏ. വ.) സംഭോഗംകൊണ്ടുതന്നെ. കാലംനിനായ=(ലിട്. പ. പ്ര. പു. ഏ.) കാലം കഴിച്ചു.

൧൦൬. മേരൌ=(സ. ഏ. വ.) മഹാമേരുവിങ്കൽ. വിരുന്നുതിരുക=ചെന്നുചേരുക. [ഇതു് ഒരുമാതിരി നമ്പൂരിഫലിതമാകുന്നു.] നിശീഥേ=(സ. ഏ. വ.) രാത്രിയിൽ. യൂനാംവക്ഷസ്ഥലീഷു=(സ. ബ. വ.) യുവാക്കന്മാരുടെ മാറുകളിൽ [നായികവേശ്യയാകയാൽ ബഹുപുരുഷന്മാരുടെ കാന്തയായിരിക്കുന്നതു യുക്തമാണു്.] വിജഹാര=(ക്രി. ഏ. വ.) വിഹരിച്ചു (കളിച്ചു)

൧൦൭. ശാരദനിശാസു=(സ. ബ. വ.) ശരദ്രാത്രികളിൽ. നിലാവുലാവും=നിലാവു ശോഭിക്കുന്ന. ഹർമ്മ്യസൌധശിഖരേഷു=(സ. ബ. വ.) പൊക്കമുള്ള മാളികകളുടെ മുകളിൽ. രതാവസാനേ=സുരതത്തിന്റെ അന്ത്യത്തിൽ. നിദ്രാം=

(ദ്വി. ഏ. വ.) ഉറക്കത്തെ. അവാപ=(ലിട്. പ. പ്ര. പു. ഏ.) പ്രാപിച്ചു (ഉറങ്ങി). നരലോക...ഗാത്രവല്ലീ=(ഏ. വ.) രാജാക്കന്മാരുടെ മാറത്തുകിടന്നുകളിക്കുന്നവൾ.

൧൮. അംബുജദൃശാം=(ഷ. ബ. വ.) സുന്ദരിമാരുടെ. സീമന്തം=ശിരോലങ്കാരം. ഹേമന്തകാലം=(ദ്വി. ഏ. വ.) മഞ്ഞുകാലത്തെ. അവലംബ്യ=(അവ്യ.) ആശ്രയിച്ചിട്ട്. ഇന്ദ്രരമണീ...വേഷാ=(പ്ര. ഏ. വ.) ശചിയെപ്പോലെ നല്ല വേഷമുള്ളവളായി. ആനർച്ച=(ലിട്. പ. പ്ര. പു. ഏ.) പൂജിച്ചു.

൧൯. സംപ്രാപ്യ=(അവ്യ.) പ്രാപിച്ചിട്ട്. നീഹാരസംഗരജലേയലിയും നിശാസു=(സ. ബ. വ.) രാത്രികളെല്ലാം മഞ്ഞിനാൽ ആർദ്രമാകുമ്പോൾ [ʻജലേയലിയുംʼ എന്ന ഭാഗത്തിലെ സന്ധികാര്യം ശരിയായി തോന്നുന്നില്ല.] അംഗജസന്നികാശൈ...ഭൂപതിഭിഃ=(തൃ. ബ. വ.) കാമസദൃശന്മാരായ രാജാക്കന്മാരാൽ. ആലിംഗിതാ=(പ്ര. ഏ. വ.) ആലിംഗിതയായിട്ട്. (തൽക്കാലവിശേഷണം) സുഷ്വാപ=(ക്രി. ഏ. വ.) ഉറങ്ങി. [ഈ ഭാഗത്തിൽ ഇതുവരെയുള്ള പദ്യങ്ങൾ വസന്തതിലകം വൃത്തത്തിൽ രചിതങ്ങളാകുന്നു.]

൨൦. ധനിഭിഃഉന്മദൈഃയുവഭിഃ=(തൃ. ബ. വ.) ധനികളും ഉന്മാദന്മാരും [യൌവനം നിമിത്തം ഗർവ്വോടുകൂടിയവർ] ആയ യുവാക്കന്മാരോട്. അന്വിതാ=(പ്ര. ഏ. വ.) അന്വിതയായി (കൂടി). കവിഭിഃ=(തൃ. ബ. വ.) കവികളാൽ. വർണ്ണ്യമാനഗുണഗൌരവാ=(വർണ്ണ്യമാനം (സ്തുതിചെയ്യുന്നതു) ആയ ഗുണപ്രഭാവത്തോടുകൂടിയവൾ. നിശാകരമഹോത്സവായ=(ച. ഏ. വ.) ചന്ദ്രോത്സവത്തിനായി.

മൂന്നാംഭാഗം.

ശ്ലോ. ൧. ശീതകരോത്സവായ=(ച. ഏ. വ.) ചന്ദ്രോത്സവത്തിനായി. നിർമ്മാപയാമാസ=(ലിട്. പ. പ്ര. പു. ഏ.) ഉണ്ടാക്കി. ശ്രീമംഗലാഖ്യം=ശ്രീമംഗലം എന്ന പേരോടുകൂടിയതു്.

൨. വദന്തഃ=(പ്ര. ബ. വ.) പറയുന്നവർ. അവലോക്യ=(അവ്യ.) കണ്ടിട്ട്. ദേവാസുരസശില്പിനഃ=(പ്ര. ബ. വ.) ദേവന്മാരുടേയും അസുരന്മാരുടേയും ശില്പികൾകൂടി. [വിശ്വകർമ്മാവ്, മയൻ മുതലായവർ.] തിഷ്ഠന്തി=(ലട. പ. പ്ര. പു. ബ.) സ്ഥിതിചെയ്യുന്നു.

൩. അംഗനാനാം=(ഷ. ബ. വ.) സ്ത്രീകളുടെ. നയനേഷുപാതാൽ=(പ. ഏ. വ.) നയനമാകുന്ന ശരംവന്നു വീഴുകനിമിത്തം. നിഘ്നന്മാനാ=(പ്ര. ബ. വ.) മരിക്കുന്ന. യുവാനഃ=(പ്ര. ബ. വ.) യുവാക്കന്മാർ. ശൃംഗാര...രസായനേനഅധരാമൃതേന=(തൃ. ഏ. വ.) ശൃംഗാരരസായനമായിരിക്കുന്ന അധരാമൃതംകൊണ്ടു്. ജീവന്തി=(ലട്. പ. പ്ര. പു. ബ.) ജീവിക്കുന്നു. (താസാം=(ഷ. ബ. വ.) അവരുടെ.) രസായനപ്രയോഗം മരണത്തെക്കൂടിയും ജയിക്കുന്നതാകുന്നു എന്നു വൈദ്യശാസ്ത്ര

സ്ഥിലാമാണ്. സ്ത്രീകളുടെ നേത്രങ്ങളാകുന്ന അസ്ത്രങ്ങൾ വീണു മരിക്കുന്ന യുവാക്കന്മാർ അവരുടെ അധരാമൃതമാകുന്ന രസായനം ഉപയോഗിച്ചു ജീവിക്കുന്നു എന്നു സാരം.

൫. തിമൽത്തു=ബഹളംകൂട്ടി. മതിത്ത=മാധുര്യമുള്ള. നിശമ്യ=(അവ്യ.) കേട്ടിട്ട്. ആർദ്രീഭവതി=(ലട് പ. പ്ര. പു. ഏ.) ആർദ്രമാകുന്നു.

൬. യസ്മിൻ=(സ. ഏ. വ.) യാതൊരിടത്തു്. വിഭാതി=(ലട്. പ. പ്ര. പു. ഏ.) ശോഭിക്കുന്നു.

൭. ആസേദുഷാംബർഹിസിതച്ഛദാനാം=(ഷ. ബ. വ.) പ്രാപിക്കുന്നവയായ മയിലുകളുടേയും അരയന്നങ്ങളുടേയും. നവോഢനാഢ്യഃ=(പ്ര. ബ. വ.) വിവാഹംചെയ്തിട്ടു അധികനാളായിട്ടില്ലാത്ത സ്ത്രീകൾ. വിചിന്വന്തി=(ലട്. പ. പ്ര. പു. ബ.) അന്വേഷിക്കുന്നു.

൮. രതിനാഥചാപക്രേങ്കാരഹാരിണി=(പ്ര. ബ. വ.) കാമദേവന്റെ ചാപത്തിന്റെ ക്രേങ്കാരം (ക്രേം ക്രേം എന്നുള്ള ശബ്ദം) പോലെ മനോഹരമായവ.

൯. ആകാശവീഥിം=(ദ്വി. ഏ. വ.) അവഗാഹ്യശതചാ=(അവ്യ.) ആകാശത്തിൽ ചെന്നിട്ട്. ആഹ്വയതീഇവ=വിളിക്കുന്നതുപോലെ. ഭാതി=(ലട്. പ. പ്ര. പു. ഏ.) ശോഭിക്കുന്നു.

൧൧. സജീവചിത്രാ=(പ്ര. ഏ. വ.) ജീവനോടുകൂടിയ ചിത്രങ്ങളുള്ളതു്.

൧൨. പശ്യൻ=(ഏ. വ.) കണ്ടിട്ട്. പ്രതിമാഛലേന=(തൃ. ഏ. വ.) പ്രതിമ എന്ന വ്യാജേന. [വാസ്തവത്തിൽ ചന്ദ്രരൂപം മണിസ്ഥലികളിൽ പ്രതിബിംബിക്കയല്ല. സ്ത്രീകളുടെ മുഖം കണ്ടിട്ടു ചന്ദ്രൻ അവരുടെ പാദത്തിൽ നമസ്കരിക്കയാണെന്നു കവിഹൃദയം.] വിതനോതി=(ലട്. പ. പ്ര. പു. ഏ.) ചെയ്യുന്നു.

൧൩. കൈമെയ്മറന്നു=[ഇതു് ഒരു ശൈലി ആകുന്നു.] കയ്യും മെയ്യും മറന്നു്. [ശക്തി അറിയാതെ തന്നെക്കൂടി മറന്നു എന്നു സാരം.] യദംഗനാനാം=(ഷ. ബ. വ.) അവിടെയുള്ള സ്ത്രീകളുടെ. മണിതം=(ദ്വി. ഏ. വ.) സുരതത്തിൽ സ്ത്രീകൾക്കുണ്ടാകുന്ന ശബ്ദവിശേഷം. കപോത...ചക്രവാകം=കപോതാദി പക്ഷികൾ. കല്യാണഗിരഃ=(പ്ര. ബ. വ.) വാക്കിനു മാധുര്യമുള്ളവ. ഭവന്തി=(പ്ര. ബ. വ.) ഭവിക്കുന്നു.

൧൪. ദ്രാക്ഷാ—പ്രധാനവൃക്ഷൈഃ=(തൃ. ബ. വ.) മുന്തിരിങ്ങാ ചന്ദനം കല്പവൃക്ഷം മുതലായമുഖ്യമരങ്ങളാൽ. ഭാസതേ=(ലട്. ആ. പ്ര. പു. ഏ.) ശോഭിക്കുന്നു.

൧൫. ഏകത്ര=(അ.) ഒരിടത്തു്. അന്യത്ര=(അവ്യ.) മറ്റൊരിടത്തു്.

൧൬. പ്രഭാപ്രവാഹൈഃ=(തൃ. ബ. വ.) പ്രഭാധിക്യത്താൽ (പ്രവാഹപദം ആധിക്യത്തെ കാണിക്കാൻ ഉപയോഗിച്ചിരിക്കുന്നു.) ജനൌഘൈഃ=(തൃ. ബ. വ.) ജനക്കൂട്ടങ്ങളാൽ. ആലോക്യമാനം=കാണുന്നതു്. ചകാസ്തി=(ലട്. പ. പ്ര. പു. ഏ.) ശോഭിക്കുന്നു.

൧൮. മഹീമഹേന്ദ്രാൻ=(ദ്വി. ബ. വ.) രാജാക്കന്മാരെ. പുരസ്കൃത്യ=(അ.) അടുത്തുവരുത്തിയിട്ട് ചന്ദ്രോത്സവ—പ്രതീക്ഷിണി=ചന്ദ്രോത്സവത്തിനുള്ള കാലംവരുന്നതിനു കാത്തിരിക്കുന്നവൾ. ഉവാസ=(ലിട്. പ. പ്ര. പു. ഏ.) താമസിച്ചു

൧൯. പ്രസ്ഥാപയാമാസ=(ലിട്. പ. പ്ര. പു. ഏ.) പുറപ്പെടുവിച്ചു.

൨൦. സമീയുഃ=(ലിട. പ. പ്ര. പു. ബ)പ്രാപിച്ചു; ചെന്നു. നല്ലാർഎന്നു കർത്താവു്.

൨൧. മഹനീയശീലാ=(പ്ര. ഏ. വ.)ശ്രേഷ്ഠമായ സ്വഭാവത്തോടുകൂടിയവൾ. സമായയൌ=(ലിട്. പ. പ്ര. പു. ഏ.)പ്രാപിച്ചു. വന്നു. അഗ്രേ=അടുക്കൽ.

൨൨. ത്രയാണാം ജഗതാം=(ഷ. ബ. വ.) മൂന്നു ലോകങ്ങളുടേയും. അഭ്യാജഗാമ=(ലിട്. പ. പ്ര. പു. ഏ.) വന്നു.

൨൩. മണാംപിടിപ്പില്ല=സൌരഭ്യമുള്ളതാക്കിത്തീർത്തു. ഉപാജഗാമ=(ലിട്. പ. പ്ര. പു. ഏ.)വന്നു.

൨൪. സരസൈസ്സഹായൈഃ=(തൃ. ബ. വ.) ശൃംഗാരരസശാലികളായ സഹായക്കാരോടുകൂടി. ഉപായയൌ=(ലിട്. പ. പ്ര. പു. ഏ.) വന്നു.

൨൫. ഉരപെററ=ചോരുകേട്ട.

൨൬. പ്രസന്നഭാവാ=തെളിഞ്ഞ മനോഭാവത്തോടുകൂടിയവൾ.

൨൭. വിഭക്തഭാരാ=(പ്ര. ഏ. വ.) തന്റെ ഭാരം എല്ലാം മററുള്ളവൎക്കു വീതിച്ചുകൊടുത്തിട്ടു് (തല്ക്കാലവിശേഷണം)ദീർഘം നിശശ്വാസ=(ലിട്. പ. പ്ര. പു. ഏ.) ദീർഘമായി നിശ്വസിച്ചു.

൨൮. അന്യാഭിഃ വധൂഭിഃ=(തൃ. ബ. വ) മററു സ്ത്രീകളാൽ. അനുപ്രയാതാ=(പ്ര. ഏ. വ.) അനുഗതയായി. താഭിഃ=(തൃ. ബ. വ.) സഹ (അവ്യ.)അവരോടുകൂടി. മന്ത്രശാലാം=(ദ്വി. ഏ. വ.) മന്ത്രശാലയെ. വിവേശ=(ലിട്. പ. പ്ര. പു. ഏ.) പ്രാപിച്ചു.

൨൯. സ്ഫുരൽകാഞ്ചനസപ്രഭാഭിഃ താഭിഃ=(തൃ. ബ. വ.) പ്രകാശിക്കുന്ന സ്വൎണ്ണംപോലെ ശോഭയോടുകൂടിയ അവരെക്കൊണ്ടു്. തദാനീം=അപ്പോൾ. സാ മന്ത്രശാലാ=(പ്ര. ഏ. വ.) ആ മന്ത്രശാല. ശുശുഭേ=(ക്രി. ഏ. വ.) ശോഭിച്ചു. ഏതുപോലെ എന്നു അന്തരാൎദ്ധത്തിൽ പറയുന്നു. അംബുദമാസി=വൎഷകാലത്തിൽ. ആഭാസിതദികതടീഭിഃ വിദ്യുന്മാലാഭിഃ=(തൃ. ബ. വ.)ദിക്കുകളെഎല്ലാം പ്രകാശിപ്പിക്കുന്ന മിന്നലുകളെക്കൊണ്ടു്. ഗിരേഃ=(ഷ. ഏ. വ.) പൎവ്വതത്തിന്റെ, ഗുഹ ഇവ=ഗുഹഎന്നപോലെ. സ്ത്രീകൾക്കു മിന്നലുകളുടേയും മന്ത്രശാലയ്ക്കു ഗുഹയുടേയും സാദൃശ്യം സ്പഷ്ടം.

൩൦. (സൎവ്വാസു=സൎവ്വ. ബ. വ.)എല്ലാവരും. നിരൂപണാൎത്ഥം=ചന്ദ്രോത്സവത്തെസംബന്ധിച്ചുള്ള കാൎയ്യങ്ങൾ ആലോചിക്കുന്നതിനായി. മണിമന്ത്രശാലാം=(ദ്വി. ഏ. വ.) രത്നംകൊണ്ടുണ്ടാക്കിയ മന്ത്രശാലയെ. ആസാദ്യ=(അവ്യ.) പ്രാപിച്ചിട്ടു്. നിഷേദുഷീഷു=(സ. ബ. വ.) ഇരുന്നാപ്പോൾ. അലംകൃതാ=ഭൂഷിതയായ. മേദിനിവെണ്ണിലാവു്=മേദിനിചന്ദ്രിക. മണിമെത്തമേൽ=രത്നശയ്യയിൽ- ഉപാവിശൽ (ലങ്. പ. പ്ര. പു. ഏ.) ഇരുന്നു.

൩൧. മധുരവാചാം=(ഷ. ബ. വ.) മധുരവാക്കുകളായ സ്ത്രീകളുടെ. മദ്ധ്യേ=(സ. ഏ. വ.) നടുവിൽ. നിഷേദുഷീ=(പ്ര. ഏ. വ.) ഇരിയ്ക്കുന്നവളായ. മേദിനിവെണ്ണിലാവു്=മേദിനിചന്ദ്രിക. നിറഞ്ഞ=നിറഞ്ഞുകൂടുന്ന. കാഞ്ചനവല്ലരീണാം=(ഷ. ബ. വ.) സ്വൎണ്ണലതകളുടെ. മദ്ധ്യേസ്ഥിതാ=(പ്ര. ഏ. വ.) നടുവിൽ ഉദിതയായ. കല്പകമഞ്ജരീ=കല്പവൃക്ഷപ്പൂങ്കുല ഇവഎന്നപോലെ. രരാജ=(ലിട്. പ. പ്ര. പു. ഏ.) ശോഭിച്ചു.

൩൨. ഈ പദ്യം മേദിനീചന്ദ്രികയുടെ തലമുടിയുടെ കറുപ്പിനേയും നിബിഡതയേയും ഭംഗിയേയും കുറിക്കുന്നു.

൩൩. ഒരു കൈകൊണ്ടു ഘനത്തോടുകൂടിയ സ്തനങ്ങളെ താങ്ങിയും മറേറ കൈകൊണ്ടു അധരത്തെ മറച്ചും നിന്നു എന്നു സാരം. സ്വഭാവോക്തി അലങ്കാരം.

൩൪. കാമ്യം=(ദ്വി. ഏ. വ.) കാമ്യത്തെ. വിചാര്യ=(അവ്യ.) വിചാരിച്ചിട്ട്. ക്ഷീരാബ്ധീവികർത്തും=(അവ്യ.) പാൽക്കടലാക്കിച്ചെയ്യുന്നതിനായിക്കൊണ്ട് [അതുപോലെ വെളുപ്പിക്കാൻ.]

൩൫. മുതിൻ=മുമ്പിട്ടു. വാചാലയതി=(ലട്. പ. പ്ര. പു. ഏ.) വാചാലയാക്കുന്നു. (അധികം സംസാരിക്കുന്നവരും വാചാല.)

൩൬. എന്തുചൈവംജാനേ [ന. ജാനേ (ലട്. ആ. ഉ. പു. ഏ.)] ചന്ദ്രോത്സവം എന്നുവച്ചാൽ എന്താണെന്നറിയുന്നില്ല.

൩൭. അപ്രഗത്ഭാ=(പ്ര. ഏ. വ.) സാമർത്ഥ്യമില്ലാത്തവൾ. ഭവാമി=(ക്രി. ഏ. വ.) ഭവിക്കുന്നു.

൩൮. കേചിൽ=(അവ്യ.) ചിലർ. മമാംബ=(ഷ. ഏ. വ.) എന്റെ അമ്മയുടെ. ഉന്മാദം=(ദ്വി. ഏ. വ.) ഉന്മാദത്തെക്കുറിച്ചു. ഉശന്തി=(ലട്. പ. പ്ര. പു. ബ.) പറയുന്നു. അത്യന്തം മഹത്തായ ചന്ദ്രോത്സവം ഹേതുവായിക്കൊണ്ടു ചിലർ അമ്മയ്ക്കു ഭ്രാന്താണെന്നു പറയുന്നു എന്നു സാരം. അപരേ=(പ്ര. ബ. വ.) മററുള്ളവർ. വദന്തി=(ലട്. പ. പ്ര. പു. ബ.) പറയുന്നു. മാദൃശീനാം=(ഷ. ബ. വ.) എന്നെപ്പോലെയുള്ളവർക്ക്. പണി=പ്രയാസം, ബുദ്ധിമുട്ട്.

൩൯. ലോകസ്യ=(ഷ. ഏ. വ.) ജനത്തിന്റെ. ഭാവം=(പ്ര. ഏ. വ.) അഭിപ്രായം. വിഷമം=(പ്ര. ഏ. വ.) പ്രയാസമുള്ളതാണ്. "ഭാവസ്തത്വം സ്വഭാവാഭിപ്രായചേഷ്ടിതജന്മസു എന്നമരം." പ്രലാപൈഃ=(തൃ. ബ. വ.) അലം (അ.) അർത്ഥമില്ലാതെ അധികം പറഞ്ഞതു മതി.

൪൦. കാര്യസ്വരൂപം=(ലിട്. പ. പ്ര. പു. ഏ.) കാര്യസ്വരൂപത്തെ. വിരരാമ=(ലിട്. പ. പ്ര. പു. ഏ.) അവസാനിപ്പിച്ചു. ചൊല്ലേണ്ട അർത്ഥം.....പടുത്വം=പറയുന്നതിനുള്ള കാര്യം അല്പമായ വാക്കുകൊണ്ടു പറയുന്നതാണ് വാഗ്മിത്വം "മിതം ച സാരം ച വചോഹി വാഗ്മിതാ" എന്നു ശ്രീഹർഷൻ പറഞ്ഞിരിക്കുന്നു.

൪൧. സമുദ്വഹന്തീ=(പ്ര. ഏ. വ.) വഹിക്കുന്നവൾ. നിജഗാദ=(ലിട്. പ. പ്ര. പു. ഏ.) പറഞ്ഞു.

൪൨. അഭീഷ്ടസിദ്ധ്യൈ=(ച. ഏ. വ.) അഭീഷ്ടലാഭത്തിനായി. ശ്രിയൈ=(ച. ഏ. വ.) ശ്രീയ്ക്കായിക്കൊണ്ട്. അസ്തു=(ക്രി. ഏ. വ.) ഭവിക്കട്ടെ. ശൃംഗാരവിദ്യാകുലദേശികേന്ദ്രഃ—ശീതധാമാ=(പ്ര. ഏ. വ.) ശൃംഗാരവിദ്യകളുടെ കുലഗുരുവായ ചന്ദ്രൻ.

൪൩. മുഗ്ദ്ധേ=സുന്ദരി! ശൃണു=(ലോട്. പ. മ. പു. ഏ.) കേട്ടാലും നിയമേന=മുടങ്ങാതെ. തുഷാരധാമാ ഭഗവാൻ=(പ്ര. ഏ. വ.) ശീതാംശുവായ ചന്ദ്രൻ. നിഷേവ്യഃ=(പ്ര. ഏ. വ.) സേവിക്കുവാൻ യോഗ്യനാകുന്നു. അശോകബാണസാമ്രാജ്യം=കാമദേവന്റെ സാമ്രാജ്യം.

൪൪. അംഗഭാജാം=(ഷ. ബ. വ.) ജീവികൾക്ക. ദുഷ്കൃതചണ്ഡാനില സമ്പ്രഭഗ്നം=നീചകർമ്മമാകുന്ന കൊടുങ്കാററുകൊണ്ടു ഭഗ്നമായുള്ള്. ഭാഗ്യവിപര്യയം=ഭാഗ്യദോഷം.

൪൫. അസംഖ്യമെന്നുള്ളത് ശബ്ദമാത്രം=സാധിക്കാൻപാടില്ലാത്തതൊന്നും തന്നെ ഇല്ല.

൪൬. ചന്ദ്രോത്സവം—ഉത്സവാഗ്രം=സ്ത്രീകൾക്ക ബ്രഹ്മാവു വിധിച്ചിട്ടുള്ള ശ്രേഷ്ഠമായ ഒന്നാണ് ചന്ദ്രോത്സവം.

൪൭. മൺമേലുരപെററ=ഭൂമിയിൽ പേരുകേട്ട. (മൺ= മന്നു മണ്ണു) ജഗാദ=(ലിട്. പ. പ്ര. പു. ഏ.) പറഞ്ഞു.

൪൮. നിരൂപണീയം=വിചാരിക്കാൻ യുക്തമായുള്ള്.

൫൦. അലങ്കാരം രൂപകം=മനസ്സിനെ ആകാശമായും സംസാരത്തെ സൂര്യനായും മാത്സര്യത്തെ മേഘമായും വാത്സല്യത്തെ കാററായും രൂപീകരിച്ചിരിക്കുന്നു. സ്നേഹംകൊണ്ടു മത്സരബുദ്ധി നീങ്ങുമ്പോൾ മനസ്സിൽ സംസാരമുണ്ടാകുന്നു എന്നു സാരം. "ഉപമൈവതിരോഭൂതഭേദാരൂപകമിഷ്യതേ" എന്ന ആചാര്യമതം അനുസരിച്ചു വിചാരിക്കയാണെങ്കിൽ രൂപകത്തിനും ഉപമയ്ക്കും വലിയ വ്യത്യാസമില്ലെന്നു തെളിയും.

൫൧. പുംസാം=(ഷ. ബ. വ.) പുരുഷന്മാർക്ക്.

൫൨. ഉത്സാഹസമീരയോഗേ=ഉത്സാഹമാകുന്ന കാററിന്റെ ചേർച്ചയിൽ. കാര്യാംബുരാശൗ=കാര്യമാകുന്ന സമുദ്രത്തിൽ. അലങ്കാരം=രൂപകം. മോഹപ്പായ്=ആഗ്രഹമാകുന്ന പായ്.

൫൩. അനവദ്യവിദ്യാഭിജാത്യാദിഭിഃ=(തൃ. ബ. വ.) ശ്രേഷ്ഠമായ വിദ്യ, ആഭിജാത്യം മുതലായവകളെക്കൊണ്ട്. അസ്മിൻ=(സ. ഏ. വ.) ഇതിങ്കൽ. (ഒരാൾക്ക വിദ്യാദികളിൽ പൂർണ്ണതയുണ്ടാകുമ്പോൾ എന്തെങ്കിലും ഒരു കുററമുണ്ടാകുമെന്നതിനു.)

൫൪. പലർക്കും ഓരോരോമതം=പലർക്കും പലതാണഭിപ്രായം. 'ഭിന്നരുചിർഹിലോകഃ' എന്നു കാളിദാസർ പറഞ്ഞിരിക്കുന്നു. ദിഗന്തരാളേഷു=(സ. ബ. വ.) ദിക്കുകളിൽ. രഹസ്യഗുപ്ത-വേണം=രഹസ്യമായി ദൂതന്മാരെ അയയ്ക്കേണം.

൫൫. ദൃഷ്ട്യാ=(തൃ. ഏ. വ.) കണ്ണുകൊണ്ട്. അഭിനന്ദ്യ=(അവ്യ) അഭിനന്ദിച്ചിട്ട്. കാമ്യാവലി എന്നതു പേരാണ്.

൫൬. ഇതിലെ ഉപമ 'അസൽപുരുഷസേവേവ' എന്ന ഭാസന്റെ ഉപമയെ അനുസ്മരിപ്പിക്കുന്നു.

൫൮. കാര്യമാകുന്ന വൃക്ഷം ഉത്സാഹമാകുന്ന വേരോടുകൂടിയതും നീതി ആകുന്ന പൂവോടുകൂടിയതും ആകുമ്പോൾ കാമങ്ങളെ ധാരാളം (ഫലങ്ങളെ) തരുന്നു. എന്നാൽ വിവേകമാകുന്ന ജലംകൊണ്ടു ഇതിനെ നനച്ചില്ലെങ്കിൽ ഇതുണങ്ങിപ്പോകും. (അലങ്കാരം രൂപകം.) ഉത്സാഹവും വിവേകവും നയവും ആണ് എല്ലാകാര്യത്തിനും പ്രധാനമായി വേണ്ടതെന്നു സാരം.

൬൭. കർത്തവ്യം=ചെയ്യേണ്ടതു്.

൬൮. ഇതി ഉദീരിതാ=(പ്രീ. ഏ. വ.) ഇപ്രകാരം പറയുന്ന അവളെ. സംഭാവ്യ=(അവ്യ) സംഭാവനംചെയ്തിട്ടു്.

൬൯. മുഖേ=(അ. ന. സ. ഏ. വ.) ആരംഭത്തിൽ. സുഖം=സുഖവും. അന്തേ=(പിന്നീട്) ഉള്ളിൽ. ദുഃഖസഹസ്രം=അനവധി ദുഃഖവും.

൭൦. വിശേഷാർത്ഥഗംഭീരഗർഭാം ഗിരം (രേഫാന്തം സ്ത്രീ. ദ്വി. ഏ. വ.) വിശേഷമായ അർത്ഥഗാംഭീര്യത്തോടുകൂടിയ വാക്കിനെ.

൭൧. വശത്തുവാരാ=സ്വാധീനമായി വരികയില്ല.

൭൨. പരിപന്ഥി=ശത്രു. നിനവു്=വിചാരം.

൭൩. കനംകെടാതെ=ഗൌരവംകുറയാതെ.

൭൪. വധൂനാം (ഉ. സ്ത്രീ. ഷ. ബ. വ.) സ്ത്രീകൾക്കു്.

൭൫. മഹാവ്യാധിശതാപ്ലുഷ്ടം=അനവധി മഹാവ്യാധികളോടുകൂടിയതു്. നിഗീർണ്ണം=ഗ്രസ്തം (വിഴുങ്ങപ്പെട്ടതു്.)

൭൬. ജനകർണ്ണഭോഗ്യം=ജനങ്ങൾക്കു് കേൾക്കുവാൻ യുക്തമായതു്.

൭൭. വന്മ=വലുപ്പം.

൭൮. വിരാജതേ=(ക്രി. ലട്ടു്. ആ. പ്ര. പു. ഏ. വ.) ശോഭിക്കുന്നു.

൭൯. വൃത്തിമതീ=വൃത്തിയോടുകൂടിയവൾ.

൮൦. അബ്രവീൽ=(ക്രി. ലങ്ങ്. പ. പ്ര. പു. ഏ. വ.) പറഞ്ഞു.

൮൧. ലാഘവായ=(അ. ന. ച. ഏ. വ.) ലഘുത്വത്തിനായിക്കൊണ്ടു്. പുരസ്ഥിതായാഃ കോകിലായാഃ=(ആ. സ്ത്രീ. ഷ. ഏ. വ.) സമീപത്തുസ്ഥിതിചെയ്യുന്ന കുയിൽപിടയുടെ.

പടലു്=വ്യാപ്തി.

൮൨. ആനാളിൽ=(അ+നാളിൽ) ആകുന്ന=കഴിയുന്ന, കാലത്തിൽ

൮൩. പപാത=(ലിട്ടു്. പ. പ്ര. പു. ക്രി. ഏ. വ.) പതിച്ചു.വീണു.

൮൪. ഝട്ടും=(അവ്യ) കെട്ടെക്കുന്നായിക്കൊണ്ടു്.

൮൫. നിവാര്യ=(അവ്യ) തടുത്തിട്ടു്. സാഭിപ്രായോക്തി=വാക്യം. ഉവാച=(ലിട്ടു്. ആ. പ്ര. പു. ക്രി. ഏ. വ.) പറഞ്ഞു.

൮൬. ഏതയോഃ=(ഏതദ്ദു് ന. ഷ. ദ്വി. വ.) ഇവയുടെ.

൮൭. കാല്ക്കീഴമർക്ക=അധീനതയിലാക്കുക.

൮൮. കനീയസീഭിഃ= (ഈ. സ്ത്രീ. തൃ. ബ. വ.) കനീയസികളാൽ. (പ്രായം വളരെ കുറഞ്ഞിട്ടുള്ളവരാൽ.)

൮൯. ശശാങ്കോത്സവം ചക്രേ=ചന്ദ്രോത്സവത്തെച്ചെയ്തു. തേന=(തൃ. ഏ. വ.) അതുകൊണ്ടു്.

൯൦. ആശ്രിത്യ=(അവ്യ) ആശ്രയിച്ചിട്ടു്.

൯൧. ആദൃത്യ=ആദരിച്ചിട്ടു്.

൯൨. ദൃഷ്ട്യാ (ഇ. സ്ത്രീ. ഏ. വ.) കണ്ണുകൊണ്ടു്. പ്രേരയതിസ്മ=പ്രേരിപ്പിച്ചു.

൯൩. ഉത്ഥായ=(അവ്യ) എഴുന്നീറ്റിട്ടു്.

൧൧൩. തസ്മിൻക്ഷണേ=(അ. പു. സ. ഏ. വ.) ആ ക്ഷണത്തിൽ. കിം വാ=(അവ്യ) എന്ത്. ഭവിഷ്യതി=(ക്രി. ലൃട്ട്. പ. പ്ര. പു. ഏ. വ.) ഭവിക്കും ഇതി. (അവ്യ) എന്ന് വിഷാദം=വ്യസനം. ആസീൽ= (ക്രി. ഏ. വ.)ഉണ്ടായി. ഉന്മമാജ്ജ=(ലിട്ട്. പ. പ്ര. പു. ഏ. വ.) കളഞ്ഞു.

൧൧൫. മനസഃ=(സ. ന. ഷ. ഏ. വ.) മനസ്സിൻെറ. പ്രമോദം=സന്തോഷത്തെ. വിസ്താരയന്ത്യഃ=(ഇൗ. സ്ത്രീ. പ്ര. ബ. വ.) വലുതാക്കിയവർ.

൧൧൬ ഉത്തസ്ഥുഃ=(ലുങ്.) എഴുനീററു അംഗാഭരണപ്രഭാഭിഃ=(തൃ. ബ. വ.) ശരീരത്തിൻെറ പ്രഭകളെക്കൊണ്ട്. മണിമന്ത്രശാലാം=മന്ത്രശാലയെ. ഉദ്ദീപയന്ത്യഃ=(ഇൗ. സ്ത്രീ. പ്ര. ബ. വ.) പ്രകാശിപ്പിയ്ക്കുന്നവരായിട്ട്. (ക്രിയാവിശേഷണം)

൧൧൮. യഥാർഹം=(യഥാ+അർഹം) വേണ്ടതുപോലെ.

൧൨൧. വിധായ=(അവ്യ) ചെയ്തിട്ട്.

൧൨൨. കാരയിതും=(അവ്യ) ചെയ്യിക്കാനായിക്കൊണ്ട്. വൃണേ=(ക്രി. ലട്ട്. ആ ഉ. പു. ഏ. വ.) വരിക്കുന്നു. ഭവന്തം കലാദേശികേന്ദ്രം=(അ. പു. ദ്വി. ഏ. വ.) അങ്ങയെ കലാദേശികനായി. അവേഹി=(ലോട്ട്. പ. മ. പു. ഏ. വ.) അറിഞ്ഞാലും.

൧൨൪. ചന്ദ്രോത്സവം അഞ്ചുദിവസമാക്കണം. യഥാക്രമം ഓരോദിവസവും കാമദേവൻെറ ആയുധങ്ങളായ അരവിന്ദാദികളെക്കൊണ്ട് ചന്ദ്രനെ പൂജിക്കണം.

൧൨൫. പഞ്ചഭൌമം=അഞ്ചുനിലകളുള്ളത്.

൧൨൮. ചന്ദ്രോത്സവശ്രീമുളമണ്ഡപം=ചന്ദ്രോത്സവത്തിനു മുളയിടുന്നതിനുള്ള മണ്ഡപം.

൧൩൪. അരവിന്ദാദികളുടെ ബീജങ്ങളാകുന്നു മുളയിടുന്നതിനുള്ള ദ്രവ്യങ്ങൾ.

൧൩൫. നിശീഥകാലേ=രാത്രിയിൽ.ഹിമാംബുഭിഃ=(ഉ. ന. തൃ. ബ. വ.) മഞ്ഞുവെള്ളംകൊണ്ട്. സംപരിപൂര്യ=(അവ്യ) നന്നായി നിറച്ചിട്ട്.

൧൩൭. മൂന്നു സന്ധ്യയ്ക്കും ചന്ദ്രനെ പൂജിക്കണം. പഞ്ചസാര ചേർത്തിട്ടുള്ള പാല്പായസമാണ് നിവേദിക്കേണ്ടതു്. മുല്ലപ്പൂകൊണ്ട്, പൂജിക്കണം.

൧൪൦. ആവാഹ്യ=(അവ്യ) ആവാഹിച്ചിട്ട്. ബലിഃവിധേയഃ(പ്ര. ഏ. വ.) പൂജിക്കണം.

൧൪൧. നിശാസു=(ആ. സ്ത്രീ. സ. ബ. വ.) രാത്രികളിൽ. ആരുഹ്യ=(അവ്യ) കയറിയിട്ട്. ചന്ദ്രോദയം കണ്ടാൽ അരുവട്ടംപുഷ്പാഞ്ജലിചെയ്യണം.

൧൪൨. അസിതോല്പലം=കരിങ്കുവളപ്പൂവ്.

൧൪൩. ശരൽകാലത്തിൽ വെളുത്തപക്ഷത്തിൽ ഏകാദശി മുതൽ അഞ്ചുദിവസങ്ങളാണ് ചന്ദ്രോത്സവത്തിനുള്ളവ. ഉത്സവദിവസങ്ങൾക്കു കാമായുധങ്ങളുടെ അരവിന്ദാദിനാമങ്ങൾ യുക്തങ്ങളാകുന്നു.

൧൪൪. അഞ്ചുനിലകളുള്ള സൌധം വേണമെന്നു മുമ്പു പറഞ്ഞുവല്ലോ. ഓരോ ദിവസവും ഓരോ നിലയിൽ ഇരുന്നു പുഷ്പാഞ്ജലിചെയ്യണം. അഞ്ചാമ

ത്തു ദിവസം ഒട്ടുവിലത്തെ നിലയിൽ ഇരുന്നു പുഷ്പാഞ്ജലിചെയ്തു ഉത്സവം അവസാനിപ്പിക്കണം.

൱൪൩. ശാസ്താ=(ദ്ര. പു. പ്ര, ഏ. വ.) ശാസിയ്ക്കുന്നവൻ. രക്ഷിതാവു്= കണ്ടൻകോത എന്ന പേരായ ഒരു രാജാവണ് ചിററിലപ്പള്ളിനാട്ടു കാക്കുന്നതു

൱൪൪. നിർവ്വോഢും=(അവ്യ) നിർവ്വഹിക്കാനായിക്കൊണ്ടു്. ചന്ദ്രോത്സവം എല്ലാം ഭംഗിയായി നിർവഹിക്കാൻ അങ്ങിവിടെത്തന്നെ ഇരിക്കണം എന്നുപറഞ്ഞു.

൱൪൫. ഉവാച=(ക്രി. ലിട്ടു്. പ. പ്ര. പു. ഏ. വ.) പറഞ്ഞു. യൂയം=(യുഷ്മച്ഛ. പ്ര. ബ. വ.) നിങ്ങൾ. കിം=എന്തിനു. തിഷ്ഠഥ (ക്രി. ബ. വ.) സ്ഥിതിചെയ്യുന്നു.

൱൪൬. തളർന്നു.........തനന്താം=എല്ലാവരും മററു കൃത്യങ്ങളിൽ വിചാരമില്ലാതെയായി. മനോമോഹനം അഭൂൽ=(ലു. പ. പ്ര. പു. ക്രി. ഏ. വ) മനോഹരമായി ഭവിച്ചു.

നാലാംഭാഗം.

കഴിഞ്ഞഭാഗത്തിൽ ചന്ദ്രോത്സവം ചെയ്യുന്നതിനു വേണ്ട കാര്യങ്ങളെക്കുറിച്ചെല്ലാമാലോചിയ്ക്കുകയും, അതിനുള്ള വട്ടങ്ങൾ ഏർപ്പാടുകയും ചെയ്തിരിയ്ക്കുന്നു. "ശാരദപൂർവ്വപക്ഷേ" എന്നഭാഗംകൊണ്ടു ശരൽക്കാലത്താണു് ചന്ദ്രോത്സവം ചെയ്യേണ്ടതു് എന്നു സൂചിപ്പിച്ചുവല്ലോ. ഇപ്രകാരം ഉചിതമായ ശരദവർണ്ണനത്തോടുകൂടി നാലാംഭാഗം ആരംഭിയ്ക്കുന്നു.

ശ്ലോ. ൧. ഉപായനം=കാഴ്ച (വലിയ ആളുകളെ കാണാൻപോകുമ്പോൾ ചെറിയവർ കൊണ്ടുവെയ്ക്കുന്ന സാധനം.) "ഉപായനമുപഗ്രാഹ്യമുപഹാരസ്തഥോപദാ" എന്നമരം.

൨. വിരുരുചേ=(ലി. ആ. പ്ര. പു. ക്രി. ഏ. വ.) ശോഭിച്ചു.

൩. സമഭവൽ=(ലങ്ങ്. പ. പ്ര. പു. ക്രി. ഏ. വ.) ഭവിച്ചു. നിശാമുഖേ=രാത്രിയുടെ ആദിയിൽ.

൪. ജലവിഹംഗമവാഗ്ഭിഃ=(ച. സ്ത്രീ. തൃ. ബ. വ.) ജലവിഹംഗമങ്ങളുടെ (അരയന്നങ്ങളുടെ) വാക്കുകളെക്കൊണ്ടു്. ഉപാഹ്വയൽ=(ലങ്ങ്. പ. പ്ര. പു. ക്രി. ഏ. വ.) വിളിച്ചു. ശരൽ എന്നപദം കർത്താവു്. നളിന.....സം=താമരയാകുന്ന മുഖമുയർത്തി അതിനുപ്രതിസൽക്കാരം ചെയ്തു. ഇവിടെ കമലിനി എന്നപദം കർത്താവു്.

൫. നിവേദയിതും=(അവ്യ) അറിയിയ്ക്കുന്നതിനായി.

൬. അഖൈകഴക=തീരെ നശിക്കാത്തതാവണ്ണം കഴുകുക. മരതകദ്യുതിമ=മരതകംപോലെയുള്ള. സമവഗാഹത=(ലങ്ങ്. ആ. പ്ര. പു. ക്രി. ഏ. വ.) ഇറങ്ങിമുങ്ങി. യാമവതീമുഖേ=(സ. ഏ. വ.) രാത്രിയുടെ ആദിയിൽ.

൭. പൊടി എന്ന ഭാഷാപദത്തിനെ തൃതീയാബഹുവചനപ്രത്യയം ചെ ത്ത് 'പൊടിഭിഃ' എന്നാക്കിയതു് 'ക്വചിൽ സംസ്കൃതീകൃതാച' എന്ന ലീലാതിലകത്തിലെ സൂത്രത്തെ അനുസരിച്ചാണ്. വിചകാശിരെ=(ക്രി. ബ. വ.) ശോഭിച്ചു. "കേഴന്തീവരോഹസിവിരഹാഗ്ന്യാകുലാ വല്ലഭാമേ" ഇത്യാദി പ്രയോഗങ്ങളും നോക്കുക.

൮. ബഭൌ=(ലിട്ട് പ. പ്ര. പു. ക്രി. ഏ. വ.) ശോഭിച്ചു.

൯. പംക്തിതഃ=കൂട്ടമായി.

൧൦. ബിഭേദ=(ലിട്ട്. പ. പ്ര. പു. ഏ. ക്രി. ഏ. വ.) ഭേദിച്ചു. പിളന്നു.

൧൧. ശരദന്തേഹസി=(സ. പു. സ. ഏ. വ.) ശരല്ദിവസത്തിങ്കൽ. പരിണാമം=(ദ്വി. ഏ. വ.) അവസാനത്തെ. ഉപേയുഷി=(സ. ഏ. വ.) പ്രാപിച്ചപ്പോൾ. മേദിനിവെണ്ണിലാവ്=മേദിനീചന്ദ്രിക. അമൃതഭാനു മഹോത്സവപക്ഷപാതിനീ.=ചന്ദ്രോത്സവം ചെയ്വാൻ ആഗ്രഹമുള്ളവളായിട്ട്. അജനി=(ലുങ്. ആ. പ്ര. പു. ഏ. വ.) ഭവിച്ചു.

൧൨. ആയയൌ=(ലി. പ. പ്ര. പു. ഏ. വ.) വന്നു.

൧൩. അവലംബ്യ=(അവ്യ) ആശ്രയിച്ചിട്ട്.

൧൭. ആഗളം=ആകണ്ഠം (കഴുത്തുവരെ) കബളിതാ=(അവ്യ) ഇളക്കിയിട്ട്. കണ്ടകോത=ചിററിലപ്പള്ളിനാട്ടിലെ രാജാവ്.

൨൨. സംവർത്താംബുദനാദവൽ=പ്രളയകാലത്തുള്ള മേഘങ്ങളുടെ ഒച്ചപോലെ "സംവർത്തഃ പ്രളയഃ കല്പഃ" എന്നമരം.

൨൩. വാടാമാലക്കഴലികൾ=(ഭാഷാസമാസപദം) വാടാതെയുള്ള മാല മുടിയിൽ ധരിച്ചിട്ടുള്ളവർ. വാതാധൂതം=കാററിളകിയിട്ടുള്ള. നന്ദനെ=(സ. ഏ. വ.) നന്ദനോദ്യാനത്തിൽ.

൨൫. പരിചപ്രഭ=പരിചകളുടെ ശോഭ.

൨൬. ഖാഡ്ഗികാനാം=(ഷ. ബ. വ.) ഖാഡ്ഗികന്മാരുടെ (വാളെടുത്തുപയോഗിച്ചു അഭ്യാസം കാണിയ്ക്കുന്നവർ. ഖാഡ്ഗികന്മാർ=വാളേറുകാർ.)

൩൦. ദിഗന്താൻ=(ദ്വി. ഏ. വഃ) ദിഗന്തങ്ങളെ. ഭാസയന്തഃ=(പ്ര. ത. പു. ബ. വ.) ശോഭിയ്ക്കുന്നവർ.

൩൩. ചാത്തിരഭൂസുരർ=യാത്രക്കളി സംഘക്കാരായ നമ്പൂരിമാർ.

൩൫. ആപിയ=(അവ്യ) പാനംചെയ്തിട്ട്.

൩൬. പൂക്കാർ=പ്രവേശിച്ചു.

൪൫. മമ്മാ=ആശ്ചര്യവികാരദ്യോതകമായ ഒരു പദം. ഇതു് ചമ്പുക്കളിൽ ധാരാളമായിക്കാണുന്ന ഒരു പദമാകുന്നു. "മമ്മാ കാണായിതപ്പോളൊരു പൊടിപടലീ" ഇത്യാദിപ്രയോഗങ്ങളും നോക്കുക.

൪൬. പൂൺപു്=ആഭരണം.

൪൭. ഓലക്കം=ഭംഗി. (കൃഷ്ണഗാഥത്തിൽ ധാരാളമായി കാണുന്ന പദമാണിതു്.)

൬൭. വിദധതീ=ചെയ്യുന്നവൾ. അസുഭൃതാം=(ഷ. പു. ഷ. ബ. വ.) ജീവികളുടെ. വിതന്വാനാ=ചെയ്യുന്നവൾ.

൬൮. തണ്ടിക=ദാസ്യിക.

൮൯. ഉലാവിന്ന=പ്രസരിക്കുന്ന. തെളിമ=തെളിച്ചം.

൯൦. സമുപാസ്യമാനാഃ=സേവിക്കപ്പെടുന്നവർ.

൯൧. വൈമാനികൈഃ=(അ. പു. തൃ. ബ. വ.) വിമാനത്തിൽ കയറി സഞ്ചരിക്കുന്നവരായ ദേവന്മാരാൽ.

൯൨. അദ്രാക്ഷം=(ലു. പ. ഉ. പു. ക്രി. ഏ. വ.) കണ്ടു. അക്ഷ്ണാ=(ഇ. ന. തൃ. ഏ. വ.) കണ്ണുകൊണ്ടു്.

൯൩. വശിക്കുക=വശീകരിക്കുക. അണിയിടുക=അണിയായിനില്ക്കുക

൯൪. പരണികൾ=ഭരണികൾ.

൯൫. കുമറുക=പരക്കുക, അഹംഅവശഃ=ആസം എന്ന പദം ഞാൻ അവശനായിഭവിച്ചു.

൯൬. നേത്താളം (നേർ+താളം) നേരയുള്ള താളം.

൯൭. മുരവൽ=ദന്തം. മുരവലൊളിവിളക്കം=പുഞ്ചിരി.

൯൮. മൈക്കൺമുക്ക്=(മൈ+കൺ+മുക്ക്) മഷിയോടുകൂടിയ കണ്ണിന്റെ കോണ്. (കടാക്ഷം)

൯൯. മെരളുക=സംഭ്രമിയ്ക്കുക

൧൦൦. ചുഴലെ=ചുററും.

൧൦൧. നോൻപ്=വ്രതം.

൧൦൨. എതിത്തു=എതിരേററു്. (ഈ അർത്ഥത്തിൽ ഇതു് ഒരു പുതിയ പ്രയോഗമാണ്.) താസാം=(തൽ. സ്ത്രീ. ഷ. ബ. വ.)അവൎക്ക്. വാസം-(ദ്വി. ഏ. വ.) വാസത്തെ. അകല്പയൽ=(ലങ്ങ്. പ. പ്ര. പു. ക്രി. ഏ. വ.) കല്പിച്ചു.

൧൦൩. അറകളിൽ=മുറികളിൽ. അധിതല്പം=കിടക്കയിൽ. അശയിഷത=കിടന്നു. (ക്രി. ലു. ആ. പ്ര. പു, ബ. വ.)

൨-ാം ഭാഗം.

പൂൎവ്വഭാഗത്തിൽ ചന്ദ്രോത്സവത്തിനു വിവിധപ്രദേശങ്ങളിൽനിന്നും വന്നു ചേരുന്ന രാജാക്കന്മാരേയും, ബ്രാഹ്മണരേയും, വേശ്യകളേയും മററും വൎണ്ണിച്ചതിന്റെശേഷം, ഉത്സവവൎണ്ണനത്തോടുകൂടി അഞ്ചാംഭാഗം ആരംഭിക്കുന്നു.

ശ്ലോ. ൧. മുളയിടുക=അരവിന്ദാദി ബീജദ്രവ്യങ്ങളെ മുളയ്ക്കുന്നതിനായിട്ടു അതിന് പ്രത്യേകം നിശ്ചയിച്ചിട്ടുള്ള സ്ഥലത്തു് ഇടുക.

൨. അമരവധൂനാം=(ഊ. സ്ത്രീ. ഷ. ബ; വ.) ഉത്സവം കാണ്മാൻ വിമാനത്തിൽ കയറി ആകാശത്തിൽ സഞ്ചരിക്കുന്ന ദേവസ്ത്രീകളുടെ.

൩. ഇളകൊള്ളുക=വിശ്രമിക്കുക.

൪. ചെറപിര=ചെറിയകെട്ടിടം. ദൂരതഃ=(അവ്യ) ദൂരത്തിൽനിന്നും. അഭ്യാഗതവതാം=(ആ. സ്ത്രീ. ഷ. ബ. വ.) വരുന്നവൎക്ക്.

൭. വലംവെയ്ക്കുക=പ്രദക്ഷിണം ചെയ്ക.

൮. മയങ്ങുക=നിഷ്പ്രഭമാക്കുക.

൯. പരമാനന്ദാംബുരാശ്യായമാനഃ=പരമാനന്ദസമുദ്രംപോലെ ആയിത്തീന്നു്.

൰. വാദകാനാം=(അ. പു. ഷ. ബ. വ.) വാദകരുടെ, വായിക്കുന്നവരുടെ.

൧൧. അരുവയർ=സുന്ദരിമാർ. പുനരപി=(പുനഃ+അപി) പിന്നെയും

൧൨. ശതക്രതവ്യാംദിശി=(ശ. സ്ത്രീ. സ. ഏ. വ.) ശതക്രതുവിൻെറ— ഇന്ദ്രൻെറ— ദിക്കിൽ (കിഴക്കു്) കംബുഗൗരം=ശംഖ്പോലെ വെളുത്തതു്.

൧൩. അസ്തോഷുഃ=(ലു. പ. പ്ര. പു. ബ. വ.) സ്തുതിചെയ്തു. വൈണികാഃ=(പ്ര. ബ.വ.) വീണ എടുത്തു വായിക്കുന്നവർ.

൧൪. പാഠകന്മാർ=പാഠകം പറയുന്നവർ. അവരവരെ വളത്തി=ഓരോരുത്തരെ വലുതാക്കി. (പുകഴ്ത്തി) നൽച്ചിലോകം=നല്ലശ്ലോകം.

പരമശിവജശാസ്ത്രവ്യാക്രിയാവൈഭവം=വ്യാകരണശാസ്ത്രത്തിലുള്ളവൈഭവം. തലപാലുക്കിയ്ക്കുക=അത്ഭുതപ്പെടുത്തുക. പുരുവനഗ്രാമനിലയാനാം ഭൂസുരാണാം=(അ. പു. ഷ. ഏ. വ.) പെരുവനം ഗ്രാമത്തിലുള്ള ബ്രാഹ്മണരുടെ (നമ്പൂരാരുടെ)

൧൬. കുടവയറകനപ്പിക്കുക=അധികം അധികം തൃപ്തിയുള്ളവരാകുക. (ഈ പദം യാതൊരുകുറവും കൂടാതെ ധാരാളം യാഗം ചെയ്യുന്നവർ എന്ന അത്ഥത്തെ കുറിയ്ക്കുന്നു. ചരതി=(ക്രി. ലട്ട. പ. പ്ര. പു. ഏ. വ.) സഞ്ചരിക്കുന്നു. സംഗമഗ്രാമഭൂമജാംഭൂസുരാഗ്രേസരാണാം=(ഷ. ബ. വ.) സംഗമഗ്രാമത്തിലുള്ള ബ്രാഹ്മണശ്രേഷ്ഠന്മാരുടെ. സംഗമഗ്രാമം=ഇരിങ്ങാലക്കുട. 'സംഗമ'പദം കൂടൽമാണിക്യത്തെ കുറിയ്ക്കുന്നതാകുന്നു. കേരളത്തിലെ പ്രസിദ്ധമായ ഒരു ഗ്രാമമാണിരിങ്ങാലക്കുട.

൧൮. അകൃതകം=അകൃത്രിമം. ഭോഗവാത്താനഭിജ്ഞാഃ=(പ്ര. ബ. വ.) സംഭോഗവാത്തയെക്കുറിച്ചു ഒരറിവുമില്ലാത്തവർ. ഈ പദം ബ്രഹ്മചര്യവൈഭവത്തെക്കുറിക്കുന്നു. വിചലന്തെ=(ക്രി. ലട്ട്. ആ. പ്ര. പു. ബ. വ.) ചുററിനടക്കുന്നു.

൧൯. പുതിയവ.........മാലിപ്യ=ശരീരത്തിൽ പുതിയ കസ്തൂരിപിരട്ടിയിട്ട്. മധുമൊഴിഭിഃ=(തൃ. ബ. വ.) മധുമൊഴികളാൽ. (മൊഴി എന്ന ഭാഷാപദത്തെ പ്രത്യയം ചേത്തു് സംസ്കൃതമാക്കിയിരിയ്ക്കുന്നു.)

൨൦. ഹരികന്യാഗ്രാമം=ഇതിനെ അരിയന്നൂർ എന്നാണ്ഭാഷയിൽ പേരു "ഹരികുമാരി മന്ദിരാവാസിനിനഃ" എന്നു ചന്ദ്രോത്സവത്തിൻെറ പ്രാരംഭഘട്ടത്തിൽ സ്തുതിച്ചിരിയ്ക്കുന്നതു് അരിയന്നൂർ ക്ഷേത്രത്തിലെ ഭഗവതിയെക്കുറിച്ചാണു്. തൃശ്ശൂർ കുന്നംകുളങ്ങരക്കു സമീപത്താകുന്നു. ഈ ദേവി ചന്ദ്രോത്സവകത്താവിൻെറ കുലദേവതയാണു്. അതിനാൽ ചന്ദ്രോത്സവകത്താവിൻെറ ജന്മദേശം, അരിയന്നൂർ ഗ്രാമമാകുന്നു എന്നു വിശ്വസിയ്ക്കേണ്ടതാകുന്നു

൨൧. ഈശാനാലയഗ്രാമം=പ്രസിദ്ധമായ തൃശ്ശിവപേരൂർഗ്രാമം, ഈ ഗ്രാമം കൊച്ചിരാജ്യത്തിൽ പ്രസിദ്ധമായ തൃശ്ശിവപേരൂർ താലൂക്കിൻെറ നടുവിലായി കിടക്കുന്നു. ഗ്രാമക്ഷേത്രം പ്രസിദ്ധമായ വടക്കുംനാഥക്ഷേത്രമാകുന്നു.

൨൨. ചെങ്ങന്നൂർ, താലൂക്കിലുൾപ്പെട്ട ഒരു ഗ്രാമം

൩൪. തിരുവല്ലാ=ഇതു (തിരുവിതാംകൂറിൽ) തിരുവല്ലാ താലൂക്കിലുൾപ്പെട്ട ഗ്രാമമാണ്. ചെങ്ങന്നൂർ, തിരുവല്ലാ, എന്നീ രണ്ടുഗ്രാമങ്ങളും പോററിമാരായ നംപൂരിമാരുടെ ഗ്രാമങ്ങളാണ്.

൩൫. ഐരാണിക്കുളം=കൊച്ചീരാജ്യത്തിൽ മുകുന്ദപുരം താലൂക്കിലുൾപ്പെട്ട ഗ്രാമം.

൩൬. മൂഴിക്കുളം=തിരുവിതാംകൂറിന്റെ വടക്കേഅററത്തുള്ള ഒരു ഗ്രാമം.

൩൭. പന്നിയൂർ=പൊന്നാനിതാലൂക്കിന്റെ വടക്കുകിഴക്കും വള്ളുവനാട്ടുതാലൂക്കിന്റെ വടക്കും ആയി കിടക്കുന്നു. ഈ ഗ്രാമക്ഷേത്രത്തിലെ മൂർത്തി സാക്ഷാൽ വരാഹമാണ്. പുരാതനകാലത്തു ഈ ഗ്രാമം വളരെ ഉൽക്കൃഷ്ടമായിരുന്നു. ഈ ഗ്രാമക്കാർ ഒരിക്കൽ വരാഹമൂർത്തിയെ ചുട്ടുപൊട്ടിച്ചുമുതൽ, ഈ ഗ്രാമം വളരെ അധഃപതിച്ചു. പന്നിയായ വരാഹമൂർത്തിയുടെ സ്ഥാനം (ഊർ) ആകയാൽ ഈ ഗ്രാമത്തിനു പന്നിയൂർ എന്നു പേർ സിദ്ധിച്ചു. കലിവർഷം ൩൬൬൬–ാംസംവത്സരത്തിൽ (ചിത്രകലനം) ആണു വരാഹമൂർത്തിയെ ചുട്ടുപൊട്ടിച്ചതു്. ഇതിനെക്കുറിച്ചു കുഞ്ഞിക്കുട്ടൻതമ്പുരാൻ ഇപ്രകാരം എഴുതിയിരിക്കുന്നു.

കണ്ടില്ലയോ ജ്വലനവൈഭവമെന്നതിസ്സിൽ
കൊണ്ടിട്ടെരിച്ചു് ചുട്ടുചെമ്പുകിടാരമൃഗം
തണ്ടിട്ടെട്ടുത്തഥ വരാഹവപുസ്സുകൂടി
കൊണ്ടിട്ടുമന്നിതു കൊട്ടുംകഠിനക്രിയക്കാർ

അന്നേരമങ്ങുയമരേ മുടികെന്നഘോരം
ഒച്ചന്നേറെയുച്ചതരമൊച്ചമുഴക്കമോടേ
നിന്നേടമാറും കലം ചെവിപൊട്ടിടുമാറുകേട്ടു
പിന്നേടമെന്തവിടെനാസ്തി വരാഹമൂർത്തി.

൪൮. ഈ പദ്യത്തിൽ പറയുന്ന രാഘവകവി ഉത്തരമലയാളത്തുകാരനായിരിക്കാനിടയുണ്ട്. ഇദ്ദേഹം പല കാവ്യങ്ങളുടേയും കർത്താവായിരിക്കണം.

൪൪. ഇരവറുതി=രാത്രിയുടെ അവസാനം.

൫൦. ആഗാൽ (ഭൂ. പ. പ്ര. പു. ഏ. വ.) പ്രാപിച്ചു.

൫൨. പാടലാ (ആ. സ്ത്രീ. പ്ര. ഏ. വ.) അഭൂൽ (ക്രി. ഭൂ. പ. പ്ര. പു. ഏ. വ.) പാടലയായിബ്ഭവിച്ചു=ചുമന്നു.

൫൩. മധു=മധു.

൫൭. അലമകുരുത=(ല. ആ. പ്ര. പു. ക്രി. ഏ. വ.) അലങ്കരിച്ചു.

൬൮. ആവിരാസൻ=(ക്രി. ബ. വ.) പ്രത്യക്ഷമായിബ്ഭവിച്ചു.

൬൯. പൂൺമ=ആശ്ലേഷം.അണിയൽ=ധാരണം. പൂൺ എന്ന പദത്തോടു 'മ'കാരം ചേർന്നതാണ്. തെളിമ, മുതലായ പദങ്ങളിൽ എന്നപോലെ ഇവിടെയും മകാരം ചേർന്നിരിക്കുന്നു. 'പൂണ്ടു' എന്നപദം 'പൂൺ' എന്ന രൂപത്തിൽ നിന്നുണ്ടായതാണ്.

൬൨. അസ്തേതരാദ്രേഃ=(ഇ. പു. ഷ. ഏ. വ.) ഉദയപർവ്വതത്തിന്റെ. ഒരുക്കാൽഉദസ്ഥാൽ=(ഭൂ. പ. പ്ര. പു. ക്രി. ഏ. വ.) മേല്പോട്ടുപൊങ്ങി. മുകൺമേൽനിന്നു=മുകളിൽനിന്നു.

൬൬. കലമ്പുക=കലമ്പുക, ചൊല്ക.

൬൯. ചന്ദ്രികയുടെ വിലാസസംമ്മൂലം തങ്ങൾ ചന്ദ്രലോകാധിവാസം മുതലായവയെ ആദ്യമായി അനുഭവിക്കുന്നതായി ജനങ്ങൾക്കു തോന്നി.

൭൦. രതിസഹചരബിംബം=കാമദേവന്റെ ബിംബം.

൭൨. നിപതനം=വീഴിച്ചയെ. അനുഭൂയ=അനുഭവിച്ചിട്ടു.

൭൬. ആ ശാപാന്തം=ശാപത്തിന്റെ അവസാനംവരെ. മുടിപ്പൂൺപ്=മുടിയിൽ ധരിക്കുന്ന ആഭരണം.

൭൭. ചെമ്പൽപ്പെരുമ=കീർത്തിയെ ഉണ്ടാക്കുന്ന.

൭൮. താവകം=നിന്നെസംബന്ധിച്ചതു്, നിന്റെ.

൮൦. ഇതിസുമധുര—വിരമതി=ചന്ദ്രൻ ഇപ്രകാരം പറഞ്ഞവസാനിച്ചപ്പോൾ.

൮൧. തസ്യാം=(സ. ഏ. വ.) അവളുടെ. പുരസ്താൽ=അടുക്കൽ. ഇതി=ഇപ്രകാരം. വദതി=(ത. പു. സ. ഏ. വ.) പറഞ്ഞപ്പോൾ. തിരോഭൂൽ=(ലു. പ. പ്ര. പു. ക്രി ഏ. വ.) മറഞ്ഞു.

൮൩. അനീശൻ=അസമർത്ഥൻ.

൮൪. തസ്മൈ=(തച്ഛ. പു. ച. ഏ. വ.) അവന്നു്. തന്നെനീർനൽകി=തന്നെ ദാനംചെയ്തു. ദാനംചെയ്യുന്നതു് നീർക്രട്ടിയാണല്ലോ. കൊടുക്കുക എന്നർത്ഥത്തിൽ ഫലിതമായി നീർനൽകി എന്നുപ്രയോഗിച്ചതാണു്. ഇതു്, രസികത്വമുള്ള ഒരു നമ്പൂരിഫലിതമാകുന്നു.

൮൫. സുരഭിതകകുബന്തൈഃ=(അ. പു. തൃ. ബ. വ.) ദിക്കുകളെ മുഴുവൻ സൌരഭ്യമുള്ളവയാക്കിത്തീർത്ത. (വാക്യപുഷ്പോപഹാരൈഃ എന്ന പദത്തിന്റെ വിശേഷണം) വാക്യപുഷ്പോപഹാരൈഃ=(അ. പു. തൃ. ബ. വ.)വാക്യങ്ങളാകുന്ന പുഷ്പമാലകളെക്കൊണ്ടു്. ശേഷം സ്പഷ്ടം. ബാലശീതാംശുമൌലി=ശിവൻ. ആധത്താം=(ക്രി. ലോട്ട്. പ. പ്ര. പു. ഏ. വ.) ചെയ്യട്ടെ. പ്രസാദംആധത്താം=പ്രസാദത്തെ ചെയ്യട്ടെ.